015:1D65:4 32J2

NITISATAKAM.

BHARTRIHARI

015:1D65:4
32J2

MUL
160557

23 DEC

30 APR. 7

## UNIVERSITY OF TRAVANCORE

TRIVANDRUM MALAYALAM SERIES No. 79

# NĪTIŚATAKAM

( With Commentary )

UNIVERSITY LIBRARY
6-NOV 1953
MADRAS

Edited by

**Dr P. K. NARAYANA PILLAI, M. A., Ph. D.**

*Professor of Sanskrit University College.*

&

*Curator, University Manuscripts Library, Trivandrum.*

---

Printed at the Kamalalaya Printing Works

Trivandrum.

1952

All Rights Reserved ] [ Price Re. 1. As. 8.

160557
36837
O15:1D65;4
32J2

# അവതാരിക

ഭാരതീയരുടെ ഹൃദയപ്രവണതകളെ സവിശേഷം പ്രകാശിപ്പിക്കുന്ന ഉൽകൃഷ്ടങ്ങളായ മൂന്നു ശതകങ്ങളാണു ശൃംഗാരശതകം വൈരാഗ്യശതകം നീതിശതകം എന്നിവ. ഈ കൃതികൾ എല്ലാം തന്നെ, വിശേഷിച്ചും നീതിശതകം, ഭാരതത്തിൽ ഉടനീളം പ്രചാരം സിദ്ധിച്ചവയും ഭാരതീയരുടെ അന്തർജ്ജീവിതത്തിൽ സാരമായ സ്വാധീനശക്തി ചെലുത്തിയിട്ടുള്ളവയുമാണ്. ഇവയിൽ പ്രതിഫലിക്കുന്ന അനുഭവങ്ങളും ആദർശങ്ങളും ഒരു വ്യക്തിയുടെ പ്രത്യേക നേട്ടങ്ങളായി പരിഗണിക്കുക സാധ്യമല്ല. സംസ്കാരസമ്പന്നയായ ഒരു ജനതയുടെ ചിരകാലസഞ്ചിതങ്ങളായ ഭാവവിശേഷങ്ങളാണ് ഈ കൃതികളിൽ നിഗുംഫിതങ്ങളായിട്ടുള്ളത്. ഈ വസ്തുത പരിഗണിക്കുമ്പോൾ ഭാരതീയസംസ്കാരത്തിന്റെ പ്രമാണഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ പ്രസ്തുതങ്ങളായ ശതകങ്ങൾക്കു വളരെ പ്രാധാന്യം കല്പിക്കേണ്ടിയിരിക്കുന്നു.

ഈ ശതകങ്ങൾ ഭർത്തൃഹരിയെന്ന ഒരു മഹാന്റെ കൃതികളാണെന്നാണു നാം വിശ്വസിച്ചുപോരുന്നത്. എന്നാൽ ഇവയെല്ലാം ഒരു കവിയുടെ സ്വതന്ത്രകൃതികളാണോ അതോ പല സ്ഥലങ്ങളിൽനിന്നും ഉദ്ധൃതങ്ങളായ പദ്യങ്ങളുടെ സമാഹാരങ്ങളാണോ എന്നു പണ്ഡിതന്മാർ ന്യായമായി സംശയിക്കുന്നുണ്ട്. ശാകുന്തളം പഞ്ചതന്ത്രം തുടങ്ങിയ കൃതികളിലും മററു സുഭാഷിതാവലികളിലും ഉൾക്കൊള്ളുന്ന ചില പദ്യങ്ങൾ പ്രസ്തുതശതകങ്ങളിൽ പ്രത്യക്ഷപ്പെടുന്നത് ഇങ്ങനെ സംശയിക്കുവാനുള്ള ഒരു എണ്ണപ്പെട്ട കാരണമാണ്. ഉദാഹരണമായി കാളിദാസന്റെ ശാകുന്തളത്തിലുള്ള

'ഭവന്തി നമ്രാസ്തരവഃ ഫലോദ്ഗമൈ-
ർന്നവാംബുഭിർഭൂരിവിലംബിനോ ഘനാഃ
അനുദ്ധതാസ്സത്പുരുഷാസ്സമൃദ്ധിഭിഃ
സ്വഭാവ ഏവൈഷ പരോപകാരിണാം.'

എന്ന പദ്യം നീതിശതകത്തിൽ പരോപകാരപദ്ധതിയുടെ പ്രഥമ ശ്ലോകമായിക്കാണപ്പെടുന്നു. കാളിദാസന്റെ മഹത്വവും പ്രാചീനതയും പരിഗണിക്കുമ്പോൾ ഈ പദ്യം ശാകുന്തളത്തിൽ നിന്നും എടുത്തു നീതിശതകത്തിൽ ചേർത്തതായിരിക്കുവാനാണു കൂടുതൽ സാംഗത്യമുള്ളതെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. ഇങ്ങനെ വേറെയുംചില ഉദാഹരണങ്ങൾ എടുത്തുകാട്ടാവുന്നതാണ്. പരസ്വങ്ങളായ ഈ പദ്യങ്ങളെ പുരസ്കരിച്ചു നോക്കുമ്പോൾ വിഭിന്നകർത്തൃകങ്ങളായ ശ്ലോകങ്ങളുടെ സമാഹാരം ആയിരിക്കാം ഈ ശതകങ്ങൾ എന്നു തോന്നുവാനിടയുണ്ട്. എന്നാൽ അതു തികച്ചും ശരിയായിരിക്കുകയില്ല. ഈ ശതകങ്ങളിൽ കാണുന്ന പ്രതിപാദനരീതിയുടെ ഐകരൂപ്യവും പ്രതിപാദ്യത്തിന്റെ അടുക്കും നോക്കുമ്പോൾ കാലാന്തരത്തിൽ ഏച്ചുകെട്ടപ്പെട്ട കുറേപ്പദ്യങ്ങളൊഴിച്ചു ബാക്കിയുള്ളവ ഏകകർത്തൃകങ്ങളാണെന്നു വിശ്വസിച്ചാൽ അതു തെററാവാൻ തരമില്ല. വിവിധങ്ങളായ ആകരസ്ഥാനങ്ങളിൽനിന്നും സുഭാഷിതങ്ങൾ സഞ്ചയിക്കുവാൻ ഉദ്യുക്തനായ ഒരു സഹൃദയന് ഇവയിൽ നിന്നും എത്രയോ മെച്ചമേറിയ ശ്ലോകങ്ങൾ സഞ്ചയിക്കുവാൻ സാധിക്കുമായിരുന്നു എന്നുള്ളതും ഇവിടെ പരിഗണനാർഹമാണ്. ഈ വസ്തുതകളെ പുരസ്കരിച്ചു ചിന്തിക്കുമ്പോൾ ഭർത്തൃഹരിയെന്ന ഒരു കവീശ്വരന്റെ കൃതികളായി ശൃംഗാരം വൈരാഗ്യം നീതി എന്നീ വിഷയങ്ങളെ ആസ്പദിച്ചുള്ള കൃതികൾ പരമ്പരാസിദ്ധങ്ങളായി ഉണ്ടായിരുന്നുവെന്നും അവയുടെ ഭാവത്തിനും രൂപത്തിനും അനുരൂപമായ പല പദ്യങ്ങളും കാലക്രമത്തിൽ മററുള്ളവർ അവയിൽ സംക്രമിപ്പിച്ചു എന്നും ഇവയെല്ലാം സമാഹരിച്ചു ഭർത്തൃഹരിയുടേതായി മൂന്നുശതകങ്ങൾ കാലക്രമേണ ആരോ വ്യവസ്ഥാപനംചെയ്തു എന്നും വിഭാവനചെയ്യുന്നതു ചരിത്രപരമായ വിമർശദൃഷ്ടിക്ക് അനുകൂലമായിരിക്കുവാനേ തരമുള്ളു.

നമുക്ക് ഇന്നു ലബ്ധമായിട്ടുള്ള ശതകത്രയം ഭർത്തൃഹരി രചിച്ച മൂലരൂപത്തോടു കുറേപ്പദ്യങ്ങൾ ഏച്ചുകെട്ടി രൂപംകൊണ്ടതാണെന്നു ഒട്ടനേകം കയ്യെഴുത്തുമാതൃകകൾ പരിശോധിച്ചു സജ്ജീക

രിച്ച ഒരു വിലയേറിയ പ്രസാധനത്തിൽ പ്രഫസർ കോസംബി സ്ഥാപിച്ചിരിക്കുന്നു.* പ്രാചീനഗ്രന്ഥങ്ങളുടെ താരതമ്യപഠനത്തിന്റെ ഫലമായി അദ്ദേഹം ഈ മൂന്നു ശതകങ്ങളിലെ മൂലഭൂതമായ അംശം ഏതാണ്ടു് 200 ശ്ലോകങ്ങളോളം വരുമെന്നു സിദ്ധാന്തിച്ചിരിക്കുന്നു. ഇതിൽ 69 ശ്ലോകം ആണത്രേ നീതിശതകത്തിന്റെ പ്രാഥമികരൂപം. ഈ ശ്ലോകങ്ങൾ ഈ പ്രസാധനത്തിൽ 2. 3. 5. 6. 8. 11. 12. 13.
14. 15. 16. 17. 20. 21. 22. 24. 25. 26. 27. 28. 30. 31. 32.
33. 34. 35. 36. 37. 38. 39. 40. 41. 42. 43. 44. 45. 46.
47. 48. 49. 50. 51. 52. 53. 54. 57. 59. 61. 62. 63. 64
66. 67. 68. 70. 71. 72. 74. 79. 83. 84. 86. 94. 96. 98
100. 101. 102. 103. ഈ നമ്പരുകൾ ഉള്ളവയാണു്.

ശതകത്രയിയുടെ മൂലരൂപത്തിന്റെ കർത്താവു് ഒരു ഭർത്തൃഹരിയാണെന്നു സിദ്ധാന്തിക്കാമെങ്കിലും അദ്ദേഹവും വാക്യപദീയ കർത്താവായിരുന്ന ഭർത്തൃഹരിയും ഒരാൾ തന്നെയായിരുന്നോ എന്നു തീർത്തു പറയുവാൻ വിഷമമാണു്. തീർത്ഥാടനത്തിനായി ഏഴാം ശതകത്തിന്റെ ഉത്തരാർദ്ധത്തിൽ ഇൻഡ്യയിൽ സഞ്ചരിച്ച ബുദ്ധമതാവലംബിയായ ഇറ്റ്സിംഗ് A. D. 651-ൽ മരിച്ച ഒരു ഭർത്തൃഹരിയെപ്പററി പ്രസ്താവിക്കുന്നുണ്ടു്. ഈ ഭർത്തൃഹരി വാക്യപദീയത്തിന്റെ കർത്താവായിരിക്കണം. എന്നാൽ ആദ്ധ്യാത്മികവും ഭൗതികവുമായ ജീവിതമണ്ഡലങ്ങളിൽ അങ്ങോട്ടുമിങ്ങോട്ടുമാടിക്കൊണ്ടിരുന്ന ഒരാളായിരുന്നു ഭർത്തൃഹരിയെന്നു ഇറ്റ്സിംഗു പ്രസ്താവിച്ചിരിക്കുന്നതിൽനിന്നു് അദ്ദേഹം ശതകത്രയത്തിന്റെ കർത്താവായിരിക്കുവാനും ഇടയുണ്ടെന്നു മാക്സ്മുള്ളർ കീത്തു തുടങ്ങിയ പണ്ഡിതന്മാർ അഭ്യൂഹിക്കുന്നു. ഭർത്തൃഹരിയുടെ ശൃംഗാരശതകത്തിലെ ഒരു പദ്യം തത്കർത്താവിന്റെ ഈദൃശമനോഭാവത്തെ പ്രതിഫലിപ്പിക്കുന്നതു നോക്കുക.

"കിമിഹ ബഹുഭിരുക്തൈര്യുക്തിശൂന്യൈഃ പ്രലാപൈ-
ർദ്വയമിഹ പുരുഷാണാം സർവ്വദാ സേവനീയം
അഭിനവമദലീലാലാലസം സുന്ദരീണാം
സ്തനഭരപരിഖിന്നം യൗവനം വാ വനം വാ."

---

* ശതകത്രയി, സുഭാഷിതം — അവതാരിക.

എന്നാൽ പ്രഫസർ കോസംബിയുടെ അഭിപ്രായത്തിൽ വാക്യപദീയകർത്താവിനെക്കാറം പ്രാചീനനായ ഒരു കവിയായി വേണം ശതകത്രയകർത്താവായ ഭർത്തൃഹരിയെ പരിഗണിക്കുവാൻ. ക്രിസ്ത്വബ്ദത്തിൻെറ പ്രഥമശതകങ്ങളിൽ ഒന്നിലായിരിക്കണം ആ ഭർത്തൃഹരി ജീവിച്ചിരുന്നതെന്നും ശ്രീ. കോസംബി അഭ്യൂഹിച്ചു കാണുന്നു. ഭർത്തൃഹരിയെസ്സംബന്ധിച്ചുള്ള ഏവംവിധങ്ങളായ പ്രശ്നങ്ങറക്കു തീരുമാനം കല്പിക്കുവാൻ തെളിവുകറം ഏററവും വിരളമായിരിക്കുന്നു എന്നേ ഈ സന്ദർഭത്തിൽ പ്രസ്താവിക്കുവാനുള്ളു.

ഈ പ്രസിദ്ധീകരണത്തിനു മാതൃകയായി സ്വീകരിച്ചിട്ടുള്ളതു മാനുസ്ക്രിപ്റ്റ്സ് ലൈബ്രറിയിലെ 5868-ാംനമ്പർ ഗ്രന്ഥമാണ്. നീതിശതകത്തിൻെറ ഈ മലയാളവ്യാഖ്യാനത്തിനു വലിയ പഴക്കം കല്പിക്കാവുന്നതല്ല. എങ്കിലും ഇതിലെ ഭാഷാശൈലിയും പ്രതിപാദനരീതിയും നോക്കുമ്പോറം ഈ കൃതി വളരെ അർവ്വാചീനമാണെന്നും വിധിച്ചുകൂടാ. ഈ വ്യാഖ്യാനത്തിൻെറ കർത്താവിനെപ്പററി യാതൊരു വിവരവും ലഭിച്ചിട്ടില്ല. ഓരോ ശ്ലോകത്തിൻെറയും വ്യാഖ്യാനം ആരംഭിക്കുന്നതു് അതിലെ പ്രതിപാദ്യത്തിൻെറ സാമാന്യസ്വഭാവം വിവരിക്കുന്ന ഒരു അവതാരികയോടുകൂടിയാണ്. ഈ അവതാരികയ്ക്കുശേഷമാണ് ശ്ലോകം ഉദ്ധരിച്ചിരിക്കുന്നതു്. ശ്ലോകത്തെത്തുടന്നു അന്വയം അന്വയാർത്ഥം ഭാവാർത്ഥം എന്നിവയും കാണപ്പെടുന്നു.

മനുഷ്യൻെറ സാന്മാർഗ്ഗികബോധത്തേയും പ്രായോഗികവിജ്ഞാനത്തേയും പ്രവൃദ്ധമാക്കുവാൻ ഉപകരിക്കുന്ന നീതിശതകത്തിൻെറ വ്യാഖ്യാനത്തോടുകൂടിയ ഈ പ്രസിദ്ധീകരണം മലയാളികറക്കു ഉപയോഗപ്രദമായിരിക്കുമെന്നു വിശ്വസിക്കുന്നു.

തിരുവനന്തപുരം
10—11—'52

പി. കെ. നാരായണപിള്ള

# CONTENTS


| | | pages |
|---|---|---|
| 1. | മൂർഖപദ്ധതി ... ... ... | 1—14 |
| 2. | വിദ്വൽപദ്ധതി ... ... ... | 14—27 |
| 3. | മാനശൗര്യപദ്ധതി ... ... ... | 27—37 |
| 4. | അർത്ഥപദ്ധതി ... ... ... | 38—48 |
| 5. | ദുർജ്ജനപദ്ധതി ... ... ... | 48—58 |
| 6. | സുജനപദ്ധതി ... ... ... | 58—69 |
| 7. | പരോപകാരപദ്ധതി ... ... | 69—80 |
| 8. | ധൈര്യശീലപദ്ധതി ... ... | 80—89 |
| 9. | ദൈവപദ്ധതി ... ... ... | 89—99 |
| 10. | കർമ്മപദ്ധതി ... ... ... | 99—110 |

UNIVERSITY LIBRARY
6-NOV 1953
MADRAS

ശ്രീഭർത്തൃഹരിവിരചിതമായ

# നീതിശതകം

## സവ്യാഖ്യാനം

ചരാചരപ്രപഞ്ചത്തിന്നാദികാരണഭൂതമാം
ബ്രഹ്മത്തെയാശ്രയിക്കുന്നേൻ വക്ഷ്യമാണാർത്ഥസിദ്ധയേ.

ശ്രീഗോവിന്ദാചാര്യപുത്രൻ താതനോടൊത്തബുദ്ധിമാൻ
ശ്രീഭർത്തൃഹരിയോഗീന്ദ്രൻ ചൊന്ന പദ്യശതത്രയം

നീതിശൃംഗാരവൈരാഗ്യമെന്നു ഭൂമൌ പ്രസിദ്ധമായ്
ന്യായമാർഗ്ഗേ കാമമാർഗ്ഗേ മോക്ഷമാർഗ്ഗേ ഗമിപ്പവർ

മൂവർക്കുമിതുകേൾക്കുമ്പോളതിപ്രീതികരം സദാ
ബാലർക്കുപോലുമറിവാൻ ഭാഷയായ് പറയുന്നു ഞാൻ.

മഹാജ്ഞാനിയായ ശ്രീഭർത്തൃഹരിമഹായോഗീന്ദ്രൻ സകലജനങ്ങൾക്കും ജ്ഞാനമുണ്ടാവാനായിക്കൊണ്ട് വളരെ കാരുണ്യത്തോടുകൂടി ചൊല്ലുവാൻ ഭാവിച്ചഗ്രന്ഥം വിഘ്നംകൂടാതെ പൂർത്തി ലഭിക്കുന്നതിനുവേണ്ടി ആദ്യമൊരുശ്ലോകംകൊണ്ട് വാചാമഗോചരമായി വിലസുന്ന പരമാത്മാവിനെ നമസ്കരിക്കുംപ്രകാരത്തെപ്പറയുന്നു.

ദിക്കാലാദ്യനവച്ഛിന്നാനന്ദചിന്മാത്രമൂർത്തയേ
സ്വാനുഭൂത്യൈകമാനായ നമഃ ശാന്തായ തേജസേ.

ഞാൻ ദിക്കാലാദ്യനവച്ഛിന്നാനന്ദചിന്മാത്രമൂർത്തിയായും, സ്വാനുഭൂത്യൈകമാനമായും, ശാന്തമായും വിലസുന്ന തേജസ്സിനായിക്കൊണ്ട് നമസ്കാരത്തെ ചെയ്യുന്നു.

ദിക്കാലാദികളാൽ=കിഴക്കു്, തെക്കു്, പടിഞ്ഞാറു്, വടക്കു്, അധോഭുവനം, ഇഹലോകം, ഊൎദ്ധ്വലോകം, ഭൂതഭവിഷ്യദ്വൎത്തമാനകാലം; തമോഗുണത്തിൽനിന്നുണ്ടായിരിക്കുന്ന വിക്ഷേപശക്തികാൎയ്യമായ ഭൂമി, അതിലുണ്ടാകുന്ന പ്രപഞ്ചാദിസകലപദാൎത്ഥങ്ങൾ, ഗുണത്രയങ്ങളിൽ നിന്നുണ്ടായിട്ടുള്ള പഞ്ചകോശങ്ങൾ, തൽകാൎയ്യമാകുന്ന ദേഹാദിചരാചരസകലവസ്തുക്കൾ, ഇത്യാദികളാൽ, അനവച്ഛിന്നമായും-അനവച്ഛിന്നം=തിരിച്ചറിഞ്ഞുകൂടാത്തതു് - ആനന്ദമാത്രമായും-ആനന്ദമാത്രം=ജ്ഞാനേന്ദ്രിയ കൎമ്മേന്ദ്രിയ പഞ്ചകോശങ്ങളും സത്വരജസ്തമോഗുണങ്ങളും മഹത്തത്വവും കടന്നു് നിൎവ്വികാരമായി വിലസുന്ന സ്ഥിതി-ചിന്മാത്രമായും-ചിന്മാത്രം=അഖണ്ഡമായി ആദ്യന്തോപാധിശൂന്യമായി ചഞ്ചലരഹിതമായി സ്ഥിരമായി പ്രകാശിക്കുന്ന അറിവു്-ഇങ്ങനെ ഇരിക്കുന്ന സ്വരൂപമായി, സ്വാനുഭൂത്യേകമാനമായി-സ്വാനുഭൂത്യേകമാനം=നിജഅനുഭവംതന്നെ സ്വപ്രകാശസാധനത്തിന്നു് മുഖ്യമായിരിക്കുന്ന പ്രമാണം-അതും എങ്ങനെയെന്നാൽ, മണികളുള്ളിലെ ചരടുപോലെ ബ്രഹ്മരുദ്രാദിതൃണഗണപൎയ്യന്തമുള്ള ചരാചരോപാധികളിൽ പ്രാപ്തമായും അലോപകമായും അഖണ്ഡമായും വിലസുന്ന പരമാത്മാവിനെ സ്വാകൃതിയായിക്കണ്ടു് അനുഭവിക്കുന്ന സ്ഥിതി. ശാന്തമായ-ശാന്തം=മായാസംബന്ധരഹിതമായ പ്രസന്നത. തേജസ്സു്=ബ്രഹ്മജ്യോതിസ്സു്. നമസ്കരിക്ക=ശരണമായി പ്രാപിക്ക.

പരമാത്മാവു് സൎവ്വവ്യാപിയായി വിലസുന്നതാകയാൽ ഇന്നദിക്കെന്നും നിത്യമായിരിക്കുന്ന കാരണത്താൽ ഇന്നകാലത്തെന്നും സകലജഗൽസ്വരൂപമായിരിക്കുകനിമിത്തം ഇന്നവസ്തുവെന്നും അറിയാൻ പാടില്ലാത്തതായും, ചിദേകരസസ്വരൂപമാകുന്ന (?) ആനന്ദചിന്മാത്രസ്വരൂപമായും, അന്ധകാരത്തിലിരിക്കുന്ന പദാൎത്ഥങ്ങളെ കാണുന്നതിന്നു് കാരണമായിരുന്നുംകൊണ്ടു തന്നെക്കാണുന്നതിന്നും താൻതന്നെ കാരണമായിരിക്കുന്ന ദീപംപോലെ സകലപ്രപഞ്ചത്തയും പ്രകാശിപ്പിച്ചിയങ്ങുന്ന താൻതന്നെ തന്റെ പ്രകാശത്തിന്നും മുഖ്യകാരണമായും മായാസംബന്ധരഹിതമായും ഇരുന്നു് പരമാത്മാവായി വിലസുന്ന ജ്യോതിസ്സിനെ നമസ്കരിക്കുക.

ഇങ്ങനെ ഭർത്തൃഹരിമഹായോഗി പരമാത്മാവിനെ വന്ദനം ചെയ്തു് ഈ പ്രപഞ്ചത്തിൽ അനേകാ സ്വഭാവങ്ങൾ കാണിച്ചു്പറയുന്നതാകയാൽ അതിൻെറ വിവരങ്ങളോടുകൂടി ഇന്നിന്നസ്വഭാവമെന്നു് പ്രത്യേകമായി അറിയുന്നതിന്നായിക്കൊണ്ടു് പദ്ധതിക്രമമായിട്ടു് ചേർത്തു ചെയ്യണമെന്നു് ഇച്ഛിക്കയും, അവകളിൽ നടേ തന്നേ വിദ്വാന്മാരുടേയും മൂർഖന്മാരുടേയും സ്വഭാവങ്ങളെ പറയുന്നതിനു് വിചാരിക്കയും ചെയ്കതിൻവണ്ണം മൂർഖന്മാരുടെ സ്വഭാവാവസ്ഥയെല്ലാം ഒന്നാമത്തു പദ്ധതിയായിട്ടു പറയുന്നു. അതിലും ഒന്നാമത്തു ശ്ലോകംകൊണ്ടു് സജ്ജനങ്ങൾ ത്രിലോകം കുറഞ്ഞിരിക്ക നിമിത്തം സുഭാഷിതങ്ങൾ നിജദേഹത്തിൽ ലയിച്ചുപോയിരിക്കുന്നു എന്നു് പറയുന്നു.

ബോദ്ധാരോ മത്സരഗ്രസ്താഃ പ്രഭവഃ സ്മയദൂഷിതാഃ
അബോധോപഹതാശ്ചാന്യേ ജീർണ്ണമംഗേ സുഭാഷിതം. 1

ബോദ്ധാരഃ മത്സരഗ്രസ്താഃ ഭവന്തി. പ്രഭവഃ സ്മയദൂഷിതാഃ ഭവന്തി. അന്യേ അബോധോപഹതാഃ ച ഭവന്തി. അങ്ഗേ സുഭാഷിതം ജീർണ്ണം.

ബോദ്ധാക്കൾ=അറിയേണ്ടുന്ന ജനങ്ങൾ. മത്സരഗ്രസ്തന്മാരായി=അസൂയകൊണ്ടു് വ്യാപ്തന്മാരായി ഭവിച്ചിരിക്കുന്നു. അതിനാൽ ആ ജനങ്ങൾ ഹിതമായ വചനത്തെ കേൾക്കയും സന്തോഷിക്കയും ചെയ്കയില്ല. പ്രഭുക്കൾ=ആഢ്യന്മാർ. സ്മയദൂഷിതന്മാരായി=സ്മയംകൊണ്ടു്=ഗർവ്വംകൊണ്ടു്- ദൂഷിതന്മാരായി=പീഡിതന്മാരായി ഭവിച്ചിരിക്കുന്നു. അതിനാൽ ആ ജനങ്ങൾ ഹിതവചനലേശം കേൾക്കപോലും ചെയ്കയില്ല. അന്യന്മാർ=മുൻചൊന്നതൊഴിച്ചുള്ള ജനങ്ങൾ. അബോധോപഹതന്മാരായും=അബോധംകൊണ്ടു്—അജ്ഞാനംകൊണ്ടു്, ഉപഹതന്മാരായും=പീഡിക്കപ്പെട്ടവരായും ഭവിച്ചിരിക്കുന്നു. അതിനാൽ അറിവില്ലാത്ത ആ ജനങ്ങൾക്കു് ഹിതവചനം കേൾക്കുന്നതിനു യോഗ്യതപോലുമില്ല. ആയതുകൊണ്ടു് അംഗത്തിങ്കൽ=അന്തരംഗത്തിങ്കൽത്തന്നെ. സുഭാഷിതം=ഹിതവചനം. ജീർണ്ണമായിരിക്കുന്നു=മറഞ്ഞിരിക്കുന്നു.

അറിയേണ്ടുന്ന ജനങ്ങൾ അസൂയകൊണ്ടു് മുഴുകിയിരിക്കുന്നു. അതിനാൽ ആ ജനങ്ങൾ നല്ലവാക്കുകളെ കേൾക്കുകയും സന്തോഷിക്കുകയും ചെയ്യുയില്ല. പ്രഭുക്കൾ ഗവ്ംകൊണ്ടു് നിറഞ്ഞിരിക്കുന്നു. അതിനാൽ ആ ജനങ്ങൾ നല്ലവാക്കുകളെ കേൾക്കപോലും ചെയ്യുയില്ല. മേൽപറഞ്ഞ രണ്ടുവിധക്കാരുമല്ലാതെയുള്ള ജനങ്ങൾ അജ്ഞാനത്തിൽക്കിടന്നു് നീന്തുന്നവരായിരിക്കുന്നു. അതിനാൽ ആ ജനങ്ങൾക്കു് നല്ല വാക്കുകളെ കേൾക്കുന്നതിനുള്ള യോഗ്യതപോലുമില്ല. അതിനാൽ നല്ല നല്ല വാക്കുകൾകേൾക്കുന്ന ആളില്ലാഴികകൊണ്ടു് ആ നല്ലവാക്കു് ദേഹത്തിൽത്തന്നേ മറഞ്ഞിരിക്കുന്നു എന്നു് താൽപയ്യം.

ഇതു് ഇങ്ങനെ പറഞ്ഞതിൻെറശേഷം മൂർഖന്മാരുടെ സ്വഭാവങ്ങൾ ഇന്നിന്നവിധങ്ങളായിരിക്കുന്നു എന്നുള്ള മാഗ്ഗങ്ങളെ കാണിച്ചു പറയുന്നു:—

അജ്ഞഃ സുഖമാരാധ്യഃ
സുഖതരമാരാധ്യതേ വിശേഷജ്ഞഃ
ജ്ഞാനലവദുവിദഗ്ദ്ധം
ബ്രഹ്മാപി നരം ന രഞ്ജയതി. 2

അജ്ഞഃ സുഖം ആരാധ്യഃ. വിശേഷജ്ഞഃ സുഖതരം ആരാധ്യതേ. ജ്ഞാനലവദുവിദഗ്ദ്ധം നരം ബ്രഹ്മാ അപി ന രഞ്ജയതി.

അജ്ഞൻ=ജ്ഞാനമില്ലാത്ത പുരുഷൻ, വിദ്വാനാൽ-സജ്ജനത്താൽ, സുഖം=പ്രയാസംകൂടാതെ-സുഖമാംവണ്ണം, ആരാധിക്കപ്പെടുന്നു=സമ്മതിക്കപ്പെടുന്നു. വിശേഷജ്ഞൻ=വിശേഷജ്ഞാനമുള്ളവൻ, സുഖതരം=അല്പവും പ്രയാസംകൂടാതെ ഏറ്റവും സുഖമാകുന്നവണ്ണം, ആരാധിക്കപ്പെടുന്നു=സമ്മതിക്കപ്പെടുന്നു. ജ്ഞാനലവദുവിദഗ്ദ്ധനെ=അല്പജ്ഞാനംകൊണ്ടു് തനിക്കു് സമനാരുമില്ലെന്നു് മദിച്ചിരിക്കുന്നവനെ, [നരം=മത്ത്യനെ] ബ്രഹ്മാ അപി=ബ്രഹ്മാവുപോലും, രഞ്ജിപ്പിക്കുന്നില്ല=സ്വാധീനമാക്കിച്ചെയ്യുന്നില്ല.

ജ്ഞാനമില്ലാത്ത മനുഷ്യനെ പ്രയാസമില്ലാതെയും, വിശേഷജ്ഞാനമുള്ളവനെ അല്പവും പ്രയാസംകൂടാതെയും വിദ്വാൻ സമ്മതിപ്പിക്കുന്നു. എന്നാൽ അല്പജ്ഞാനംകൊണ്ടു് തനിക്കു സമൻ ആരുമില്ലെന്നു് വിചാരിക്കുന്നവനെ സ്വാധീനമാക്കിച്ചെയ്യുന്നതിനു് ബ്രഹ്മാവിനുപോലും കഴിയുന്നില്ലെന്നു് താൽപര്യം.

പ്രസഹ്യ മണിമുദ്ധരേന്മകരവക്ത്രദംഷ്ട്രാന്തരാൽ
സമുദ്രമപി സന്തരേൽ പ്രചലദൂൎമ്മിമാലാകുലം
ഭുജംഗമപി കോപിനം ശിരസി പുഷ്പവദ്ധാരയേ-
ന്നതു പ്രതിനിവിഷ്ടമൂർഖജനചിത്തമാരാധയേൽ. 3

മകരവക്ത്രദംഷ്ട്രാന്തരാൽ മണിം പ്രസഹ്യ ഉദ്ധരേൽ. പ്രചലദൂൎമ്മിമാലാകുലം സമുദ്രം അപി സന്തരേൽ. കോപിനം ഭുജംഗം അപി പുഷ്പവൽ ശിരസി ധാരയേൽ. പ്രതിനിവിഷ്ടമൂർഖജനചിത്തം തു ന ആരാധയേൽ.

മകരവക്ത്രദംഷ്ട്രാന്തരത്തിങ്കൽ നിന്നു്=മകരമത്സ്യത്തിന്റെ ദംഷ്ട്രയുടെ അന്തരത്തിൽ നിന്നു്, മണിയെ=രത്നവിശേഷത്തെ, പ്രസഹ്യ=പ്രയാസപ്പെട്ടിട്ടെങ്കിലും, ഉദ്ധരണം ചെയ്യാം=സൂത്രംകൊണ്ടു് പിഴുതെടുത്താലുമെടുക്കാം. പ്രചലദൂൎമ്മിമാലാകുലമായിരിക്കുന്ന=ഇളകിമറിഞ്ഞുംകൊണ്ടിരിക്കുന്ന തിരമാലകളാൽ നിറഞ്ഞിരിക്കുന്ന, സമുദ്രം അപി=സമുദ്രത്തെപ്പോലും, സന്തരണം ചെയ്യാം=വായുയന്ത്രങ്ങളെക്കൊണ്ടു് കടന്നാലും കടക്കാം. കോപിനം ഭുജംഗം അപി=കോപിച്ചിരിക്കുന്ന ഭുജംഗത്തെപ്പോലും-കോപവശാൽ വിഷസഞ്ചിയെ നക്കിയുംകൊണ്ടു് ആ വിഷജ്വാലകളോടുകൂടി അതിഭയങ്കരമായി ഫൂൽക്കാരംചെയ്യുന്ന സൎപ്പത്തെപ്പോലും, ശിരസ്സിങ്കൽ=തലയിങ്കൽ, പുഷ്പമെന്നപോലേ=കുസുമമെന്നപോലേ, ധാരണം ചെയ്യാം=ധരിച്ചാലും ധരിക്കാം. ഇങ്ങനെയെല്ലാമിരിക്കുന്ന ദുസ്സാദ്ധ്യങ്ങളായ കൎമ്മങ്ങളെ പണിപ്പെട്ടുചെയ്താലും [പ്രതിനിവിഷ്ടമൂർഖജനചിത്തത്തെ] =അല്പജ്ഞാനംകൊണ്ടു് സൎവ്വജ്ഞനെന്നു നടിക്കുന്ന മൂർഖജനങ്ങളുടെ ചിത്തത്തെ-മനസ്സിനെ, [ആരാധിപ്പാൻ]=സമ്മതിക്കാൻ കഴിയുന്നതല്ല.

മകരമത്സ്യത്തിന്റെ വായ്ക്കകത്തിരിക്കുന്ന വീരപ്പല്ലിന്റെ മദ്ധ്യത്തിങ്കലുള്ള വിശേഷമായ രത്നത്തെ പ്രയാസപ്പെട്ടെങ്കിലും പിഴുതെടുക്കയും, ഇളകിമറിഞ്ഞുംകൊണ്ടിരിക്കുന്ന തിരമാലകളാൽ നിറഞ്ഞിരിക്കുന്ന സമുദ്രത്തെപ്പോലും വായുയന്ത്രങ്ങളെക്കൊണ്ടു് കടന്നു് മറുകരയിൽ പോകയും, അതികോപത്തോടുംകൂടി വിഷസഞ്ചിയെ നക്കിയുംകൊണ്ടു് എത്രയും കഠിനമായിരിക്കുന്ന വിഷജ്വാലകളോടുചേർന്നു് അതിഭയങ്കരമാകുംവണ്ണം മുഴങ്ങിയ ഇരച്ചിലോടുകൂടിയിരിക്കുന്ന സർപ്പത്തിനെ പുഷ്പംപോലെ തലയിൽ കെട്ടുകയും ചെയ്താലും ചെയ്യാം. ഇങ്ങനെയുള്ള സാദ്ധ്യമല്ലാത്ത കർമ്മങ്ങളെച്ചെയ്താലും അല്പം അറിഞ്ഞയുടനേ ഒക്കെയുമറിഞ്ഞുവെന്നു് നടിക്കുന്ന മൂർഖന്റെ മനസ്സിനെ സ്വാധീനമാക്കുവാൻ കഴിയുന്നതല്ലയെന്നു് താൽപര്യം.

ലഭേത സികതാസു തൈലമപി യത്നതഃ പീഡയൻ
പിബേച്ച മൃഗതൃഷ്ണികാസു സലിലം പിപാസാർദ്ദിതഃ
കദാചിദപി പര്യടൻ ശശവിഷാണമാസാദയേ-
ന്നതു പ്രതിനിവിഷ്ടമൂർഖജനചിത്തമാരാധയേൽ. 4

ജനഃ യത്നതഃ പീഡയൻ സൻ സികതാസു തൈലം അപി ലഭേത. പിപാസാർദ്ദിതഃ ജനഃ മൃഗതൃഷ്ണികാസു സലിലം ച പിബേൽ. പര്യടൻ ജനഃ ശശവിഷാണം അപി കദാചിൽ ആസാദയേൽ. പ്രതിനിവിഷ്ടമൂർഖജനചിത്തം തു ന ആരാധയേൽ.

ജനം=ലോകം, യത്നംകൊണ്ടു്=പ്രയാസപ്പെട്ടു്-യന്ത്രാദികളിലിട്ടു് കശക്കിപ്പിഴിഞ്ഞിട്ടു്, സികതകളിൽ=മണലുകളിൽ, തൈലത്തെപ്പോലും=എണ്ണയെപ്പോലും, ലഭിക്കും=സംഭവിപ്പിക്കും. പിപാസാർദ്ദിതനായി=വെള്ളം കുടിക്കണമെന്നുള്ള ഇച്ഛകൊണ്ടു് അർദ്ദിതനായി-ദുഃഖിതനായിരിക്കുന്ന, ജനം=ലോകം, മൃഗതൃഷ്ണികകളിൽ=കാനലുകളിൽ, സലിലത്തെപ്പോലും =ജലത്തെപ്പോലും, പാനംചെയ്യും=കുടിക്കും. പര്യടനനായിരിക്കുന്ന ജനം=നാനാപ്രദേശങ്ങളിലും സഞ്ചരിച്ചുംകൊണ്ടിരിക്കുന്ന ലോകം, ശശവിഷാണത്തെപ്പോലും=മുയൽക്കൊമ്പിനെപ്പോലും, കദാചിൽ=ഒരിക്കൽ, (ആസാദനം

ചെയ്യും)=ലഭിക്കും-പ്രാപിക്കും. ഇങ്ങനെയുള്ള അസംഭാവ്യകാൎയ്യങ്ങളെ സംഭവിപ്പിച്ചാലും പ്രതിനിവിഷ്ടമൂൎഖജനചിത്തത്തെ = അല്പജ്ഞാനംകൊണ്ടു് വിദ്വാനെന്നു നടിച്ചിരിക്കുന്ന മൂൎഖജനത്തിന്റെ ചിത്തത്തിനെ സമ്മതിപ്പിക്കാൻ കഴിയുന്നതല്ല.

മനുഷ്യർ യന്ത്രാദികളിലിട്ടു് കശക്കിപ്പിഴിഞ്ഞു് മണ്ണിൽനിന്നു് എണ്ണയെടുക്കയും കാനൽ ജലത്തെക്കുടിക്കയും പലടത്തും സഞ്ചരിച്ചു് മുയൽക്കൊമ്പിനെ ഒരു സമയത്തു് ലഭിക്കയും ചെയ്യാം. ഇങ്ങനെയുള്ള അസംഭാവ്യകാൎയ്യങ്ങളെ സംഭവിപ്പിച്ചാലും അല്പജ്ഞാനംകൊണ്ടു് വിദ്വാനെന്നു് നടിച്ചിരിക്കുന്ന മൂൎഖന്റെ മനസ്സിനെ സമ്മതിപ്പാൻ കഴിയുന്നതല്ല എന്നു് താൽപൎയ്യം.

ഇങ്ങനെ മൂൎഖന്മാരുടെ അവസ്ഥയെ പറഞ്ഞതിനുശേഷം അവരെ സജ്ജനങ്ങളാക്കി ചെയ്യണമെന്നു് വിചാരിക്കുന്നവന്റെ അറിവുകേടിനെക്കാണിച്ചു പറയുന്നു:—

വ്യാളം ബാലമൃണാളതന്തുഭിരസൌ
രോദ്ധും സമുജ്ജൃംഭതേ
ഭേത്തും വജ്രമണീൻ ശിരീഷകുസുമ-
പ്രാന്തേന സന്നഹ്യതേ
മാധുൎയ്യം മധുബിന്ദുനാ രചയിതും
ക്ഷാരാംബുധേരീഹതേ
മൂൎഖാൻ യഃ പ്രതിനേതുമിച്ഛതി ബലാൽ
സൂക്തൈഃ സുധാസ്യന്ദിഭിഃ. 5

സുധാസ്യന്ദിഭിഃ സൂക്തൈഃ ബലാൽ മൂൎഖാൻ പ്രതിനേതും യഃ ഇച്ഛതി അസൌ വ്യാളം ബാലമൃണാളതന്തുഭിഃ രോദ്ധും സമുജ്ജൃംഭതേ; വജ്രമണിം ശിരീഷകുസുമപ്രാന്തേന ഭേത്തും സന്നഹ്യതേ; ക്ഷാരാംബുധേഃ മധുബിന്ദുനാ മാധുൎയ്യം രചയിതും ഈഹതേ.

സുധാസ്യന്ദികളായി = അമൃതമൊഴുകിയുംകൊണ്ടിരിക്കുന്നവകളായിരിക്കുന്ന, സൂക്തങ്ങളാൽ=നല്ലവാക്കുകളാൽ, ബലാൽക്കാരം

ചെയ്തിട്ടു്, മൂർഖന്മാരെ=അറിവില്ലാത്ത ജനങ്ങളെ, (പ്രതിനയിക്കുന്നതിനു)=തിരിച്ചു നയിപ്പിക്കുന്നതിനു്-സമ്മതിപ്പിക്കുന്നതിനു്, യഃ=ഏവൻ, ഇച്ഛിക്കുന്നുവോ=ആഗ്രഹിക്കുന്നുവോ, അസൌ=ഇവൻ വ്യാളത്തെ=മത്തവാരണത്തെ-മദംപൊട്ടിയ ആനയെ, ബാലമൃണാളതന്തുക്കളെക്കൊണ്ടു്=ഇളതായിരിക്കുന്ന താമരത്തണ്ടിലുള്ള നൂലുകളെക്കൊണ്ടു്, രോധിക്കുന്നതിനായിട്ടു്=കെട്ടിനിൎത്തുന്നതിനായിട്ടു്, സമുജ്ജൃംഭിക്കുന്നു=തുനിയുന്നു. വജ്രമണികളെ=വൈരങ്ങളെ, ശിരീഷകുസുമപ്രാന്തംകൊണ്ടു്=വാകപ്പൂവിന്റെ അററംകൊണ്ടു്, ഭേദനം ചെയ്വാനായിക്കൊണ്ടു്=പിളൎക്കാനായിക്കൊണ്ടു്, സന്നാഹത്തോടുകൂടുന്നു=ആരംഭിക്കുന്നു. ക്ഷാരാംബുധിക്കു്=ലവണസമുദ്രത്തിനു്, മധുബിന്ദുവാൽ=തേൻതുള്ളിയാൽ, മാധുൎയ്യത്തെ=മധുരരസത്തെ, രചിക്കുന്നതിനു്=ഉണ്ടാക്കുന്നതിനു്, ഇച്ഛിക്കുന്നു=ആഗ്രഹിക്കുന്നു.

മധുരരസങ്ങളായിരിക്കുന്ന നല്ലവാക്കുകളെക്കൊണ്ടു് ബലാൽക്കാരം ചെയ്തിട്ടു് അറിവില്ലാത്ത ജനങ്ങളെ സ്വാധീനമാക്കിച്ചെയ്യുന്നതിനു് യാതൊരുത്തനാഗ്രഹിക്കുന്നുവോ അവൻ മദംപൊട്ടിയിരിക്കുന്ന ആനയെ ഇളതായ താമരത്തണ്ടിലുള്ള നൂലുകളെക്കൊണ്ടു് കെട്ടി നിറുത്താമെന്നു് തുനിയുകയും അതികഠിനങ്ങളായിരിക്കുന്ന വൈരങ്ങളെ വാകപ്പൂവിൻെറ അററംകൊണ്ടു് പിളൎക്കാമെന്നു് വിചാരിക്കയും വളരെ വിസ്താരമായിരിക്കുന്ന ലവണസമുദ്രത്തെ ഒരു തുള്ളിത്തേൻകൊണ്ടു് മധുരരസമാക്കിത്തീൎക്കാമെന്നു് ഇച്ഛിക്കുകയും ചെയ്യുന്നതുപോലെ ആകുന്നുവെന്നു് താല്പൎയ്യം.

ഇങ്ങനെയെല്ലാമിരിക്കുന്ന മൂർഖജനങ്ങൾക്കു് തങ്ങളുടെ ദോഷം പ്രകാശിക്കാതെയിരിക്കുന്നതിനുവേണ്ടിയിട്ടുള്ള മാർഗ്ഗത്തെ കാണിച്ചു പറയുന്നു:—

സ്വായത്തമേകാന്തഹിതം വിധാത്രാ
വിനിൎമ്മിതം ഛാദനമജ്ഞതായാഃ
വിശേഷതഃ സൎവ്വവിദാം സമാജേ
വിഭൂഷണം മൌനമപണ്ഡിതാനാം. 6

വിധാത്രാ സ്വായത്തം ഏകാന്തഹിതം വിശേഷതഃ സർവ്വവിദാം സമാജേ വിഭൂഷണം മൌനം അപണ്ഡിതാനാം അജ്ഞതായാഃ ഛാദനം സൽ വിനിർമ്മിതം.

വിധാതാവിനാൽ=ബ്രഹ്മാവിനാൽ, സ്വായത്തമായും=പരാപേക്ഷകൂടാതെ സ്വാധീനമായും, ഏകാന്തഹിതമായും=ഏററവും അനുകൂലമായും, വിശേഷതഃ=വിശേഷിച്ചും, സർവ്വവിത്തുകളുടെ=വിദ്വാന്മാരുടെ, സമാജത്തിങ്കൽ=സഭയിങ്കൽ, വിഭൂഷണമായും=അലങ്കാരമായും ഇരിക്കുന്ന, മൌനം=സംസാരിക്കാതെയിരിക്കുന്ന അവസ്ഥ–തൂഷ്ണീംഭാവം, അപണ്ഡിതന്മാരുടെ=മൂർഖന്മാരുടെ, അജ്ഞതയ്ക്കു്=മൂഢതയ്ക്കു് ഛാദനമായിട്ടു്=മറവായിട്ടു് നിർമ്മിക്കപ്പെട്ടു=സൃഷ്ടിക്കപ്പെട്ടു.

വിദ്വാന്മാരുടെ സഭയിങ്കൽ മൂർഖന്മാരുടെ മൂഢതയെ മറയ്ക്കുന്നതിനുവേണ്ടി മററാരുത്തരെ അപേക്ഷിക്കാതേയും മൂർഖന്മാർക്കു് ഏററവും അനുകൂലമായും വിശേഷമായുമുള്ള സംസാരിക്കാതേയിരിക്കു(ന്ന)യെ)ന്ന മൌനഭാവത്തെ ബ്രഹ്മാവു് സൃഷ്ടിച്ചിരിക്കുന്നതു് ഭാഗ്യമെന്നു് താൽപര്യം.

അജ്ഞനായി(രിക്കു?രു)ന്ന മനുഷ്യനു ജ്ഞാനമുണ്ടായതിന്റെ ശേഷം അവനുണ്ടായിരിക്കുന്ന അനുഭവസ്ഥിതിയെ കാണിച്ചു പറയുന്നു:—

യദാ കിഞ്ചിജ്ജ്ഞോഽഹം ഗജ ഇവ മദാന്ധഃ സമഭവം
തദാ സർവ്വജ്ഞോഽസ്മീത്യഭവദവലിപ്തം മമ മനഃ
യദാ കിഞ്ചിൽ കിഞ്ചിൽ ബുധജനസകാശാദവഗതം
തദാ മൂർഖോഽസ്മീതി ജ്വര ഇവ മദോ മേ വ്യപഗതഃ. 7

അഹം കിഞ്ചിജ്ജ്ഞഃ യദാ ഗജഃ ഇവ മദാന്ധഃ സമഭവം തദാ സർവ്വജ്ഞഃ അസ്മി ഇതി മമ മനഃ അവലിപ്തം അഭവൽ. യദാ കിഞ്ചിൽ കിഞ്ചിൽ ബുധജനസകാശാൽ അവഗതം തദാ മൂർഖഃ അസ്മി ഇതി മേ മദഃ ജ്വരഃ ഇവ വ്യപഗതഃ.

അഹം=ഞാൻ, കിഞ്ചിജ്ജ്ഞനായി=അല്പം അറിഞ്ഞവനായി, യദാ=എപ്പോൾ, ഗജമെന്നപോലെ=ആനയെന്നപോലെ,

മദാന്ധനായിട്ട്=ഗൎവ്വിഷ്ഠനായിട്ട്–ഇന്നതുചെയ്യാം ഇന്നതു ചെയ്തുകൂടാ എന്നുള്ള വിവേകമില്ലാത്തവനായിട്ട്, സമഭവം=ഭവിച്ചുവോ, തദാ=അപ്പോൾ, സൎവ്വജ്ഞനായി=സകലകാൎയ്യവുമറിഞ്ഞവനായി, അസ്മി=ഭവിച്ചീടിനേൻ. ഇതി=എന്നിങ്ങനെ, മമ മനഃ=എന്റെ മനസ്സ്, അവലിപ്തമായി=ഗൎവ്വത്തോടുകൂടിയതായി, അഭവൽ=ഭവിച്ചു. യദാ=എപ്പോൾ, കിഞ്ചിൽ കിഞ്ചിൽ=അല്പമല്പം, (ബുധജനസകാശാൽ)=ബുധജനസകാശത്തിങ്കൽനിന്ന്– വിദ്വാന്മാരുടെ സന്നിധാനത്തിങ്കൽനിന്ന്, അവഗതം=അറിയപ്പെട്ടുവോ, തദാ=അപ്പോൾ, മൂർഖനായി=വിവേകമില്ലാത്തവനായി, അസ്മി=ഭവിച്ചീടിനേൻ. ഇതി=എന്നിപ്രകാരം, മേ മദഃ=എന്റെ ഗൎവ്വം, ജ്വരം എന്നപോലെ=വൈദ്യന്മാരുടെ സമീപത്തിൽനിന്ന് ജ്വരം എന്നപോലെ, വ്യപഗതഃ=ഗമിച്ചു.

ഞാനെപ്പോൾ അല്പം അറിഞ്ഞോ ഉടൻതന്നെ സകല കാൎയ്യവും അറിഞ്ഞുപോയി എന്നൊരു ഭാവം നടിച്ച് ഇന്നതുചെയ്യാം ഇന്നതു ചെയ്തുകൂടാ എന്നുള്ള വിവേകവും കൂടാതെ ആനയ്ക്ക് മദം പൊട്ടിയാലുള്ള അവസ്ഥപോലെ എന്റെ മനസ്സ് ഗൎവ്വത്തോടുകൂടി ഭവിച്ചു. പിന്നത്തതിൽ വിദ്വാന്മാരോടുള്ള സഹവാസം എനിക്കെപ്പോളുണ്ടായോ അപ്പോൾത്തന്നെ ഞാനൊന്നുമറിഞ്ഞിട്ടില്ലെന്ന് എനിക്കു തോന്നി. അതിൽപിന്നെ മുൻചൊന്നവണ്ണം എനിക്കുണ്ടായിരുന്ന ഗൎവ്വം ഒക്കെയും വൈദ്യന്മാർ ജ്വരത്തെ ഓടിച്ചതു പോലെ ഓടിച്ചു എന്ന് താൽപൎയ്യം.

അറിവില്ലാത്തവന്റെ നീചസ്വഭാവം ഇന്നവിധത്തിൽ ഇരിക്കുന്നു എന്നുള്ള മാൎഗ്ഗത്തെക്കാണിച്ചു പറയുന്നു:—

കൃമികുലചിതം ലാലാക്ലിന്നം വിഗന്ധി ജുഗുപ്സിതം
നിരുപമരസപ്രീത്യാ ഖാദൻ ഖരാസ്ഥി നിരാമിഷം
സുരപതിമപി ശ്വാ പാൎശ്വസ്ഥം വിലോക്യ ന ശങ്കതേ
നഹി ഗണയതി ക്ഷുദ്രോ ജന്തുഃ പരിഗ്രഹഫല്ഗുതാം. 8

ശ്വാ കൃമികുലചിതം ലാലാക്ലിന്നം വിഗന്ധി ജുഗുപ്സിതം നിരാമിഷം ഖരാസ്ഥി നിരുപമരസപ്രീത്യാ ഖാദൻ സൻ പാൎശ്വസ്ഥം സുരപതിം അപി വിലോക്യ ന ശങ്കതേ ഹി. ക്ഷുദ്രഃ ജന്തുഃ പരിഗ്രഹഫല്ഗുതാം ന ഗണയതി.

ശ്വാവു്=നായ്, ക്രമികുലചിതമായും=ക്രമികുലങ്ങളാൽ=പുഴ ക്കൂട്ടങ്ങളാൽ, ചിതമായും നിറയപ്പെട്ടും, ലാലാക്ലിന്നമായും=കടവാ കളിൽ നിന്നൊഴുകിയുംകൊണ്ടിരിക്കുന്ന ജലംകൊണ്ടു് നനയ പ്പെട്ടും, വിഗന്ധിയായും=ദുർഗ്ഗന്ധമായും-ദുർഗ്ഗന്ധത്തോടുകൂടിയതായും, അതിനാൽ ജുഗുപ്സിതമായും=ഉപേക്ഷിപ്പാൻ യോഗ്യമാ യും, നിരാമിഷമായും= അല്പവുംമാംസമില്ലാത്തതായും ഇരിക്കുന്ന ഖരാസ്ഥിയെ=ഖരത്തിന്റെ-കഴുതയുടെ, അസ്ഥിയെ-എല്ലിനെ, നിരുപമരസപ്രീതിയോടുകൂടി=ഉപമയില്ലാത്ത രസമെന്നുള്ള വാത്സ ല്യത്തോടുകൂടി, ഖാദന്നായി=ഭക്ഷിച്ചും- കടിച്ചുതിന്നുംകൊണ്ടിരി ക്കുന്നവനായിട്ടു്, പാർശ്വസ്ഥനായ=അടുത്തുള്ള, സുരപതിം അപി= ഇന്ദ്രനെപ്പോലും, വിലോക്യ=കണ്ടിട്ടു്, ന ശങ്കതേ ഹി=ശങ്കിക്കു ന്നില്ലല്ലോ-ഭയപ്പെടുന്നില്ല. ക്ഷുദ്ര(മായ) ജന്തു=നീചജന്തു, പരിഗ്രഹ ഫല്ഗുതയെ=പരിഗ്രഹവസ്തുവിങ്കൽ-സ്വീകരിക്കുന്ന പദാർത്ഥത്തി ങ്കൽ ഫല്ഗുതയെ-താഴ്മയെ, ഗണിക്കുന്നില്ല=വിചാരിക്കുന്നില്ല.

പുഴക്കൂട്ടങ്ങളാൽ നിറഞ്ഞും, കടവാകളിൽകൂടിയൊഴുകുന്ന ജലമേററു നനഞ്ഞു ദുർവ്വാടകൊണ്ടു് ഉപേക്ഷിപ്പാൻ യോഗ്യമായും അല്പവും മാംസമില്ലാതേയും ഇരിക്കുന്ന കഴുതയുടെ എല്ലിനെ ഉപ മയില്ലാത്ത രസമെന്നുള്ള സ്നേഹത്തോടുകൂടി നായ് ഭക്ഷിക്കുന്നു. സമീപത്തു നില്ക്കുന്ന ഇന്ദ്രനെക്കണ്ടിട്ടും ശങ്കിക്കുന്നില്ല. ഈ (?) നീചജന്തു സ്വീകരിക്കുന്ന പദാർത്ഥത്തിങ്കൽവെച്ചു് താഴ്മയെ വിചാരിക്കുന്നില്ല. ഇതുപോലെതന്നെ അറിവില്ലാത്തവരുടെ നീച സ്വഭാവമെന്നു് താൽപര്യം.

അറിവില്ലാത്ത കാരണത്താൽ ജനങ്ങൾക്കു് അനർത്ഥമുണ്ടാ കുന്ന വിധങ്ങളെ കാണിച്ചു് പറയുന്നു:—

ശിരഃ ശാർവ്വം സ്വർഗ്ഗാൽ പശുപതിശിരസ്തഃ ക്ഷിതിധരം
മഹീധ്രാദുത്തുംഗാദവനിമവനേശ്ചാപി ജലധിം
അധോ ഗംഗാ സേയം പദമുപഗതാ സ്തോകമഥവാ
വിവേകഭ്രഷ്ടാനാം ഭവതി വിനിപാതഃ ശതമുഖഃ. 9

യാ സ്വർഗ്ഗാൽ ശാർവ്വം ശിരഃ ഉപഗതാ. തദനു പശുപതി ശിരസ്തഃ ക്ഷിതിധരം ഉപഗതാ. ഉത്തുംഗാൽ മഹീധ്രാൽ അവ

നിം ഉപഗതാ. അവനേഃച അപി ജലധിം ഉപഗതാ. അഥ സാഇയം ഗംഗാ സ്തോകം പദം ഉപഗതാ. അഥവാ അധഃ പദം ഉപഗതാ. വിവേകഭ്രഷ്ടാനാം ശതമുഖഃ വിനിപാതഃ ഭവതി.

യാ=യാതൊരു ഗംഗാദേവി, സ്വൎഗ്ഗത്തിങ്കൽനിന്നും=സ്വർല്ലോകത്തിങ്കൽനിന്നും, ശർവസംബന്ധമായി=ഈശ്വരസംബന്ധമായിരിക്കുന്ന, ശിരസ്സിനെ=ഉത്തമാംഗത്തെ, ഉപഗമിച്ചു=പ്രാപിച്ചു. അനന്തരം പശുപതിശിരസ്സിങ്കൽനിന്ന്=ശ്രീപരമേശ്വരന്റെ തലയിങ്കൽനിന്ന്, ക്ഷിതിധരത്തെ=ഹിമവൽപർവ്വതത്തെ, ഉപഗമിച്ചു=പ്രാപിച്ചു. ഉത്തുംഗമായിരിക്കുന്ന=ഉന്നതമായിരിക്കുന്ന മലയിങ്കൽനിന്ന് ഭൂമിയെ പ്രാപിച്ചു. അവനിയിങ്കൽനിന്നും=ഭൂതലത്തിങ്കൽനിന്നും, ജലധിയെ=സമുദ്രത്തെ, ഉപഗമിച്ചു = പ്രാപിച്ചു. അഥ=അനന്തരം, മുൻചൊന്ന ഗംഗാഭഗവതി, സ്തോകമായി=അല്പമായിരിക്കുന്ന പദത്തെ=സ്ഥാനത്തെ, ഉപഗമിച്ചു= പ്രാപിച്ചു. അഥവാ=ഇ(അ)ല്ലെങ്കിൽ, അധഃപദത്തെ=പാതാളലോകത്തെ, ഉപഗതാ=പ്രാപിച്ചു. വളരെ ശ്രേഷ്ഠതയോടുകൂടിയിരിക്കുന്ന ഗംഗാദേവിക്കു സ്ഥാനഭ്രംശംവന്നതുപോലെ വിവേകഭ്രഷ്ടന്മാൎക്ക്=വിവേകമില്ലാത്ത ജനങ്ങൾക്ക്, ശതമുഖമായിരിക്കുന്ന=അനേകവിധങ്ങളായിരിക്കുന്ന, വിനിപാതം=നാശം, ഭവിക്കുന്നു=ഉണ്ടാവുന്നു.

ഗംഗാഭഗവതി സ്വൎഗ്ഗത്തിങ്കൽനിന്ന് ശ്രീപരമേശ്വരന്റെ തലയിലും, അവിടെനിന്ന് ഹിമവൽപാൎശ്വത്തിങ്കലും, അവിടെനിന്ന് ഭൂമിയിങ്കലും, അവിടെനിന്ന് സമുദ്രത്തിങ്കലും, പ്രാപിച്ചു. അതിന്റെശേഷം ഗംഗാദേവി അല്പമായിരിക്കുന്ന സ്ഥാനത്തെ പ്രാപിക്കയോ ഇല്ലെങ്കിൽ പാതാളലോകത്തെ പ്രാപിക്കയോ ചെയ്തു. വളരെ ശ്രേഷ്ഠതയോടുകൂടിയിരിക്കുന്ന ഗംഗാഭഗവതിക്കു ഇങ്ങനെയുള്ള സ്ഥാനഭ്രംശം വന്നതുപോലെ, അറിവില്ലാത്ത ജനങ്ങൾക്കു അനേകവിധങ്ങളായിരിക്കുന്ന നാശം ഭവിക്കുമെന്ന് താല്പൎയ്യം.

അറിവില്ലാത്ത മൂൎഖന്മാരുടെ ബുദ്ധി സ്വാധീനപ്പെടുന്നതിന് ഉപായങ്ങളൊന്നുമില്ലെന്നും മററുമുള്ള അവസ്ഥകൾക്കു ഒക്കെയും ഔഷധങ്ങളുള്ള പ്രകാരവും പറയുന്നു:—

ശക്യോ വാരയിതും ജലേന ഹുതഭുക്
ശൂർപ്പേണ സൂര്യാതപോ
നാഗേന്ദ്രോ നിശിതാങ്കുശേന സമദോ
ദണ്ഡേന ഗൌർഗർദ്ദഭഃ
വ്യാധിർഭേഷജസംഗ്രഹൈശ്ച വിവിധൈർ-
മന്ത്രപ്രയോഗൈർവിഷം
സർവ്വസ്യൌഷധമസ്തി ശാസ്ത്രവിഹിതം
മൂർഖസ്യ നാസ്ത്യൌഷധം. 10

ഹുതഭുക് ജലേന വാരയിതും ശക്യഃ. സൂര്യാതപഃ ശൂർപ്പേണ വാരയിതും ശക്യഃ. സമദഃ നാഗേന്ദ്രഃ നിശിതാങ്കുശേന വാരയിതും ശക്യഃ. ഗൌഃ ഗർദ്ദഭഃ ച ദണ്ഡേന വാരയിതും ശക്യഃ. വ്യാധിഃ ഭേഷജസംഗ്രഹൈഃ ച വാരയിതും ശക്യഃ. വിഷം വിവിധൈഃ മന്ത്രപ്രയോഗൈഃ വാരയിതും ശക്യം. സർവ്വസ്യ ശാസ്ത്രവിഹിതം ഔഷധം അസ്തി. മൂർഖസ്യ ഔഷധം ന അസ്തി.

ഹുതഭുക്=അഗ്നി, ജലംകൊണ്ടു്=വെള്ളംകൊണ്ടു്, വാരണം ചെയ്‌വാനായിക്കൊണ്ടു്=തടഞ്ഞു നിൎത്തുവാനായിക്കൊണ്ടു്, ശക്യനാകുന്നു=സുലഭനാകുന്നു. സൂര്യാതപം=സൂര്യകിരണമാകുന്ന വെയ്‌ലു്, ശൂർപ്പംകൊണ്ടു്=മുറംകൊണ്ടു്, വാരണം ചെയ്യാനായിട്ടു്=തടഞ്ഞു നിൎത്തുവാനായിട്ടു്, ശക്യമാകുന്നു=സുലഭമാകുന്നു. സമദനായിരിക്കുന്ന=മദംപൊട്ടിയിരിക്കുന്ന നാഗേന്ദ്രൻ=ആനത്തലവൻ, നിശിതാങ്കുശംകൊണ്ടു്=നിശിതമായിരിക്കുന്ന-മൂൎച്ചയായിരിക്കുന്ന, അങ്കുശംകൊണ്ടു് വാരണംചെയ്‌വാനായിട്ടു്=തടഞ്ഞു നിൎത്തുവാനായിട്ടു് ശക്യമാകുന്നു=സുലഭമാകുന്നു. ഗോക്കൾ=പശുക്കൾ, ഗർദ്ദഭം=കഴുത, ദണ്ഡംകൊണ്ടു്=വടികൊണ്ടു്, വാരണംചെയ്യാനായിട്ടു്=തടഞ്ഞു നിൎത്തുവാനായിട്ടു് ശക്യമാകുന്നു=സുലഭമാകുന്നു. വ്യാധികൾ=രോഗങ്ങൾ, ഭേഷജസംഗ്രഹങ്ങളാൽ=ഔഷധസമ്പാദ്യങ്ങളാൽ-മഹാമന്ത്രജപഹോമദാനദേവതാൎച്ചനാദികളാൽ, വാരണംചെയ്യാനായിട്ടു്=തടഞ്ഞുനിൎത്തുവാനായിട്ടു്ശക്യമാകുന്നു=സുലഭമാകുന്നു. വിഷം=വിഷഭേദങ്ങൾ, വിവിധങ്ങളായിരിക്കുന്ന=നാനാപ്രകാരങ്ങളായിരിക്കുന്ന മന്ത്രപ്രയോഗങ്ങളെക്കൊണ്ടു് = മന്ത്രജീവാദി ക്രിയകളെക്കൊണ്ടു്

വാരണംചെയ്യാനായിട്ട്=തടഞ്ഞുനിൎത്തുവാനായിട്ട് ശക്യമാകുന്നു= സുലഭമാകുന്നു. സൎവ്വത്തിന്നും=പ്രാണിഹിംസാകരമായിരിക്കുന്ന ദുഷ്ട ജന്തുക്കൾക്കെല്ലാം ശാസ്ത്രവിഹിതമായിരിക്കുന്ന = ശാസ്ത്രത്തിങ്കൽ വിധിക്കപ്പെട്ടിരിക്കുന്ന ഔഷധം=മരുന്ന്, ഇരിക്കുന്നു=ഉണ്ടായിരിക്കുന്നു. മൂൎഖന്=അല്പജ്ഞാനംകൊണ്ട് വിദ്വാനെന്ന് നടിച്ചിരിക്കുന്നവന്, ഔഷധം=അവിവേകം നീങ്ങുവാനുള്ള മരുന്ന്, ന അസ്തി=ഇല്ല.

അഗ്നിയെ ജലംകൊണ്ടും, വെയിലിനെ കുടകൊണ്ടും, മദയാനയെ മൂൎച്ചയുള്ള തോട്ടികൊണ്ടും, പശുവിനേയും കഴുതയേയും വടികൊണ്ടും രോഗങ്ങളെ ഔഷധങ്ങളേയും മഹാമന്ത്രജപഹോമദാന ദേവതാൎച്ചനാദികളേയുംകൊണ്ടും, വിഷഭേദങ്ങളെ അനേകമന്ത്രപ്രയോഗങ്ങളെക്കൊണ്ടും, മന്ത്രജപാദിക്രിയകളെക്കൊണ്ടും തടുക്കാം. (1)പ്രാണിഹിംസാകരമായിരിക്കുന്ന ദുഷ്ടജന്തുക്കളെയൊക്കെയും തടുത്തുനിൎത്തുന്നതിന് ശാസ്ത്രങ്ങളിൽ വിധിക്കപ്പെട്ടിരിക്കുന്ന ഔഷധങ്ങൾ ഉണ്ടായിരിക്കുന്നു. അല്പജ്ഞാനംകൊണ്ട് വിദ്വാനെന്നു നടിച്ചിരിക്കുന്ന മനുഷ്യന്റെ അവിവേകത്തെ നീക്കുവാൻ മരുന്നില്ലെന്ന് താല്പൎയ്യം.

---

### വിദ്വൽപദ്ധതി

അറിവില്ലാത്ത ജനങ്ങളുടെ അവസ്ഥകളേയും അവർ രക്ഷപ്പെടുവാനുള്ള മാൎഗ്ഗങ്ങളേയും പറഞ്ഞതിന്റെ ശേഷം വിദ്വാന്മാരുടെ സ്ഥിതിയെക്കാണിച്ച് പറയുന്നു:—

ശാസ്ത്രോപസ്കൃതശബ്ദസുന്ദരഗിരഃ
ശിഷ്യപ്രദേയാഗമാ
വിഖ്യാതാഃ കവയോ വസന്തി വിഷയേ
യസ്യ പ്രഭോൎന്നിൎദ്ധനാഃ

---

(1) ദുഷ്ടശക്തികൾക്കെല്ലാം പ്രതിവിധിയുണ്ട് എന്നാണ് വിവക്ഷ.

തജ്ജാഡ്യം വസുധാധിപസ്യ സുധിയ-
സ്ത്വൎത്ഥം വിനാപീശ്വരാഃ
കുത്സ്യാഃ സ്യുഃ കുപരീക്ഷകൈൎന്ന മണയോ
യൈരൎഗ്ഘതഃ പാതിതാഃ. 11

ശാസ്ത്രോപസ്കൃതശബ്ദസുന്ദരഗിരഃ ശിഷ്യപ്രദേയാഗമാഃ വിഖ്യാതാഃ കവയഃ നിൎദ്ധനാഃ യസ്യ പ്രഭോഃ വിഷയേ വസന്തി. തൽ വസുധാധിപസ്യ ജാഡ്യം. സുധിയഃ തു അൎത്ഥം വിനാ അപി ഈശ്വരാഃ. യൈഃ കുപരീക്ഷകൈഃ അൎഗ്ഘതഃ പാതിതാഃ മണയഃ കുത്സ്യാഃ ന സ്യുഃ.

ശാസ്ത്രോപസ്കൃതശബ്ദസുന്ദരഗീരുകളായി=ശാസ്ത്രംകൊണ്ടു്-അലങ്കാരാദിശാസ്ത്രംകൊണ്ടു്, ഉപസ്കൃതങ്ങളായും = അലങ്കരിക്കപ്പെട്ടവകളായും, ശബ്ദശാസ്ത്രംകൊണ്ടു്=വ്യാകരണശാസ്ത്രംകൊണ്ടു് സുന്ദരങ്ങളായും-മനോഹരങ്ങളായുമിരിക്കുന്ന ഗീരുകളോടു്കൂടിയും-വാക്കുകളോടുകൂടിയും, ശിഷ്യപ്രദേയാഗമന്മാരായും=ശിഷ്യന്മാൎക്കു്-അന്തേവാസികൾക്കു്,പ്രദേയങ്ങളായിരിക്കുന്ന-ഉപദേശിക്കാൻ തക്കതായിരിക്കുന്ന ആഗമന്മാരായും-ശാസ്ത്രങ്ങളോടുകൂടിയവരായും,വിഖ്യാതന്മാരായും=പ്രസിദ്ധന്മാരായുമിരിക്കുന്ന കവികൾ=വിദ്വാന്മാർ നിൎദ്ധനന്മാരായിട്ടു്=ദരിദ്രന്മാരായിട്ടു്, യാതൊരു പ്രഭുവിൻെറ=ഏതെങ്കിലുമൊരു രാജാവിൻെറ, വിഷയത്തിങ്കൽ=രാജ്യത്തിങ്കൽ വസിക്കുന്നുവോ=താമസിക്കുന്നുവോ, തത്=അതു്-ആ വാസം, വസുധാധിപൻെറ=ഭൂപാലകന്റെ ജാഡ്യം=മന്ദത-ബുദ്ധിക്കുറവു്, സുധികളോ എന്നാൽ=വിദ്വാന്മാരോ എന്നാൽ, അൎത്ഥംകൂടാതേ കണ്ടും-ധനം ഇല്ലാതെ കണ്ടും ഈശ്വരന്മാർ=രാജതുല്യന്മാർ. വിദ്യകൾതന്നേ അവൎക്കു് ധനങ്ങളായിരിക്കുന്നു. യാതൊരു കുപരീക്ഷകന്മാരാൽ=വിലമതിക്കുന്നതിനു് പരിചയമില്ലാത്ത ജനങ്ങളാൽ, അൎഗ്ഘത്തിങ്കൽനിന്നു്=വിലയിങ്കൽനിന്നു് പാതിതങ്ങളായിരിക്കുന്ന=താഴ്ത്തപ്പെട്ടിരിക്കുന്ന മണികൾ=രത്നങ്ങൾ, കുത്സ്യങ്ങളായിട്ടു്=ചീത്തകളായിട്ടു് ഭവിക്കയില്ല=ഉണ്ടാകയില്ല.

അലങ്കാരാദിശാസ്ത്രങ്ങളെക്കൊണ്ടു് അലങ്കരിച്ചും വ്യാകരണശാസ്ത്രങ്ങളെക്കൊണ്ടു് മനോഹരങ്ങളായുമിരിക്കുന്ന വാക്കുകളോടു

കൂടിയും, ശിഷ്യന്മാൎക്ക് ഉപദേശിക്കത്തക്കതായിട്ടുള്ള ശാസ്ത്രങ്ങളോട്ടു ചേൎന്നും പ്രസിദ്ധന്മാരായുമിരിക്കുന്ന വിദ്വാന്മാർ ദരിദ്രരായിട്ടു് യാതൊരു പ്രഭുവിൻെറ രാജ്യത്തിൽ വസിക്കുന്നുവോ, അങ്ങിനെയുള്ള വാസത്തിനു് ഇടവന്നതു് ആ പ്രഭുവിൻെറ ബുദ്ധി എത്താഴികകൊണ്ടുതന്നേ ആകുന്നു. വിദ്വാന്മാരോ എന്നാൽ, അവർ അൎത്ഥമില്ലെങ്കിലും വിദ്യയാകുന്ന മഹാധനത്തെക്കൊണ്ടു് രാജതുല്യന്മാരായിരിക്കുന്നു. വിലമതിക്കുന്നതിനു് പരിചയമില്ലാത്ത ജനങ്ങൾ വിലയെ താഴ്ത്തിവെച്ചുകളഞ്ഞു എങ്കിലും രത്നങ്ങൾ അല്പവും ചീത്തകളാകുന്നില്ല; എന്നതുപോലേ വിദ്വാന്മാരെ ബഹുമാനിക്കാതിരിക്കുന്നതുകൊണ്ടു് അവൎക്കു് യാതൊരു കുറവുമില്ല എന്നു് താൽപൎയ്യം.

ആ വിദ്വാന്മാരുടെ വിദ്യയാകുന്ന മഹാധനത്തിൻെറ മാഹാത്മ്യസ്ഥിതിയെക്കാണിച്ചു പറയുന്നു:—

ഹൎത്തുൎയ്യാതി ന ഗോചരം കിമപി ശം
പുഷ്ണാതി യൽ സൎവ്വദാ-
പ്യൎത്ഥിഭ്യഃ പ്രതിപാദ്യമാനമനിശം
പ്രാപ്നോതി വൃദ്ധിം പരാം
കല്പാന്തേഷ്വപി ന പ്രയാതി നിധനം
വിദ്യാഖ്യമന്തൎദ്ധനം
യേഷാം താൻ പ്രതി മാനമുജ്ഝത നൃപാഃ
കസ്തൈഃ സഹ സ്പൎദ്ധതേ. 12

യൽ വിദ്യാഖ്യം ധനം ഹൎത്തുഃ ഗോചരം ന യാതി. സൎവ്വദാ കിമപി ശം പുഷ്ണാതി. അനിശം അൎത്ഥിഭ്യഃ പ്രതിപാദ്യമാനം അപി പരാം വൃദ്ധിം പ്രാപ്നോതി. കല്പാന്തേഷു അപി നിധനം ന പ്രയാതി. തൽ അന്തൎദ്ധനം യേഷാം അസ്തി താൻ പ്രതി ഹേ നൃപാഃ മാനം ഉജ്ഝത. കഃ തൈഃ സഹ സ്പൎദ്ധതേ.

യാതൊന്നു്=യാതൊരു വിദ്യാഖ്യമായിരിക്കുന്ന-വിദ്യയെന്നു പേരോട്ടുകൂടിയിരിക്കുന്ന, ധനം-സ്വത്തു്, ഹൎത്താവിന്നു്=അപഹരിക്കുന്ന കള്ളന്നു് ഗോചരത്തെ=ദൃഷ്ടിവിഷയത്തെ പ്രാപിക്കുന്നില്ലയോ=കാണുന്നില്ലയോ. സൎവ്വദാ=എല്ലായ്പോഴും-എല്ലാനേരവും, കി

മപി=വാചാമഗോചരമായിരിക്കുന്ന-ഇന്നപ്രകാരമെന്നു് പറയാൻ പാടില്ലാതെയിരിക്കുന്ന, ശം പുഷ്ണാതി=മംഗളത്തെ പോഷണം ചെയ്യുന്നോ=സംഭവിപ്പിക്കുന്നോ, അനിശം=സൎവ്വകാലവും, അൎത്ഥികൾക്കായിക്കൊണ്ടു്=യാചിക്കുന്നവൎക്കായിക്കൊണ്ടു് (വിദ്യാൎത്ഥികൾക്കായിക്കൊണ്ടു്), പ്രതിപാദ്യമാനമായിരുന്നാലും=കൊടുക്കപ്പെട്ടിരുന്നാലും=വ്യാഖ്യാനം ചെയ്യപ്പെട്ടിരുന്നാലും, പരയായിരിക്കുന്ന=അധികമായിരിക്കുന്ന, വൃദ്ധിയെ=വർദ്ധനയെ, പ്രാപിക്കുന്നുവോ=ലഭിക്കുന്നുവോ, കല്പാന്തങ്ങളിൽപോലും=പ്രളയകാലങ്ങളിൽപോലും, നിധനത്തെ=നാശത്തെ, പ്രയാതി ന=പ്രയാണം ചെയ്യുന്നില്ലയോ, തൽ=അതു്=ആ വിദ്യ, അന്തൎദ്ധനമായിട്ടു്=കല്ലറയ്ക്കകത്തിരിക്കുന്ന ധനമായിട്ടു് യാതൊരുത്തൎക്കു്=യാതൊരു വിദ്വാന്മാൎക്കു് അസ്തി=ഇരിക്കുന്നുവോ, അവരെക്കുറിച്ചു്=ആ വിദ്വാന്മാരെക്കുറിച്ചു്, അല്ലയോ നൃപന്മാരേ=ഭൂമിപാലകന്മാരേ!, മാനത്തെ=ഗൎവ്വത്തെ, ത്യജിച്ചാലും=ഉപേക്ഷിച്ചാലും, കഃ=ഏവൻ=ഏവനെന്നാലും, തൈഃ സഹ=ആ വിദ്വാന്മാരോടുകൂടി, സ്പൎദ്ധതേ=അസൂയപ്പെടുന്നു=ആരും അസൂയപ്പെടുകയില്ല.

അല്ലയോ രാജാക്കന്മാരേ, എടുത്തമൎത്തിക്കൊള്ളുന്നതിന്നു് പ്രവൎത്തിക്കുന്ന കള്ളന്റെ നേത്രത്തിങ്കൽ എത്തുപെടുന്നതല്ലാതേയും, ഇന്നപ്രകാരമിരിക്കുന്നുവെന്നു് പറയുവാൻ തുനിയുന്നവരുടെ വാക്കുകൾക്കു് എത്തുപെടാതേ അതിൽനിന്നു് കടന്നു് വളൎന്നിരിക്കുന്ന മംഗളത്തോടുകൂടിയും യാചകന്മാൎക്കു് കൊടുക്കുംതോറും വളൎന്നു വളൎന്നു വരുന്ന വൃദ്ധിയെ വൎദ്ധിപ്പിക്കുന്ന പ്രവൃത്തിയോടു ചേൎന്നും, പ്രളയകാലത്തിങ്കലും നാശമില്ലാതേ എന്നും കല്ലറയിലുള്ള ദ്രവ്യത്തെപ്പോലെ ഇരിക്കുന്ന വിദ്യയാകുന്ന മഹാ ധനത്തെ സമ്പാദിച്ചു വെച്ചിരിക്കുന്ന വിദ്വാന്മാരുടെ നേൎക്കുള്ള അസൂയയെ ഉപേക്ഷിച്ചാലും. ഒരുത്തനെങ്കിലും ആ വിദ്വാന്മാരോടു് അസൂയപ്പെടുമോ? ഇല്ല, ആരുമസൂയപ്പെടുകയില്ല എന്നു് താൽപൎയ്യം.

ഐശ്വൎയ്യം വിദ്വാന്മാരെ ധിക്കരിക്കാതേ ഇരിക്കയും അതിന്നാലവരെ പൂജിക്കയും ചെയ്യുന്ന മാൎഗ്ഗങ്ങളെ കാണിച്ചു പറയുന്നു:—

അധിഗതപരമാൎത്ഥാൻ പണ്ഡിതാൻ മാƒവമംസ്ഥാ-
സ്തൃണമിവ ലഘുലക്ഷ്മീൎന്നൈവ താൻ സംരുണദ്ധി
അഭിനവമദരേഖാശ്യാമഗണ്ഡസ്ഥലാനാം
ന ഭവതി ബിസതന്തുൎവ്വാരണം വാരണാനാം. 13

അധിഗതപരമാൎത്ഥാൻ പണ്ഡിതാൻ മാ അവമംസ്ഥാഃ. ലഘു തൃണം ഇവ ലക്ഷ്മീഃ താൻ ന സംരുണദ്ധി. ബിസതന്തുഃ അഭിനവമദരേഖാശ്യാമഗണ്ഡസ്ഥലാനാം വാരണാനാം വാരണം ന ഭവതി.

അധിഗതപരമാൎത്ഥന്മാരായി=അറിയപ്പെട്ടിരിക്കുന്ന പരമാൎത്ഥത്തോടു്=യഥാൎത്ഥജ്ഞാനത്തോടു കൂടിയവരായിരിക്കുന്ന, പണ്ഡിതന്മാരെ=വിദ്വാന്മാരെ, മാ അവമംസ്ഥാഃ=അവമാനം ചെയ്യേണ്ടാ. ലഘു=അല്പമായിരിക്കുന്ന, തൃണമെന്നപോലെ=പുല്ലു് എന്നപോലെയിരിക്കുന്ന ലക്ഷ്മീഃ=ഐശ്വൎയ്യം, അവരെ=ആ വിദ്വാന്മാരെ, സംരോധനം ചെയ്യുന്നില്ല=തടയുന്നില്ല. ബിസതന്തു=താമരത്തണ്ടിലുള്ള നൂലു്, അഭിനവമദരേഖാശ്യാമഗണ്ഡസ്ഥലങ്ങളായിരിക്കുന്ന= അഭിനവമായിരിക്കുന്ന=നൂതനമായിരിക്കുന്ന, മദരേഖയിനാൽ=മദജലത്തിനാൽ=ഉണ്ടായിരിക്കുന്ന വരകൾകൊണ്ടു് ശ്യാമമായിരിക്കുന്ന=നാനാവൎണ്ണമായിരിക്കുന്ന ഗണ്ഡപ്രദേശങ്ങളോടുകൂടിയിരിക്കുന്ന=ഹനുപ്രദേശങ്ങളോടുകൂടിയിരിക്കുന്ന വാരണങ്ങൾക്കു്=ആനകൾക്കു്, വാരണമായിട്ടു്=തടവായിട്ടു്, ന ഭവതി=ഭവിക്കുന്നില്ല.

താമരത്തണ്ടിലുള്ള നൂലു് നൂതനമായുള്ള മദജലത്തിനാൽ ഉണ്ടായിരിക്കുന്ന വരകൾകൊണ്ടു് പല വൎണ്ണമായിരിക്കുന്ന ഹനുപ്രദേശങ്ങളോടുകൂടിയ ആനകൾക്കു് തടവായിട്ടു് എങ്ങനെ ഭവിക്കുന്നില്ലയോ അതുപോലെ പരമാൎത്ഥമറിഞ്ഞിരിക്കുന്ന വിദ്വാന്മാരെ പുൽക്കൊടിപോലെയിരിക്കുന്ന ഐശ്വൎയ്യം തടയുന്നില്ല. അവരെ അപമാനിക്കയുമരുതു് എന്നു് താൽപൎയ്യം.

വിദ്വാന്മാരുടെ സുഖവാസത്തെ മുടക്കംചെയ്താലും അവർ സമ്പാദിച്ചിട്ടുള്ള വിദ്യയാകുന്ന മഹാധനത്തെ അകററുവാൻ പാടില്ലെന്നുള്ള മാറ്റത്തെക്കാണിച്ചു പറയുന്നു:—

അംഭോജിനീവന വിലാസനിവാസമേവ
ഹംസസ്യ ഹന്തു നിതരാം കുപിതോ വിധാതാ
നത്വസ്യ ദുഗ്ദ്ധജലഭേദവിധൌ പ്രസിദ്ധാം
വൈദഗ്ദ്ധ്യകീൎത്തിമപഹൎത്തുമസൌ സമൎത്ഥഃ. 14

വിധാതാ നിതരാം കുപിതഃ ഹംസസ്യ അംഭോജിനീവനവിലാസനിവാസം ഏവ ഹന്തു. അസൌ അസ്യ ദുഗ്ദ്ധജലഭേദവിധൌ പ്രസിദ്ധാം വൈദഗ്ദ്ധ്യകീൎത്തിം അപഹൎത്തും ന സമൎത്ഥഃ ഹി.

വിധാതാവു്=ബ്രഹ്മാവു്, നിതരാം=ഏററവും, കുപിതനായി=കോപിച്ചിട്ടു് ഹംസത്തിന്റെ=അന്നത്തിന്റെ, അംഭോജിനീവനവിലാസനിവാസത്തെത്തന്നെ=അംഭോജിനീവനങ്ങളിൽ=താമരക്കാട്ടുകളിൽ വിലാസത്തോടുകൂടി=ലീലയോടുകൂടി നിവാസത്തെത്തന്നെ=വാസത്തെത്തന്നെ,ഹനിക്കട്ടെ=നാശംചെയ്യട്ടെ. അസൌ=ആ(ഈ)ബ്രഹ്മാവു്, ദുഗ്ദ്ധജലഭേദവിധിയിങ്കൽ=ഒന്നായിട്ടുചേൎത്തിരിക്കുന്ന ക്ഷീരജലങ്ങളുടെ ഭേദവിധിയിങ്കൽ പ്രസിദ്ധമായിരിക്കുന്ന=യശസ്സോടുകൂടിയിരിക്കുന്ന, വൈദഗ്ദ്ധ്യകീൎത്തിയെ=വൈദഗ്ദ്ധ്യത്തിന്റെ=സാമൎത്ഥ്യത്തിന്റെ, കീൎത്തിയെ=യശസ്സിനെ, അപഹരിപ്പാനായിട്ടു്=ഇല്ലായ്മചെയ്വാനായിട്ടു്, സമൎത്ഥനാകുന്നില്ല=യോഗ്യനാകുന്നില്ല.

ബ്രഹ്മാവു് കോപിച്ചുവെങ്കിൽ അന്നത്തിന്റെ താമരക്കാട്ടുകളിൽ ലീലയോടുകൂടിയിരിക്കുന്ന സുഖമായ വാസത്തെ ഇല്ലായ്മ ചെയ്യും. പാലും ജലവും ഒന്നായിട്ടുചേൎത്തുവെച്ചിരിക്കുമ്പോൾ അതിൽനിന്നും പാലു വേറെ ജലം വേറെ ഇങ്ങനെ അവകളെ പ്രത്യേകംപ്രത്യേകമെടുത്തു് വേറുതിരിക്കുന്നതിനു് അന്നം സമ്പാദിച്ചിരിക്കുന്ന കീൎത്തിയോടുകൂടിയ സാമൎത്ഥ്യത്തെ ഇല്ലായ്മചെയ്യുന്നതിനു് ബ്രഹ്മാവു് യോഗ്യനാകയില്ല. എന്നതുപോലെ വിദ്വാന്മാർ സുഖമാകുംവണ്ണം പാൎക്കുമ്പോൾ ആ വാസത്തിനെ ഇല്ലായ്മചെയ്യാൻ കഴിയും. അവരുടെ വിദ്യയെ അവരിൽനിന്നു് ഇല്ലായ്മ ചെയ്യാൻ കഴികയില്ല എന്നു് താല്പൎയ്യം.

ഇന്നതു് മനുഷ്യൎക്കു് അലങ്കാരമെന്നും അലങ്കാരമല്ലാത്തതു് ഇന്നതെന്നുമുള്ള നീതിമാൎഗ്ഗങ്ങളെക്കാണിച്ചു പറയുന്നു:—

കേയൂരാണി ന ഭൂഷയന്തി പുരുഷം
ഹാരാ ന ചന്ദ്രോജ്ജ്വലാ
ന സ്നാനം ന വിലേപനം ന കുസുമം
നാലങ്കൃതാ മൂൎദ്ധജാഃ
വാണ്യേകാ സമലംകരോതി പുരുഷം
യാ സംസ്കൃതാ ധാൎയ്യതേ
ക്ഷീയന്തേ ഖലു ഭൂഷണാനി സതതം
വാഗ്ഭൂഷണം ഭൂഷണം. 15

കേയൂരാണി പുരുഷം ന ഭൂഷയന്തി. ചന്ദ്രോജ്ജ്വലാഃ ഹാരാഃ ന ഭൂഷയന്തി. സ്നാനം ന ഭൂഷയതി. വിലേപനം ന ഭൂഷയതി, കുസുമം ന ഭൂഷയതി, അലങ്കൃതാഃ മൂൎദ്ധജാഃ ന ഭൂഷയന്തി. പുരുഷേണ സംസ്കൃതാ യാ വാണീ ധാൎയ്യതേ സാ ഏകാ പുരുഷം സമലങ്കരോതി, ഭൂഷണാനി ക്ഷീയന്തേ. വാഗ്ഭൂഷണം ഖലു സതതം ഭൂഷണം.

കേയൂരങ്ങൾ=ഹസ്താഭരണങ്ങൾ (തോൾവളകൾ) പുരുഷനെ=മനുഷ്യനെ, അലങ്കരിപ്പിക്കുന്നില്ല=ശോഭിപ്പിക്കുന്നില്ല. ചന്ദ്രോജ്ജ്വലങ്ങളായി=ചന്ദ്രനെപ്പോലെ ഉജ്ജ്വലങ്ങളായി=പ്രകാശങ്ങളായിരിക്കുന്ന ഹാരങ്ങൾ=മാലകൾ അലങ്കരിപ്പിക്കുന്നില്ല=ശോഭിപ്പിക്കുന്നില്ല. സ്നാനം=കുളിയും, അലങ്കരിപ്പിക്കുന്നില്ല=ശോഭിപ്പിക്കുന്നില്ല. വിലേപനം=ചന്ദനാദികൾ, അലങ്കരിപ്പിക്കുന്നില്ല=ശോഭിപ്പിക്കുന്നില്ല, കുസുമവും=പുഷ്പവും അലങ്കരിപ്പിക്കുന്നില്ല=ശോഭിപ്പിക്കുന്നില്ല. അലങ്കൃതങ്ങളായിരിക്കുന്ന=അലങ്കരിക്കപ്പെട്ടിരിക്കുന്ന മൂൎദ്ധജങ്ങളും=കുടുമികളും അലങ്കരിപ്പിക്കുന്നില്ല = ശോഭിപ്പിക്കുന്നില്ല. പുരുഷനാൽ=മനുഷ്യനാൽ സംസ്കൃതയായി=സംസ്കരിക്കപ്പെട്ടതായി=പരിശോഭിക്കപ്പെട്ടതായിരിക്കുന്ന യാതൊരു വാണി=യാതൊരു വാക്ക് ധരിക്കപ്പെട്ടിരിക്കുന്നുവോ=അറിയപ്പെട്ടിരിക്കുന്നുവോ, ആ വാണി=ആ വാക്ക് ഏകാ=ഒന്നുതന്നേ പുരുഷം=പുരുഷനെ=മനുഷ്യനെ സമലങ്കരിക്കുന്നു=നല്ലപോലെ ശോഭിപ്പിക്കുന്നു. ഭൂഷണങ്ങൾ=ആഭരണങ്ങൾ ക്ഷയിക്കുന്നതുകളാകുന്നു=നശിക്കുന്നതുകളാകുന്നു. വാഗ്ഭൂഷണംതന്നേ=വാക്കാകുന്ന ഭൂഷണം തന്നേ=ആഭരണം

തന്നേ സതതം=നിത്യമായിരിക്കുന്ന, ഭൂഷണമാകുന്നു=ആഭരണമാകുന്നു,

ഹസ്താഭരണങ്ങളും, ചന്ദ്രനെപ്പോലെ പ്രകാശങ്ങളാ (പ്രകാശമാനങ്ങളാ)യിരിക്കുന്ന മാലകളും, കുളിയും ചന്ദനാദികളും പുഷ്പങ്ങളും യോഗ്യങ്ങളായിരിക്കുന്ന കുടുമികളും മനുഷ്യനെ അലങ്കരിപ്പിക്കുന്നില്ല. (യാതൊരു പുരുഷനാൽ) അനക്ഷരാദികളോടുകൂടാതേയും, ദോഷ്യം, വഞ്ചന, അസൂയ ഇത്യാദികളോടു ചേരാതേയും പരിശോധിക്കപ്പെട്ടതായുമിരിക്കുന്ന യാതൊരു വാക്ക് അറിയപ്പെട്ടിരിക്കുന്നുവോ ആ വാക്കുതന്നേ ആ പുരുഷനെ വഴിപോലെ അലങ്കരിപ്പിക്കുന്നു. അതു് എന്തുകൊണ്ടെന്നാൽ, ആഭരണങ്ങൾ നശിക്കുന്നവകളാകുന്നു. വാക്കാകുന്ന ആഭരണമോ എന്നാൽ, നിത്യമായിരിക്കുന്ന ഭൂഷണമാകുന്നു; എന്നു് താല്പര്യം.

വിദ്യാധനത്തിനു് തുല്യമായി മറെറാരു ധനവുമില്ലെന്നും, വിദ്യയില്ലാത്ത മനുഷ്യൻ ഇന്ന പ്രകാരത്തിലിരിക്കുന്നു എന്നുമുള്ള മാർഗ്ഗത്തെക്കാണിച്ചു പറയുന്നു:—

വിദ്യാ നാമ നരസ്യ രൂപമധികം
പ്രച്ഛന്നഗുപ്തം ധനം
വിദ്യാഭോഗകരീ യശഃസുഖകരീ
വിദ്യാ ഗുരൂണാം ഗുരുഃ
വിദ്യാ ബന്ധുജനോ വിദേശഗമനേ
വിദ്യാ പരാ ദേവതാ
വിദ്യാ രാജസു പൂജ്യതേ നഹി ധനം
വിദ്യാവിഹീനഃ പശുഃ. 16

വിദ്യാ നാമ നരസ്യ അധികം രൂപം. പ്രച്ഛന്നഗുപ്തം ധനം. വിദ്യാ ഭോഗകരീ, യശസ്സുഖകരീ, വിദ്യാ ഗുരൂണാം ഗുരുഃ, വിദ്യാ വിദേശഗമനേ ബന്ധുജനഃ, വിദ്യാ പരാ ദേവതാ, വിദ്യാ രാജ.സു പൂജ്യതേ, ധനം ഏവം ന ഭവതി ഹി, വിദ്യാവിഹീനഃ പുരുഷഃ പശുഃ.

വിദ്യ എന്നിങ്ങനെ പ്രസിദ്ധമായിരിക്കുന്ന വസ്തു നരന്നു്=പുരുഷന്നു്, അധികം=ഏററവും രൂപമായിരിക്കുന്നു=സൌന്ദൎയ്യമായിരി

ക്കുന്നു. പ്രച്ഛന്നഗുപ്തമായി=പ്രച്ഛന്നംചെയ്തു്=മറവിനെച്ചെയ്തു്, ഗുപ്തമായി=രക്ഷിക്കപ്പെട്ടിരിക്കുന്ന, ധനമാകുന്നു=സമ്പത്താകുന്നു. വിദ്യ=അറിവു്, ഭോഗകരിയായിരിക്കുന്നു=സൌഖ്യാനുഭവത്തെ ഉണ്ടാക്കുന്നതായിരിക്കുന്നു. യശസ്സുഖകരിയായിരിക്കുന്നു=യശസ്സിനേയും സൌഖ്യത്തേയും ചെയ്യുന്നതായിരിക്കുന്നു. വിദ്യ=അറിവു് ഗുരുഭ്രുതന്മാരിൽവെച്ചു് ഗുരുവായിരിക്കുന്നു=ആചാര്യനായിരിക്കുന്നു. വിദ്യ=അറിവു്, വിദേശഗമനത്തിങ്കൽ=അന്യദേശസഞ്ചാരത്തിങ്കൽ, ബന്ധുജനമായിരിക്കുന്നു=ഇഷ്ടജനമായിരിക്കുന്നു. വിദ്യ=അറിവു്, പരയായിരിക്കുന്ന=ശ്രേഷ്ഠയായിരിക്കുന്ന ദേവതയായിരിക്കുന്നു=ദൈവമായിരിക്കുന്നു. വിദ്യ=അറിവു്, രാജാക്കന്മാരിൽ=ഭൂപാലന്മാരിൽ, പൂജിക്കപ്പെടുന്നു=അർച്ചിക്കപ്പെടുന്നു. ധനമാകുന്നതു്=സമ്പത്താകുന്നതു്, ഏവം=മുൻചൊന്നവണ്ണം, ന ഭവതി ഹി=ഭവിക്കുന്നില്ലല്ലോ. വിദ്യാവിഹീനനായിരിക്കുന്ന=വിദ്യ ഇല്ലാതെയിരിക്കുന്ന, പുരുഷൻ=മനുഷ്യൻ, പശുവായിരിക്കുന്നു=അറിവില്ലാത്തേയുള്ള മൃഗങ്ങൾക്കു് തുല്യനായിരിക്കുന്നു.

മറഞ്ഞിരുന്നുംകൊണ്ടു് രക്ഷിക്കപ്പെടുന്നതായും ഭോഗത്തേയും, കീൎത്തിയേയും സൌഖ്യത്തേയും ചെയ്യുന്നതായും, ഗുരുഭ്രുതന്മാരിൽ വെച്ചു് ഗുരുവായും, അന്യദേശത്തിൽ പോകുമ്പോൾ ബന്ധുവായും, പ്രമാണമായിരിക്കുന്ന ദൈവമായും, രാജാക്കന്മാരാൽ പൂജിക്കപ്പെടുന്നതായും, ഇരിക്കുന്ന അറിവു് മനുഷ്യൎക്കു് ഏറ്റവും സൌന്ദൎയ്യമാകുന്നു. ഈ അവസ്ഥ ഐശ്വൎയ്യാദി മററുള്ള ധനങ്ങൾക്കില്ല. അറിവാകുന്ന ധനമില്ലാതെയിരിക്കുന്നവൻ ആയതു് ഇല്ലാതെയിരിക്കുന്ന മൃഗങ്ങൾക്കു് തുല്യമായിരിക്കുന്നു എന്നു താല്പൎയ്യം.

മനുഷ്യർ സഞ്ചരിപ്പാനുള്ള നീതിമാൎഗ്ഗത്തെപ്പറയുന്നു:—

ദാക്ഷിണ്യം സ്വജനേ, ദയാ പരിജനേ,
ശാഠ്യം സദാ ദുൎജ്ജനേ,
പ്രീതിഃ സാധുജനേ, നയോ നൃപജനേ,
വിദ്വജ്ജനേഷ്വാൎജ്ജവം,
ശൌൎയ്യം ശത്രുജനേ, ക്ഷമാ ഗുരുജനേ,
കാന്താജനേ ധൃഷ്ടതാ,
യേ ചൈവം പുരുഷാഃ കലാസു കുശലാ-
സ്തേഷ്വേവ ലോകസ്ഥിതിഃ.

സ്വജനേ ദാക്ഷിണ്യം, പരിജനേ ദയാ, ദുൎജ്ജനേ സദാ ശാഠ്യം, സാധുജനേ പ്രീതിഃ, നൃപജനേ നയഃ, വിദ്വജ്ജനേഷു ആൎജ്ജവം, ശത്രുജനേ ശൌൎയ്യം, ഗുരുജനേ ക്ഷമാ, കാന്താജനേ ധൃഷ്ടതാ ഏവം കലാസു യേ പുരുഷാഃ കുശലാഃ ഭവന്തി തേഷു ഏവ ലോകസ്ഥിതിഃ.

സ്വജനത്തിങ്കൽ=തന്റെ ആളുകളിൽ, ദാക്ഷിണ്യവും=പരേഛാനുസരണവും, പരിജനത്തിങ്കൽ=ഭൃത്യജനത്തിങ്കൽ, ദയയും=കരുണയും, ദുൎജ്ജനത്തിങ്കൽ=ദുഷ്ടജനത്തിങ്കൽ, സദാ=എല്ലാനേരവും, ശാഠ്യവും=മൂൎഖതയും, സാധുജനത്തിങ്കൽ=പരോപദ്രവം കൂടാതെ പാൎക്കുന്ന ജനത്തിങ്കൽ, പ്രീതിയും=വാത്സല്യവും, നൃപജനത്തിങ്കൽ=രാജാക്കന്മാരിൽ, നയവും=നീതിയും, വിദ്വജ്ജനങ്ങളിൽ=വിദ്വാന്മാരിൽ, ആൎജ്ജവവും=വണക്കവും, ശത്രുജനത്തിങ്കൽ=വിരോധിജനങ്ങളിൽ, ശൌൎയ്യവും=പരാക്രമവും, ഗുരുജനങ്ങളിൽ=ഗുരുക്കന്മാരിൽ, ക്ഷമയും=ശാന്തതയും, കാന്താജനത്തിങ്കൽ=ഭാൎയ്യയിങ്കൽ, ധൃഷ്ടതയും=മനസ്സുറപ്പും, ഇങ്ങിനെയുള്ള കലകളിൽ=അഭ്യാസങ്ങളിൽ, യാവ ചില പുരുഷന്മാർ=യാവ ചില മനുഷ്യർ കുശലന്മാരായിരിക്കുന്നുവോ=സാമൎത്ഥ്യത്തോടു കൂടിയവരായി ഭവിക്കുന്നുവോ, അവരിൽ=ആ മനുഷ്യരിൽ, ലോകസ്ഥിതി=ലോകസമ്മതം ഉണ്ടാവുന്നു.

സ്വജനങ്ങളോട് പരേഛാനുസരണമായും, ഭൃത്യന്മാരോട് ദയയായും, ദുഷ്ടന്മാരോട് സദാ മൂൎഖതയായും, പരോപദ്രവം ചെയ്യാതെ പാൎക്കുന്ന സാധുജനങ്ങളോട് വാത്സല്യമായും, രാജാക്കന്മാരോട് നീതിയായും വിദ്വാന്മാരോട് വണക്കമായും, ശത്രുജനങ്ങളോട് പരാക്രമമായും ഗുരുഭൂതന്മാരോട് ക്ഷമയായും, ഭാൎയ്യയോട് മനസ്സുറപ്പായും ഇങ്ങിനെയുള്ള നീതിമാൎഗ്ഗത്തിങ്കൽ യാവ ചില മനുഷ്യർ സാമൎത്ഥ്യത്തോടുകൂടിയിരിക്കുന്നുവോ ആ മനുഷ്യരെ ലോകം സമ്മതിക്കുന്നു എന്നു താല്പൎയ്യം.

മനുഷ്യൎക്ക് ഇന്നിന്ന വസ്തുക്കളുണ്ടെന്നു വരികിൽ ഇന്നിന്ന അവസ്ഥകളെല്ലാം ഫലത്തോടു കൂടുന്നില്ല എന്നുള്ള മാൎഗ്ഗത്തെ കാണിച്ചു പറയുന്നു:—

ക്ഷാന്തിശ്ചേൽ കവചേന കിം, കിമരിഭിഃ
ക്രോധോഽസ്തി ചേൽ ദേഹിനാം,
ജ്ഞാതിശ്ചേദനലേന കിം, യദി സുഹൃൽ
ദിവ്യൌഷധൈഃ കിം ഫലം;
കിം സൎപ്പൈൎയ്യദി ദുൎജ്ജനാഃ, കിമു ധനൈ-
ൎവ്വിദ്യാഽനവദ്യായദി,
വ്രീളാചേൽ കിമു ഭൂഷണൈ, സ്സുകവിതാ
യദ്യസ്തി രാജ്യേന കിം. 18

ദേഹിനാം ക്ഷാന്തിഃ അസ്തിചേൽ കവചേന കിം ഫലം? ക്രോധഃ അസ്തിചേൽ അരിഭിഃ കിം ഫലം? ജ്ഞാതിഃ അസ്തി ചേൽ അനലേന കിം ഫലം? സുഹൃദ് അസ്തി യദി ദിവ്യൌഷധൈഃ കിം ഫലം? ദുർജ്ജനാഃ സന്തി യദി സൎപ്പൈഃ കിം ഫലം? അനവദ്യാ വിദ്യാ അസ്തി യദി ധനൈഃ കിം ഫലം? വ്രീളാ അസ്തി ചേദ് ഭൂഷ-ണൈഃ കിമു ഫലം? സുകവിതാ അസ്തി യദി രാജ്യേന കിം ഫലം?

ദേഹികൾക്ക്=മനുഷ്യൎക്ക്, ക്ഷാന്തി=ക്ഷമ, അസ്തി ചേദ്=ഉണ്ടെന്നുവരികിൽ, കവചംകൊണ്ടു്=അങ്കികൊണ്ടു്, കിം ഫലം=എന്തു ഫലം? ക്രോധം=ദ്വേഷ്യം, അസ്തി ചേൽ=ഉണ്ടെന്നുവരികിൽ, അരികളെക്കൊണ്ടു്=ശത്രുക്കളെക്കൊണ്ടു്, കിം ഫലം=എന്തു ഫലം? ജ്ഞാതി=സംബന്ധി, അസ്തി ചേൽ=ഉണ്ടെന്നുവരികിൽ, അനലനാൽ=അഗ്നിയാൽ, കി ംഫലം=എന്തുഫലം? സുഹൃൽ=സ്നേഹിതൻ, അസ്തി ചേൽ=ഉണ്ടെന്നുവരികിൽ, ദിവ്യൌഷധങ്ങളാൽ=ദിവ്യങ്ങളായി=ശ്രേഷ്ഠങ്ങളായിരിക്കുന്ന ഔഷധങ്ങളാൽ=മരുന്നുകളാൽ, കിം ഫലം=എന്തു ഫലം? ദുർജ്ജനങ്ങൾ=ദുഷ്ടന്മാർ, സന്തി യദി=ഉണ്ടെന്നുവരികിൽ, സൎപ്പങ്ങളാൽ=പാമ്പുകളാൽ കിം ഫലം=എന്തു ഫലം? അനവദ്യയായി=കളങ്കരഹിതയായിരിക്കുന്ന വിദ്യ=അറിവു്, അസ്തി യദി=ഉണ്ടെന്നുവരികിൽ ധനങ്ങളാൽ=ദ്രവ്യങ്ങളാൽ കിമു ഫലം=എന്തു ഫച്ചം? വ്രീളാ=ലജ്ജ (വിവേകം)അസ്തിചേൽ=ഉണ്ടെന്നുവരികിൽ ഭൂഷണങ്ങളെക്കൊണ്ടു്=ആഭരണങ്ങളെക്കൊണ്ടു്, കിം ഫലം=എന്തുഫലം? സുകവിത=നല്ല കവിതാവാസന, അസ്തി ചേൽ=ഉണ്ടെന്നുവരികിൽ, രാജ്യത്തെക്കൊണ്ടു്=നഗരത്തെക്കൊണ്ടു് കിം ഫലം=എന്തു ഫലം?

മനുഷ്യൎക്ക് കവചമാകുന്ന ചട്ടയിടുന്നതുകൊണ്ടുള്ള ഗുണം ക്ഷമയിനാലും, ശത്രുവിനാലുണ്ടാകുന്ന ദോഷം ദേഷ്യത്തിനാലും അഗ്നിയാലുണ്ടാകുന്ന ഉപദ്രവം പലേ സംബന്ധികളാലും, ദിവ്യൌഷധങ്ങളെക്കൊണ്ടുണ്ടാകുന്ന സൌഖ്യം സ്നേഹിതനാലും, സൎപ്പങ്ങളെക്കൊണ്ടുണ്ടാകുന്ന അനൎത്ഥം ദുഷ്ടന്മാരാലും, ധനങ്ങൾ കൊണ്ടു വരുന്ന സുഖം വിദ്യയിനാലും, ആഭരണങ്ങളെക്കൊണ്ടുണ്ടാകുന്ന സന്തോഷം ലജ്ജയിനാലും, രാജ്യങ്ങളിൽനിന്നു വരുന്ന ലാഭം കവിതാവാസനയിനാലും വരുന്നതാകയാൽ, ക്ഷമയുണ്ടെങ്കിലങ്കികളെക്കൊണ്ടും, ദേഷ്യമുണ്ടെങ്കിൽ ശത്രുക്കളെക്കൊണ്ടും സംബന്ധികളുണ്ടെങ്കിൽ അഗ്നിയെക്കൊണ്ടും സ്നേഹിതനുണ്ട് എങ്കിൽ ദിവ്യൌഷധങ്ങളെക്കൊണ്ടും, ദുഷ്ടന്മാരുണ്ടെങ്കിൽ സൎപ്പങ്ങളെക്കൊണ്ടും, കളങ്കമില്ലാത്ത വിദ്യയുണ്ടെങ്കിൽ ധനങ്ങളെക്കൊണ്ടും, ലജ്ജയുണ്ടെങ്കിൽ ആഭരണങ്ങളെക്കൊണ്ടും, കവിതാവാസനയുണ്ടെങ്കിൽ രാജ്യത്തെക്കൊണ്ടും ഒരു പ്രയോജനവുമില്ല എന്നു് താൽപൎയ്യം.

അറിവിനാൽ ഇന്നിന്ന ഗുണങ്ങൾ സംഭവിക്കുന്നു എന്നുള്ള മാൎഗ്ഗത്തെക്കാണിച്ചു പറയുന്നു:—

ജാഡ്യം ധിയോ ഹരതി സിഞ്ചതി വാചി സത്യം
മാനോന്നതിം ദിശതി പാപമപാകരോതി
ചേതഃ പ്രസാദയതി ദിക്ഷു തനോതി കീൎത്തിം
കിം കിം ന സാധയതി കല്പലതേവ വിദ്യാ. 20

വിദ്യാ ധിയഃ ജാഡ്യംഹരതി. വാചി സത്യം സിഞ്ചതി. മാനോന്നതിം ദിശതി. പാപം അപാകരോതി. ചേതഃ പ്രസാദയതി. ദിക്ഷു കീൎത്തിം തനോതി. കല്പലതാ ഇവ കിം കിം ന സാധയതി.

വിദ്യയാകുന്നതു്=ശാസ്ത്രാദിപരിചയത്താലുണ്ടാകുന്ന അറിവു്, ധീയുടെ=ബുദ്ധിയുടെ ജാഡ്യത്തെ=മൂഢതയെ ഹരിക്കുന്നു=മാററുന്നു. വാക്കിങ്കൽ=വചനത്തിങ്കൽ സത്യത്തെ=യഥാൎത്ഥത്തെ സേചിക്കുന്നു=ഉണ്ടാക്കുന്നു. മാനോന്നതിയെ=മാനത്തിന്റെ-പ്രാഭവത്തിന്റെ ഉന്നതിയെ-ഉൽക്കൎഷത്തെ ദിശതി=കൊടുക്കുന്നു. പാപത്തെ= ദുഷ്കൎമ്മത്തെ അപാകരോതി=പോക്കുന്നു. ചേതസ്സിനെ=ബുദ്ധിയെ

പ്രസാദയതി=പ്രസാദിപ്പിക്കുന്നു. ദിക്കുകളിൽ=ആശകളിൽ കീർത്തിയെ=യശസ്സിനെ, തനോതി=ചെയ്യുന്നു. കല്പലതാ ഇവ=കല്പവല്ലി എന്നപോലെ കിം കിം ന സാധയതി=എന്തെന്തു സാധിപ്പിക്കുന്നില്ല?

ശാസ്ത്രാദിപരിചയത്താലുണ്ടായിരിക്കുന്ന അറിവ് ബുദ്ധിയുടെ മൂഢതയെ ഹരിക്കുകയും, വാക്കിങ്കൽ സത്യത്തെ ഉണ്ടാക്കുകയും, ബഹുമാനത്തിന് ശ്രേഷ്ഠതയെ കൊടുക്കുകയും ദുഷ്കർമ്മത്തെ- പ്പോക്കുകയും ബുദ്ധിയെ പ്രസാദിപ്പിക്കുകയും കീർത്തിയെ വർദ്ധിപ്പിക്കുകയും ചെയ്യുന്നു. അറിവ് കല്പവല്ലി എന്നപോലെ എന്തെന്തു സാധിപ്പിക്കുന്നില്ല? സകലാവസ്ഥകളും സാധിപ്പിക്കുന്നു എന്ന് താൽപര്യം.

അറിവാകുന്ന മഹാധനത്തെ സമ്പാദിച്ചിരിക്കുന്ന വിദ്വാന്മാർ ഇന്നപ്രകാരത്തിലിരിക്കുന്നു എന്നുള്ള മാർഗ്ഗത്തെക്കാണിച്ചു പറയുന്നു:—

ജയന്തി തേ സുകൃതിനോ രസസിദ്ധാഃ കവീശ്വരാഃ
നാസ്തി തേഷാം യശഃകായേ ജരാമരണജം ഭയം. 21

യേഷാം യശഃകായേ ജരാമരണജം ഭയം നാസ്തി, സുകൃതിനഃ രസസിദ്ധാഃ തേ കവീശ്വരാഃ ജയന്തി.

യാതൊരുത്തരുടെ=യാതൊരു വിദ്വാന്മാരുടെ യശസ്സാകുന്ന കായത്തിങ്കൽ=കീർത്തിയാകുന്ന ദേഹത്തിങ്കൽ ജരാമരണജമായിരിക്കുന്ന=ജരയാലും-വാർദ്ധക്യത്താലും മരണത്താലും-മൃത്യുവിനാലും ഉണ്ടായിരിക്കുന്ന ഭയം=ഭീതി നാസ്തി=ഇല്ലയോ, സുകൃതികളായും= പുണ്യശാലികളായും രസസിദ്ധന്മാരായും=രസങ്ങളാൽ-ശൃംഗാര വീരകരുണാത്ഭുതഹാസ്യഭയാനകബീഭത്സരൗദ്രശാന്തങ്ങളാൽ സിദ്ധന്മാരായും=സിദ്ധിക്കപ്പെട്ടവരായും-സിദ്ധപുരുഷന്മാർക്ക് തുല്യന്മാരായുമിരിക്കുന്ന ആ കവീശ്വരന്മാർ=ആ വിദ്വാന്മാർ ജയിക്കുന്നു= സർവരിലുംവെച്ച് ശ്രേഷ്ഠതയെ പ്രാപിക്കുന്നു.

വിദ്വാന്മാരുടെ (?തങ്ങളുടെ) കീർത്തിയാകുന്ന ദേഹത്തിങ്കൽ ജരയാലും വാർദ്ധക്യത്താലും മരണത്താലും ഉണ്ടായിരിക്കുന്ന (?ഉണ്ടാ

വുന്നു) ഭയം ഇല്ലാത്തവരായും പുണ്യശാലികളായും സിദ്ധപുരുഷന്മാരെന്നപോലെ ശൃംഗാരവീരകരുണാത്ഭുതഹാസ്യഭയാനകബീഭത്സരൌദ്രശാന്തങ്ങളായിരിക്കുന്ന നവരസങ്ങളാൽ സിദ്ധിക്കപ്പെട്ടവരായും ഇരിക്കുന്ന ആ വിദ്വാന്മാർ സർവരിലുംവെച്ചു ശ്രേഷ്ഠതയെ പ്രാപിക്കുന്നു എന്നു് താൽപര്യം.

ഇതി വിദ്വൽപദ്ധതിഃ സമാപ്താ.

---

അഥ മാനശൌര്യപദ്ധതിഃ.

ക്ഷുൽക്ഷാമോപി ജരാന്വിതോപി ശിഥില-
പ്രായോപി കഷ്ടാം ദശാ-
മാപന്നോപി വിപന്നദീധിതിരപി
പ്രാണേഷു നശ്യത്സ്വപി
മത്തേഭേന്ദ്രവിഭിന്നകുംഭദളന-
ഗ്രാസൈകബദ്ധസ്പൃഹഃ
കിം ജീൎണ്ണം തൃണമത്തി മാനമഹതാ-
മഗ്രേസരഃ കേസരീ? 22

മത്തേഭേന്ദ്രവിഭിന്നകുംഭദളനഗ്രാസൈകബദ്ധസ്പൃഹഃ മാനമഹതാം അഗ്രേസരഃ കേസരീ ക്ഷുൽക്ഷാമഃ അപി ജരാന്വിതഃ അപി ശിഥിലപ്രായഃ അപി കഷ്ടാം ദശാം ആപന്നഃ അപി വിപന്നദീധിതിഃ അപി പ്രാണേഷു നശ്യത്സു അപി ജീൎണ്ണം തൃണം അത്തി കിം?

മത്തേഭേന്ദ്രവിഭിന്നകുംഭദളനഗ്രാസൈകബദ്ധസ്പൃഹമായി= മത്തമായ-മദം പൊട്ടിയിരിക്കുന്ന ഇഭേന്ദ്രന്റെ-ആനത്തലവന്റെ വിഭിന്നമായി-ഭേദിക്കപ്പെട്ടിരിക്കുന്ന കുംഭത്തിന്റെ-മസ്തകത്തിന്റെ ദളനംകൊണ്ടു്=പിളർപ്പുകൊണ്ടു് ഉണ്ടാകുന്ന ഗ്രാസത്തിങ്കൽ-മാംസമയമായിരിക്കുന്ന ഉരുളയിങ്കൽ ഏകമായും-മുഖ്യമായും ബദ്ധമായും-കെട്ടപ്പെട്ടുമിരിക്കുന്ന സ്പൃഹയോടു്-ഇച്ഛയോടുകൂടിയതായും, മാനമഹത്തുക്കളിൽ വെച്ചു്=മാനം തന്നേ വലുതെന്നു് വിചാരിക്കുന്നവരിൽ വെച്ചു് അഗ്രേസരമായി=ശ്രേഷ്ഠമായിരിക്കുന്ന

കേസരി=സിംഹമാകുന്നതു്, ക്ഷുൽക്ഷാമമായിരുന്നാലും=ക്ഷുത്തുകൊണ്ടു്-വിശപ്പുകൊണ്ടു് ക്ഷാമമായിരുന്നാലും-ക്ഷീണിച്ചിരുന്നാലും, ജരാന്വിതമായിരുന്നാലും=വാൎദ്ധക്യത്തോടുകൂടിയിരുന്നാലും, ശിഥിലപ്രായമായിരുന്നാലും=സന്ധികൾ പൊടിഞ്ഞിരുന്നാലും, കഷ്ടയായി=സങ്കടമായിരിക്കുന്ന ദശയെ=അവസ്ഥയെ,ആപന്നമായിരുന്നാലും=പ്രാപിച്ചിരുന്നാലും, വിപന്നദീധിതി ആയിരുന്നാലും=വിപന്നയായി-വ്യസ്തയായിരിക്കുന്ന ദീധിതിയോടു്-ബുദ്ധിയോടുകൂടിയിരുന്നാലും, പ്രാണങ്ങൾ=ജീവങ്ങൾ നശിക്കാറായിരുന്നാലും=ദേഹത്തെ ത്യജിക്കാറായിരുന്നാലും ജീൎണ്ണമായിരിക്കുന്ന=പൊടിഞ്ഞിരിക്കുന്ന, തൃണത്തെ=പുല്ലിനെ, അത്തി കിം=ഭക്ഷിക്കുന്നുണ്ടോ?

മദം പൊട്ടിയിരിക്കുന്ന ആനത്തലവന്റെ ഭേദിക്കപ്പെട്ടിരിക്കുന്ന മസ്തകത്തിനെ പിളൎക്കുന്നതിനാലുണ്ടാവുന്ന മാംസമയമായിരിക്കുന്ന ഉരുളയിങ്കൽ മുഖ്യമായ ദൃഷ്ടി വെച്ചു്, ആ ഉരുളയിങ്കൽ തന്നേ ആഗ്രഹത്തോടുകൂടിയതായും, മാനവും ശൌൎയ്യവും വലുതെന്നു വിചാരിക്കുന്നവരിൽ പ്രമാണമായുമിരിക്കുന്ന സിംഹം വിശപ്പുകൊണ്ടു് ക്ഷീണമായും, വാൎദ്ധക്യത്തോടുകൂടിയും ശരീരത്തിലുള്ള സന്ധികൾ പൊടിഞ്ഞും സങ്കടമായ അവസ്ഥയെ പ്രാപിച്ചും വ്യസ്തയായിരിക്കുന്ന ബുദ്ധിയോടുകൂടിയും ജീവൻ ദേഹത്തെ ഉപേക്ഷിപ്പാറായുമിരുന്നാലും മദയാനയെ ഭക്ഷിക്കയല്ലാതേ പുല്ലിനെ തിന്നുന്നുണ്ടോ? ഇല്ല. എന്നതുപോലെ മാനസ്ഥന്മാരായിരിക്കുന്ന ജനങ്ങൾ ശൌൎയ്യത്തോടുകൂടിയിരുന്നു് കാൎയ്യങ്ങളെ പ്രവൎത്തിക്കുന്നതല്ലാതേ അവർ അല്പമായ ക്രിയകളിൽ ഉൾപ്പെടുകയില്ലെന്നു് താല്പൎയ്യം.

മാനസ്ഥന്മാരായിരിക്കുന്ന ശൌൎയ്യശാലികൾ സ്വല്പകാൎയ്യങ്ങളിൽ പ്രവേശിക്കയില്ലെന്നുള്ള മാൎഗ്ഗത്തെക്കാണിച്ചു പറയുന്നു:—

സ്വല്പസ്നായുവസാവസേകമലിനം
നിൎമ്മാംസമപ്യസ്ഥികം
ശ്വാ ലബ്ധ്വാ പരിതോഷമേതി ന പുന-
സ്തസ്യ ക്ഷുധാശാന്തയേ

സിംഹോ ജംബുകമങ്കമാഗതമപി
ത്യക്ത്വാ നിഹന്തി ദ്വിപം
സർവ്വഃ കൃച്ഛ്റഗതോപി വാഞ്ഛതി ജനഃ
സത്വാനുരൂപം ഫലം. 23

ശ്വാ സ്വല്പസ്നായുവസാവസേകമലിനം നിർമ്മാംസം അപി അസ്ഥി ലബ്ധ്വാ പരിതോഷം ഏതി. തസ്യ ക്ഷുധാശാന്തയേ പുനഃ ന ഭവതി. അഹോ! സിംഹഃ ജംബുകം അങ്കം ആഗതം അപി ത്യക്ത്വാ ദ്വിപം നിഹന്തി. സർവ്വഃ ജനഃ കൃച്ഛ്റഗതഃ അപി സത്വാനുരൂപം ഫലം വാഞ്ഛതി.

ശ്വാവ്=നായ്, (സ്വല്പസ്നായുവസാവസേകമലിനമായും)= സ്വല്പസ്നായുവോടുകൂടിയതായും-അല്പമായിരിക്കുന്ന ചെറുഞരമ്പോടുകൂടിയതായും, വസാവസേകമലിനമായും-വസയാൽ-മേദസ്സിനാൽ അവസേകമായും-നനഞ്ഞും അതിനാൽ മലിനമായും-അഴുക്കടഞ്ഞും നിർമ്മാംസമായും=മാംസമില്ലാത്തതായുമിരിക്കുന്ന അസ്ഥിയെ= എല്ലിനെ ലഭിച്ചിട്ട്=കിട്ടിയിട്ട്, പരിതോഷത്തെ=സന്തോഷത്തെ- ഏതി=പ്രാപിക്കുന്നു. അതിന്=ആ ശ്വാവിന്,ക്ഷുധാശാന്തിക്കായിക്കൊണ്ടു മാത്രം=വിശപ്പു തീരുന്നതിനു മാത്രം ന ഭവതി=ഭവിക്കുന്നില്ല. സിംഹം=മൃഗേന്ദ്രൻ, ജംബുകമാകുന്നതു്=കുറുക്കനാകുന്നതു്, അങ്കത്തെ=മടിയെ, ആഗതമായിരുന്നാലും=പ്രാപിച്ചിരുന്നാലും, ത്യജിച്ചിട്ട്=ഉപേക്ഷിച്ചിട്ട്,ദ്വിപത്തെ=ആനയെ നിഹനിക്കുന്നു= കൊല്ലുന്നു. സർവ്വജനവും=അശേഷപ്രാണികളും, കൃച്ഛ്റഗതമായിരുന്നാലും=കഷ്ടത്തെ പ്രാപിച്ചിരുന്നാലും, സത്വാനുരൂപമായിരിക്കുന്ന= സത്വത്തിന്-ബലത്തിന് അനുരൂപമായിരിക്കുന്ന-യോഗ്യമായിരിക്കുന്ന ഫലത്തെ=പ്രയോജനത്തെ വാഞ്ഛിക്കുന്നു=ഇച്ഛിക്കുന്നു.

അല്പമായിരിക്കുന്ന ചെറുഞരമ്പോടുകൂടിയതായും മേദസ്സിനാൽ നനഞ്ഞും അഴുക്കുപൂണ്ടു മാംസമില്ലാതേയുമിരിക്കുന്ന എല്ല് നായ്ക്കു് കിട്ടിയാൽ അതിനെപ്പറ്റി ആ നായ് സന്തോഷിക്കുന്നു. എന്നാൽ ആ എല്ല് ശ്വാവിന്റെ വിശപ്പടങ്ങുന്നതിനു മാത്രം തികയുന്നുമില്ല. നരിയാകുന്നതു ചെന്ന് സിംഹത്തിന്റെ മടിയിൽ കയറിയി

രുന്നാലും ആ നരിയെ സിംഹം ഉപേക്ഷിച്ചും കളഞ്ഞു് ആനയെ കൊല്ലുന്നു. അല്ലാതേ നരിയെ ഉപദ്രവിക്കുന്നില്ല. അതുപോലെ മാനസ്ഥന്മാരായും ശൌൎയ്യശാലികളായുമിരിക്കുന്ന സകല മനുഷ്യരും കഷ്ടത്തെ പ്രാപിച്ചു തന്നെയിരുന്നാലും ബലത്തിനു് യോഗ്യമായിരിയ്ക്കുന്ന പ്രയോജനത്തെ ഇച്ഛിക്കുന്നതല്ലാതേ ചപലന്മാർ പ്രവൎത്തിക്കുന്ന ചപലതകളെപ്പോലെ, ചീത്തയായ കാൎയ്യങ്ങളിൽ ബുദ്ധിയെ പ്രവേശിപ്പിക്കുന്നില്ല എന്നു് താൽപൎയ്യം.

മാനസ്ഥന്മാർ അശക്തന്മാരായിട്ടു തന്നെയിരുന്നാലും അവർ ചീത്തയായ കാൎയ്യങ്ങളെ ചെയ്കയില്ലെന്നുള്ള മാൎഗ്ഗത്തെത്തന്നെ രണ്ടാമത്തും ആവൎത്തിച്ചു പറയുന്നു.

ലാംഗ്ഗൂലചാലനമധശ്ചരണാവപാതം
ഭൂമൌ നിപത്യ വദനോദരദൎശനം ച
ശ്വാ പിണ്ഡദസ്യ കുരുതേ ഗജപുംഗവസ്തു
ധീരം വിലോകയതി ചാടുശതൈശ്ച ഭുംക്തേ. 24

ശ്വാ പിണ്ഡദസ്യ ലാംഗ്ഗൂലചാലനം അധശ്ചരണാവപാതം ഭൂമൌ നിപത്യ വദനോദരദൎശനം ച കുരുതേ. ഗജപുംഗവഃ തു ധീരം യഥാ തഥാ വിലോകയതി. ചാടുശതൈഃ ച ഭുംക്തേ.

ശ്വാവു്=നായ്, പിണ്ഡദന്നു്=ഉരുളച്ചോറു കൊടുക്കുന്നവന്നു് ലാംഗ്ഗൂലചാലനത്തേയും=ലാംഗ്ഗൂലത്തിന്റെ-വാലിന്റെ ചാലനത്തേയും-അനക്കുന്നതിനേയും, അധഃ=താഴെ, ചരണാവപാതത്തേയും=ചരണത്തിന്റെ-കാലിന്റെ അവപാതത്തേയും-താഴ്ത്തുന്നതിനേയും, ഭൂമിയിങ്കൽ=തറയിങ്കൽ, നിപതിച്ചിട്ടു്=വീണിട്ടു്, വദനോദരദൎശനത്തേയും=വദനത്തിന്റേയും-മുഖത്തിന്റേയും ഉദരത്തിന്റേയും-വയററിന്റേയും ദൎശനത്തേയും-കാണിക്കുന്നതിനേയും കുരുതേ=ചെയ്യുന്നു. ഗജപുംഗവനോ എന്നാൽ=ആനത്തലവനോ എന്നാൽ ധീരമായിരിക്കുംവണ്ണം=ധൈൎയ്യത്തോടുകൂടിയിരിക്കുംവണ്ണം വിലോകിക്കുന്നു=നോക്കുന്നു. ചാടുശതങ്ങളെക്കൊണ്ടു്=ചാടുക്കളുടെ-നല്ലവാക്കുകളുടെ ശതങ്ങളെക്കൊണ്ടു്-അനേകങ്ങളെക്കൊണ്ടു്, ഭുജിക്കുന്നു=ഭക്ഷിക്കുന്നു.

ഉരുളച്ചോറു കൊടുക്കുന്നവന്റെ മുമ്പിൽ നായ് വാലാട്ടുകയും നാലുകാലും താഴ്ത്തി തറയിൽ വീഴുകയും വയററിനേയും മുഖത്തേയും കാണിക്കുകയും ചെയ്യുന്നു. ആനത്തലവനോ എന്നാൽ ഉരുളച്ചോറു കൊടുക്കുന്നവനെയാകട്ടെ മററൊരുത്തനെയാകട്ടെ ധൈൎയ്യത്തോടു കൂടെ നോക്കുകയും പല പ്രകാരമുള്ള നല്ല വാക്കുകളെക്കൊണ്ടു് ആ ആന (?) ഭക്ഷിക്കുകയും ചെയ്യുന്നു. അതുപോലെ മാനിയല്ലാത്ത മനുഷ്യൻ ചപലതകൾചെയ്തു് ലഘുത്വത്തെ പ്രാപിക്കുന്നു. ചീത്തയായ കാൎയ്യങ്ങളിലുൾപ്പെടാതെ ശൌൎയ്യത്തെ കൈക്കൊണ്ടിരിക്കുന്ന മാനസ്ഥന്മാർ ധീരകൎമ്മങ്ങളെ ചെയ്യുന്നുവെന്നു് താൽപൎയ്യം.

മനുഷ്യർ ഇന്നിന്ന കൎമ്മങ്ങൾ ചെയ്താൽ പ്രപഞ്ചത്തിങ്കൽ പ്രമാണികളാകുമെന്നുള്ള മാൎഗ്ഗത്തെക്കാണിച്ചു പറയുന്നു:—

പരിവൎത്തിനി സംസാരേ മൃതഃ കോ വാ ന ജായതേ?
സ ജാതോ യേന ജാതേന യാതി വംശഃ സമുന്നതിം. 25

പരിവൎത്തിനി സംസാരേ മൃതഃ കഃ വാ ന ജായതേ? ജാതേന യേന വംശഃ സമുന്നതിം യാതി സഃ ജാതഃ.

പരിവൎത്തിയായിരിക്കുന്ന=ചുററിക്കൊണ്ടിരിക്കുന്ന, സംസാരത്തിങ്കൽ=പ്രപഞ്ചത്തിങ്കൽ മൃതനായിരിക്കുന്ന=മരിച്ചിരിക്കുന്ന ഏവനാകട്ടേ=യാതൊരുത്തനാകട്ടേ, ജനിക്കുന്നില്ല=ഉദ്ഭവിക്കുന്നില്ല? ജാതനായി=ജനിച്ചിരിക്കുന്ന ഏവനാൽ=യാതൊരുവനാൽ വംശമാകുന്നതു്=കുലമാകുന്നതു്, സമുന്നതിയെ=ശ്രേഷ്ഠതയെ, യാനം ചെയ്യുന്നു=പ്രാപിക്കുന്നുവോ, അവൻ=ആ പുരുഷൻ ജാതൻ=ജനിച്ചിട്ടുള്ളവൻ.

ദേഹത്തെ എടുപ്പിച്ചും, അതിനെ പതിപ്പിച്ചും ചുററിയും കൊണ്ടിരിക്കുന്ന കാലചക്രഭ്രമണമായ ഈ പ്രപഞ്ചത്തിങ്കൽ ജനിച്ചിട്ടുള്ളവനാരെന്നാൽ, കുലത്തിങ്കൽ ശ്രേഷ്ഠതയെ ചെയ്യുന്നവനേവനോ അവനാകുന്നു. ഈ അവസ്ഥ നടത്താത്തവൻ ജനിച്ചു് ദേഹം നശിപ്പിച്ചാലും ജനിച്ചവനല്ലെന്നു് താൽപൎയ്യം.

മാനസ്ഥന്മാരുടെ അവസ്ഥ രണ്ടു പ്രകാരത്തിലിരിക്കുന്നു എന്നുള്ള മാർഗ്ഗത്തെക്കാണിച്ചു പറയുന്നു:—

കുസുമസ്തബകസ്യേവ ദ്വേ ഗതീ ഹി മനസ്വിനാം
മൂൎദ്ധ്നി വാ സൎവ്വലോകസ്യ ശീൎയ്യതേ വന ഏവ വാ. 26

മനസ്വിനാം കുസുമസ്തബകസ്യ ഇവ ദ്വേ ഗതീ ഹി. സൎവ്വലോകസ്യ മൂൎദ്ധ്നി ശോഭതേ വാ വനേ ഏവ ശീൎയ്യതേ വാ.

മനസ്വികൾക്ക്=മാനസ്ഥന്മാൎക്ക്, കുസുമസ്തബകത്തിന് എന്നപോലേ=പൂങ്കൊത്തിനു എന്നപോലെ ദ്വേ ഗതീ ഹി=രണ്ടു മാൎഗ്ഗങ്ങളാണല്ലോ. സൎവ്വലോകത്തിന്റേയും=അശേഷജനങ്ങളുടേയും മൂൎദ്ധാവിങ്കൽ=ശിരസ്സിങ്കൽ, ശോഭതേ വാ=ശോഭിച്ചാലും ശോഭിക്കും. വനേ ഏവ വാ=വനത്തിങ്കൽത്തന്നേ-കാനനത്തിങ്കൽത്തന്നേ, ശീൎയ്യതേ വാ=പൊഴിഞ്ഞാലും പൊഴിയും.

പൂങ്കൊത്തിനു രണ്ടു മാൎഗ്ഗമുള്ളതു പോലേ, മാനസ്ഥന്മാരും രണ്ടുവിധകൎമ്മങ്ങളെ ചെയ്യുന്നു. പുഷ്പങ്ങൾ സകല മനുഷ്യരുടേയും തലയിങ്കൽ ശോഭിച്ചാലും ശോഭിക്കും. വനത്തിങ്കൽ പൊഴിഞ്ഞാലും പൊഴിയും. ധൈൎയ്യത്തോടുകൂടി നീതിയായി ഗൃഹസ്ഥാശ്രമകൎമ്മത്തെ ചെയ്കയും, വനത്തിങ്കൽ ചെന്ന് ധീരതയോടുകൂടി തപസ്സു ചെയ്കയും ചെയ്യുന്നു മാനസ്ഥന്മാർ എന്ന് താല്പൎയ്യം.

ഐശ്വൎയ്യശാലികളായിരിക്കുന്ന മാനസ്ഥന്മാർ ബലവാന്മാരോട് മത്സരിക്കുന്നതല്ലാതെ അങ്ങനെയുള്ള മത്സരത്തെ ബലഹീനന്മാരോടു പ്രവൎത്തിക്കയില്ലെന്നുള്ള മാൎഗ്ഗത്തെക്കാണിച്ചു പറയുന്നു:—

സന്ത്യന്യേപി ബൃഹസ്പതിപ്രഭൃതയ-
സ്സംഭാവിതാഃ പഞ്ചഷാ-
സ്താൻ പ്രത്യേഷ വിശേഷവിക്രമരുചീ
രാഹുൎന്ന വൈരായതേ
ദ്വാവേവ ഗ്രസതേ ദിവാകരനിശാ-
പ്രാണേശ്വരൗ ഭാസ്വരൗ
ഭ്രാന്തഃ പൎവ്വണി പശ്യ ദാനവപതിഃ
ശീൎഷാവശേഷാകൃതിഃ. 27

ബൃഹസ്പതിപ്രഭൃതയഃ അന്യേ അപി പഞ്ചഷാഃ സംഭാവിതാഃ സന്തി. വിശേഷവിക്രമരുചിഃ ഏഷഃ രാഹുഃ താൻ പ്രതി ന വൈരായതേ. ശീർഷാവശേഷാകൃതിഃ അപി ദാനവപതിഃ പർവണി ഭ്രാന്തഃ സൻ ഭാസ്വരൌ ദിവാകരനിശാപ്രാണേശ്വരൌ ദ്വൌ ഏവ ഗ്രസതേ, പശ്യ.

ബൃഹസ്പതിപ്രഭൃതികളായിട്ടും = ബൃഹസ്പതിതുടങ്ങിയുള്ളവരായിട്ടും, അന്യന്മാരായിട്ടും=സൂൎയ്യചന്ദ്രന്മാരെ കൂടാതുള്ളവരായിട്ടും, അഞ്ചാറു ദേവന്മാർ സംഭാവിതന്മാരായിട്ട്=സംഭവിച്ചിട്ടുള്ളവരായിട്ട് സന്തി=ഇരിക്കുന്നു. വിശേഷവിക്രമരുചിയായിരിക്കുന്ന=വിശേഷമായി-അധികമായി ഇരിക്കുന്ന വിക്രമത്തിങ്കൽ-പരാക്രമത്തിങ്കൽ രുചിയോടുകൂടിയിരിക്കുന്ന-ഇച്ഛയോടുകൂടിയിരിക്കുന്ന രാഹുവും അവരെക്കുറിച്ച്=ബൃഹസ്പതി മുതലായവരെക്കുറിച്ച് വൈരത്തോടുകൂടിയവനായിട്ട് ഭവിക്കുന്നില്ല=ശത്രുവായിട്ട് ഭവിക്കുന്നില്ല. ശീൎഷാവശേഷാകൃതിയായിരുന്നാലും=ശീൎഷം - തലകൊണ്ട് അവശേഷമായ-ശേഷിച്ചിരിക്കുന്ന ആകൃതിയായിരുന്നാലും-രൂപത്തോടുകൂടിയിരുന്നാലും ദാനവപതി=അസുരശ്രേഷ്ഠനായിരിക്കുന്ന രാഹു പർവകാലത്തിങ്കൽ=വാവിങ്കൽ ഭ്രാന്തനായിട്ട്=വിഭ്രമണത്തോടുകൂടിയവനായിട്ട് ഭാസ്വരന്മാരായി=പ്രകാശത്തോടുകൂടിയവരായിരിക്കുന്ന ദിവാകരനിശാപ്രാണേശ്വരന്മാരെ=സൂൎയ്യചന്ദ്രന്മാരെ ദ്വൌ ഏവ= രണ്ടുപേരെത്തന്നെ ഗ്രസിക്കുന്നു=ബാധിക്കുന്നു; പശ്യ=കണ്ടാലും.

അധികമായിരിക്കുന്ന പരാക്രമത്തിൽ ആഗ്രഹത്തോടുകൂടിയിരിക്കുന്ന രാഹു, സൂൎയ്യചന്ദ്രന്മാരെക്കൂടാതെയുള്ള ബൃഹസ്പതി ആദിയായിട്ടുള്ളവരുടെ നേൎക്ക് വൈരത്തോടുകൂടി ഭവിക്കാതെ സൂൎയ്യചന്ദ്രന്മാരുടെനേൎക്ക് വൈരത്തോടുകൂടി പ്രവൎത്തിക്കുന്നു. തലമാത്രം ശേഷിച്ചിരിക്കുന്ന രൂപത്തോടുകൂടിത്തന്നേ ഇരുന്നാലും ആ രാഹു പൎവ്വത്തിങ്കൽ വിഭ്രമണത്തോടുകൂടിയവനായിട്ട് പ്രകാശത്തോടുകൂടിയിരിക്കുന്ന സൂൎയ്യചന്ദ്രന്മാരെത്തന്നേ ഉപദ്രവിക്കുന്നു, കണ്ടാലും. ഇതുപോലേ ശൌൎയ്യത്തെ കൈക്കൊണ്ടിരിക്കുന്ന മാനധനന്മാർ അംഗഹാനിതന്നേ വന്നാലും ബലവാന്മാരോടു മത്സരിക്കുന്നതല്ലാതേ ബലഹീനന്മാരോടു മത്സരിക്കുന്നില്ലെന്നു താൽപൎയ്യം.

പരന്മാർ സൌഖ്യമായിട്ടു പാൎക്കുന്നതിനുവേണ്ടി മഹത്തുക്കൾ ചെയ്യുന്ന അവസ്ഥയെ കാണിച്ചു പറയുന്നു:—

വഹതി ഭുവനശ്രേണിം ശേഷഃ ഫണാഫലകസ്ഥിതാം
കമഠപതിനാ മദ്ധ്യേപൃഷ്ഠം സദാ സ ച ധാൎയ്യതേ
തമപി കുരുതേ ക്രോഡാധീനം പയോധിരനാദരാ-
ദഹഹ! മഹതാം നിസ്സീമാനശ്ചരിത്രവിഭൂതയഃ. 28

ശേഷഃ ഫണാഫലകസ്ഥിതാം ഭുവനശ്രേണിം വഹതി. സഃ ച കമഠപതിനാ മദ്ധ്യേപൃഷ്ഠം സദാ ധാൎയ്യതേ. തം അപി പ്രയോധിഃ അനാദരാൽ ക്രോഡാധീനം കുരുതേ. മഹതാം ചരിത്രവിഭൂതയഃ നിസ്സീമാനഃ; അഹഹ!

ശേഷൻ=ആദിശേഷൻ, ഫണാഫലകസ്ഥിതയായിരിക്കുന്ന=ഫണങ്ങളാകുന്ന-പടങ്ങളാകുന്ന ഫലകത്തിങ്കൽ-പലകയിങ്കൽ, സ്ഥിതയാകുന്ന-ഇരിക്കുന്ന ഭുവനശ്രേണിയേ=ഭുവനങ്ങളുടെ-പാതാള രസാതല മഹാതല തലാതല സുതല വിതല അതല ഭൂലോക ഭുവൎല്ലോക സുവൎല്ലോക മഹല്ലോക ജനലോക തപോലോക സത്യലോകങ്ങളുടെ ശ്രേണിയെ-സമൂഹത്തെ വഹിക്കുന്നു=ചുമക്കുന്നു. സഃ ച=ആ ആദിശേഷനും, കമഠപതിയാൽ=ആദികൂൎമ്മത്താൽ, മദ്ധ്യേപൃഷ്ഠം=പൃഷ്ഠമദ്ധ്യത്തിങ്കൽ, സദാ=എപ്പോഴും ധരിക്കപ്പെടുന്നു=വഹിക്കപ്പെടുന്നു. തം അപി=ആ ആദികൂൎമ്മത്തേയും, പയോധി=പ്രളയസമുദ്രം, അനാദരാൽ=ആയാസംകൂടാതേ, ക്രോഡാധീനമായിട്ടു്=ക്രോഡത്തിനു്-ആദിവരാഹത്തിനു് അധീനമായിട്ടു്-സ്വാധീനമായിട്ടു്, കുരുതേ=ചെയ്യുന്നു. മഹത്തുക്കളുടെ=മാനശൌൎയ്യശാലികളുടെ, ചരിത്രവിഭൂതികൾ=ചരിത്രങ്ങളാകുന്ന-മാഹാത്മ്യങ്ങളാകുന്ന വിഭൂതികൾ-സമ്പത്തുകൾ, നിസ്സീമാക്കൾ=നിൎമ്മൎയ്യാദകൾ=വാക്കിനും മനസ്സിനും എത്താത്തവകൾ; അഹഹ=അത്യാശ്ചൎയ്യം.

പാതാളം രസാതലം മഹാതലം തലാതലം, സുതലം, വിതലം, അതലം, ഭൂലോകം, ഭുവൎല്ലോകം, സുവൎല്ലോകം, മഹൎല്ലോകം, ജനലോകം, തപോലോകം, സത്യലോകം ഇവകളുടെ കൂട്ടത്തെ പടമാകുന്ന പലകകൊണ്ടു് ആദിശേഷൻ ചുമക്കുന്നു. ആ

ആദിശേഷനെ പൃഷ്ഠമദ്ധ്യത്തിങ്കൽ ആദികൂൎമ്മം ധരിക്കുന്നു. ആ ആദികൂൎമ്മത്തേയും പ്രളയസമുദ്രത്തേയും പ്രയാസംകൂടാതെ ആദിവരാഹം വഹിക്കുന്നു. ഇപ്പറഞ്ഞ മഹാജനങ്ങൾ (?മഹാത്മാക്കൾ) ഇങ്ങനെ പരന്മാൎക്കു് സൌഖ്യത്തെ ചെയ്യുന്നതുപോലെ പരന്മാർ പല പ്രകാരത്തിലും സൌഖ്യമാകുംവണ്ണം പാൎപ്പാനുള്ള വിഷയത്തിങ്കൽ മാനശൌൎയ്യശാലികൾ ചെയ്യുന്ന മാഹാത്മ്യസമ്പത്തുകൾ വാക്കിനും മനസ്സിനും എത്തപ്പെടുന്നതല്ലെന്നു് താല്പൎയ്യം.

മാനശൌൎയ്യശാലികൾക്കല്ലാതെ ഈ ഗുണങ്ങൾ മററുള്ളവൎക്കില്ലെന്നു് മൈനാകപൎവ്വതത്തെ ദൃഷ്ടാന്തപ്പെടുത്തിപ്പറയുന്നു:—

വരം പ്രാണത്യാഗഃ സമദമഘവന്മുക്തകുലിശ-
പ്രഹാരൈരുദ്ഗച്ഛദ് ബഹളദഹനോദ്ഗാരഗുരുഭിഃ
തുഷാരാദ്രേഃ സൂനോരഹഹ! പിതരി ക്ലേശവിവശേ
ന ചാസൌ സമ്പാതഃ പയസി പയസാം പത്യുരുചിതഃ. 29

തുഷാരാദ്രേഃ സൂനോഃ ഉദ്ഗച്ഛദ്ബഹളദഹനോദ്ഗാരഗുരുഭിഃ സമദമഘവന്മുക്തകുലിശപ്രഹാരൈഃ പ്രാണത്യാഗഃ വരം. അഹഹ! പിതരി ക്ലേശവിവശേ സതി അസൌ പയസാം പത്യുഃ പയസി സമ്പാതഃ ഉചിതഃ ന.

തുഷാരാദ്രിയുടെ=ഹിമവൽപൎവ്വതത്തിന്റെ സൂനുവിന്നു്=പുത്രനായിരിക്കുന്ന മൈനാകത്തിന്നു് ഉദ്ഗച്ഛദ് ബഹളദഹനോദ്ഗാരഗുരുവായിരിക്കുന്ന=ഉദ്ഗച്ഛത്തുകളായും-വൎദ്ധിച്ചും, ബഹളമായും-അധികമായുമിരിക്കുന്ന ദഹനൻെറ-കല്ലിൽ അടിക്കപ്പെട്ടിട്ടുണ്ടായിരിക്കുന്ന അഗ്നിയുടെ, ഉദ്ഗാരങ്ങളെക്കൊണ്ടു്-പ്രസരിക്കുന്നതുകൊണ്ടു്, ഗുരുക്കളായി-ദുസ്സഹങ്ങളായിരിക്കുന്ന, സമദമഘവന്മുക്തകുലിശപ്രഹരങ്ങളാൽ=സമദനായി - ഗൎവത്തോടുകൂടിയവനായിരിക്കുന്ന മഘവാവിനാൽ-ഇന്ദ്രനാൽ, മുക്തമായി-പ്രയോഗിക്കപ്പെട്ടിരിക്കുന്ന,കുലിശത്തിൻെറ-വജ്രായുധത്തിൻെറ പ്രഹാരങ്ങളാൽ-അടികളാൽ, പ്രാണത്യാഗം=മരണം, വരം=ശ്രേഷ്ഠമാകുന്നു. അഹഹ=അതികഷ്ടം!. പിതാവു്=ഹിമവൽ പൎവ്വതം, ക്ലേശവിവശനായിരിക്കുമ്പോൾ=ക്ലേശം-ദുഃഖംകൊണ്ടു് വിവശനായി-സ്വാധീനമില്ലാത്തവ

നായിരിക്കുമ്പോൾ, പയസാംപതിയുടെ=സമുദ്രത്തിന്റെ പയസ്സിൽ=ജലത്തിങ്കൽ, അസൌ സമ്പാതഃ=തൻെറ പ്രാണനെ രക്ഷിക്കുന്നതിനുവേണ്ടി മുഴുകിയതു് ഉചിതമായിട്ടു് ഭവിക്കുന്നില്ല.

ഗർവ്വത്തോടുകൂടിയിരിക്കുന്ന ഇന്ദ്രൻ പ്രയോഗിച്ച വജ്രായുധത്തിൻെറ അടികളെക്കൊണ്ടു് മൈനാകത്തിൻെറ പിതാവാകുന്ന ഹിമവൽപർവ്വതം ദുഃഖത്താൽ സ്വാധീനമല്ലാതെയിരിക്കുമ്പോൾ ആ ഹിമവൽപർവ്വതത്തിൻെറ പുത്രനായിരിക്കുന്ന മൈനാകപർവ്വതം വർദ്ധിച്ചു് അധികമായിട്ടുള്ള കല്ലടിപെട്ടുണ്ടായ അഗ്നി പ്രസരിക്കുന്നതുകൊണ്ടു് സഹിക്കരുതാതേ, മരണംതന്നേ ശ്രേഷ്ഠമെന്നു് നിശ്ചയിച്ചു് (?,തന്റെ പ്രാണനെമാത്രം രക്ഷിക്കാനായി, സമുദ്രജലത്തിങ്കൽ മുഴുകിയതു് ഉചിതമല്ല. അതു് ഹാ ഹാ കഷ്ടം! മാനശൌര്യശാലികൾക്കു് എന്തനത്ഥം വന്നാലും ഹിമവൽപർവ്വതത്തെപ്പോലേ എതിർത്തുനിന്നു് തടുക്കുന്നതല്ലാതേ ഇതരജനങ്ങളെപ്പോലെ പിന്മാറുകയില്ലെന്നു് താൽപര്യം.

മറെറാരുത്തനാൽ ചെയ്യപ്പെടുന്ന അവമാനത്തിങ്കൽ ശൂരനായിരിക്കുന്ന മനുഷ്യൻ സഹിക്കയില്ലെന്നുള്ള മാർഗ്ഗത്തെക്കാണിച്ചു പറയുന്നു:—

യദചേതനോഽപി പാദൈഃ
സ്പൃഷ്ടഃ പ്രജ്വലതി സവിതുരിനകാന്തഃ
തത്തേജസ്വീ പുരുഷഃ
പരകൃതനികൃതിം കഥംനു വാ സഹതേ. 30

യൽ അചേതനഃ അപി ഇനകാന്തഃ സവിതുഃ പാദൈഃ സ്പൃഷ്ടഃ സൻ പ്രജ്വലതി. തൽ തേജസ്വീ പുരുഷഃ പരകൃതനികൃതിം കഥംനു വാ സഹതേ.

യൽ=യാതൊരു കാരണംകൊണ്ടു്, അചേതനമായിരുന്നാലും=ബുദ്ധിയില്ലാതേയിരുന്നാലും, ഇനകാന്തം=സൂര്യ്യകാന്തം, സവിതാവിൻെറ=സൂര്യ്യൻെറ, പാദങ്ങളെക്കൊണ്ടു്=കിരണങ്ങളെക്കൊണ്ടു്, സ്പൃഷ്ടമായിട്ടു്=സ്പർശിക്കപ്പെട്ടിട്ടു്, പ്രജ്വലിക്കുന്നുവോ=പ്രകാശിക്കുന്നുവോ, തസ്മാൽ=അതുഹേതുവായിട്ടു് തേജസ്വിയായി=ശൂരനായിരി

ക്കുന്ന മനുഷ്യൻ, പരകൃതന്നികൃതിയെ=പരനാൽ-ഇതരനാൽ, കൃതയായി – ചെയ്യപ്പെട്ടിരിക്കുന്ന നികൃതിയെ – അവമാനത്തെ, എങ്ങനെ സഹിക്കും.

ബുദ്ധിയില്ലാതെ തന്നെയിരുന്നാലും സൂര്യകാന്തം വെയ്ല് കൊണ്ടുകൂട്ടമ്പോൾ യാതൊരു കാരണംകൊണ്ടു പ്രകാശിക്കുന്നു, അതുപോലേ പരന്മാരെ അവമാനിച്ചാൽ അതിൽ ശൂരനായിരിക്കുന്ന മനുഷ്യൻ എങ്ങനെ സഹിക്കുമെന്നു് താൽപര്യം.

സിംഹഃ ശിശുരപി നിപതതി
മദമലിനകപോലഭിത്തിഷു ഗജേഷു
പ്രകൃതിരിയം സത്വവതാം
ന ഖലു വയസ്തേജസോ ഹേതുഃ. 31

ശിശുഃ അപി സിംഹഃ മദമലിനകപോലഭിത്തിഷു ഗജേഷു നിപതതി. ഇയം സത്വവതാം പ്രകൃതിഃ. വയഃ തേജസഃ ഹേതുഃ ന ഖലു.

ശിശുവായിരുന്നാലും=കുഞ്ഞായിരുന്നാലും, സിംഹമാകുന്നതു്=കേസരിയാകുന്നതു്, മദമലിനകപോലഭിത്തികളാനിരിക്കുന്ന=മദം കൊണ്ടു്-മദജലംകൊണ്ടു്, മലിനമായി-അഴുക്കോടുകൂടിയ, കപോലഭിത്തികളോടുകൂടിയിരിക്കുന്ന-ഭിത്തിപോലെ വിസ്താരമായിരിക്കുന്ന (കപോലങ്ങളോടുകൂടിയ) ഗജങ്ങളിൽ=കരികളിൽ, പതിക്കുന്നു=വീഴുന്നു. ഇതു് സത്വവാന്മാരുടെ = ബലത്തോടുകൂടിയവരുടെ പ്രകൃതി=സ്വഭാവം. വയസ്സ്=പ്രായം, തേജസ്സിനു്=പരാക്രമത്തിനു്, ഹേതുവായിട്ടു്=കാരണമായിട്ടു് ന ഖലു=ഭവിക്കുന്നില്ല.

സിംഹം കുഞ്ഞായിട്ടുതന്നെയിരുന്നാലും മദജലംകൊണ്ടു് അഴുക്കടഞ്ഞു് ചുവരുപോലേ വിസ്താരമായിരിക്കുന്ന ഗണ്ഡസ്ഥലങ്ങളോടുകൂടിയ ആനകളിൽ വീഴുന്നു. എന്നതുപോലെ ബലവാന്മാരുടെ സ്വഭാവം പ്രായഭേദംകൂടാതേ എപ്പോഴും പരാക്രമത്തോടുകൂടിയിരിക്കുന്നു എന്നു് താൽപര്യം.

ഇതി മാനശൌര്യപദ്ധതിഃ സമാപ്താ.

അഥ അൎത്ഥപദ്ധതിഃ.

ഇങ്ങനെ മാനസ്ഥന്മാരുടെ അവസ്ഥ പറഞ്ഞതിന്റെശേഷം ദ്രവ്യങ്ങളുടെ സ്ഥിതിയെക്കുറിച്ചു പറയുന്നു:—

ജാതിൎയ്യാതു രസാതലം ഗുണഗണസ്തസ്യാ-
പ്യധോ ഗച്ഛതാം
ശീലം ശൈലതടാൽ പതത്വഭിജനഃ
സന്ദഹ്യതാം വഹ്നിനാ
ശൌൎയ്യേ വൈരിണി വജ്രമാശു നിപത-
ത്വൎത്ഥോƒസ്തു നഃ കേവലം
യേനൈകേന വിനാ ഗുണാസ്തൃണലവ-
പ്രായാസ്സമസ്താ ഇമേ. 32

ജാതിഃ രസാതലം യാതു. ഗുണഗണഃ തസ്യ അപി അധഃ ഗച്ഛതാം. ശീലം ശൈലതടാൽ പതതു. അഭിജനഃ വഹ്നിനാ സന്ദഹ്യതാം. വൈരിണി ശൌൎയ്യേ വജ്രം ആശു നിപതതു. നഃ അൎത്ഥഃ കേവലം അസ്തു; യേന ഏകേന വിനാ ഗുണാഃ സമസ്താഃ അപി തൃണലവപ്രായാഃ ഭവന്തി.

ജാതി=കുലമാകുന്നതു്, രസാതലത്തെ=പാതാളത്തെ, യാനം ചെയ്യട്ടേ=പ്രാപിക്കട്ടെ. ഗുണഗണം=ഗുണസമൂഹം, അതിന്നും=ആ പാതാളലോകത്തിന്നും, അധഃ=താഴേ, ഗമിക്കട്ടെ=പ്രാപിക്കട്ടെ. ശീലമാകുന്നതു്=നല്ല സ്വഭാവമാകുന്നതു്, ശൈലതടത്തിങ്കൽനിന്നും=പൎവ്വതസന്നിധിയിങ്കൽനിന്നും, പതിക്കട്ടേ=വീഴട്ടേ. അഭിജനം=വംശം, വഹ്നികൊണ്ടു്=അഗ്നികൊണ്ടു്, ദഹിക്കട്ടെ=ഭസ്മമാകട്ടേ. വൈരിയായി=ശത്രുവായിരിക്കുന്ന, ശൌൎയ്യത്തിങ്കൽ=പരാക്രമത്തിങ്കൽ, വജ്രമാകുന്നതു്=ഇടിയാകുന്നതു്, നിപതിക്കട്ടേ=വീഴട്ടേ. നഃ=നമുക്കു്, അൎത്ഥംമാത്രം=ദ്രവ്യംമാത്രം, അസ്തു=ഉണ്ടാകട്ടെ. യേന ഏകേന വിനാ=യാതൊരുദ്രവ്യം ഒന്നില്ലാത്തതുകൊണ്ടു്, സമസ്താഃ ഗുണാഃ=സകലഗുണങ്ങളും, തൃണലവപ്രായങ്ങളായിട്ടു്=പുല്ക്കൊടിക്കുസമങ്ങളായിട്ടു്, ഭവിക്കുന്നു=തീരുന്നു.

കുലം പാതാളത്തിങ്കൽ പോയാലും, ഗുണസമൂഹം പാതാളത്തിന്നും താഴെ ഗമിച്ചാലും, നല്ല സ്വഭാവം പൎവ്വതത്തിങ്കൽനിന്നു് വീണാലും, വംശം ഭസ്മമായാലും, തന്റെ പരാക്രമം നശിച്ചാലും യാതൊരു കുറവുമില്ല. നമുക്കു് ദ്രവ്യം മാത്രമുണ്ടായാൽ മതി. ആ ദ്രവ്യമൊന്നില്ലാത്തതുകൊണ്ടു് മററുള്ള സകല ഗുണങ്ങളും പുല്ലിനു സമം ഗണ്യമല്ലാതെ തീരുന്നു.

ദ്രവ്യം മാത്രമുള്ളവന്നു് ഗുണങ്ങളില്ലാത്ത കുറച്ചിലില്ലയോ എന്നു ശങ്കിച്ചു് അതിന്നു സമാധാനമായിട്ടു് അവൻതന്നെ സൎവ്വഗുണവാൻ എന്നുള്ള മാൎഗ്ഗത്തെ കാണിച്ചു പറയുന്നു:—

യസ്യാസ്തി വിത്തം സ നരഃ കുലീനഃ
സ പണ്ഡിതഃ സ ശ്രുതവാൻ ഗുണജ്ഞഃ
സ ഏവ വക്താ സ ച ദൎശനീയഃ
സൎവ്വേ ഗുണാഃ കാഞ്ചനമാശ്രയന്തി. 33

യസ്യ വിത്തം അസ്തി സഃ നരഃ കുലീനഃ, സഃ പണ്ഡിതഃ, സഃ ശ്രുതവാൻ, സഃ ഗുണജ്ഞഃ, സഃ ഏവ വക്താ, സഃ ദൎശനീയഃ ച; സൎവ്വേ ഗുണാഃ കാഞ്ചനം ആശ്രയന്തി.

യാതൊരുത്തന്നു്=യാതൊരു മനുഷ്യന്നു്, വിത്തം=ദ്രവ്യം, അസ്തി=ഭവിക്കുന്നു, ആ നരൻ=ആ പുരുഷൻ, കുലീനൻ=നല്ല കുലത്തിൽ ജനിച്ചവൻ; അവൻ=ആ മനുഷ്യൻ, ഗുണജ്ഞൻ=സകല ഗുണങ്ങളേയുമറിഞ്ഞവൻ, അവൻതന്നേ=ആ പുരുഷൻതന്നെ, വക്താവു്=വാക്സാമൎത്ഥ്യമുള്ളവൻ. അവൻതന്നെ=ആ മനുഷ്യൻ തന്നെ, ദർശനീയൻ=കാണാൻ യോഗ്യനായിട്ടുള്ളവൻ. സൎവ്വേ ഗുണാഃ=സകല ഗുണങ്ങളും, കാഞ്ചനത്തെ=ദ്രവ്യത്തെ, ആശ്രയിക്കുന്നു=സേവിക്കുന്നു.

യാതൊരു മനുഷ്യന്നു് ദ്രവ്യമിരിക്കുന്നുവോ, അവൻതന്നെ നല്ല കുലത്തിൽ ജനിച്ചവൻ, അവൻതന്നെ വിദ്വാൻ, അവൻ തന്നെ കീൎത്തിമാൻ, അവൻതന്നെ സൎവ്വഗുണങ്ങളേയുമറിഞ്ഞവൻ, അവൻതന്നെ വാക്സാമൎത്ഥ്യമുള്ളവൻ, അവൻതന്നെ കാണാനും യോഗ്യനായുള്ളവൻ. സകലഗുണങ്ങളും ദ്രവ്യത്തെ സേവിക്കുന്നു എന്നു് താൽപൎയ്യം.

ദൌൎമ്മന്ത്ര്യാൽ നൃപതിൎവ്വിനശ്യതി യതിഃ
സംഗാൽ സുതോ ലാളനാൽ
വിപ്രോഽനദ്ധ്യയനാൽ കുലം കുതനയാൽ
ശീലം ഖലോപാസനാൽ
ഹ്രീൎമ്മദ്യാദനവേക്ഷണാദപി കൃഷിഃ
സ്നേഹഃ പ്രവാസാശ്രയാൽ
മൈത്രീചാഽപ്രണയാൽ സമൃദ്ധിരനയാൽ
ത്യാഗാൽ പ്രമാദാൽ ധനം. 34

നൃപതിഃ ദൌൎമ്മന്ത്ര്യാൽ വിനശ്യതി. യതിഃ സംഗാൽ വിനശ്യതി. സുതഃ ലാളനാൽ വിനശ്യതി. വിപ്രഃ അനദ്ധ്യയനാൽ വിനശ്യതി. കുലം കുതനയാൽ വിനശ്യതി. ശീലം ഖലോപാസനാൽ വിനശ്യതി. ഹ്രീഃ മദ്യാൽ വിനശ്യതി. കൃഷിഃ അനവേക്ഷണാൽ വിനശ്യതി. സ്നേഹഃ പ്രവാസാശ്രയാൽ വിനശ്യതി. മൈത്രീ അപ്രണയാൽ വിനശ്യതി. സമൃദ്ധിഃ അനയാൽ വിനശ്യതി. ധനം പ്രമാദാൽ ത്യാഗാൽ വിനശ്യതി.

നൃപതി=രാജാവു്, ദൌൎമ്മന്ത്ര്യംഹേതുവായിട്ടു്=ദുഷ്ടന്മാരോടുള്ള ആലോചന ഹേതുവായിട്ടു് നശിക്കുന്നു. യതി=സന്യാസി, സംഗംകൊണ്ടു്=സംഭോഗംകൊണ്ടു് നശിക്കുന്നു. സുതൻ=പുത്രൻ, ലാളനം ഹേതുവായിട്ടു്=കളിപ്പിക്കഹേതുവായിട്ടു് നശിക്കുന്നു. വിപ്രൻ=ബ്രാഹ്മണൻ, അനദ്ധ്യയനം ഹേതുവായിട്ടു്=വേദാദ്ധ്യയനം ചെയ്യാത്തതുഹേതുവായിട്ടു് നശിക്കുന്നു. കുലം=കുടുംബം, കുതനയാൽ=ദുഷ്ടപുത്രനാൽ നശിക്കുന്നു. ശീലം=നല്ലശീലം, ഖലോപാസനം ഹേതുവായിട്ടു്-മൂൎഖസംസൎഗ്ഗം ഹേതുവായി നശിക്കുന്നു. ഹ്രീ=ലജ്ജ, മദ്യം ഹേതുവായിട്ടു്=കള്ളു് ഹേതുവായിട്ടു് നശിക്കുന്നു. കൃഷി=വെള്ളാമ, അനവേക്ഷണം ഹേതുവായിട്ടു്=നോക്കാഴികകൊണ്ടു് നശിക്കുന്നു. സ്നേഹം=പ്രീതി, പ്രവാസാശ്രയംകൊണ്ടു്=ദൂരദേശവാസംകൊണ്ടു് നശിക്കുന്നു. മൈത്രീ=ഇഷ്ടം, അപ്രണയം ഹേതുവായിട്ടു്=സ്നേഹമില്ലായ്കഹേതുവായിട്ടു് നശിക്കുന്നു. സമൃദ്ധി=ചെഴിപ്പു്, അനയംകൊണ്ടു്=ഒഴുക്കവെണക്കമില്ലാഴികകൊണ്ടു് നശിക്കുന്നു. ധനം=ദ്രവ്യം, പ്രമാദമായിരിക്കുന്ന=അയോഗ്യമായിരിക്കുന്ന ത്യാഗംകൊണ്ടു്=ചെലവുകൊണ്ടു്, നശിക്കുന്നു.

രാജാവു് ദുഷ്ടന്മാരുടെ(രോടുള്ള) ആലോചനകൊണ്ടും, സന്ന്യാസി സംഭോഗംകൊണ്ടും, പുത്രൻ കളിപ്പിക്കഹേതുവായിട്ടും, ബ്രാഹ്മണൻ വേദാദ്ധ്യയനം ഇല്ലായ്കകൊണ്ടും, കുടുംബം ദുഷ്ടപുത്രൻ നിമിത്തവും, ശീലം മൂർഖസംസർഗ്ഗം ഹേതുവായിട്ടും, ലജ്ജ കള്ളിനാലും, * വെള്ളാമ നോക്കായിക നിമിത്തവും, സ്നേഹം ദൂരദേശവാസംകൊണ്ടും, ഇഷ്ടൻ സ്നേഹമില്ലായ്കയാലും, † ചെഴിപ്പ് ഒഴുക്കവണക്കമില്ലാത്തനിമിത്തവും, ദ്രവ്യം രൂപമില്ലാത്ത ചെലവുകൊണ്ടും നശിക്കുന്നു എന്നു് താൽപര്യം.

ഇന്നയിന്ന ഹേതുക്കളെക്കൊണ്ടു് ദ്രവ്യം നശിച്ചുപോകുമെന്ന മാർഗ്ഗത്തെക്കാണിച്ചു പറയുന്നു:—

ദാനം ഭോഗോ നാശ-
സ്തിസ്രോ ഗതയോ ഭവന്തി വിത്തസ്യ
യോ ന ദദാതി ന ഭുങ്ക്തേ
തസ്യ തൃതീയാ ഗതിർഭവതി. 35

വിത്തസ്യ ദാനം ഭോഗഃ നാശഃ(ഇതി)തിസ്രഃ ഗതയഃ ഭവന്തി. യഃ ന ദദാതി, ന ഭുങ്ക്തേ തസ്യ തൃതീയാ ഗതിഃ ഭവതി.

വിത്തത്തിന്നു്=ദ്രവ്യത്തിന്നു്, ദാനമെന്നും=കൊടുക്കുകയെന്നും, ഭോഗമെന്നും=അനുഭവമെന്നും, നാശമെന്നും=ക്ഷയമെന്നും(ഇങ്ങനെ) തിസ്രഃ=മൂന്നു്, ഗതികൾ=മാർഗ്ഗങ്ങൾ ഭവിക്കുന്നു=ഇരിക്കുന്നു. യാതൊരുത്തൻ=യാതൊരു പുരുഷൻ ദാനം ചെയ്യുന്നില്ലയോ=കൊടുക്കുന്നില്ലയോ, ഭുജിക്കുന്നുമില്ലയോ=അനുഭവിക്കുന്നുമില്ലയോ, അവന്നു്=ആ പുരുഷന്നു്, തൃതീയയായിരിക്കുന്ന=മൂന്നാമത്തേതായിരിക്കുന്ന, ഗതി=മാർഗ്ഗം ഭവിക്കുന്നു=ഉണ്ടാവുന്നു.

ദാനംചെയ്കയെന്നും അനുഭവിക്കയെന്നും ക്ഷയിക്കുകയെന്നും ഇങ്ങനെ മൂന്നു മാർഗ്ഗങ്ങൾ ദ്രവ്യത്തിനുണ്ടായിരിക്കുന്നു. ദാനം ചെയ്യാതേയും അനുഭവിക്കാതേയും ഇരിക്കുന്ന മനുഷ്യന്റെ ആ ദ്രവ്യത്തിന്നു് മൂന്നാമത്തേ മാർഗ്ഗമാകുന്ന ക്ഷയമുണ്ടാവുന്നു.

ഈ ദ്രവ്യംതന്നേ സാരമെന്നു വിചാരിക്കുന്നവരുടെ സ്ഥിതിയെക്കാണിച്ചു പറയുന്നു:—

---

* പ്രാചീനമലയാളപദം. † ചെഴിപ്പ്=ഐശ്വര്യം —തമിഴ്പദം.

മണിഃ ശാണോല്ലീഢഃ സമരവിജയീ
ഹേതിദളിതോ
മദക്ഷീണോ നാഗഃ ശരദി സരിദാ-
ശ്യാനപുളിനാ
കലാശേഷശ്ചന്ദ്രഃ സുരതമൃദിതാ
ബാലവനിതാ
തനിമ്നാ ശോഭന്തേ ഗളിതവിഭവാ-
ശ്ചാൎത്ഥിഷു നരാഃ. 36

ശാണോല്ലീഢഃ മണിഃ, ഹേതിദളിതഃ സമരവിജയീ, മദക്ഷീണഃ നാഗഃ, ശരദി ആശ്യാനപുളിനാ സരിൽ, കലാശേഷഃ ചന്ദ്രഃ, സുരതമൃദിതാ ബാലവനിതാ, അൎത്ഥിഷു ഗളിതവിഭവാഃ നരാഃ ച തനിമ്നാ ശോഭന്തേ.

ശാണോല്ലീഢമായിരിക്കുന്ന=ചാണയ്ക്കു് പിടിക്കപ്പെട്ടിരിക്കുന്ന, മണിയും=രത്നവും, ഹേതിദളിതനായിരിക്കുന്ന=ഹേതിയാൽ-ആയുധത്താൽ, ദളിതനായിരിക്കുന്ന-പിളൎക്കപ്പെട്ടിരിക്കുന്ന, സമരവിജയിയും=യുദ്ധത്തിങ്കൽ ജയത്തോടുകൂടിയിരിക്കുന്ന ശൂരനും, മദക്ഷീണമായിരിക്കുന്ന=മദത്തിനാൽ-മദമുണ്ടായതിനാൽ, ക്ഷീണമായി-കൃശമായിരിക്കുന്ന നാഗവും=ആനയും, ശരൽക്കാലത്തിങ്കൽ=ശരദൃതുവിങ്കൽ, ആശ്യാനപുളിനയായിരിക്കുന്ന=ആശ്യാനങ്ങളായി-അല്പം നനഞ്ഞവകളായിരിക്കുന്ന പുളിനങ്ങളോടു്-മണൽത്തിട്ടകളോടുകൂടിയ സരിത്തും=നദിയും, കലാശേഷനായി=കലയാൽ-ഒരു കലയാൽ, ശേഷനായി-ശിഷ്ടനായിരിക്കുന്ന ചന്ദ്രനും, സുരതമൃദിതയായിരിക്കുന്ന=സുരതത്തിങ്കൽ-ക്രീഡയിങ്കൽ, മൃദിതയായി-മൎദ്ദിക്കപ്പെട്ടിരിക്കുന്ന ബാലവനിതയും=യൌവനസ്ത്രീയും, അൎത്ഥികളിൽ=യാചകന്മാരിൽ, ഗളിതവിഭവന്മാരായിരിക്കുന്ന=ഗളിതങ്ങളായി-കൊടുക്കപ്പെട്ടിരിക്കുന്ന വിഭവങ്ങളോടു്-സമ്പത്തുകളോടു് കൂടിയിരിക്കുന്ന നരന്മാരും=മനുഷ്യരും, തനിമാവുകൊണ്ടു്=അല്പഭാവംകൊണ്ടു് ശോഭിക്കുന്നു=പ്രകാശിക്കുന്നു.

ചാണയ്ക്കു് പിടിച്ചിരിക്കുന്ന മണിയും, ആയുധത്താൽ പിളൎക്കപ്പെട്ടിരിക്കുന്ന യുദ്ധത്തിങ്കൽ ജയത്തോടുകൂടിയ ശൂരനും, മദംപൊട്ടി

ക്ഷീണിച്ചിരിക്കുന്ന ആനയും ശരൽക്കാലത്തുങ്കലല്പം നനഞ്ഞിരിക്കുന്ന മണൽത്തിട്ടകളോടുകൂടിയിരിക്കുന്ന നദിയും, ഒരു കലയോടുകൂടിയ ചന്ദ്രനും, ക്രീഡയിങ്കൽ കശക്കപ്പെട്ടിരിക്കുന്ന യൗവനസ്ത്രീയും, ദ്രവ്യങ്ങളെ യാചകൎക്ക് കൊടുത്തു് ധനങ്ങളില്ലാതായ മനുഷ്യരും അല്പഭാവംകൊണ്ടു് പ്രകാശിക്കുന്നു എന്നു് താല്പൎയ്യം.

മനുഷ്യർ ചെയ്യുന്ന കൎമ്മങ്ങളെക്കൊണ്ടു് അവർ ഗുരുലഘുതകളെ പ്രാപിക്കുന്നു എന്നു് കാണിച്ചു പറയുന്നു:—

പരിക്ഷീണഃ കശ്ചിൽ സ്പൃഹയതി യവാനാം പ്രസൃതയേ
സ പശ്ചാൽ സമ്പൂൎണ്ണഃ കലയതി ധരിത്രീം തൃണസമാം
അതശ്ചാനേകാന്താ ഗുരുലഘുതയാऽൎത്ഥേഷു ധനിനാ-
മവസ്ഥാ വസ്തൂനി പ്രഥയതി ച സങ്കോചയതി ച. 37

കശ്ചിൽ പരിക്ഷീണഃ യവാനാം പ്രസൃതയേ സ്പൃഹയതി. സഃ പശ്ചാൽ സംപൂൎണ്ണഃ ധരിത്രീം തൃണസമാം കലയതി. അതഃ അൎത്ഥേഷു അനേകാന്താ ധനിനാം അവസ്ഥാ ഗുരുലഘുതയാ വസ്തൂനി പ്രഥയതി ച സങ്കോചയതി ച.

കശ്ചിൽ=ധനവാനായിരുന്ന ഒരു പുരുഷൻ, പരിക്ഷീണനായിത്തീൎന്നിട്ടു്=ദരിദ്രനായിത്തീൎന്നിട്ടു് യവങ്ങളുടെ =നെല്ലുകളുടെ പ്രസൃതിക്കായിക്കൊണ്ടു് = ഒരു * ചിറകു നെല്ലിനായിക്കൊണ്ടു്, ഇച്ഛിക്കുന്നു=ആഗ്രഹിക്കുന്നു. അവൻ=ആ പുരുഷൻ, പശ്ചാൽ= അതിന്റെശേഷം, സമ്പൂൎണ്ണനായിട്ടു്=ധനവാനായിത്തീൎന്നിട്ടു്, ധരിത്രിയെ=ഭൂമിയെ, തൃണസമമായിട്ടു്=പുല്ലോടിക്കു് സമാനമായിട്ടു് ചെയ്യുന്നു. അതഃ=അതുഹേതുവായിട്ടു്, അൎത്ഥവിഷയത്തിങ്കൽ, അനേകാന്തയായി=അനേകവിധയായിരിക്കുന്ന ധനികന്മാരുടെ = ദ്രവ്യസ്ഥന്മാരുടെ അവസ്ഥയാകുന്നതു് ഗുരുലഘുതാ കൊണ്ടു്=വലുപ്പച്ചെറുപ്പംകൊണ്ടു്, വസ്തുക്കളെ= പദാൎത്ഥങ്ങളെ, വൃദ്ധിയാക്കുന്നു = വൎദ്ധിപ്പിക്കുന്നു. (കുകയും) സങ്കോചിപ്പിക്കുന്നു= ക്ഷയിപ്പിക്കുന്നു. (കുകയും ചെയ്യുന്നു)

---

* ചിറക്കൈ=ഒരു കൈ. എന്ന തമിഴ്പദത്തിന്റെ പ്രാകൃതമാക്കിയ രൂപമാണിതു്. പ്രസൃതി=ഒരുപിടി എന്നതിനു് ഒരു വാളൻ എന്ന അൎത്ഥത്തിലായിരിക്കണം ഈ പ്രയോഗം. (പ്ര).

ധനവാനായിരുന്നവൻ ദരിദ്രനായിത്തീൎന്നിട്ടു് ഒരു ചിറകു് നെല്ലിനു് ആഗ്രഹിക്കുകയും, പിന്നീടവൻ സമ്പൂൎണ്ണവിഭവനായിത്തീൎന്നിട്ടു് ഭൂമിയെ പുല്ക്കൊടിക്കു സമാനമാക്കിത്തീൎക്കയുംചെയ്യുന്നു. അതെന്തുകൊണ്ടെന്നാൽ, അൎത്ഥവിഷയത്തിങ്കൽ ദ്രവ്യസ്ഥന്മാർ അനേകവിധങ്ങളായിരിക്കുന്ന അവസ്ഥകളുടെ ഗുരുലഘുത്വത്തെക്കൊണ്ടു് വസ്തുക്കളെ വൎദ്ധിപ്പിക്കയും, ക്ഷയിപ്പിക്കയും ചെയ്യുന്നു എന്നു് താല്പൎയ്യം.

ഭൂമിയിങ്കൽനിന്നു് ഫലത്തെ എടുപ്പാനുള്ള അവസ്ഥയെ കുറിച്ചു പറയുന്നു:—

രാജൻ, ദുധുക്ഷസി യദി ക്ഷിതിധേനുമേനാം
തേനാദ്യ വത്സമിവ ലോകമിമം പുഷാണ;
തസ്മിംശ്ച സമ്യഗനിശം പരിപുഷ്യമാണേ
നാനാഫലം ഫലതി കല്പലതേവ ഭൂമിഃ. ൩൮

ഹേ രാജൻ, ത്വം ഏനാം ക്ഷിതിധേനും ദുധുക്ഷസി യദി, തേന അദ്യ അമും ലോകം വത്സം ഇവ പുഷാണ; തസ്മിൻ ച സമ്യഗ് അനിശം പരിപുഷ്യമാണേ സതി ഭൂമിഃ കല്പലതാ ഇവ നാനാഫലാം ഫലതി.

അല്ലയോ രാജാവേ, അങ്ങു് ക്ഷിതിധേനുവിനെ=ഭൂമിയാകുന്ന പശുവിനെ, ദോഹനംചെയ്യണമെന്നു് ഇച്ഛിക്കുന്നുവെങ്കിൽ=കറക്കണമെന്നാഗ്രഹിക്കുന്നുവെങ്കിൽ, അതുകാരണംകൊണ്ടു്, അദ്യ=ഇപ്പോൾ, ഈ ലോകത്തെ=ഈ പ്രജകളെ, വത്സത്തിനെ എന്നപോലെ=കന്നുകുട്ടിയെയെന്നപോലെ, പോഷണംചെയ്താലും=പരിപാലനംചെയ്താലും. അതു്=ആ ലോകം, സമ്യക്കായിട്ടു്=നന്നായിട്ടു്, അനിശം=എപ്പോഴും, പരിപുഷ്യമാണമായിരിക്കുംവിഷയത്തിങ്കൽ=രക്ഷിക്കപ്പെട്ടിരിക്കും വിഷയത്തിങ്കൽ, ഭൂമി=പൃഥിവി, കല്പലത എന്നപോലെ=കല്പകവൃക്ഷത്തിന്റെ ശാഖയെന്നപോലെ, നാനാഫലത്തെ=അനേകങ്ങളായിരിക്കുന്ന പ്രയോജനത്തെ, ഫലിക്കുന്നു=കൊടുക്കുന്നു.

അല്ലയോ രാജാവേ, അങ്ങെയ്ക്കു് ഭൂമിയാകുന്ന പശുവിനെ കറക്കണമെന്നു് ആഗ്രഹമുണ്ടെങ്കിൽ, കന്നുകുട്ടിയെയെന്നപോലെ പ്രജകളെ പാലനംചെയ്താലും. ലോകത്തെ രക്ഷിച്ചു എന്നു വരി

ക്കിൽ കല്പകവൃക്ഷത്തിന്റെ കൊമ്പു് എന്നപോലെ അനേകവിധങ്ങളായിരിക്കുന്ന പ്രയോജനങ്ങളെ ഭൂമി നല്കുന്നു എന്നു് താൽപര്യം.

രാജനീതി ഇന്നിന്നപ്രകാരമിരിക്കുന്നു എന്നുള്ള മാൎഗ്ഗത്തെ ക്കാണിച്ചു പറയുന്നു:—

> സത്യാഽനൃതാ ച പരുഷാ പ്രിയവാദിനീ ച
> ഹിംസ്രാ ദയാലുരപി ചാൎത്ഥപരാ വദാന്യാ
> നിത്യവ്യയാ പ്രചുരനിത്യധനാഗമാ ച
> വാരാംഗനേവ നൃപനീതിരനേകരൂപാ. 39

നൃപനീതിഃ വാരാംഗനാ ഇവ സത്യാ അനൃതാ ച പരുഷാ പ്രിയവാദിനീ ച ഹിംസ്രാ ദയാലുഃ അപി അൎത്ഥപരാ വദാന്യാ അപി നിത്യവ്യയാ പ്രചുരനിത്യധനാഗമാ ച അനേകരൂപാ ഭവതി.

നൃപനീതിയാകുന്നതു്=നൃപന്മാരുടെ-രാജാക്കന്മാരുടെ നീതിയാകുന്നതു്-വൃത്തിയാകുന്നതു്, വാരാംഗന എന്നപോലെ=വേശ്യ എന്നപോലെ, സത്യയായും=യഥാൎത്ഥത്തെ പറയുന്നതായും, അനൃതയായും=അസത്യത്തെ പറയുന്നതായും, പരുഷയായും=കഠിനത്തെപ്പറയുന്നതായും, പ്രിയവാദിനിയായും=ഇഷ്ടംപറയുന്നതായും, ഹിംസ്രയായും=കൊല്ലുന്നതായും, ദയാലുവായും = കാരുണ്യത്തോടുകൂടിയതായും, അൎത്ഥപരയായും=ദ്രവ്യത്തിങ്കൽ ആഗ്രഹമുള്ളതായും, വദാന്യയായും=കൊടുക്കുന്ന ശീലത്തോടു കൂടിയതായും, നിത്യവ്യയയായും=സദാകാലവും ചെലവോടുകൂടിയതായും, പ്രചുരനിത്യധനാഗമയായും = പ്രചുരമായിരിക്കുംവണ്ണം - അധികമായിരിക്കുംവണ്ണം, നിത്യവും-എല്ലാനേരവും, ധനങ്ങളുടെ-ദ്രവ്യങ്ങളുടെ ആഗമത്തോടു് -വരവോടു കൂടിയതായും ഇപ്രകാരം അനേകരൂപയായി=നാനാവിധയായി ഭവിക്കുന്നു=ഇരിക്കുന്നു.

രാജനീതിയെന്നതു് വേശ്യയെപ്പോലെ സത്യത്തെപ്പറയുന്നതായും അസത്യത്തെ പറയുന്നതായും, കഠിനത്തെപ്പറയുന്നതായും ഇഷ്ടത്തെപ്പറയുന്നതായും, കൊല്ലുന്നതായും കാരുണ്യത്തോടുകൂടുന്ന

തായും, ദ്രവ്യത്തിങ്കലാഗ്രഹമുള്ളതായും, ദ്രവ്യത്തെക്കൊടുക്കുന്ന ശീലത്തോടുകൂടിയതായും, സദാകാലവും ചെലവോടുകൂടിയതായും, അധികമായ ദ്രവ്യത്തെ എപ്പോഴും വരുത്തിയുംകൊണ്ടിരിക്കുന്നതായും ഇങ്ങനെ അനേകരൂപങ്ങളായിരിക്കുന്നു എന്നു് താൽപൎയ്യം.

ആജ്ഞാ കീൎത്തിഃ പാലനം ബ്രാഹ്മണാനാം
ദാനം ഭോഗോ മിത്രസംരക്ഷണം ച
യേഷാമേതേ ഷഡ്ഗുണാ ന പ്രവൃത്താഃ
കോഽൎത്ഥസ്തേഷാം പാൎത്ഥിവോപാശ്രയേണ. 40

ഹേ പാൎത്ഥിവ, ആജ്ഞാ കീൎത്തിഃ ബ്രാഹ്മണാനാം പാലനം ദാനം ഭോഗഃ മിത്രസംരക്ഷണം ച ഏതേ ഷഡ്ഗുണാഃ യേഷാം ന പ്രവൃത്താഃ തേഷാം ഉപാശ്രയേണ കഃ അൎത്ഥഃ?

ഹേ പാൎത്ഥിവ=അല്ലയോ രാജാവേ, ആജ്ഞയും=മൎയ്യാദ രക്ഷിക്കുന്നതായിരിക്കുന്ന കല്പനയും, കീൎത്തിയും=ദാനംകൊണ്ടും ശത്രുക്കളെ ജയിക്കുന്നതുകൊണ്ടുമുണ്ടാകുന്ന യശസ്സും, ബ്രാഹ്മണരുടെ പാലനവും=യാതൊരു ഉപദ്രവവും കൂടാതെ ബ്രാഹ്മണരെ തൃപ്തി വരുത്തുന്നതും, ദാനവും=സൽപ്പാത്രത്തിൽ കൊടുക്കുന്നതും, ഭോഗവും=സ്രക്ക് ചന്ദനം മുതലായവകളാലുണ്ടാകുന്ന സൌഖ്യാനുഭവവും, മിത്രസംരക്ഷണവും=ഇഷ്ടന്മാരുടെ പരിപാലനവും, ഏതേ ഷഡ്ഗുണാഃ=ഈ ആറു ഗുണങ്ങളും യാതൊരു രാജാക്കന്മാൎക്ക് ന പ്രവൃത്താഃ=ഉണ്ടാകുന്നില്ലയോ, ആ രാജാക്കന്മാരുടെ ഉപാശ്രയണംകൊണ്ടു്=ആശ്രയംകൊണ്ടു് കഃ അൎത്ഥഃ=എന്തു പ്രയോജനം?

അല്ലയോ രാജാവേ, മൎയ്യാദയെ രക്ഷിക്കുന്ന കല്പനയും, ദാനത്താലും ശത്രുക്കളെ ജയിക്കുന്നതിനാലുമുണ്ടാവുന്ന കീൎത്തിയും, യാതൊരു ഉപദ്രവവും കൂടാതെ ബ്രാഹ്മണരെ തൃപ്തിവരുത്തുന്നതും, പാത്രമറിഞ്ഞു കൊടുക്കുന്നതും, മാലാചന്ദനാദികളാൽ ഉണ്ടാകുന്ന സൌഖ്യാനുഭവവും, ഇഷ്ടന്മാരുടെ പരിപാലനവും ഈ ആറു ഗുണങ്ങളും യാതൊരു രാജാക്കന്മാർ പ്രവൎത്തിക്കുന്നില്ലയോ അവരുടെ ആശ്രയംകൊണ്ടു ഒരു പ്രയോജനവുമില്ലെന്നു് താൽപൎയ്യം.

വിധിച്ചതു ലഭിക്കുമെന്നും വിധിക്കാത്തതു് ലഭിക്കയില്ലെന്നുമുള്ള മാൎഗ്ഗത്തെക്കാണിച്ചു പറയുന്നു;—

യദ്ധാത്രാ നിജഫാലപട്ടലിഖിതം
സ്തോകം മഹദ്വാ ധനം
തൽ പ്രാപ്നോതി മരുസ്ഥലേഽപി നിയതം
മേരൌ ച നാതോഽധികം
തദ്ധീരോ ഭവ വിത്തവത്സു കൃപണാം
വൃത്തിം വൃഥാ മാ കൃഥാഃ
കൂപേ പശ്യ പയോനിധാവപി ഘടോ
ഗൃഹ്ണാതി തുല്യം ജലം. 41

ധാത്രാ സ്തോകം മഹൽ വാ യൽ ധനം നിജഫാലപട്ടലിഖിതം തൽ മരുസ്ഥലേ അപി പ്രാപ്നോതി, നിയതം, മേരൌ ച അതഃ അധികം ന പ്രാപ്നോതി, തൽ ധീരഃ ഭവ, വിത്തവത്സു കൃപണാം വൃത്തിം വൃഥാ മാ കൃഥാഃ; ഘടഃ കൂപേ പയോനിധൌ അപി തുല്യം ജലം ഗൃഹ്ണാതി, പശ്യ.

ധാതാവിനാൽ=ബ്രഹ്മാവിനാൽ, സ്തോകമാകട്ടേ=അല്പമാവട്ടേ, മഹത്താകട്ടേ=അധികമാവട്ടേ, യൽ ധനം=യാതൊരു ദ്രവ്യം, നിജഫാലപട്ടലിഖിതമോ= നിജമായിരിക്കുന്ന - സ്വകീയമായിരിക്കുന്ന ഫാലപട്ടത്തിങ്കൽ-നെററിത്തടത്തിങ്കൽ ലിഖിതമോ-എഴുതപ്പെട്ടതോ, അതിനെ=ആ ധനത്തിനെ, മരുസ്ഥലത്തിങ്കൽപോലും=മരുഭൂമിയിങ്കൽപോലും പ്രാപ്നോതി=പ്രാപിക്കുന്നു; നിയതം=നിശ്ചയം. മേരുവിങ്കൽപോലും=സ്വർണ്ണഗിരിയിങ്കൽപോലും, അതഃ=അതിനെക്കാൾ, അധികം=കൂടുതൽ ന പ്രാപ്നോതി=പ്രാപിക്കുന്നില്ല. അതുകൊണ്ടു് ധീരനായി=മനസ്സുറപ്പോടുകൂടിയവനായി ഭവിച്ചാലും=ഇരുന്നാലും. വിത്തവാന്മാരിങ്കൽ=ദ്രവ്യസ്ഥന്മാരിങ്കൽ കൃപണയായി=ദീനയായിരിക്കുന്ന വൃത്തിയെ=വ്യാപാരത്തെ മാ കൃഥാഃ=ചെയ്യരുതു്. ഘടമാകുന്നതു്=കുടമാകുന്നതു് കൂപത്തിങ്കലും=കിണററിങ്കലും, പയോനിധിയിങ്കലും=സമുദ്രത്തിങ്കലും തുല്യമായി=സമമായിരിക്കുന്ന, ജലത്തെ=വെള്ളത്തെ ഗ്രഹിക്കുന്നു=സ്വീകരിക്കുന്നു.

അല്പമായാലും അധികമായാലും ഇത്രത്തോളം ദ്രവ്യം കിട്ടട്ടേയെന്നു് (ആരുടെ)നെറ്റിത്തടത്തിങ്കൽ ബ്രഹ്മാവിനാലെഴുതപ്പെട്ടുവോ ആ മനുഷ്യൻ കാട്ടുപുല്ലുപോലും മുളയ്ക്കാതെ ചീത്തയായ മരുസ്ഥലത്തു

ചെന്നിരുന്നാലും അവന്ന് ബ്രഹ്മാവു് വിധിച്ച ദ്രവ്യമത്രയും കിട്ടുന്നു. ആ പുരുഷൻ സ്വർണ്ണപർവതത്തിൻെറ മുകളിൽ ചെന്നിരുന്നാലും ബ്രഹ്മാവു വിധിച്ച ദ്രവ്യം അവിടേയും കിട്ടുന്നതല്ലാതെ അധികം ധനം കിട്ടുകയില്ല. ഇതു് നിശ്ചയമാണു്. അതുകൊണ്ടു് മനസ്സുറപ്പോടുകൂടിയിരിക്കതന്നേ. ദ്രവ്യസ്ഥന്മാരുടെ അടുക്കൽ ചെന്നു് ഏഭ്യവൃത്തി പ്രവൎത്തിക്കരുതു്. ഒരു കുടത്തിൽ കിണററിൽനിന്നും സമുദ്രത്തിൽനിന്നും തുല്യമായിരിക്കുന്ന വെള്ളം കൊള്ളുന്നതല്ലാതെ ആ കുടം അധികജലത്തെ സ്വീകരിക്കുന്നില്ല, കണ്ടാലും എന്നു് താൽപൎയ്യം.

ഇതി അൎത്ഥപദ്ധതിഃ.

---

അഥ ദുൎജ്ജനപദ്ധതിഃ.

ഇങ്ങനെ ദ്രവ്യമിടപെട്ടിട്ടുള്ള സ്ഥിതിയെ പറഞ്ഞതിൻെറ ശേഷം ദുൎജ്ജനങ്ങളുടെ അവസ്ഥയെക്കാണിച്ചു പറയുന്നു:—

അകരുണത്വമകാരണവിഗ്രഹഃ
പരധനേ പരയോഷിതി ച സ്പൃഹാ
സുജനബന്ധുജനേഷ്വസഹിഷ്ണുതാ
പ്രകൃതിസിദ്ധമിദം ഹി ദുരാത്മനാം. 42

അകരുണത്വം അകാരണവിഗ്രഹഃ പരധനേ പരയോഷിതി ച സ്പൃഹാ സുജനബന്ധുജനേഷു അസഹിഷ്ണുതാ ഇദം ദുരാത്മനാം പ്രകൃതിസിദ്ധം ഹി.

അകരുണത്വവും=ദുഃഖികളിൽ ദയയില്ലാതേകണ്ടിരിക്കുന്നതും, അകാരണവിഗ്രഹവും=കാരണംകൂടാതെ വിരോധവും, പരധനത്തിങ്കലും=പരദ്രവ്യത്തിങ്കലും, പരയോഷിത്തിങ്കലും=പരസ്ത്രീയിങ്കലും സ്പൃഹയും=ആഗ്രഹവും, സജ്ജനങ്ങളിലും ബന്ധുജനങ്ങളിലും അസഹിഷ്ണുതയും=അസൂയയും, ഇദം=ഇതെല്ലാം ദുരാത്മാക്കൾക്കു്=ദുൎജ്ജനങ്ങൾക്കു് പ്രകൃതിസിദ്ധം ഹി=സ്വഭാവസിദ്ധമായിരിക്കുന്നു.

ദുഃഖിച്ചുംകൊണ്ടിരിക്കുന്ന മനുഷ്യനെക്കുറിച്ചു് ദയയില്ലാതേ കണ്ടിരിക്കുന്നതും, കാരണംകൂടാതേ വിരോധവും, പരദ്രവ്യവും പരസ്ത്രീയും വേണമെന്നിച്ഛിക്കുന്നതും, സജ്ജനങ്ങളിലും ബന്ധുജനങ്ങളിലും അസൂയയും, ഇങ്ങനെയുള്ള ലക്ഷണങ്ങൾ ദുൎജ്ജനങ്ങൾക്കു് സഹജമായിട്ടുള്ളതാകുന്നു എന്നു് താൽപൎയ്യം.

* ജാഡ്യം ഹ്രീമതി ഗണ്യതേ വ്രതരുചൌ
ദംഭഃ ശുചൌ കൈതവം
ശൂരേ നിർഘൃണതാ മുനൌ വിമതിതാ
ദൈന്യം പ്രിയാലാപിനി
തേജസ്വിന്യവലിപ്തതാ മുഖരതാ
വക്തര്യശക്തിഃ സ്ഥിരേ
തൽ കോ നാമ ഗുണോ ഭവേൽ സ ഗുണിനാം
യോ ദുർജ്ജനാനാം മതഃ. 43

ദുർജ്ജനൈഃ ഹ്രീമതി ജാഡ്യം ഗണ്യതേ. വ്രതരുചൌ ദംഭഃ ഗണ്യതേ. ശുചൌ കൈതവം ഗണ്യതേ. ശൂരേ നിർഘൃണതാ ഗണ്യതേ. മുനൌ വിമതിതാ ഗണ്യതേ. പ്രിയാലാപിനി ദൈന്യം ഗണ്യതേ. തേജസ്വിനി അവലിപ്തതാ ഗണ്യതേ. വക്തരി മുഖരിതാ ഗണ്യതേ. സ്ഥിരേ അശക്തിഃ ഗണ്യതേ. തൽ ഗുണിനാം ഗുണഃ ദുർജ്ജനാനാം മതഃ സഃ കഃ നാമ ഭവേൽ.

ദുർജ്ജനങ്ങളാൽ=ദുന്നടത്തക്കാരരാൽ ഹ്രീമാനിൽ=ലജ്ജയോടു കൂടിയിരിക്കുന്ന പുരുഷനിൽ, ജാഡ്യമാകുന്നതു്=മന്ദതയാകുന്നതു്, ഗണിക്കപ്പെടുന്നു=വിചാരിക്കപ്പെടുന്നു. വ്രതരുചിയിങ്കൽ=വ്രതത്തിങ്കൽ-നോമ്പിങ്കൽ, രുചിയോടു്-ഇച്ഛയോടുകൂടിയിരിക്കുന്ന പുരുഷനിൽ ദംഭമെന്നു്=ഗവ്വമെന്നു് ഗണിക്കപ്പെടുന്നു=വിചാരിക്കപ്പെടുന്നു. ശുചിയിങ്കൽ=പരിശുദ്ധപുരുഷനിൽ കൈതവമെന്നു്=വ്യാജമെന്നു് ഗണിക്കപ്പെടുന്നു=വിചാരിക്കപ്പെടുന്നു. ശൂരങ്കൽ=പരാക്രമത്തോടുകൂടിയിരിക്കുന്ന പുരുഷങ്കൽ, നിർഘൃണത=ദയയില്ലായ്മ എന്നു് ഗണിക്കപ്പെടുന്നു=വിചാരിക്കപ്പെടുന്നു. മുനിയിങ്കൽ=മൌനത്തോടുകൂടിയിരിക്കുന്ന പുരുഷങ്കൽ, വിമതിതാ=ബുദ്ധിയില്ലായ്മ എന്നു് ഗണിക്കപ്പെടുന്നു=വിചാരിക്കപ്പെടുന്നു. പ്രിയാലാപിയിങ്കൽ=ഇഷ്ടം പറയുന്ന പുരുഷങ്കൽ ദൈന്യനെന്നു്=ഏഴയെന്നു് ഗണിക്കപ്പെടുന്നു=വിചാരിക്കപ്പെടുന്നു. തേജോവാങ്കൽ=സാമത്ഥ്യവാങ്കൽ അവലിപ്തതയെന്നു്=ഗവ്വഗ്രസ്തതയെന്നു് ഗണിക്കപ്പെടുന്നു=

* [ഈ പദ്യം മുദ്രിതപുസ്തകത്തിൽ ദുർജ്ജനപദ്ധതിയിലെ മൂന്നാംശ്ലോകമായി കാണപ്പെടുന്നു.

വിചാരിക്കപ്പെടുന്നു. വക്താവിങ്കൽ=വ്യവഹാരിയിങ്കൽ, മുഖരത എന്നു്=സദാ അലട്ടുന്നവനെന്നു്,ഗണിക്കപ്പെടുന്നു=വിചാരിക്കപ്പെടുന്നു. സ്ഥിരങ്കൽ=ചലനമില്ലാതിരിക്കുന്ന പുരുഷനിൽ, അശക്തിയെന്നു്=സാമൎത്ഥ്യമില്ലായ്മയെന്നു് ഗണിക്കപ്പെടുന്നു=വിചാരിക്കപ്പെടുന്നു. അതു ഹേതുവായിട്ടു് ഗുണികളുടെ=ഗുണവാന്മാരുടെ, ഗുണമാകുന്നതു്=സ്വഭാവമാകുന്നതു്, ദുൎജ്ജനങ്ങൾക്കു്=ദുഷ്ടന്മാൎക്കു്, മതമായിട്ടുള്ളതു്=ഇഷ്ടമായിട്ടുള്ളതു് - രസിക്കുന്നതായുള്ളതു് ഏതായിട്ടു ഭവിക്കുന്നു?

ദുൎന്നടത്തയിൽ ലജ്ജയോടുകൂടിയിരിക്കുന്ന പുരുഷനെ മന്ദതയുള്ളവനെന്നും, വ്രതത്തിങ്കൽ ആഗ്രഹത്തോടുകൂടിയിരിക്കുന്നവനെ ഗർവ്വുള്ളവനെന്നും, പരിശുദ്ധമനസ്സോടുകൂടിയിരിക്കുന്ന പുരുഷനെ വ്യാജമുള്ളവനെന്നും, പരാക്രമമുള്ള പുരുഷനെ ദയയില്ലാത്തവനെന്നും, മൌനത്തോടുകൂടിയിരിക്കുന്ന പുരുഷനെ ബുദ്ധിയില്ലാത്തവനെന്നും, ഇഷ്ടം പറയുന്ന പുരുഷനെ ഏഴയെന്നും, സാമൎത്ഥ്യമുള്ള പുരുഷനെ ഡംഭനെന്നും, വ്യവഹാരിയായിരിക്കുന്ന പുരുഷനെ എപ്പോഴും അലട്ടുന്നവനെന്നും, ചലനമില്ലാതെയിരിക്കുന്ന പുരുഷനെ സാമൎത്ഥ്യമില്ലാത്തവനെന്നും, ഇങ്ങനെ നല്ല ജനങ്ങളുടെ സ്ഥിതിയെ ദുൎജ്ജനങ്ങൾ വിചാരിക്കുന്നു. എന്നാൽ ദുൎജ്ജനങ്ങൾക്കു് രസിക്കുന്നതായുള്ള അവസ്ഥകൾ യാതൊന്നുമില്ലെന്നു് താൽപൎയ്യം.

എന്തായാലും ദുൎജ്ജനസംസൎഗ്ഗം ഉപേക്ഷിക്കേണമെന്നു് പറയുന്നു:—

ദുൎജ്ജനഃ പരിഹൎത്തവ്യോ വിദ്യയാഽലംകൃതോപി സൻ
മണിനാ ഭൂഷിതഃ സൎപ്പഃ കിമസൌ ന ഭയങ്കരഃ. 44

ദുൎജ്ജനഃ വിദ്യയാ അലങ്കൃതഃ സൻ അപി പരിഹൎത്തവ്യഃ. സൎപ്പഃ മണിനാ ഭൂഷിതഃ അപി അസൌ ഭയങ്കരഃ ന കിം?

ദുൎജ്ജനം=ദുഷ്ടൻ, വിദ്യകൊണ്ടു്=ശാസ്ത്രാഭ്യാസംകൊണ്ടു്, അലങ്കൃതനായിരുന്നാലും=അലങ്കരിക്കപ്പെട്ടിരുന്നാലും, പരിഹൎത്തവ്യൻ =ഏറ്റവും ഉപേക്ഷിക്കപ്പെടുവാൻ യോഗ്യൻ,സൎപ്പം മണികൊണ്ടു്=

നാഗരത്നംകൊണ്ടു് ഭൂഷിതമായിരുന്നാലും = അലങ്കരിക്കപ്പെട്ടിരുന്നാലും ആ സപ്പം ഭയങ്കരനല്ലയോ=ഭയത്തെ ഉണ്ടാക്കുന്നവനല്ലയോ?

നാഗമണികൊണ്ടു് സപ്പം അലങ്കരിക്കപ്പെട്ടിരുന്നാലും ആ സപ്പം ഭയത്തെച്ചെയ്യുന്നില്ലയോ? അതിനാൽ ആ സപ്പത്തോടുള്ള സംസർഗ്ഗം ഉപേക്ഷിക്കുന്നതുപോലെ, ദുഷ്ടനായുള്ളവൻ ശാസ്ത്രങ്ങളെ നല്ലതിൻവണ്ണം അറിഞ്ഞിരുന്നാലും അവൻ ദുർജ്ജനമാകകൊണ്ടു് അവനോടുള്ള സംസഗ്ഗം ഏററവും ഉപേക്ഷിക്കണമെന്നു് താൽപര്യം.

സ്വാഭാവികമായിരിക്കുന്ന സൽക്കമ്മം ഉത്തമമായിരിക്കുന്നു എന്നുള്ള മാഗ്ഗത്തെക്കാണിച്ചു പറയുന്നു:—

ലോഭശ്ചേദഗുണേന കിം പിശുനതാ
യദ്യസ്തി കിം പാതകൈഃ
സത്യം ചേൽ തപസാ ച കിം ശുചി മനോ
യദ്യസ്തി തീത്ഥേന കിം
സൌജന്യം യദി കിം ബലേന മഹിമാ
യദ്യസ്തി കിം മണ്ഡനൈഃ
സദ്വിദ്യാ യദി കിം ധനൈരപയശോ
യദ്യസ്തി കിം മൃത്യുനാ. 45

ലോഭഃ അസ്തി ചേൽ അഗുണേന കിം? പിശുനതാ അസ്തി യദി പാതകൈഃ കിം? സത്യം അസ്തി ചേൽ തപസാ കിം? ശുചി മനഃ അസ്തി യദി തീത്ഥേന കിം? സൌജന്യം അസ്തി യദി ബലേന കിം? മഹിമാ അസ്തി യദി മണ്ഡനൈഃ കിം? സദ്വിദ്യാ അസ്തി യദി ധനൈഃ കിം? അപയശഃ അസ്തി യദി മൃത്യുനാ കിം?

ലോഭം=ലുബ്ധത ഉണ്ടെന്നുവരികിൽ, അഗുണംകൊണ്ടു്= ദുർഗ്ഗുണംകൊണ്ടു് എന്തു്? പിശുനതയാകുന്നതു്=കാണാത്ത സ്ഥലത്തിങ്കൽ പരന്മാരുടെ ദോഷത്തെപ്പറയുന്ന സ്വഭാവം ഉണ്ടെന്നുവരികിൽ, പാതകങ്ങളെക്കൊണ്ടു്=ബ്രഹ്മഹത്യാദിപാപങ്ങളെക്കൊണ്ടു് എന്തു്? സത്യമാകുന്നതു്=സവ്വവസ്തുക്കളിലും സമബുദ്ധിയുണ്ടെന്നുവരികിൽ, തപസ്സുകൊണ്ടു് = വ്രതാനുഷ്ഠാനംകൊണ്ടു്

എന്തു്?. ശുചിയായി=ദ്രോഹവിചാരം കൂടാത്തതായിരിക്കുന്ന മനസ്സുണ്ടെന്നുവരികിൽ, തീൎത്ഥംകൊണ്ടു്=ഗംഗ, പ്രയാഗ മുതലായവയിലുള്ള സ്നാനംകൊണ്ടു് എന്തു്? സൌജന്യം=സജ്ജനങ്ങളുടെ ഭാവം ഉണ്ടെങ്കിൽ, ബലംകൊണ്ടു്=ചതുരംഗസേനകൾകൊണ്ടു് എന്തു്? മഹിമ=മാഹാത്മ്യം ഉണ്ടെന്നുവരികിൽ മണ്ഡനംകൊണ്ടു്=ആഭരണാദ്യലങ്കാരങ്ങളെക്കൊണ്ടു് എന്തു്? സദ്വിദ്യ=നല്ല അറിവു് ഉണ്ടെന്നുവരികിൽ, ധനങ്ങളെക്കൊണ്ടു്=ദ്രവ്യങ്ങളെക്കൊണ്ടു് എന്തു്? അപയശസ്സു്=ദുൎയ്യശസ്സു് ഉണ്ടെന്നുവരികിൽ, മൃത്യുകൊണ്ടു്=മരണംകൊണ്ടെന്തു്?

ദുൎഗ്ഗുണമില്ലാത്തവനായിരുന്നാലും ലുബ്ധനായിരിക്കുന്ന പുരുഷൻ ലോഭമാകുന്ന ദുൎഗ്ഗുണംകൊണ്ടു് സദാ ദുഷ്ടനായിരിക്കുന്നതാകയാൽ ലുബ്ധത ഉണ്ടെന്നുവരികിൽ ദുൎഗ്ഗുണംകൊണ്ടും, കാണാത്തസ്ഥലത്തുവെച്ചു് പരന്മാരുടെ ദോഷം പറയുന്ന സ്വഭാവമുണ്ടെങ്കിൽ പാതകങ്ങളെക്കൊണ്ടും, സൎവ്വവസ്തുക്കളിലും സമബുദ്ധിയുണ്ടെന്നുവരികിൽ വ്രതാനുഷ്ഠാനംകൊണ്ടും, ദ്രോഹവിചാരംകൂടാതെയിരിക്കുന്ന മനസ്സുണ്ടെങ്കിൽ ഗംഗാസ്നാനംകൊണ്ടും, സജ്ജനങ്ങളുടെ സ്വഭാവമുണ്ടെങ്കിൽ ചതുരംഗസേനകൾകൊണ്ടും, മാഹാത്മ്യമുണ്ടെങ്കിൽ ആഭരണാദ്യലങ്കാരങ്ങളെക്കൊണ്ടും, നല്ല അറിവുണ്ടെങ്കിൽ ദ്രവ്യങ്ങളെക്കൊണ്ടും, ദുഷ്കീൎത്തിയുണ്ടെങ്കിൽ മരണംകൊണ്ടും യാതൊരു ഫലവുമില്ല. അതിനാൽ സജ്ജനമെന്ന പേർ കേൾക്കുന്നതിനു് എത്രയും പ്രയാസപ്പെടണമെന്നും, ദുൎജ്ജനമെന്നു് എളുപ്പത്തിൽ പേരുകേൾക്കാമെന്നും താൽപൎയ്യം.

ദുൎജ്ജനസ്വഭാവത്തോടുകൂടി ദുൎജ്ജനസ്ഥിതിക്കു് സമാനമായിരിക്കുന്ന ചില അവസ്ഥകളേയും പറയുന്നു:—

ശശീ ദിവസധൂസരോ ഗളിതയൌവനാ കാമിനീ
സരോ വിഗതവാരിജം മുഖമനക്ഷരം സ്വാകൃതേഃ
പ്രഭുൎദ്ധനപരായണഃ സതതദുൎഗ്ഗതിഃ സജ്ജനോ
നൃപാങ്കണഗതഃ ഖലോ മനസി സപ്തശല്യാനി മേ. 46

ദിവസധൂസരഃ ശശീ, ഗളിതയൌവനാ കാമിനീ, വിഗതവാരിജം സരഃ, സ്വാകൃതേഃ അനക്ഷരം മുഖം, ധനപരായണഃ പ്രഭുഃ,

സതതദുർഗ്ഗതിഃ സജ്ജനഃ, നൃപാങ്കണഗതഃ ഖലഃ സപ്ത മേ മനസി ശല്യാനി ഭവന്തി.

ദിവസധൂസരനായി=ദിവസത്തിങ്കൽ-പകൽ, ധൂസരനായി-തേജസ്സില്ലാതെയിരിക്കുന്ന ശശിയും=ചന്ദ്രനും, ഗളിതയൌവനയായി=യൌവനം കഴിഞ്ഞിരിക്കുന്നവളായ കാമിനിയും=സ്ത്രീയും, വിഗതവാരിജമായിരിക്കുന്ന=വിഗതമായി-പോയിരിക്കുന്ന വാരിജത്തോടു-താമരപ്പൂവോടുകൂടിയിരിക്കുന്ന സരസ്സും=കുളവും, സ്വാകൃതിയുടെ=സുന്ദരപുരുഷൻെറ അനക്ഷരമായി=വിദ്യാഭ്യാസം കൂടാതെയിരിക്കുന്ന മുഖവും, ധനപരായണനായി=ധനലുബ്ധനായിരിക്കുന്ന പ്രഭുവും=രാജാവും, സതതദുൎഗ്ഗതനായി=എന്നും ദരിദ്രനായിരിക്കുന്ന സജ്ജനവും=വിദ്വജ്ജനവും, നൃപാങ്കണഗതനായി=നൃപാങ്കണത്തെ-രാജഗൃഹത്തെ ഗതനായി-പ്രാപ്തനായിരിക്കുന്ന ഖലനും=ദുൎജ്ജനവും, ഈ ഏഴവസ്ഥയും എൻെറ മനസ്സിൽ ശല്യങ്ങളായി=സഹിപ്പാൻ പാടില്ലാത്ത ദുഃഖത്തെ ഉണ്ടാക്കുന്നവയായി ഭവിക്കുന്നു=ഇരിക്കുന്നു.

ചന്ദ്രൻ പകൽ പ്രകാശമില്ലാതേയിരിക്കുന്നതും, സ്ത്രീകൾക്ക് യൌവനം മാറുന്നതും, കുളത്തിങ്കൽ താമരയില്ലാതേയിരിക്കുന്നതും, പുരുഷന്മാൎക്ക് അറിവില്ലാതേയിരിക്കുന്നതും, രാജാവ് അൎത്ഥത്തിങ്കൽ ആഗ്രഹത്തോടുകൂടിയിരിക്കുന്നതും വിദ്വാന്മാർ എപ്പോഴും ദാരിദ്ര്യത്തോടുകൂടിയിരിക്കുന്നതും, രാജസമീപത്തിങ്കൽ ദുൎജ്ജനങ്ങൾ സഹവാസം ചെയ്യുന്നതും, ഈ ഏഴവസ്ഥയും എൻെറ മനസ്സിന് സഹിപ്പാൻ പാടില്ലാത്ത ദുഃഖത്തെ ചെയ്യുന്നു എന്ന് താൽപൎയ്യം.

രാജാവിന് സകലജനങ്ങളും ഒന്നുപോലെയാകുന്നു എന്നുള്ള മാൎഗ്ഗത്തെക്കാണിച്ചു പറയുന്നു:—

ന കശ്ചിൽ ചണ്ഡകോപാനാമാത്മീയോ നാമ ഭൂഭുജാം
ഹോതാരമപി ജുഹ്വാനം സ്പൃഷ്ടോ ദഹതി പാവകഃ. 47

ചണ്ഡകോപാനാം ഭൂഭുജാം ആത്മീയഃ നാമ കശ്ചിൽ ന. പാവകഃ ഹോതാരം ജുഹ്വാനം അപി സ്പൃഷ്ടഃ ദഹതി.

ചണ്ഡകോപന്മാരായി=കഠിനമായ ദേഷ്യത്തോടുകൂടിയിരിക്കുന്ന, ഭൂഭുക്കുകൾക്ക്=രാജാക്കന്മാൎക്ക്, ആത്മീയനെന്നിങ്ങനെ

പ്രസിദ്ധനായിട്ട് ഒരുത്തനുമില്ല. എങ്ങനെയെങ്കിലും, പ്രയാസപ്പെട്ടിട്ടെങ്കിലും ആശ്രയിച്ചാൽ അല്പമെങ്കിലും ക്രുരുണ്ടാവുകയില്ലയോ എന്ന് സംശയിക്കുന്നതായിരുന്നാൽ അതിന് ദൃഷ്ടാന്തം പറയുന്നു. പാവകഃ=അഗ്നി, ഹോതാവിനേയും=യജമാനനേയും, ജുഹ്വാവിനേയും=നെയ്യ്, ഹവിസ്സ് മുതലായ ഹോമദ്രവ്യങ്ങളെക്കൊണ്ട് ശുശ്രൂഷിക്കുന്നവനേയും, സ്പൃഷ്ടനായാൽ=സ്പർശിക്കപ്പെട്ടാൽ ദഹിക്കുന്നു=ചുടുന്നു.

കഠിനകോപത്തോടുകൂടിയിരിക്കുന്ന രാജാക്കന്മാൎക്ക് തങ്ങടെ മനുഷ്യനെന്നിങ്ങനെ പ്രസിദ്ധനായിട്ടൊരുത്തനുമില്ല. ആ രാജാവിനെ പ്രയാസപ്പെട്ടെങ്കിലും ആശ്രയിച്ചാൽ ക്രുരുണ്ടാവുകയില്ലയോ എന്ന് സംശയിക്കുന്നതായിരുന്നാൽ അതിന് ദൃഷ്ടാന്തം പറയുന്നു. ഹോമകൎത്താവിനും, നെയ്യ്, ഹവിസ്സ് മുതലായ ഹോമദ്രവ്യങ്ങളെക്കൊണ്ട് ശുശ്രൂഷചെയ്യുന്നവനും, അഗ്നിയെത്തൊട്ടാൽ ചുടുന്നതുപോലെ എങ്ങനെതന്നെ ആശ്രയിച്ചാലും, ദുഷ്ടശീലത്തോടുകൂടിയിരിക്കുന്ന രാജാവിന്റെ ക്രുരു് ലഭിക്കയില്ലെന്നു താല്പൎയ്യം.

മൌനാന്മൂകഃ പ്രവചനപടുൎവ്വാചകോ ജല്പകോ വാ
ധൃഷ്ടഃ പാൎശ്വേ ഭവതി ച വസൻ ദൂരതോഽപ്യപ്രഗല്ഭഃ
ക്ഷാന്ത്യാ ഭീരുൎയ്യദി ന സഹതേ പ്രായശോ നാഭിജാതഃ
സേവാധൎമ്മഃ പരമഗഹനോ യോഗിനാമപ്യഗമ്യഃ. 48

മൌനാൽ സേവകഃ മൂകഃ ഭവതി. പ്രവചനപടുഃ വാചകഃ ജല്പകഃ വാ ഭവതി. പാൎശ്വേ വസൻ ധൃഷ്ടഃ ഭവതി. ദൂരതഃ വസൻ അപി അപ്രഗല്ഭഃ ഭവതി. ക്ഷാന്ത്യാ ഭീരുഃ ഭവതി. ന സഹതേ യദി പ്രായശഃ അഭിജാതഃ ന ഭവതി. അതഃ പരമഗഹനഃ സേവാധൎമ്മഃ യോഗിനാം അപി അഗമ്യഃ ഭവതി.

മൌനം ഹേതുവായിട്ട്=മിണ്ടാതെ ഇരിക്കുന്നതു ഹേതുവായിട്ട്, സേവകൻ മൂകനായിട്ട്=ഊമനായിട്ട് ഭവിക്കുന്നു. പ്രവചനപടുവായിരിക്കുന്നവൻ =വാക്സാമൎത്ഥ്യമുള്ളവൻ, വാചകനായിട്ടും= അലട്ടുന്നവനായിട്ടും, ജല്പകനായിട്ടും = അസംബന്ധപ്രലാപിയായിട്ടും ഭവിക്കുന്നു=തീരുന്നു. പാൎശ്വത്തിങ്കൽ=സമീപത്തിങ്കൽ വസിക്കുന്നവൻ=നില്ക്കുന്നവൻ, ധൃഷ്ടനായിട്ടും = പേടികൂടാത്തവനായിട്ടും

ഭവിക്കുന്നു=തീരുന്നു. ദൂരതഃ=ദൂരത്തിങ്കൽ വസന്നായിരുന്നാലും= നിന്നിരുന്നാലും, അപ്രഗൽഭനായി=ധൈര്യ്യമില്ലാത്തവനായി ഭവിക്കുന്നു=തീരുന്നു. ക്ഷാന്തികൊണ്ടു് = കോപിക്കേണ്ട കാര്യ്യത്തിൽ ക്ഷമിക്കകൊണ്ടു് ഭീരുവായി=പേടിയോടുകൂടിയവനായി ഭവിക്കുന്നു= തീരുന്നു. സഹിപ്പാൻ പാടില്ലാത്ത കാര്യ്യങ്ങളിൽ സഹിക്കുന്നില്ലെങ്കിൽ പ്രായശഃ=ഏകദേശമൊക്കെ, അഭിജാതനല്ലാത്തവനായി നല്ല വാലിയക്കാരനല്ലാത്തവനായി ഭവിക്കുന്നു=തീരുന്നു. അതഃ=അതു കാരണത്താൽ, പരമഗഹനമായി=വൻകാടുപോലിരിക്കുന്ന, സേവാധർമ്മം=സേവകപ്രവൃത്തി, യോഗികൾക്കുപോലും=ഭൂതഭവിഷ്യദ്വർത്തമാനകാലങ്ങളിലുണ്ടാവുന്ന കാര്യ്യങ്ങളെ അറിഞ്ഞു പ്രവർത്തിക്കുന്നവർക്കുപോലും അഗമ്യമായി=വളരെ പ്രയാസമായി ഭവിക്കുന്നു=തീരുന്നു.

മിണ്ടാതെ ഇരിക്കകൊണ്ടു് ശുശ്രൂഷക്കാരൻ ഊമനെന്നും, വാക്സാമർത്ഥ്യമുള്ളവനായിരുന്നാൽ അലട്ടുകയും അസംബന്ധം പറയുകയും ചെയ്യുന്നവനെന്നും, സമീപത്തു നിന്നാൽ പേടികൂടാതിരിക്കുന്നവനെന്നും, ദൂരെനിന്നാൽ ധൈര്യ്യമില്ലാത്തവനെന്നും, കോപിക്കേണ്ട കാര്യ്യത്തിൽ ക്ഷമിച്ചാൽ ഭയന്നവനെന്നും, സഹിപ്പാൻ പാടില്ലാത്ത കാര്യ്യങ്ങളിൽ സഹിക്കുന്നില്ലെങ്കിൽ ഏകദേശമെങ്കിലും പാരമ്പര്യ്യക്കാരനല്ലെന്നും തീരുന്നു. ഇതിന്മണ്ണമൊക്കയും വൻകാടുപോലിരിക്കുന്ന സേവകവൃത്തി ഭൂതഭവിഷ്യദ്വർത്തമാനകാലങ്ങളിലുണ്ടാകുന്ന കാര്യ്യങ്ങളെ അറിഞ്ഞു പ്രവർത്തിക്കുന്ന യോഗികൾക്കുപോലും പ്രയാസമായിട്ടു് തീരുന്നു എന്നു് താൽപര്യ്യം.

ഉദ്ഭാസിതാഖിലഖലസ്യ വിശൃംഖലസ്യ
പ്രോദ്ഗാഢവിസ്മൃതനിജാധമകർമ്മവൃത്തേഃ
ദൈവാദവാപ്തവിഭവസ്യ ഗുണദ്വിഷോഽസ്യ
നീചസ്യ ഗോചരഗതൈഃ സുഖമാസ്യതേ കൈഃ. 49

ഉദ്ഭാസിതാഖിലഖലസ്യ വിശൃംഖലസ്യ പ്രോദ്ഗാഢവിസ്മൃതനിജാധമകർമ്മവൃത്തേഃ ദൈവാൽ അവാപ്തവിഭവസ്യ ഗുണദ്വിഷഃ അസ്യ നീചസ്യ ഗോചരഗതൈഃ കൈഃ സുഖം ആസ്യതേ?

ഉദ്ഭാസിതാഖിലഖലനായും=ഉദ്ഭാസിതന്മാരായി–പ്രകാശിക്കപ്പെട്ടവരായി – ഉദ്യോഗത്തിൽ വെയ്ക്കപ്പെട്ടവരായിരിക്കുന്ന

അഖിലഖലന്മാരോടും = സർവ്വദുർജ്ജനങ്ങളോടുകൂടിയും, വിശൃംഖലനായും=ഹീനകർമ്മാചരണങ്ങളിൽ തടവില്ലാത്തവനായും, പ്രൌഢഗാഢവിസ്മൃതനിജാധമകർമ്മവൃത്തിയായും=പ്രൌഢഗാഢം- ഏറ്റവും വിസ്മൃതമായി-മറക്കപ്പെട്ടിരിക്കുന്ന നിജമായി സ്വകീയമായിരിക്കുന്ന അധമകർമ്മവൃത്തിയോടു്-ചീത്തയായിട്ടുള്ള കാര്യപ്രവൃത്തിയോടു കൂടിയവനായും, ദൈവംഹേതുവായിട്ടു്=ഭാഗ്യംഹേതുവായിട്ടു് അവാപ്തവിഭവനായും=സമ്പത്തോടുകൂടിയവനായും, ഗുണദ്വിട്ടായും=നല്ല ഗുണങ്ങളെ നിന്ദിക്കുന്നവനായും, അസ്യ=മേൽപ്രകാരമുള്ള, നീചന്റെ=ദുഷ്ടനായിരിക്കുന്ന ഭൂമിപന്റെ, ഗോചരഗതരായി=ദൃഷ്ടിയിൽ എത്തിയവരായി-രാജ്യത്തിൽ വസിക്കുന്നവരായിരിക്കുന്ന കൈഃ=ഏവരാൽത്തന്നെ സുഖം=സൌഖ്യമായി, ആസ്യതേ=സ്ഥിതിചെയ്യപ്പെടുന്നു?

ഉദ്യോഗത്തിൽ വയ്ക്കപ്പെട്ടിരിക്കുന്ന സകല ദുർജ്ജനങ്ങളോടു കൂടിയവനായും, ഹീനകർമ്മാചരണങ്ങളിൽ തടവില്ലാത്തവനായും, ഏററവും മറക്കപ്പെട്ടിട്ടുള്ള സ്വകീയമായി ചീത്തയായിരിക്കുന്ന കാര്യപ്രവൃത്തിയോടുകൂടിയവനായും, ഭാഗ്യം ഹേതുവായിട്ടു് സമ്പത്തോടുകൂടിയവനായും, നല്ല ഗുണങ്ങളെ നിന്ദിക്കുന്നവനായും ഇരിക്കുന്ന ആ ദുഷ്ടശീലമുള്ള ഭൂമിപാലന്റെ രാജ്യത്തിൽ വസിക്കുന്നവരിൽ ഏവൻതന്നെ സൌഖ്യമായി പാർക്കുന്നു? ഒരുത്തനുമില്ലെന്നു താൽപര്യം.

ആരംഭഗുർവ്വീ ക്ഷയിണീ ക്രമേണ
ലഘ്വീ പുരാ വൃദ്ധിമതീ ച പശ്ചാൽ
ദിനസ്യ പൂർവ്വാർദ്ധപരാർദ്ധഭിന്നാ
ഛായേവ മൈത്രീ ഖലസജ്ജനാനാം. 50

ഖലസജ്ജനാനാം മൈത്രീ ദിനസ്യ പൂർവ്വാർദ്ധപരാർദ്ധഭിന്നാ ഛായാ ഇവ ആരംഭഗുർവ്വീ ക്രമേണ ക്ഷയിണീ ച, പുരാ ലഘ്വീ പശ്ചാൽ വൃദ്ധിമതീ ച ഭവതി.

ഖലസജ്ജന (ന്മാരുടെ? ങ്ങളുടെ)=ഖലന്മാരുടേയും ദുഷ്ടന്മാരുടേയും, സജ്ജനങ്ങളുടേയും-നല്ലജനങ്ങളുടേയും, മൈത്രീ=സ്നേഹം,

ദിനത്തിൻെറ=പകലിൻെറ, പൂൎവ്വാൎദ്ധപരാൎദ്ധഭിന്നയായി=പൂൎവ്വാൎദ്ധഭിന്നയായും പരാൎദ്ധഭിന്നയായും-ഉച്ചയ്ക്കുമുമ്പിലും ഉച്ചതിരിഞ്ഞതിൽപിന്നെയുമുള്ളതായും ഇരിക്കുന്ന, ഛായയെ=നിഴലിനെയെന്നപോലെ, ആരംഭഗുൎവ്വിയായും=ആരംഭത്തിൽ-തുടങ്ങുംപോൾ, ഗുൎവ്വിയായും-വലുതായും ക്രമംകൊണ്ടു് ക്ഷയിണിയായും=കുറയുന്നതായും, പുരാ=മുമ്പു്, ലഘ്വിയായും=അല്പമായും, പശ്ചാൽ=പിന്നീടു് വൃദ്ധിമതിയായും=അധികമായും ഭവിക്കുന്നു=തീരുന്നു.

പകൽ, ഉച്ചയ്ക്കുമുമ്പുള്ള നിഴൽ ക്രമംകൊണ്ടു കുറഞ്ഞു കുറഞ്ഞു വരുന്നതുപോലെ ദുഷ്ടന്മാരോടുള്ള സ്നേഹം ഒന്നിനൊന്നു് ക്ഷയിച്ചു ക്ഷയിച്ചു വരികയും, ഉച്ചതിരിഞ്ഞതിൻെറ ശേഷമുള്ള ഛായ ക്രമത്തിൽ കൂടിവരുന്നതുപോലെ നല്ല ജനങ്ങളോടുള്ള സ്നേഹം മേലും വൎദ്ധിച്ചു വൎദ്ധിച്ചു വരികയും ചെയ്യുന്നു. എന്നാലതിൽ ദുഷ്ടന്മാരുടെ സ്നേഹം ആദ്യം അധികമായിട്ടും പിന്നീടു് കുറവായും നല്ല ജനങ്ങളുടെ സ്നേഹം ആരംഭത്തിൽ കുറഞ്ഞും പിന്നത്തതിൽ അധികമായും തീരുന്നു എന്നു് താൽപൎയ്യം.

മൃഗമീനസജ്ജനാനാം
തൃണജലസന്തോഷവിഹിതവൃത്തീനാം
ലുബ്ധകധീവരപിശുനാ.
നിഷ്കാരണമേവ വൈരിണോ ജഗതി. 51

തൃണജലസന്തോഷവിഹിതവൃത്തീനാം മൃഗമീനസജ്ജനാനാം ലുബ്ധകധീവരപിശുനാഃ ജഗതി നിഷ്കാരണം ഏവ വൈരിണഃ ഭവന്തി.

തൃണജലസന്തോഷവിഹിതവൃത്തികളായി=തൃണം-പുല്ലുകൊണ്ടും ജലം-വെള്ളംകൊണ്ടും സന്തോഷം-മോദംകൊണ്ടും വിഹിതയായി - ചെയ്യപ്പെട്ടിരിക്കുന്ന വൃത്തിയോടു്-ജീവനത്തോടുകൂടിയിരിക്കുന്ന, മൃഗമീനസജ്ജനങ്ങൾക്കു്=മൃഗങ്ങൾക്കും-മാൻ തുടങ്ങിയുള്ള ജന്തുക്കൾക്കും, മീനങ്ങൾക്കും-മത്സ്യങ്ങൾക്കും, സജ്ജനങ്ങൾക്കും-നല്ല ജനങ്ങൾക്കും, ലുബ്ധകധീവരപിശുനന്മാർ=ലുബ്ധകന്മാരും-കാട്ടാളന്മാരും ധീവരന്മാരും-വല വീശുന്നവരും, പിശുനന്മാരും-

ദൂഷ്യം പറയുന്നവരും, ജഗത്തിങ്കൽ=ലോകത്തിങ്കൽ, നിഷ്കാരണം തന്നെ=കാരണംകൂടാതെതന്നെ, വൈരികളായിട്ടു്=ശത്രുക്കളായിട്ടു് ഭവിക്കുന്നു=തീരുന്നു.

പുല്ലു് ഭക്ഷിച്ചു് ഉപജീവനം കഴിച്ചുംകൊണ്ടു് കാട്ടിൽ കിടക്കുന്ന മൃഗങ്ങൾക്കു് കാട്ടാളന്മാരും, വെള്ളത്തിൽക്കിടന്നു് ഉപജീവനം കഴിക്കുന്ന മത്സ്യങ്ങൾക്കു് വല വീശുന്നവരും, അറിവാലുണ്ടായ സന്തോഷംകൊണ്ടു് ആനന്ദചിത്തന്മാരായിരിക്കുന്ന നല്ല ജനങ്ങൾക്കു് ദൂഷ്യം പറയുന്നവരും യാതൊരു കാരണവുംകൂടാതെ വിരോധികളായി തീരുന്നു എന്നു് താല്പൎയ്യം.

ഇതി ദുൎജ്ജനപദ്ധതിഃ സമാപ്താ.

---

### അഥ സുജനപദ്ധതിഃ.

ഇങ്ങനെ ദുൎജ്ജനങ്ങളുടെ അവസ്ഥ പറഞ്ഞതിനുശേഷം നല്ല ജനങ്ങളുടെ സ്ഥിതിയെക്കാണിച്ചു് പറയുന്നു:—

വാഞ്ഛാ സജ്ജനസംഗമേ, പരഗുണേ
പ്രീതിൎഗ്ഗുരൌ നമ്രതാ,
വിദ്യായാം വ്യസനം, സ്വയോഷിതി രതിർ-
ലോകാപവാദാദ് ഭയം,
ഭക്തിഃ ശൂലിനി, ശക്തിരാത്മദമനേ,
സംസൎഗ്ഗമുക്തിഃ ഖലൈ-
രേതേ യേഷു വസന്തി നിൎമ്മലഗുണാ-
സ്തേഭ്യോ മഹദ്ഭ്യോ നമഃ. 52

സജ്ജനസംഗമേ വാഞ്ഛാ, പരഗുണേ പ്രീതിഃ, ഗുരൌ നമ്രതാ, വിദ്യായാം വ്യസനം, സ്വയോഷിതി രതിഃ, ലോകാപവാദാൽ ഭയം, ശൂലിനി ഭക്തിഃ, ആത്മദമനേ ശക്തിഃ, ഖലൈഃ സംസൎഗ്ഗമുക്തിഃ ഏതേ നിൎമ്മലഗുണാഃ യേഷു വസന്തി തേഭ്യഃ മഹദ്ഭ്യഃ നമഃ.

സജ്ജനസംഗമത്തിങ്കൽ=നല്ല ജനങ്ങളുടെ സംസൎഗ്ഗത്തിങ്കൽ, വാഞ്ഛയും=ആഗ്രഹവും, പരഗുണത്തിങ്കൽ = അന്യജനങ്ങളുടെ ശ്രേയസ്സിങ്കൽ പ്രീതിയും=സന്തോഷവും, ഗുരുവിങ്കൽ=ആചാൎയ്യങ്കൽ,

നമ്രതയും=വണക്കവും, വിദ്യയിങ്കൽ=വേദാന്തം മുതലായ ശാസ്ത്രാഭ്യാസത്തിങ്കൽ വ്യസനവും=അധികതാൽപര്യവും, സ്വയോഷിത്തിങ്കൽ=തന്റെ ഭാര്യയിങ്കൽ രതിയും=സംഭോഗവും, ലോകാപവാദത്തിങ്കൽ=ലോകനിന്ദയിങ്കൽ ഭയവും=ഭീതിയും, ശൂലിയിങ്കൽ=ശിവങ്കൽ ഭക്തിയും=വിശ്വാസവും, ആത്മദമനവിഷയത്തിങ്കൽ=തനിക്കവമാനം വരുന്ന സംഗതിയിങ്കൽ ശക്തിയും=സാമർത്ഥ്യവും, ഖലന്മാരോട്=ദുഷ്ടന്മാരോട്, സംസർഗ്ഗമുക്തിയും=സംസർഗ്ഗമില്ലാതിരിക്കയും, ഏതേ=ഈ നിർമ്മലഗുണങ്ങൾ = നിഷ്കളങ്കഗുണങ്ങൾ, യാതൊരുത്തരിൽ=ഏതു മനുഷ്യരിൽ വസിക്കുന്നുവോ=ഇരിക്കുന്നുവോ, അവർക്കായിക്കൊണ്ട്=ആ മനുഷ്യർക്കായിക്കൊണ്ട് നമസ്കാരത്തെച്ചെയ്യുന്നു=വന്ദനത്തെച്ചെയ്യുന്നു.

നല്ല ജനങ്ങളുടെ സഹവാസത്തിങ്കൽ ആഗ്രഹവും, മററുള്ളവരുടെ ശ്രേയസ്സിങ്കൽ പ്രീതിയും, ഗുരുഭൂതന്മാരിൽ വണക്കവും, വേദാന്താദിശാസ്ത്രാഭ്യാസത്തിങ്കൽ അധികതാല്പര്യവും, തൻെറ ഭാര്യയോടു സംഭോഗവും, ലോകർ നിന്ദിക്കുമെന്നുള്ള അവസ്ഥയിൽ ഭയവും, ശ്രീപരമേശ്വരങ്കൽ ഭക്തിയും, തനിക്കവമാനം വരുത്തുന്ന അവസ്ഥയിങ്കൽ സാമർത്ഥ്യവും, ദുഷ്ടന്മാരോട് സഹവാസമില്ലാതിരിക്കുന്നതും ഇങ്ങനെയുള്ള കളങ്കരഹിതമായ ഗുണങ്ങൾ യാതൊരുത്തൎക്ക് ഉണ്ടായിരിക്കുന്നുവോ ആ മനുഷ്യർക്കായിട്ട് വന്ദനം ചെയ്യുന്നു എന്ന് താൽപര്യം.

വിപദിധൈര്യമഥാഭ്യുദയേ ക്ഷമാ
സദസി വാക്പടുതാ യുധി വിക്രമഃ
യശസി ചാഭിരതിർവ്യസനം ശ്രുതൌ
പ്രകൃതിസിദ്ധമിദം ഹി മഹാത്മനാം. 53

വിപദി ധൈര്യം, അഥ അഭ്യുദയേ ക്ഷമാ, സദസി വാക്പടുതാ, യുധി വിക്രമഃ, യശസി അഭിരതിഃ, ശ്രുതൌ വ്യസനം ച, ഇദം മഹാത്മനാം പ്രകൃതിസിദ്ധം ഹി.

വിപത്തിങ്കൽ=ആപത്തിങ്കൽ ധൈര്യവും=ഇളക്കമില്ലാത്ത സ്ഥിതിയും, അഥ=പിന്നെ, അഭ്യുദയത്തിങ്കൽ=ഐശ്വര്യവൃദ്ധിയിങ്കൽ ക്ഷമയും=ക്രമവും, സദസ്സിങ്കൽ=നല്ല ജനങ്ങളുടെ സഭയിങ്കൽ,

160557
36837
015:1D65:4
UNIVERSITY L
6- NOV 1955
MUL
160557

വാക്പടുതയും = വാക്സാമൎത്ഥ്യവും, യുദ്ധത്തിങ്കൽ = സമരത്തിങ്കൽ വിക്രമവും=പരാക്രമവും, യശസ്സിങ്കൽ=കീൎത്തിയിങ്കൽ അഭിരതിയും=ഇച്ഛയും, ശ്രുതിയിങ്കൽ=വേദശാസ്ത്രാഭ്യാസത്തിങ്കൽ വ്യസനവും=ആസക്തിയും-അധികതാൽപൎയ്യവും, ഇദം=ഇപ്രകാരമുള്ള ഗുണങ്ങൾ മഹത്തുക്കൾക്ക്=മഹാനുഭാവന്മാൎക്ക് പ്രകൃതിസിദ്ധം ഹി=സ്വഭാവസിദ്ധമാകുന്നു.

ആപത്തു വരുമ്പോൾ ഇളക്കമില്ലാത്ത സ്ഥിതിയും, പിന്നെ വളരെ ഐശ്വൎയ്യമുണ്ടാകുമ്പോൾ ഇളകാതെ ക്രമമായിട്ടുള്ള ഇരിപ്പും, നല്ല ജനങ്ങളുടെ സഭയിങ്കൽ വാക്സാമൎത്ഥ്യവും, യുദ്ധത്തിങ്കൽ പരാക്രമവും, കീൎത്തിയിങ്കൽ ആഗ്രഹവും, വേദാഭ്യാസത്തിങ്കൽ അധികതാൽപൎയ്യവും, ഇങ്ങനെയുള്ള ഗുണങ്ങൾ മഹാനുഭാവന്മാൎക്ക് സഹജമായിട്ടുള്ളതാകുന്നു എന്നു് താൽപൎയ്യം.

മനുഷ്യരുടെ ശരീരത്തിലുള്ള ഇന്നയിന്ന അവയവങ്ങൾക്ക് ഇന്നതെല്ലാമലങ്കാരമാകുന്നു എന്നു് പറയുന്നു:—

കരേ ശ്ലാഘ്യസ്ത്യാഗഃ ശിരസി ഗുരുപാദപ്രണയിതാ
മുഖേ സത്യാ വാണീ വിജയി ഭുജയോൎവ്വീൎയ്യമതുലം
ഹൃദി സ്വച്ഛാ വൃത്തിഃ ശ്രുതമധിഗതം ച ശ്രവണയോ-
ൎവ്വിനാപ്യൈശ്വൎയ്യേണ പ്രകൃതിമഹതാം മണ്ഡനമിദം. 54

കരേ ശ്ലാഘ്യഃ ത്യാഗഃ മണ്ഡനം. ശിരസി ഗുരുപാദപ്രണയിതാ മണ്ഡനം. മുഖേ സത്യാ വാണീ മണ്ഡനം. ഭുജയോഃ വിജയി അതുലം വീൎയ്യം മണ്ഡനം. ഹൃദി സ്വച്ഛാ വൃത്തിഃ മണ്ഡനം. ശ്രവണയോഃ അധിഗതം ശ്രുതം മണ്ഡനം. ഇദം ഐശ്വൎയ്യേണ വിനാ അപി പ്രകൃതിമഹതാം മണ്ഡനം.

കരത്തിങ്കൽ = കയ്യിങ്കൽ ശ്ലാഘ്യമായി=ശ്രേഷ്ഠമായിരിക്കുന്ന ത്യാഗം=ദാനം മണ്ഡനമാകുന്നു=അലങ്കാരം ആകുന്നു. ശിരസ്സിങ്കൽ= തലയിങ്കൽ ഗുരുപാദപ്രണയിതാ=ഗുരുപാദത്തിങ്കൽ-ആചാൎയ്യന്റെ പാദത്തിങ്കൽ പ്രണയിതാ=ആശ്രയം, മണ്ഡനമാകുന്നു=അലങ്കാരമാകുന്നു. മുഖത്തിങ്കൽ=വദനത്തിങ്കൽ സത്യമായി=യഥാൎത്ഥമായിരിക്കുന്ന വാണീ=വാക്ക് മണ്ഡനമാകുന്നു=അലങ്കാരമാകുന്നു. ഭുജങ്ങളിൽ=കൈകളിൽ വിജയിയായും=ജയശീലമായും, അതുലമായും=

ഉപമയില്ലാത്തതായുമിരിക്കുന്ന വീൎയ്യം=പരാക്രമം മണ്ഡനമാകുന്നു= അലങ്കാരമാകുന്നു. ഹൃദയത്തിങ്കൽ സ്വച്ഛയായി=നിഷ്കളങ്കയായിരിക്കുന്ന വൃത്തി=വ്യാപാരം മണ്ഡനമാകുന്നു=അലങ്കാരമാകുന്നു. ശ്രവണങ്ങളിൽ=കാതുകളിൽ അധിഗതമായി=കേൾക്കപ്പെട്ടിരിക്കുന്ന ശ്രുതം=ശാസ്ത്രം മണ്ഡനമാകുന്നു=അലങ്കാരമാകുന്നു. ഇദം=ഇച്ചൊന്ന വകകളെല്ലാം ഐശ്വൎയ്യമില്ലെന്നവരികിലും=സമ്പത്തില്ലെന്നുവരികിലും പ്രകൃതിമഹത്തുക്കൾക്ക്=സ്വഭാവസിദ്ധമായിരിക്കുന്ന മാഹാത്മ്യത്തോടുകൂടിയിരിക്കുന്ന ജനങ്ങൾക്ക് മണ്ഡനമാകുന്നു= അലങ്കാരമാകുന്നു.

പ്രമാണമായിരിക്കുന്ന ദാനം കൈയ്ക്കും, ഗുരുപാദത്തിങ്കലുള്ള വണക്കം തലയ്ക്കും, സത്യമായിരിക്കുന്ന വചനം മുഖത്തിനും, ജയത്തോടുകൂടിയും ഉപമയില്ലാത്തതുമായിരിക്കുന്ന പരാക്രമം കൈകൾക്കും, നിഷ്കളങ്കമായിരിക്കുന്ന മനോവൃത്തി ഹൃദയത്തിനും, കേൾക്കപ്പെട്ടിരിക്കുന്ന ശാസ്ത്രം കാതുകൾക്കും അലങ്കാരമാകുന്നു. എന്നാൽ, സ്വഭാവേന മഹത്തുക്കളായിരിക്കുന്നവൎക്ക് ഐശ്വൎയ്യം കൂടാതെ തന്നെ ഇതെല്ലാമലങ്കാരമാകുന്നു എന്നു് താല്പൎയ്യം.

നല്ല ജനങ്ങൾ ഇന്നയിന്ന അവസ്ഥകളൊക്കെയുമപേക്ഷിക്കുമെന്നുള്ള മാൎഗ്ഗത്തെക്കാണിച്ചു പറയുന്നു:—

പ്രാണ്യാഘാതാന്നിവൃത്തിഃ പരധനഹരണേ
സംയമഃ സത്യവാക്യം
കാലേ ശക്ത്യാ പ്രദാനം യുവതിജനകഥാ-
മൂകഭാവഃ പരേഷാം
തൃഷ്ണാസ്രോതോവിഭംഗോ ഗുരുഷു ച വിനയഃ
സൎവ്വഭൂതാനുകമ്പാ
സാമാന്യഃ സൎവ്വശാസ്ത്രേഷ്വനുപഹതവിധിഃ
ശ്രേയസാമേഷ പന്ഥാഃ. 55

പ്രാണ്യാഘാതാൽ നിവൃത്തിഃ, പരധനഹരണേ സംയമഃ, സത്യവാക്യം, കാലേ ശക്ത്യാ പ്രദാനം, പരേഷാം യുവതിജനകഥാമൂകഭാവഃ, തൃഷ്ണാസ്രോതോവിഭംഗഃ, ഗുരുഷു വിനയഃ, സൎവ്വഭൂതാനുകമ്പാ, സൎവ്വശാസ്ത്രേഷു സാമാന്യഃ, അനുപഹതവിധിഃ, ഏഷഃ ശ്രേയസാം പന്ഥാഃ.

പ്രാണ്യാഘാതത്തിങ്കൽനിന്നു്=പ്രാണിഹിംസയിങ്കൽനിന്നു്, നിവൃത്തിയും=ഒഴിവും, പരധനഹരണവിഷയത്തിങ്കൽ=പരദ്രവ്യം അപഹരിക്കുന്ന വിഷയത്തിങ്കൽ, സംയമവും=ഉപേക്ഷയും (മനോനിയന്ത്രണവും), സത്യവാക്യവും=യഥാൎത്ഥവചനവും, കാലത്തിങ്കൽ=സമയത്തിന്നു് തക്കവണ്ണം, ശക്തിപോലെ=താന്താങ്ങളുടെ അവസ്ഥപോലെ പ്രദാനവും=ചെലവിടുകയും, പരന്മാരുടെ=അന്യന്മാരുടെ യുവതിജനകഥാമൂകഭാവവും=യുവതിജനങ്ങളുടെ – സ്ത്രീജനങ്ങളുടെ കഥയിങ്കൽ–വൃത്താന്തം പറയുന്ന അവസ്ഥയിങ്കൽ മൂകഭാവവും–ഊമനെപ്പോലെയുള്ള ഇരിപ്പും, തൃഷ്ണാസ്രോതോവിഭംഗവും=തൃഷ്ണയാകുന്ന–ദ്രവ്യേച്ഛയാകുന്ന സ്രോതസ്സിന്റെ – പ്രവാഹത്തിന്റെ വിഭംഗവും–തടവും, ഗുരുക്കളിൽ=ഗുരുഭൂതന്മാരിൽ വിനയവും=ഒഴുക്കവണക്കവും, സൎവ്വഭൂതാനുകമ്പയും=സൎവ്വഭൂതങ്ങളിലും–സൎവ്വപ്രാണികളിലും അനുകമ്പയും–കൃപയും, സൎവ്വശാസ്ത്രങ്ങളിലും=സകലശാസ്ത്രങ്ങളിലും സാമാന്യവും=കൂടുതൽകുറവുകൂടാതെ അതതു സിദ്ധാന്തജ്ഞാനവും, അനുപഹതവിധിയും=അനുപഹതമായി–ലോപംകൂടാതെയിരിക്കുന്ന വിധിയും–കൎമ്മാനുഷ്ഠാനവും, ഏഷഃ=ഇതൊക്കെയും ശ്രേയസ്സുകൾക്കു് = അഴിവില്ലാത്ത ഐശ്വൎയ്യം ലഭിക്കുന്നതിന്നു് പന്ഥാവായിരിക്കുന്നു=വഴിയാകുന്നു.

പ്രാണികളെ കൊല്ലുന്നതിൽവെച്ചു് ഒഴിഞ്ഞിരിക്കയും, പരദ്രവ്യം കൈയ്യിലാക്കുന്ന വിഷയത്തിൽ ഉപേക്ഷയായിരിക്കയും, സത്യത്തെ പറകയും, താന്താങ്ങളുടെ അവസ്ഥയ്ക്കു് തക്കവണ്ണം സമയോചിതംപോലെ ചെലവിടുകയും, പരസ്ത്രീകളുടെ വൃത്താന്തം പറയുന്ന അവസരത്തിങ്കൽ സംസാരിക്കാതേയിരിക്കയും, ദ്രവ്യത്തിലുള്ള ആഗ്രഹമാകുന്ന പ്രവാഹത്തിന്റെ തടവായിരിക്കയും, ഗുരുഭൂതന്മാരിൽ ഒഴുക്കവണക്കത്തോടുകൂടിയിരിക്കയും, സകല പ്രാണികളിലും കൃപയോടുകൂടിയിരിക്കയും, എല്ലാ ശാസ്ത്രങ്ങളിലും കൂടുതൽ കുറവുകൂടാതെ, അതതു സിദ്ധാന്തജ്ഞാനത്തോടുകൂടി സ്ഥിതിചെയ്കയും, കുറവുകൂടാതേ കൎമ്മാനുഷ്ഠാനം നടത്തുകയും, ഇങ്ങനെയുള്ള അവസ്ഥകൾ ഒക്കെയും ഐശ്വൎയ്യം ലഭിപ്പാനുള്ള മാൎഗ്ഗമാകുന്നു.

നല്ല ജനങ്ങൾക്കു് സുഖദുഃഖങ്ങൾ വരികിലും ഇന്നയിന്നപ്രകാരത്തിൽ സ്ഥിതിചെയ്യുമെന്നു് പറയുന്നു:—

സമ്പത്സു മഹതാം ചിത്തം ഭവത്യുല്പലകോമളം
ആപത്സു ച മഹാശൈലശിലാസംഘാതകൎക്കശം. 56

സമ്പത്സു മഹതാം ചിത്തം ഉല്പലകോമളം ഭവതി. ആപത്സു മഹാശൈലശിലാസംഘാതകൎക്കശം ച ഭവതി.

സമ്പത്തുകളിൽ=ധനധാന്യവാഹനാദിസമൃദ്ധികളിൽ, മഹത്തുക്കളുടെ=നല്ല ജനങ്ങളുടെ, ചിത്തം=മനസ്സ്, ഉല്പലകോമളമായിട്ട്=ഉല്പലം-കരിങ്കുവളപ്പൂവ് എന്നപോലേ കോമളമായി-കഠിനതകൂടാതേ, ഭവിക്കുന്നു=ഇരിക്കുന്നു. ആപത്തുകളിൽ=ദാരിദ്ര്യാദിദുഃഖങ്ങളിൽ, മഹാശൈലശിലാസംഘാതകൎക്കശമായി=മഹാശൈലശിലാസംഘമെന്നപോലെ-പൎവ്വതത്തിങ്കലുള്ള വലിയ കല്ലുകളുടെ കൂട്ടമെന്നപോലെ, കൎക്കശമായി-ഇളക്കമില്ലാത്തതായി-കഠിനമായി ഭവിക്കുന്നു=ഇരിക്കുന്നു.

ധനധാന്യവാഹനാദികൾ അധികമായി വരുന്ന സമയത്ത് നല്ല ജനങ്ങളുടെ മനസ്സ് കരിങ്കുവളപ്പൂവെന്നപോലെ കഠിനതകൂടാതേയും, ദാരിദ്ര്യാദിദുഃഖങ്ങൾ സംഭവിക്കുംവിഷയത്തിങ്കൽ കരിങ്കല്ലുകളുടെ കൂട്ടമെന്നപോലെ ഇളക്കംകൂടാതേയുമിരിക്കുന്നു എന്ന് താല്പൎയ്യം.

പ്രിയാ ന്യായ്യാ വൃത്തിൎമ്മലിനമസുഭംഗേഽപ്യസുകരം
ത്വസന്തോ നാഭ്യൎത്ഥ്യാഃ സുഹൃദപി ന യാച്യഃ കൃശധനഃ
വിപദ്യുച്ചൈഃ സ്ഥൈൎയ്യം പദമനുവിധേയം ച മഹതാം
സതാം കേനോദ്ദിഷ്ടം വിഷമമസിധാരാവ്രതമിദം. 57

ന്യായ്യാ വൃത്തിഃ പ്രിയാ. അസുഭംഗേ അപി മലിനം അസുകരം. അസന്തഃ അഭ്യൎത്ഥ്യാഃ ന. സുഹൃൽ അപി കൃശധനഃ ന യാച്യഃ. വിപദി ഉച്ചൈഃസ്ഥൈൎയ്യം ച. മഹതാം അനുവിധേയം പദം വിഷമം ഇദം അസിധാരാവ്രതം സതാം കേന ഉദ്ദിഷ്ടം?

ന്യായ്യാ=ന്യായമാൎഗ്ഗത്തിൽനിന്നും പോകാത്തതായിരിക്കുന്ന, വൃത്തി=ജീവനം, പ്രിയയാകുന്നു=ഇഷ്ടയാകുന്നു. അസുഭംഗത്തിൽ പോലും=പ്രാണഹാനിയിങ്കൽപോലും, മലിനത്തെ=ദുഷ്കൎമ്മത്തെ, അസുകരം=ചെയ്യുന്നില്ല. അസത്തുക്കൾ=ദുഷ്ടന്മാർ അഭ്യൎത്ഥ്യന്മാരല്ല=

യാചിപ്പാൻ യോഗ്യരല്ല. സുഹൃത്തായിരുന്നാലും=ഏററവും സ്നേഹിതനായിരുന്നാലും, കൃശധനൻ=അല്പധനവാൻ, യാച്യനല്ല=യാചിപ്പാൻ യോഗ്യനല്ല. വിപത്തുകളിൽ=ആപത്തുകളിൽ, ഉച്ചൈസ്സാകും വണ്ണം=ഏററവും, സ്ഥൈൎയ്യം=മനസ്സിനിളക്കമില്ല. മഹത്തുക്കൾക്ക്=നല്ല ജനങ്ങൾക്ക്, അനവിധേയം=ആവശ്യമുള്ള പദം=മാൎഗ്ഗമായ വിഷമം=വിഷമമേറിയ - പ്രയാസമായിരിക്കുന്ന, ഈ അസിധാരാവ്രതം = അസിധാരയിങ്കൽ-വാൾമുനയിങ്കൽ വ്രതം-തപസ്സ് സത്തുക്കൾക്ക്=നല്ല ജനങ്ങൾക്ക് കേന=ഏവനാൽ, ഉദ്ദേശിക്കപ്പെട്ടു=ഉണ്ടാക്കപ്പെട്ടു?

ന്യായമാൎഗ്ഗത്തിൽനിന്നു പോകാത്ത വൃത്തി നല്ല ജനങ്ങൾക്ക് ഇഷ്ടമുള്ളതായിരിക്കുന്നു. അവർ പ്രാണഹാനിയിൽപോലും ദുഷ്കൎമ്മത്തെ ചെയ്യുന്നില്ല. ദുഷ്ടന്മാരോട് യാചിക്കുന്നില്ല. എത്രയും സ്നേഹിതനായിത്തന്നേയിരുന്നാലും അല്പധനവാന്മാരോട് യാചിക്കുന്നില്ല. ആപൽക്കാലങ്ങളിൽ മനസ്സിനു് അല്പവും ഇളക്കമില്ല. വാൾമുനയിങ്കൽ തപസ്സെന്നപോലെ പ്രയാസമായും, മഹാനുഭാവന്മാരായിരിക്കുന്ന നല്ല ജനങ്ങൾക്ക് ആവശ്യമായുമിരിക്കുന്ന ഇങ്ങനെയുള്ള മാൎഗ്ഗം ഏവനാലുണ്ടാക്കപ്പെട്ടു എന്നു താൽപൎയ്യം.

പ്രദാനം പ്രച്ഛന്നം ഗൃഹമുപഗതേ സംഭ്രമവിധിഃ
പ്രിയം കൃത്വാ മൌനം സദസി കഥനം ചാപ്യുപകൃതേഃ
അനുത്സേകോ ലക്ഷ്മ്യാ നിരഭിഭവസാരാഃ പരകഥാഃ
സതാം കേനോദ്ദിഷ്ടം വിഷമമസിധാരാവ്രതമിദം. 58

പ്രച്ഛന്നം പ്രദാനം, ഗൃഹം ഉപഗതേ സംഭ്രമവിധിഃ, പ്രിയം കൃത്വാ മൌനം, സദസി ഉപകൃതേഃ കഥനം ച, ലക്ഷ്മ്യാഃ അനുത്സേകഃ, നിരഭിഭവസാരാഃ പരകഥാഃ, അസിധാരാവ്രതം ഇവ സ്ഥിതം വിഷമം ഇദം സതാം കേന ഉദ്ദിഷ്ടം?

പ്രച്ഛന്നമായി=വെളിപ്പെടുത്താത്തതായിരിക്കുന്ന, പ്രദാനവും=ദാനവും, ഗൃഹത്തെ=ഭവനത്തെ, ഉപഗതനായിരിക്കുന്നവനിൽ=പ്രാപിച്ചിരിക്കുന്ന അതിഥിയിൽ, സംഭ്രമവിധിയും=വേഗത്തിൽ ചെയ്യേണ്ടുന്ന പ്രത്യുത്ഥാനാഭിവാദനക്രിയകളും, പ്രിയത്തെ=ഇഷ്ടത്തെ,

കൃത്വാ=ചെയ്തിട്ട്, മൌനവും=സംസാരിക്കാത്ത സ്ഥിതിയും, സദസ്സിങ്കൽ=രാജവിദ്വൽസഭയിങ്കൽ, ഉപകൃതിയുടെ= അന്യന്മാർ ചെയ്തിട്ടുള്ള ഉപകാരത്തിന്റെ കഥനവും=പ്രശംസയും, ലക്ഷ്മിഹേതുവായിട്ട് = സമ്പത്തുഹേതുവായിട്ട്, അനുത്സേകവും = ഗർവമില്ലാത്ത സ്ഥിതിയും, നിരഭിഭവസാരങ്ങളായിരിക്കുന്ന=നിന്ദകൂടാതെയിരിക്കുന്ന, പരകഥനങ്ങളും=അന്യന്മാരുടെ വൃത്താന്തങ്ങളെപ്പററിയുള്ള കഥനങ്ങളും,അസിധാരാവ്രതമെന്നപോലെയും=അസിധാരയിങ്കൽ-വാളിന്റെ മുനയിങ്കൽ വ്രതം-തപസ്സ് എന്നപോലെയും, വിഷമമായും=പ്രയാസമായും ഇരിക്കുന്ന ഇദം=ഇപ്രകാരമുള്ള മാർഗ്ഗം സത്തുക്കൾക്ക്=നല്ല ജനങ്ങൾക്ക് യാതൊരുത്തനാൽ ഉദ്ദിഷ്ടമായി= ഉണ്ടാക്കപ്പെട്ടു?

പരന്മാർക്ക് താന്താങ്ങൾ ചെയ്തിട്ടുള്ള ദാനത്തെപ്പററി താന്താങ്ങൾ പ്രശംസിക്കാതെ ഇരിക്കയും,തങ്ങളുടെ ഭവനത്തിങ്കൽ വന്നപേക്ഷിക്കുന്ന അർത്ഥികൾക്ക് വേഗത്തിൽ പ്രത്യുത്ഥാനാഭിവാദനാദിക്രിയകൾ ചെയ്കയും, അവർക്കിഷ്ടത്തെച്ചെയ്തിട്ട് സംസാരിക്കാതെയിരിക്കയും, രാജസഭയിങ്കലും വിദ്വാന്മാരുടെ സഭയിങ്കലും അന്യന്മാർ ചെയ്തിട്ടുള്ള ഉപകാരങ്ങളെക്കുറിച്ച് പ്രശംസിച്ച് സംസാരിക്കയും, ഇങ്ങനെയുള്ള അതികഠിനമായ നല്ല മാർഗ്ഗങ്ങൾ വാളിന്റെ മുനയിങ്കൽ നിന്ന് തപസ്സുചെയ്വാനെത്ര പ്രയാസമുണ്ടോ അത്രപോലെ,നല്ല ജനങ്ങൾക്ക് നടക്കുന്നതിന് യാതൊരുത്തനാലാണ് ഉണ്ടാക്കപ്പെട്ടതു്? എന്ന് താൽപര്യം.

സന്തപ്തായസി സംസ്ഥിതസ്യ പയസോ
നാമാപി ന ശ്രൂയതേ
മുക്താകാരതയാ തദേവ നളിനീ-
പത്രസ്ഥിതം ദൃശ്യതേ
അന്തസ്സാഗരശുക്തിമദ്ധ്യപതിതം
തന്മൌക്തികം ജായതേ
പ്രായേണാധമമദ്ധ്യമോത്തമജുഷാ-
മേവംവിധാ വൃത്തയഃ.

സന്തപ്തായസി സംസ്ഥിതസ്യ പയസഃ നാമ അപി ന ശ്രൂയതേ. തൽ ഏവ നളിനീപത്രസ്ഥിതം മുക്താകാരതയാ ദൃശ്യതേ. തൽ അന്തസ്സാഗരശുക്തിമദ്ധ്യപതിതം മൌക്തികം ജായതേ. പ്രായേണ അധമമദ്ധ്യമോത്തമജുഷാം വൃത്തയഃ ഏവംവിധാഃ ഭവന്തി.

സന്തപ്തായസ്സിങ്കൽ=സന്തപ്തമായി–ചുട്ടുപഴുപ്പിക്കപ്പെട്ടിരിക്കുന്ന അയസ്സിങ്കൽ–ഇരുമ്പിങ്കൽ, സംസ്ഥിതമായി=ഒഴിക്കപ്പെട്ടിരിക്കുന്ന പയസ്സിൻെറ=വെള്ളത്തിൻെറ നാമംപോലും=പേരുപോലും, ശ്രുവിക്കപ്പെടുന്നില്ല=കേൾക്കപ്പെടുന്നില്ല. അതു തന്നെ=ആ വെള്ളം തന്നെ, നളിനീപത്രസ്ഥിതമായാൽ=നളിനീപത്രത്തിങ്കൽ–താമരയിലയിങ്കൽ സ്ഥിതമായാൽ–ഇരുന്നാൽ മുക്താകാരമായി=മുത്തിൻെറ ആകൃതിപോലെ, ദർശിക്കപ്പെടുന്നു=കാണപ്പെടുന്നു. അതു്=ആ ജലം അന്തസ്സാഗരശുക്തിമദ്ധ്യപതിതമായാൽ = അന്തസ്സാഗരത്തിങ്കൽ–സമുദ്രത്തിൻെറ ഉള്ളിൽ ഇരിക്കുന്ന ശുക്തികളുടെ–മുത്തുച്ചിപ്പികളുടെ മദ്ധ്യത്തിങ്കൽ=നടുവിൽ, പതിതമായാൽ=വീണാൽ, മൌക്തികമായി=മുത്തുകളായി ജനിക്കുന്നു=ഭവിക്കുന്നു. പ്രായേണ=മിക്കവാറും, അധമമദ്ധ്യമോത്തമജുഷ്ടുകളായിരിക്കുന്നവരുടെ=അധമമദ്ധ്യമോത്തമാവസ്ഥകളെ ആശ്രയിച്ചിരിക്കുന്നവരുടെ വൃത്തികൾ=വ്യാപാരങ്ങൾ, ഏവംവിധങ്ങളായി=ഇപ്രകാരമുള്ള വിധങ്ങളായി–മുൻചൊന്ന ദൃഷ്ടാന്തങ്ങളെപ്പോലെ ഭവിക്കുന്നു=തീരുന്നു.

ചുട്ടുപഴുപ്പിച്ചിരിക്കുന്ന ഇരുമ്പിൽ വെള്ളമൊഴിച്ചാൽ ആ ജലത്തിൻെറ പേരുപോലും കേൾക്കുന്നില്ല; അതുപോലെ അധമമായിരിക്കുന്ന വ്യാപാരങ്ങൾ ചെയ്യുന്ന മനുഷ്യരുടെ പേരുപോലും കേൾക്കുന്നില്ല. ആ ജലം താമരയിലയിൽ വീണാൽ മുത്തിൻെറ രൂപമായിട്ടു കാണുന്നു. അതുപോലെ മദ്ധ്യമവ്യാപാരങ്ങൾ ചെയ്യുന്ന മനുഷ്യരുടെ അവസ്ഥ പ്രസിദ്ധമാകുന്നു. ആ ജലം സമുദ്രത്തിന്റെ ഉള്ളിൽക്കിടക്കുന്ന മുത്തുച്ചിപ്പികളുടെ നടുക്കു വീണാൽ ആ വെള്ളം മുത്തായിട്ടു തീരുന്നു. അതുപോലെ ഉത്തമവ്യാപാരത്തോടുകൂടി വസിക്കുന്ന മനുഷ്യരുടെ അവസ്ഥ എത്രയും വിശേഷമായി എല്ലാവരാലും പ്രശംസിക്കപ്പെടുന്നു എന്നു് താൽപര്യം.

പുണ്യശാലികൾക്കുണ്ടാകുന്ന അനുഭവം ഇന്നിന്ന പ്രകാരമാകുന്നു എന്നുള്ള മാർഗ്ഗത്തെക്കാണിച്ചു പറയുന്നു:—

(1)പ്രീണാതി യഃ സുചരിതൈഃ പിതരം സ പുത്രോ
യദ്ഭർത്തുരേവ ഹിതമിച്ഛതി തൽ കളത്രം
തന്മിത്രമാപദി സുഖേ ച സമക്രിയം യ-
ദേതൽത്രയം ജഗതി പുണ്യകൃതോ ലഭന്തേ. 60

യഃ പിതരം സുചരിതൈഃ പ്രീണാതി സഃ പുത്രഃ. യൽ ഭർത്തുഃ ഹിതം ഏവ ഇച്ഛതി തൽ കളത്രം. യൽ ആപദി സുഖേ ച സമക്രിയം തൽ മിത്രം. ജഗതി പുണ്യകൃതഃ ഏതൽ ത്രയം ലഭന്തേ.

യാതൊരുത്തൻ=യാതൊരു മനുഷ്യൻ, പിതാവിനെ=അച്ഛനെ, സുചരിതങ്ങളെക്കൊണ്ടു്=നല്ലനടത്തകളെക്കൊണ്ടു്, പ്രീണനംചെയ്യുന്നുവോ=സന്തോഷിപ്പിക്കുന്നുവോ, അവൻതന്നെ പുത്രനാകുന്നു=സുതനാകുന്നു. യാതൊരു സ്ത്രീ ഭർത്താവിനു്=വല്ലഭനു് ഹിതത്തെത്തന്നെ=ഇഷ്ടത്തെത്തന്നെ ഇച്ഛിക്കുന്നുവോ=ആഗ്രഹിക്കുന്നുവോ, അവൾതന്നെ കളത്രമാകുന്നു=ഭാൎയ്യയാകുന്നു. യാതൊന്നു് ആപത്തിങ്കലും=വ്യസനത്തിങ്കലും, സുഖത്തിങ്കലും=സൌഖ്യത്തിങ്കലും, സമക്രിയമായിരിക്കുന്നുവോ=തുല്യമായിരിക്കുന്നുവോ, അതുതന്നെ മിത്രമാകുന്നു=സ്നേഹിതനാകുന്നു. ജഗത്തിങ്കൽ=ലോകത്തിങ്കൽ, പുണ്യകൃത്തുക്കൾ=പുണ്യംചെയ്തിട്ടുള്ള ആളുകൾ ഈ മൂന്നു് അവസ്ഥകളേയും ലഭിക്കുന്നു=പ്രാപിക്കുന്നു.

നല്ല നടത്തകളെക്കൊണ്ടു് അച്ഛനെ സന്തോഷിപ്പിക്കുന്നവൻ ഏവനോ അവൻതന്നെ പുത്രനാകുന്നു. ഭർത്താവിനു് ഇഷ്ടത്തെ ചെയ്യുന്നവൾ ഏവളോ അവൾതന്നെ ഭാൎയ്യയാകുന്നു. ആപൽക്കാലത്തിങ്കലും സൌഖ്യകാലത്തിങ്കലും തുല്യമായിരിക്കുന്നവൻ ഏവനോ അവൻതന്നെ സ്നേഹിതനാകുന്നു. പുണ്യം ചെയ്തിട്ടുള്ള ആളുകൾ ഈ ലോകത്തിങ്കൽ മുൻചൊന്ന മൂന്നു് അവസ്ഥകളേയും അനുഭവിക്കുന്നു എന്നു് താൽപൎയ്യം.

നല്ല ജനങ്ങളുടെ അവസ്ഥയെത്തന്നെ ആവൎത്തിച്ചുപറയുന്നു:—

നമ്രത്വേനോന്നമന്തഃ പരഗുണകഥനൈഃ
സ്വാൻ ഗുണാൻ ഖ്യാപയന്തഃ
സ്വാൎത്ഥാൻ സമ്പാദയന്തോ വിതതപൃഥുതരാ-
രംഭയത്നാഃ പരാൎത്ഥേ

(1) "യഃ പ്രീണയേൽ" എന്നു് മുദ്രിതഗ്രന്ഥപാഠം.

ക്ഷാന്ത്യൈവാക്ഷേപരൂക്ഷാക്ഷരമുഖരമുഖാൻ
ദുർജ്ജനാൻ ദുഃഖയന്തഃ
സന്തഃ സാശ്ചൎയ്യചൎയ്യാ ജഗതി ബഹുമതാഃ
കസ്യ നാഭ്യർച്ചനീയാഃ. 61

നമ്രത്വേനോന്നമന്തഃ, പരഗുണകഥനൈഃ സ്വാൻ ഗുണാൻ ഖ്യാപയന്തഃ, പരാൎത്ഥേ വിതതപൃഥുതരാരംഭയത്നാഃ സ്വാൎത്ഥാൻ സമ്പാദയന്തഃ, ക്ഷാന്ത്യാ ഏവ ആക്ഷേപരൂക്ഷാക്ഷരമുഖരമുഖാൻ ദുർജ്ജനാൻ ദുഃഖയന്തഃ, സാശ്ചൎയ്യചൎയ്യാഃ ബഹുമതാഃ സന്തഃ ജഗതി കസ്യ അഭ്യർച്ചനീയാഃ ന?

നമ്രത്വംകൊണ്ട്=വണക്കംകൊണ്ട് ഉന്നമത്തുകളായും=ഉയരുന്നവരായും, പരഗുണകഥനങ്ങൾഹേതുവായിട്ട്=അന്യന്മാരുടെ ഗുണങ്ങളെ പ്രശംസിക്കഹേതുവായിട്ട് സ്വകീയങ്ങളായിരിക്കുന്ന ഗുണങ്ങളെ പ്രഖ്യാപനംചെയ്യുന്നവരായിട്ടും=പ്രശംസിക്കുന്നവരായിട്ടും, പരാൎത്ഥത്തിങ്കൽ=അന്യന്മാൎക്ക് ഉപകാരംചെയ്യുന്ന വിഷയത്തിങ്കൽ, വിതതപൃഥുതരാരംഭയത്നന്മാരായിട്ട്=വിതതമായും-വിസ്താരമായും പൃഥുതരമായും-വലുതായും ഇരിക്കുന്ന ആരംഭം-തുടക്കം യത്നം-പ്രയാസം ഇവകളോടുകൂടിയവരായിട്ട് സ്വാൎത്ഥങ്ങളെ=തനിക്കുവേണ്ടുന്ന കാൎയ്യങ്ങളെ സമ്പാദയത്തുക്കളായും=സാധിക്കുന്നവരായും, ക്ഷാന്തികൊണ്ടുതന്നേ=ക്ഷമകൊണ്ടുതന്നേ, ആക്ഷേപരൂക്ഷാക്ഷരമുഖരമുഖന്മാരായിരിക്കുന്ന=ആക്ഷേപംകൊണ്ട്-നിന്ദകൊണ്ട് രൂക്ഷങ്ങളായി-ക്രൂരങ്ങളായി ഇരിക്കുന്ന അക്ഷരങ്ങൾകൊണ്ട്-വാക്കുകൾകൊണ്ട് മുഖരങ്ങളായി-ശബ്ദത്തോടുകൂടി ഇരിക്കുന്ന മുഖത്തോട്-വദനത്തോടുകൂടി ഇരിക്കുന്ന ദുൎജ്ജനങ്ങളെ=ദുഷ്ടന്മാരെ ദുഃഖിപ്പിക്കുന്നവരായും, സാശ്ചൎയ്യചൎയ്യരായി=ആശ്ചൎയ്യത്തോടുകൂടിയിരിക്കുന്ന ചൎയ്യയോട്-നടത്തയോടുകൂടിയവരായും ബഹുമതന്മാരായും=ബഹുമാനപ്പെട്ടവരായുമിരിക്കുന്ന സത്തുക്കൾ=നല്ല ജനങ്ങൾ, ജഗത്തിങ്കൽ=ലോകത്തിങ്കൽ ഏവനു തന്നെ അഭ്യൎച്ചനീയന്മാരായി=പൂജിക്കാൻ തക്ക യോഗ്യന്മാരായി ഭവിക്കുന്നില്ല?

വണക്കംകൊണ്ട് ഉയരുന്നവരായും മററുള്ളവരുടെ ഗുണങ്ങളെ വൎണ്ണിക്കുന്നവരായിട്ട് തങ്ങടെ ഗുണങ്ങളെ പ്രശംസിക്കുന്നവരായിട്ടും, അന്യന്മാൎക്ക് പ്രിയജനം ചെയ്യുന്നതിൽവെച്ച് വിസ്താരത്തോട

ഷേൻറു് വലുതായിരിക്കുന്ന പ്രയാസമായുള്ള പ്രവൃത്തികൾ ആരംഭം മുതൽക്കു് ചെയ്തു് അതിനാൽ തനിക്കു വേണ്ടുന്ന പ്രയോജനങ്ങളെ സാധിച്ചുകൊണ്ടിരിക്കുന്നവരായും, ക്ഷമകൊണ്ടു തന്നേ ആക്ഷേപ നിന്ദകളോടുകൂടി ക്രൂരങ്ങളായിരിക്കുന്ന വാക്കുകൾ പുറപ്പെടുവിച്ചുംകൊണ്ടിരിക്കുന്ന മുഖത്തോടുകൂടിയ ദുർജ്ജനങ്ങളെ ദുഃഖിപ്പിക്കുന്നവരായും, അദ്ഭുതമായ നടത്തകളോടുകൂടിയവരായും ബഹുമാനിക്കപ്പെട്ടവരായും ഇരിക്കുന്ന നല്ലജനങ്ങളെ ഈ ലോകത്തിങ്കൽ ആരു തന്നേ പൂജിക്കയില്ല? എല്ലാവരും പൂജിക്കുമെന്നു് താൽപര്യം.

ഇതി സുജനപദ്ധതിഃ സമാപ്താ.

---

അഥ പരോപകാരപദ്ധതിഃ.

ഇങ്ങനെ നല്ല ജനങ്ങളുടെ നടത്തകൾ പറഞ്ഞതിന്റെശേഷം പരന്മാക്കു് ഉപകാരം ചെയ്യണമെന്നതിലേയ്ക്കു് പരോപകാരം ചെയ്വാനുള്ള മാർഗ്ഗങ്ങളെക്കാണിച്ചു പറയുന്നു:—

ഭവന്തി നമ്രാസ്തരവഃ ഫലോദ്ഗമൈ-
ർന്നവാംബുഭിർദ്ദൂരവിലംബിതാ ഘനാഃ (1)
അനുദ്ധതാഃ സൽപുരുഷാഃ സമൃദ്ധിഭിഃ
സ്വഭാവ ഏവൈഷ പരോപകാരിണാം. 62

തരവഃ ഫലോദ്ഗമൈഃ നമ്രാഃ ഭവന്തി, ഘനാഃ നവാംബുഭിഃ ദൂരവിലംബിതാഃ ഭവന്തി, സൽപുരുഷാഃ സമൃദ്ധിഭിഃ അനുദ്ധതാഃ ഭവന്തി, ഏഷഃ പരോപകാരിണാം സ്വഭാവഃ ഏവ.

തരുക്കൾ=വൃക്ഷങ്ങൾ, ഫലോദ്ഗമങ്ങളോടുകൂടി=കായ്മുതലായവയുകളുടെ ഉല്പത്തികളോടുകൂടി നമ്രങ്ങളായി=താഴുന്നവയായി ഭവിക്കുന്നു=ഇരിക്കുന്നു. ഘനങ്ങൾ=മേഘങ്ങൾ, നവാംബുക്കളോടുകൂടി=പുത്തനായിരിക്കുന്ന ജലങ്ങളോടുകൂടി, ദൂരവിലംബിതങ്ങളായി=എല്ലാ സ്ഥലങ്ങളിലും നനയ്ക്കുന്നതിനുവേണ്ടി ആകാശസഞ്ചാ

1. "ദൂരവിലംബിനഃ" എന്നു് മുദ്രിതഗ്രന്ഥപാഠം.

രികളായി ഭവിക്കുന്നു=ഇരിക്കുന്നു. സൽപുരുഷന്മാർ=ഉത്തമന്മാരായിരിക്കുന്ന പുരുഷന്മാർ സമൃദ്ധികളോടുകൂടി=ഐശ്വര്യങ്ങളോടുകൂടി, അനുദ്ധതന്മാരായി=ഗർവ്വമില്ലാത്തവരായി ഭവിക്കുന്നു=ഇരിക്കുന്നു. ഇതു് പരോപകാരികൾക്കു്=പരന്മാക്കു് ഉപകാരം ചെയ്യുന്ന ആളുകൾക്കു് സ്വഭാവംതന്നെ=സ്വാഭാവികമായിരിക്കുന്ന സ്ഥിതി തന്നെ,

വൃക്ഷങ്ങൾ കാ, പഴം മുതലായതുകളുടെ ഉല്പത്തികളോടുകൂടി, അപേക്ഷിക്കുന്ന ജനങ്ങൾക്കു് ലഭിക്കുന്നതിനായിട്ടു് താഴുന്നു. സകല മനുഷ്യർക്കും ഉപയോഗമായി എല്ലാ സ്ഥലവും നനയ്ക്കുന്നതിനുവേണ്ടി മേഘങ്ങൾ പുത്തനായിരിക്കുന്ന ജലങ്ങളോടുകൂടി ആകാശസഞ്ചാരികളായിരിക്കുന്നു. ഇതിൻവണ്ണം വൃക്ഷങ്ങളും മേഘങ്ങളും പരന്മാരുടെ സൌഖ്യത്തിനുവേണ്ടി വളരെ ഉപകാരം ചെയ്യുന്നു. ഇതുപോലെ ഉത്തമന്മാരായിരിക്കുന്ന പുരുഷന്മാർ പരോപകാരം ചെയ്യാനായിട്ടു് ഐശ്വര്യങ്ങളോടുകൂടി ഗർവ്വമില്ലാത്തവരായി ഇരിക്കുന്നു. ഇതു് പരന്മാക്കു് ഉപകാരം ചെയ്യുന്ന ആളുകൾക്കു് സ്വാഭാവികമായ സ്ഥിതിയാകുന്നു എന്നു് താൽപര്യം.

കരവും കാതും ശരീരവും ഇന്നിന്ന അവസ്ഥകളെക്കൊണ്ടു് ശോഭിക്കുന്നു എന്നും അതുകൾക്കു് ഇന്നിന്നവകൾ ശോഭിക്കുന്നില്ല എന്നും പറയുന്നു:—

ശ്രോത്രം ശ്രുതേനൈവ ന കുണ്ഡലേന
ദാനേന പാണിർന്ന തു കങ്കണേന
വിഭാതി കായഃ കരുണാപരാണാം
പരോപകാരേണ ന ചന്ദനേന. 63

കരുണാപരാണാം ശ്രോത്രം ശ്രുതേന ഏവ വിഭാതി; കുണ്ഡലേന ന വിഭാതി. പാണിഃ ദാനേന ഏവ വിഭാതി; കങ്കണേന ന വിഭാതി. കായഃ പരോപകാരേണ വിഭാതി; ചന്ദനേന ന വിഭാതി.

കരുണാപരന്മാരുടെ=ദയാലുക്കളുടെ, ശ്രോത്രം=കാതു്, ശ്രുതംകൊണ്ടു തന്നേ = ശാസ്ത്രംകൊണ്ടു തന്നേ- ധർമ്മശാസ്ത്രാദിശ്രവണംകൊണ്ടു തന്നേ, പ്രകാശിക്കുന്നു=ശോഭിക്കുന്നു; കുണ്ഡലംകൊണ്ടു്=കടുക്കൻകൊണ്ടു് പ്രകാശിക്കുന്നില്ല=ശോഭിക്കുന്നില്ല. പാണി=കൈ,

ദാനംകൊണ്ടു്=സല്പാത്രത്തിൽ ദാനം ചെയ്യുന്നതുകൊണ്ടു് പ്രകാശി ക്കുന്നു=ശോഭിക്കുന്നു; കങ്കണംകൊണ്ടു്=മുട്ടവുകൊണ്ടു് പ്രകാശിക്കു ന്നില്ല=ശോഭിക്കുന്നില്ല. കായം=ദേഹം, പരോപകാരംകൊണ്ടു്=പര ന്മാക്കു ചെയ്യുന്ന ഉപകാരങ്ങളെക്കൊണ്ടു് പ്രകാശിക്കുന്നു=ശോഭിക്കു ന്നു; ചന്ദനാദ്യലങ്കാരങ്ങളെക്കൊണ്ടു് പ്രകാശിക്കുന്നില്ല=ശോഭിക്കു ന്നില്ല.

ദയാലുക്കളുടെ കാതു് ധർമ്മശാസ്ത്രാദിശ്രവണംകൊണ്ടു് പ്രകാ ശിക്കുന്നു; കുട്ടക്കൻകൊണ്ടു് പ്രകാശിക്കുന്നില്ല. കൈ സൽപാത്ര മറിഞ്ഞു് ദാനം ചെയ്യുന്നതുകൊണ്ടു് പ്രകാശിക്കുന്നു; മുട്ടവുകൊണ്ടു് ശോഭിക്കുന്നില്ല. പരന്മാക്കു് ഉപകാരം ചെയ്യുന്നതുകൊണ്ടു് ദേഹം പ്രകാശിക്കുന്നു; ചന്ദനാദ്യലങ്കാരങ്ങളെക്കൊണ്ടു് ശോഭിക്കുന്നില്ല എന്നു് താൽപര്യം.

ഉത്തമന്മാരായിരിക്കുന്ന മനുഷ്യർ പരോപകാരം ചെയ്യുന്ന വിധത്തെക്കാണിച്ചു പറയുന്നു:—

പദ്മാകരം ദിനകരോ വികചം കരോതി
ചന്ദ്രോ വികാസയതി കൈരവചക്രവാളം
നാഭ്യർത്ഥിതോ ജലധരോഽപി ജലം ദദാതി
സന്തഃ സ്വയം പരഹിതേ വിഹിതാഭിയോഗാഃ. 64

ദിനകരഃ ന അഭ്യർത്ഥിതഃ അപി പദ്മാകരം വികചം കരോതി, ചന്ദ്രഃ ന അഭ്യർത്ഥിതഃ അപി കൈരവചക്രവാളം വികാ സയതി, ജലധരഃ ന അഭ്യർത്ഥിതഃ അപി ജലം ദദാതി. സന്തഃ സ്വയം പരഹിതേ വിഹിതാഭിയോഗാഃ ഭവന്തി.

ദിനകരൻ=സൂൎയ്യൻ, നാഭ്യർത്ഥിതനായിരുന്നാലും=യാചിക്ക പ്പെടാത്തവനായിരുന്നാലും, പദ്മാകരത്തെ=താമരക്കൂട്ടത്തെ, വിക ചമാക്കിച്ചെയ്യുന്നു=വികസിപ്പിക്കുന്നു. ചന്ദ്രൻ=ശശാങ്കൻ, നാഭ്യ ർത്ഥിതനായിരുന്നാലും=യാചിക്കപ്പെടാത്തവനായിരുന്നാലും,കൈരവ ചക്രവാളത്തെ=ആമ്പൽക്കൂട്ടത്തെ, വികസിപ്പിക്കുന്നു=വിടിപ്പിക്കുന്നു. ജലധരം=മേഘം, നാഭ്യർത്ഥിതനായിരുന്നാലും=യാചിക്കപ്പെടാത്തവ നായിരുന്നാലും, ജലത്തെ=വെള്ളത്തെ, ദാനംചെയ്യുന്നു=കൊടുക്കുന്നു.

സത്തുക്കൾ=നല്ല ജനങ്ങൾ, സ്വയമായിട്ടുതന്നെ=താന്താങ്ങൾതന്നെ, പരഹിതത്തിങ്കൽ=പരന്മാരുടെ ഇഷ്ടത്തിങ്കൽ, വിഹിതാഭിയോഗന്മാരായി=വിഹിതമായ-ചെയ്യപ്പെട്ടിരിക്കുന്ന അഭിയോഗത്തോട്ട്-അഭിനിവേശത്തോട്ട് കൂടിയവരായിരിക്കുന്നു.

യാതൊരുത്തരും യാചിക്കാതേതന്നെ സൂര്യൻ താമരക്കൂട്ടത്തെ പ്രകാശിപ്പിക്കയും, ചന്ദ്രൻ ആമ്പൽക്കൂട്ടത്തെ വികസിപ്പിക്കയും, മേഘം ജലത്തെ കൊടുക്കയും ചെയ്യുന്നു. ഇതുപോലെ നല്ല ജനങ്ങൾ മററാരും യാചിച്ചില്ലെങ്കിലും പരന്മാരുടെ ഇഷ്ടത്തിങ്കൽ എപ്പോഴും പ്രയാസം ചെയ്യുന്നവരായിരിക്കുന്നു എന്നു് താൽപര്യം.

ഏതേ സൽപുരുഷാഃ പരാൎത്ഥഘടകാഃ
സ്വാൎത്ഥാൻ പരിത്യജ്യ യേ
സാമാന്യാസ്തു പരാൎത്ഥമുദ്യമഭൃതഃ
സ്വാൎത്ഥാവിരോധേന യേ
തേഽമീ മാനുഷരാക്ഷസാഃ പരഹിതം
സ്വാൎത്ഥായ നിഘ്നന്തി യേ
യേ തു ഘ്നന്തി നിരൎത്ഥകം പരഹിതം
തേ കേ ന ജാനീമഹേ. 65

യേ പുരുഷാഃ സ്വാൎത്ഥാൻ പരിത്യജ്യ പരാൎത്ഥഘടകാഃ ഏതേ സൽപുരുഷാഃ, യേ തു സ്വാൎത്ഥാവിരോധേന പരാൎത്ഥം ഉദ്യമഭൃതഃ തേ സാമാന്യാഃ, യേ സ്വാൎത്ഥായ പരഹിതം നിഘ്നന്തി തേ അമീ മാനുഷരാക്ഷസാഃ, യേ തു നിരൎത്ഥകം പരഹിതം ഘ്നന്തി തേ കേ വാ ന ജാനീമഹേ.

യാതൊരു പുരുഷന്മാർ സ്വാൎത്ഥങ്ങളെ=തനിക്കു കിട്ടുന്ന പ്രയോജനങ്ങളെ പരിത്യജിച്ചു്=ഉപേക്ഷിച്ചു്, പരാൎത്ഥഘടകന്മാരാകുന്നുവോ=പരന്മാൎക്കു് അൎത്ഥത്തെ-പ്രയോജനത്തെ ഘടിപ്പിക്കുന്നുവോ-ഉണ്ടാക്കുന്നുവോ അവർ സൽപുരുഷന്മാരാകുന്നു=ഉത്തമപുരുഷന്മാരാകുന്നു. യാതൊരുത്തർ=യാതൊരുപുരുഷന്മാർ സ്വാൎത്ഥാവിരോധമായിട്ടു്=സ്വാൎത്ഥത്തിനു്-തൻെറ പ്രയോജനത്തിനു് അവിരോധമായി - വിരോധംകൂടാതെകണ്ടു്, പരാൎത്ഥം = അന്യന്മാൎക്കുവേണ്ടി, ഉദ്യമഭൃത്തുക്കളാകുന്നുവോ=പ്രയത്നം ചെയ്യുന്നുവോ

അവർ=ആ പുരുഷന്മാർ സാമാന്യന്മാരാകുന്നു=മദ്ധ്യമന്മാരാകുന്നു. യാതൊരുത്തർ=യാതൊരു പുരുഷന്മാർ, സ്വാർത്ഥത്തിനായിക്കൊണ്ടു്=തന്റെ പ്രയോജനത്തിനായിക്കൊണ്ടു്, പരഹിതത്തെ=പരന്മാൎക്കു കിട്ടുന്ന പ്രയോജനത്തെ നിഘ്നന്തി=നിഹനിക്കുന്നുവോ=നാശം ചെയ്യുന്നുവോ, അവർ=ആ പുരുഷന്മാർ മാനുഷരാക്ഷസരാകുന്നു=മനുഷ്യരെന്നുപേരോടുകൂടിയ രാക്ഷസമാനസന്മാരാകുന്നു-അധമന്മാരാകുന്നു. യാതൊരുത്തർ=യാതൊരു പുരുഷന്മാർ, നിരൎത്ഥകമായി=നിഷ്പ്രയോജനമായി പരഹിതത്തെ=അന്യന്മാൎക്കു കിട്ടുന്ന പ്രയോജനത്തെ ഘ്നന്തി=ഹനിക്കുന്നുവോ=നാശംചെയ്യുന്നുവോ, അവർ=ആ മനുഷ്യർ ആരോ നാമറിയുന്നില്ല.

തങ്ങൾക്കു് കിട്ടുന്ന പ്രയോജനത്തെ ഉപേക്ഷിച്ചുംകളഞ്ഞു് പരന്മാൎക്കു് പ്രയോജനത്തെ ഉണ്ടാക്കുന്നവരേവരോ ആ മനുഷ്യർ ഉത്തമന്മാരാകുന്നു. തങ്ങടെ പ്രയോജനത്തിനു് വിരോധം കൂടാതെകണ്ടു് അന്യന്മാരുടെ പ്രയോജനത്തിനുവേണ്ടി പ്രയത്നംചെയ്യുന്നവർ ഏവരോ ആ മനുഷ്യർ മദ്ധ്യമന്മാരാകുന്നു. തന്റെ പ്രയോജനത്തിനായിക്കൊണ്ടു്, അന്യന്മാൎക്കുണ്ടാകാവുന്ന പ്രയോജനത്തെ ഇല്ലായ്മചെയ്യുന്നവർ ഏവരോ, ആ ജനങ്ങൾ മനുഷ്യരെന്നു പേരോടുകൂടിയ രാക്ഷമാനസന്മാരായ അധമന്മാരാകുന്നു. തങ്ങൾക്കും മററാരുത്തൎക്കും പ്രയോജനംകൂടാതെ അന്യന്മാൎക്കു കിട്ടുന്ന പ്രയോജനത്തെ നാശം ചെയ്യുന്നവരേവരോ ആ മനുഷ്യർ ഇന്നപ്രകാരത്തിലുള്ളവരാകുന്നു എന്നു് നിശ്ചയിക്കുന്നതിനു് നമ്മാൽ കഴികയില്ലെന്നു് താല്പൎയ്യം.

പാപാന്നിവാരയതി യോജയതേ ഹിതായ
ഗുഹ്യം ച ഗൂഹതി ഗുണാൻ പ്രകടീകരോതി
ആപദ്ഗതം ന വിജഹാതി ദദാതി കാലേ
സന്മിത്രലക്ഷണമിദം പ്രവദന്തി സന്തഃ. 66

പാപാൽ നിവാരയതി, ഹിതായ യോജയതേ, ഗുഹ്യം ഗൂഹതി, ഗുണാൻ പ്രകടീകരോതി, ആപദ്ഗതം ന വിജഹാതി, കാലേ ദദാതി, ഇദം സന്തഃ സന്മിത്രലക്ഷണം പ്രവദന്തി.

പാപത്തിങ്കൽനിന്നും=ദുൎന്നടത്തയിങ്കൽനിന്നും നിവാരണംചെയ്യുന്നു=മാററുന്നു. ഹിതത്തിനായിക്കൊണ്ടു്=സൽക്കൎമ്മം ചെയ്യാനാ

യിക്കൊണ്ടു് യോജിപ്പിക്കുന്നു=പ്രവൎത്തിപ്പിക്കുന്നു. ഗുഹ്യത്തെ=മറയ്ക്കേണ്ടുന്ന കാൎയ്യത്തെ, ഗ്രഹനം ചെയ്യുന്നു=മറയ്ക്കുന്നു ഗുണങ്ങളെ=നല്ല നടത്തകളെ, പ്രകടനം ചെയ്യുന്നു=പ്രസിദ്ധപ്പെടുത്തുന്നു. ആപദ്ഗതനായിരുന്നാലും=സങ്കടത്തെ പ്രാപിച്ചിരുന്നാലും വിജഹനനം ചെയ്യുന്നില്ല=ത്യജിക്കുന്നില്ല-ഉപേക്ഷിക്കുന്നില്ല. കാലത്തിങ്കൽ=സമയത്തിങ്കൽ ദാനം ചെയ്യുന്നു=ഇഷ്ടപോലെ കൊടുക്കുന്നു. ഇതൊക്കെയും സത്തുക്കൾ=ഉത്തമന്മാർ, സന്മിത്രലക്ഷണമെന്നു്=നല്ല സ്നേഹിതന്റെ സ്വഭാവമെന്നു്, പ്രവദിക്കുന്നു=പറയുന്നു.

ദുൎന്നടത്തയിങ്കൽനിന്നു് മാറ്റുകയും, നല്ല നടത്തയിൽ പ്രവൎത്തിപ്പിക്കയും, മറയ്ക്കാനുള്ള കാൎയ്യത്തെ മറയ്ക്കയും, ഗുണങ്ങളെ പ്രസിദ്ധപ്പെടുത്തുകയും, ആപൽക്കാലത്തിങ്കൽ ഉപേക്ഷിക്കാതെയിരിക്കയും, സമയത്തിങ്കൽ ഇഷ്ടപോലെ കൊടുക്കുകയും ചെയ്യുന്നതു് നല്ല സ്നേഹിതന്മാരുടെ ലക്ഷണമെന്നു് വിദ്വാന്മാർ പറയുന്നു: എന്നു് താല്പൎയ്യം.

[1]
ക്ഷീരേണാത്മഗതോദകായ ഹി പുരാ
ദത്താഃ സ്വകീയാ ഗുണാഃ
ക്ഷീരോത്താപമവേക്ഷ്യ തേന പയസാ
സ്വാത്മാ കൃശാനൌ ഹുതഃ
ഗന്തും പാവകമുന്മനസ്തദഭവദ്
ദൃഷ്ട്വാ തു മിത്രാപദം
യുക്തം തേന ജലേന ശാമ്യതി സതാം
മൈത്രീ പുനസ്ത്വീദൃശീ. 67

ക്ഷീരേണ ആത്മഗതോദകായ പുരാ സ്വകീയാഃ ഗുണാഃ ദത്താഃ. ക്ഷീരോത്താപം അവേക്ഷ്യ തേന പയസാ സ്വാത്മാ കൃശാനൌ ഹുതഃ. തൽ മിത്രാപദം ദൃഷ്ട്വാ പാവകം ഗന്തും ഉന്മനഃ അഭവൽ. തേന ജലേന യുക്തം ശാമ്യതി. സതാം തു മൈത്രീ ഈദൃശീ പുനഃ.

ക്ഷീരത്തിനാൽ=പാലിനാൽ ആത്മഗതോദകത്തിനായിക്കൊണ്ടു്=തങ്കൽ ചേൎന്നിരിക്കുന്ന ജലത്തിനായിക്കൊണ്ടു്, പുരാ=മുമ്പിൽ സ്വകീയങ്ങളായി=തന്നെസ്സംബന്ധിച്ചിട്ടുള്ളവകളായിരിക്കുന്ന ഗുണ-

1 "ഗുണാ ദത്താഃ പുരാ തേഽഖിലാഃ" എന്നു് മുദ്രിതഗ്രന്ഥപാഠം.

ങ്ങൾ=വെള്ളനിറം മധുരരസം മുതലായവകൾ, ദത്താഃ=കൊടുക്കപ്പെട്ടു. അനന്തരം ക്ഷീരോത്താപത്തെ=ക്ഷീരത്തിൻെറ-പാലിൻെറ താപത്തെ-സന്താപത്തെ അവേക്ഷിച്ചിട്ടു്=കണ്ടിട്ടു്, ആ പയസ്സിനാൽ=പാലുമായിട്ടു് സ്നേഹിച്ചിരുന്ന ജലത്തിനാൽ സ്വാത്മാ=തന്റെ ശരീരം കൃശാനുവിങ്കൽ=അഗ്നിയിങ്കൽ ഹോമിക്കപ്പെട്ടു=വറ്റിക്കപ്പെട്ടു. അനന്തരം ആ പാൽ മിത്രാപത്തിനെ=മിത്രന്റെ ദുഃഖത്തെ ദൃഷ്ട്വാ=കണ്ടിട്ടു്, പാവകനെ=അഗ്നിയെ ഗമിപ്പാനായിട്ടു്=പ്രാപിപ്പാനായിട്ടു്, ഉന്മനസ്സായി=പ്രയത്നത്തോടുകൂടിയതായിട്ടു് ഭവിച്ചു=പൊങ്ങി. അനന്തരം ആ ജലത്താൽ=പിന്നെ ഒഴിച്ച വെള്ളത്തിനാൽ യുക്തമെന്നു് ശമിക്കുന്നു. സത്തുക്കളുടെ=നല്ല ജനങ്ങളുടെ മൈത്രി=സ്നേഹം ഇങ്ങനെയാകുന്നു.

പാലിൽ ചേർക്കുന്ന ജലത്തിനു്, ആ പാലു് തനിക്കുണ്ടായിരിക്കുന്ന വെള്ളനിറം മധുരരസം മുതലായ ഗുണങ്ങളെ കൊടുക്കുന്നു. പിന്നെ അടുപ്പിൽ വെച്ചു കാച്ചി പാലിനു് ചൂടുതട്ടുന്ന സമയത്തു് തന്റെ ഗുണങ്ങളൊക്കെയും കൊടുത്തു് സ്നേഹിതനായിരിക്കുന്ന പാലിനു് ആപത്തുവരുമെന്നു വിചാരിച്ചു് പാലിനുവേണ്ടി വെള്ളം വററുന്നു. സ്നേഹിതനായ ആ ജലത്തിൻെറ ദുഃഖത്തെ പാലു കണ്ടു് തന്റെ പ്രാണനെയുമുപേക്ഷിച്ചുകളയാമെന്നു വിചാരിച്ചു് അഗ്നിയിൽ പതിക്കുന്നതിനായിട്ടു് പാൽ മേല്പോട്ടു് പൊങ്ങിമറിയുന്നു. ആ സമയം കുറെ വെള്ളമൊഴിച്ചയുടനേ സ്നേഹിതൻ വന്നുചേർന്നുവെന്നു് വിചാരിച്ചു് ജലത്തോടുകൂടി പാൽ മേല്പോട്ടു പൊങ്ങാതെ തൻെറ സ്ഥാനത്തെ പ്രാപിച്ചു് സുഖമായിരിക്കുന്നു എന്നതുപോലെ നല്ല ജനങ്ങളോടു സ്നേഹിച്ചാൽ സുഖദുഃഖം സമമായി അനുഭവിച്ചു് വേർവിടാതെ ഇരിക്കുന്നു എന്നു് താൽപര്യം.

ഇതഃ സ്വപിതി കേശവഃ കുലമിതസ്തദീയദ്വിഷാ-
മിതശ്ച ശരണാർത്ഥിനാം ശിഖരിണാം ഗണാഃ ശേരതേ
ഇതോഽപി ബഡവാനലഃ സഹ സമസ്തസംവർത്തകൈ-
രഹോ! വിതതമൂർജ്ജിതം ഭരസഹം ച സിന്ധോർവ്വപുഃ. 68

ഇതഃ കേശവഃ സ്വപിതി, ഇതഃ തദീയദ്വിഷാം കുലം തിഷ്ഠതി, ഇതഃ ശരണാർത്ഥിനാം ശിഖരിണാം ഗണാഃ ശേരതേ, ഇതഃ സമസ്ത

സംവൎത്തകൈഃ സഹ ബഡവാനലഃ വസതി. സിന്ധോഃ വപുഃ വിതതം ഊൎജ്ജിതം ഭരസഹം ച ഭവതി, അഹോ!

ഒരു സ്ഥലത്തു് കേശവൻ=ശ്രീനാരായണൻ-സകലലോകങ്ങളേയും ഹൃദയത്തിങ്കൽ ആക്കിയുംകൊണ്ടിരിക്കുന്ന വിഷ്ണു സ്വപിക്കുന്നു=യോഗനിദ്രചെയ്യുന്നു. പിന്നെ ഒരു സ്ഥലത്തു് തദീയദ്വിട്ടുകളുടെ=ശ്രീനാരായണശത്രുക്കളുടെ കുലം=വംശം സ്ഥിതിചെയ്യുന്നു=ഇരിക്കുന്നു. മറെറാരുസ്ഥലത്തു് ശരണാൎത്ഥികളായി=രക്ഷാകൎത്താവിനെ അപേക്ഷിക്കുന്നവരായി ഇരിക്കുന്ന ശിഖരികളുടെ=മൈനാകം മുതലായ പൎവ്വതങ്ങളുടെ ഗണങ്ങൾ=കൂട്ടങ്ങൾ ശയിക്കുന്നു=കിടക്കുന്നു. വേറെയൊരു സ്ഥലത്തു് സമസ്തസംവൎത്തകങ്ങളോടുകൂടി=സമസ്തങ്ങളായി-അശേഷങ്ങളായി ഇരിക്കുന്ന സംവൎത്തകങ്ങളോടുകൂടി-പ്രളയകാലമേഘങ്ങളോടുകൂടി, ബഡവാനലൻ=ബഡവാഗ്നി വസിക്കുന്നു=ഇരിക്കുന്നു. സിന്ധുവിൻെറ=സമുദ്രത്തിൻെറ വപുസ്സ്=ശരീരം, വിതതമായും=വിസ്താരമായും, ഊൎജ്ജിതമായും=വൎദ്ധിക്കുന്നതായും, ഭരസഹമായും = ഭാരങ്ങളെ സഹിക്കുന്നതായും ഭവിക്കുന്നു = ഇരിക്കുന്നു; ആശ്ചൎയ്യം!

ഒരു സ്ഥലത്തു് ശ്രീപത്മനാഭൻ സകലലോകങ്ങളേയും നിജഹൃദയത്തിങ്കൽ ആക്കിയുംകൊണ്ടു് യോഗനിദ്രചെയ്യുന്നു. പിന്നെയൊരുസ്ഥലത്തു് ശ്രീനാരായണൻെറ ശത്രുക്കളുടെ വംശവും ഇരിക്കുന്നു. മറെറാരുസ്ഥലത്തു് രക്ഷാകൎത്താവായി വിലസുന്ന കേശവനെ അന്വേഷിച്ചുംകൊണ്ടു് മൈനാകം മുതലായ പൎവ്വതങ്ങളും കിടക്കുന്നു. വേറേ ഒരു സ്ഥലത്തു് വളരെ പ്രളയകാലമേഘങ്ങളോടുകൂടി ബഡവാഗ്നിയുമിരിക്കുന്നു. വിസ്താരമായി വൎദ്ധിച്ചു് ഭാരങ്ങളെ സഹിച്ചുംകൊണ്ടു് സമുദ്രവുമിരിക്കുന്നു അതുപോലെ ഉത്തമന്മാരായും മഹത്തുക്കളായുമിരിക്കുന്ന പുരുഷന്മാർ സകലകാൎയ്യങ്ങളേയും സഹിച്ചുകൊണ്ടു് പരന്മാൎക്കു് ഉപകാരത്തെ ചെയ്യുന്നു എന്നു് താല്പൎയ്യം.

ജാതഃ കൂൎമ്മഃ സ ഏകഃ പൃഥുഭുവനഭരാ-
യാൎപ്പിതം യേന പൃഷ്ഠം
ശ്ലാഘ്യം ജന്മ ധ്രുവസ്യ ഭ്രമതി നിയമിതം
യത്ര തേജസ്വിചക്രം

സഞ്ജാതവ്യർത്ഥപക്ഷാഃ പരഹിതകരണേ
നോപരിഷ്ടാന്ന ചാധോ
ബ്രഹ്മാണ്ഡോദുംബരാന്തർമശകവദപരേ
ജന്തവോ ജാതനഷ്ടാഃ. ൬൯

യേന പൃഥുഭുവനഭരായ പൃഷ്ഠം അർപ്പിതം സഃ കൂർമ്മഃ ഏകഃ ഏവ ജാതഃ, യത്ര തേജസ്വിചക്രം നിയമിതം ഭ്രമതി തസ്യ ധ്രുവസ്യ ജന്മ ശ്ലാഘ്യം, പരഹിതകരണേ സഞ്ജാതവ്യർത്ഥപക്ഷാഃ അപരേ ജന്തവഃ ഉപരിഷ്ടാൽ വർത്തമാനാഃ ന, അധഃ ച വർത്തമാനാഃ ന, കിന്തു ബ്രഹ്മാണ്ഡോദുംബരാന്തർമശകവൽ ജാതനഷ്ടാഃ ഭവന്തി.

യാതൊന്നിനാൽ പൃഥുഭുവനഭരത്തിന്നായിക്കൊണ്ടു് = പൃഥുക്കളായി-മഹത്തുക്കളായിരിക്കുന്ന, ഭുവനങ്ങളുടെ-പതിന്നാലുലോകങ്ങളുടെ ഭാരത്തിന്നായിക്കൊണ്ടു്, പൃഷ്ഠം=മുതുകു്, അർപ്പിതം=കൊടുക്കപ്പെട്ടുവോ, ആ കൂർമ്മം=ആദികൂർമ്മം ഒന്നുതന്നേ ജാതൻ=ജനിച്ചു എന്നു പറവാൻ യോഗ്യൻ. യാതൊരുത്തനിൽ തേജസ്വിചക്രം=ഗ്രഹചക്രം, നിയമിതമായിട്ടു്=നിയമിക്കപ്പെട്ടിട്ടു് ഭ്രമിക്കുന്നുവോ=ചുററുന്നുവോ ആ ധ്രുവൻെറ=ഔത്താനപാദൻെറ ജന്മം=ജനനം ശ്ലാഘ്യമാകുന്നു=സകലലോകപ്രസിദ്ധമാകുന്നു. പരഹിതകരണത്തിങ്കൽ=പരന്മാക്കു്-അന്യന്മാക്കു് ഹിതകരണത്തിങ്കൽ-ഉപകാരം ചെയ്യുന്ന വിഷയത്തിങ്കൽ സംജാതവ്യർത്ഥപക്ഷന്മാരായി=നിഷ്പ്രയോജനമായിരിക്കുന്ന പക്ഷങ്ങളായിട്ടുള്ളവരായിരിക്കുന്ന, മുൻചൊന്ന രണ്ടുപേരല്ലാത്ത ജന്തുക്കൾ=പ്രാണികൾ ഉപരിഭാഗത്തിങ്കലുള്ളവരായും ഭവിക്കുന്നില്ല, അധോഭാഗത്തിങ്കലുള്ളവരായും ഭവിക്കുന്നില്ല. പിന്നെ, ബ്രഹ്മാണ്ഡോദുംബരമദ്ധ്യത്തിങ്കൽ=ബ്രഹ്മാണ്ഡമാകുന്ന ഉദുംബരത്തിൻെറ-അത്തിക്കായുടെ മദ്ധ്യത്തിങ്കൽ മശകം എന്നപോലെ=കൊതുകു് എന്നപോലെ ജാതനഷ്ടന്മാരായി ഭവിക്കുന്നു=ജനിക്കയും മരിക്കയും ചെയ്യുന്നവരാകുന്നു.

യാതൊരു ഹേതുകൊണ്ടു് വലുതായിരിക്കുന്ന പതിന്നാലുലോകങ്ങളേയും ഭരിപ്പാനായിക്കൊണ്ടു് മുതുകു് കൊടുക്കപ്പെട്ടുവോ ആ ആദികൂർമ്മം ഒന്നുതന്നെ ജനിച്ചു എന്നു പറവാൻ യോഗ്യനാകുന്നു. നവഗ്രഹചക്രത്തെ നിയമിച്ചിട്ടു് ചുററിക്കൊണ്ടിരിക്കുന്ന ധ്രുവന്റെ ജന്മംതന്നെ സകലലോകപ്രസിദ്ധമാകുന്നു. പരന്മാക്കു് ഉപകാരം

ചെയ്യുന്ന വിഷയത്തിങ്കൽ ആ രണ്ടുപേരുമല്ലാതെ പരോപകാരത്തിനു പ്രയോജനം കൂടാതേയുള്ള പക്ഷങ്ങൾ ഉണ്ടായിരിക്കുന്ന പ്രാണികൾ ഉപരിഭാഗത്തിങ്കലുമില്ല, അധോഭാഗത്തിങ്കലുമില്ല. എന്നാൽ പരോപകാരം ചെയ്യാത്ത പ്രാണികൾ അത്തിക്കായുടെ മദ്ധ്യത്തിങ്കൽ കൊതുക് ജനിച്ച് മരിക്കുന്നതുപോലെ ബ്രഹ്മാണ്ഡമാകുന്ന അത്തിക്കായുടെ മദ്ധ്യത്തിങ്കൽ ജനിക്കയും മരിക്കയും ചെയ്യുന്നവരാകുന്നു. മുഖ്യമായി പരോപകാരം ചെയ്യണമെന്ന് താൽപര്യം.

തൃഷ്ണാം ഛിന്ധി ഭജ ക്ഷമാം ജഹി മദം
പാപേ രതിം മാ കൃഥാഃ
സത്യം ബ്രൂഹ്യനുയാഹി സാധുപദവീം
സേവസ്വ വിദ്വജ്ജനം
മാന്യാൻ മാനയ വിദ്വിഷോഽപ്യനുനയ
പ്രഖ്യാപയ പ്രശ്രയം
കീർത്തിം പാലയ ദുഃഖിതേ കുരു ദയാ-
മേതൽ സതാം ലക്ഷണം. 70

ഹേ ജന, തൃഷ്ണാം ഛിന്ധി, ക്ഷമാം ഭജ, മദം ജഹി, പാപേ രതിം മാ കൃഥാഃ, സത്യം ബ്രൂഹി, സാധുപദവീം അനുയാഹി, വിദ്വജ്ജനം സേവസ്വ, മാന്യാൻ മാനയ, വിദ്വിഷഃ അപി അനുനയ, പ്രശ്രയം പ്രഖ്യാപയ, കീർത്തിം പാലയ, ദുഃഖിതേ ദയാം കുരു. ഏതൽ സതാം ലക്ഷണം.

അല്ലയോ ലോകമേ, പരദ്രവ്യത്തിലുള്ള ഇച്ഛയെ ഛേദിച്ചാലും-വൈരാഗ്യമാകുന്ന വാളുകൊണ്ട് വെട്ടിയാലും. ക്ഷമയെ=പൊറുമയെ ഭജിച്ചാലും=പ്രാപിച്ചാലും. മദത്തെ=ഗർവ്വത്തെ ത്യജിച്ചാലും=ഉപേക്ഷിച്ചാലും. പാപത്തിങ്കൽ=ദുർന്നടത്തയിങ്കൽ രതിയെ=പ്രീതിയെ ചെയ്യരുതേ. സത്യത്തെ യഥാർത്ഥത്തെ പറഞ്ഞാലും. സാധുപദവിയെ=നല്ലനടത്തയെ അനുയാനം ചെയ്താലും=അനുസരിച്ചാലും.വിദ്വജ്ജനത്തെ=അറിവുള്ള ജനത്തെ സേവിച്ചാലും=ആശ്രയിച്ചാലും. മാന്യന്മാരെ=മാനിപ്പാൻ യോഗ്യന്മാരെ മാനിച്ചാലും=പൂജിച്ചാലും. വിദ്വിട്ടുകളെയും=ശത്രുക്കളെയും അനുനയിച്ചാലും=സന്തോഷിപ്പിച്ചാലും. പ്രശ്രയത്തെ=വിനയത്തെ, പ്രഖ്യാപനം ചെയ്താലും=പ്രസിദ്ധപ്പെടുത്തിയാലും. കീർത്തിയെ=യശ

സ്സിനെ പാലിച്ചാലും=രക്ഷിച്ചാലും. ദുഃഖികളിൽ ദയയെ=കൃപയെ ചെയ്താലും. ഇതൊക്കെയും സജ്ജനങ്ങളുടെ ലക്ഷണമാകുന്നു.

അല്ലയോ ലോകങ്ങളെ, ആഗ്രഹത്തെ വൈരാഗ്യമാകുന്ന വാളു കൊണ്ടു് വെട്ടിയാലും. ക്ഷമയോടുകൂടിയിരിക്കയും ഗവ്വത്തെ ത്യജിക്കയും, ദുൎന്നടത്തയിങ്കൽ പ്രീതികൂടാതെ വസിക്കയും, സത്യത്തെ പറയുകയും, നല്ലനടത്തകളെ അനുസരിച്ചു് സഞ്ചരിക്കയും, അറിവുള്ളവരെ സേവിക്കയും, മാനിപ്പാൻ യോഗ്യന്മാരെ പൂജിക്കയും, ശത്രുക്കളെ സന്തോഷിപ്പിക്കയും, ഒഴുക്കവണക്കമായി നടക്കയും കീൎത്തിയെ, പാലിക്കയും, ദുഃഖിച്ചുംകൊണ്ടിരിക്കുന്ന ജനങ്ങളിൽ കൃപയോടുകൂടി പാക്കയും ചെയ്താലും. ഇതൊക്കെയും നല്ല ജനങ്ങളുടെ ലക്ഷണമാകുന്നു എന്നു് താൽപൎയ്യം.

മനസി വചസി കായേ പുണ്യപീയൂഷപൂർണ്ണാ-
സ്ത്രിഭുവനമുപകാരശ്രേണിഭിഃ പ്രീണയന്തഃ
പരഗുണപരമാണൂൻ പവ്വതീകൃത്യ നിത്യം
നിജ ഹൃദി വികസന്തഃ സന്തി സന്തഃ കിയന്തഃ. 71

മനസി വചസി കായേ പുണ്യപീയൂഷപൂർണ്ണാഃ ത്രിഭുവനം ഉപകാരശ്രേണിഭിഃ പ്രീണയന്തഃ പരഗുണപരമാണൂൻ പവ്വതീകൃത്യ നിത്യം നിജഹൃദി വികസന്തഃ സന്തഃ കിയന്തഃ സന്തി?

മനസ്സിങ്കലും=ഹൃദയത്തിങ്കലും, വചസ്സിങ്കലും=വാക്കിങ്കലും, കായത്തിങ്കലും=ദേഹത്തിങ്കലും പുണ്യപീയൂഷപൂർണ്ണന്മാരായി=പുണ്യമാകുന്ന-സൽക്കൎമ്മമാകുന്ന പീയൂഷത്താൽ - അമൃതത്താൽ പൂൎണ്ണന്മാരായി-നിറഞ്ഞിട്ടുള്ളവരായി, ത്രിഭുവനത്തേയും=മൂന്നു ലോകവാസികളേയും, ഉപകാരശ്രേണികളെക്കൊണ്ടു്=ഉപകാരക്കൂട്ടങ്ങളെക്കൊണ്ടു് പ്രീണയത്തുക്കളായും=സന്തോഷിപ്പിക്കുന്നവരായും പരഗുണപരമാണുക്കളെ=പരന്മാരുടെ-അന്യന്മാരുടെ ഗുണങ്ങളുടെ-സൽക്കൎമ്മങ്ങളുടെ പരമാണുക്കളെ - അല്പങ്ങളെ, പവ്വതീകരിച്ചിട്ടു്=പവ്വതമാക്കിച്ചെയ്തു്-വലുതാക്കിച്ചെയ്തു് സദാനേരവും നിജഹൃദയത്തിങ്കൽ=തന്റെ മനസ്സിങ്കൽ, വികസത്തുക്കളായി=സന്തോഷിക്കുന്നവരായി ഇരിക്കുന്ന സത്തുക്കൾ=നല്ല ജനങ്ങൾ എത്ര പേർ ഭവിക്കുന്നു?

മനസ്സിങ്കലും വാക്കിങ്കലും ദേഹത്തിങ്കലും സൽക്കമ്മമാകുന്ന അമൃതം നിറഞ്ഞു് മൂന്നു ലോകത്തിങ്കലും വസിക്കുന്ന പ്രാണികളുടെ നേക്കു ചെയ്യുന്ന ഉപകാരക്കൂട്ടങ്ങളെക്കൊണ്ടു് സന്തോഷിപ്പിച്ചു് പരന്മാരുടെ സൽക്കമ്മങ്ങളുടെ അല്പങ്ങളെ പവ്വതംപോലെ വലുതാക്കി ച്ചെയ്തു് എപ്പോഴും തങ്ങടെ മനസ്സു് പ്രകാശിപ്പിച്ചു് ആനന്ദചിത്തന്മാരായിരിക്കുന്ന നല്ല ജനങ്ങൾ അപൂവ്വമായിട്ടേ ഉണ്ടായിരിക്കയുള്ളൂ എന്നു് താൽപയ്യം.

ഇതി പരോപകാരപദ്ധതിഃ സമാപ്താ.

---

അഥ ധൈയ്യശീലപദ്ധതിഃ.

ഇങ്ങനെ പരോപകാരം ചെയ്യേണ്ടുന്ന അവസ്ഥ പറഞ്ഞതിന്റേശേഷം ധൈയ്യമായിരിക്കുന്ന ശീലത്തെ കൈക്കൊണ്ടിരിക്കുന്ന മനുഷ്യരുടെ മാർഗ്ഗത്തെക്കാണിച്ചു പറയുന്നു:—

രത്നൈർമഹാബ്ധേസ്തുതുഷുർന്ന ദേവാ
ന ഭേജിരേ ഭീമവിഷേണ ഭീതിം
സുധാം വിനാ ന പ്രയയുവ്വിരാമം
ന നിശ്ചിതാത്ഥാദ്വിരമന്തി ധീരാഃ. 72

ദേവാഃ മഹാബ്ധേഃ രത്നൈഃ ന തുതുഷുഃ, ഭീമവിഷേണ ഭീതിം ന ഭേജിരേ, സുധാം വിനാ വിരാമം ന പ്രയയുഃ, ധീരാഃ നിശ്ചിതാത്ഥാൽ ന വിരമന്തി.

ദേവന്മാർ മഹാബ്ധിയുടെ=പാൽക്കടൽ സംബന്ധിച്ചിരിക്കുന്ന രത്നങ്ങളെക്കൊണ്ടു്=കൌസ്തുഭം മുതലായ രത്നങ്ങളെക്കൊണ്ടു് സന്തോഷിച്ചില്ല. കാളക്രുടവിഷംകൊണ്ടു ഭീതിയെ=പേടിയേ ഭജിച്ചില്ല=പ്രാപിച്ചില്ല. സുധ കൂടാതേ=അമൃതു് കൂടാതേ വിരാമത്തെ=മഥനാവസാനത്തെ പ്രയാണം ചെയ്തില്ല=പ്രാപിച്ചില്ല. ധീരന്മാർ=ധൈയ്യത്തോടുകൂടിയ ജനങ്ങൾ, നിശ്ചിതാത്ഥത്തിങ്കൽനിന്നും=നിരൂപിച്ച കായ്യത്തിങ്കൽനിന്നും വിരമിക്കുന്നില്ല=ഒഴിയുന്നില്ല.

പാലാഴിമഥനത്തിങ്കൽ പാൽക്കടൽസംബന്ധിയായിരിക്കുന്ന കൌസ്തുഭം മുതലായ രത്നങ്ങളെക്കൊണ്ടു് ദേവന്മാർ സന്തോഷിക്കയും; കാളക്രുടവിഷംകൊണ്ടു് പേടിക്കയും ചെയ്തില്ല. അമൃതം

ലഭിക്കാതെകൊണ്ടു് മഥനാവസാനത്തെ ചെയ്കതുമില്ല. അതുപോലെ ധൈൎയ്യത്തോടുകൂടിയ ജനങ്ങൾ നിരൂപിച്ച കാൎയ്യം സാധിക്കാതെ മാറുന്നില്ല എന്നു് താൽപൎയ്യം.

പ്രാരഭ്യതേ ന ഖലു വിഘ്നഭയേന നീചൈഃ
പ്രാരഭ്യ വിഘ്നനിഹതാ വിരമന്തി മദ്ധ്യാഃ
വിഘ്നൈഃ പുനഃ പുനരപി പ്രതിഹന്യമാനാഃ
പ്രാരബ്ധമുത്തമഗുണാ ന പരിത്യജന്തി. 73

നീചൈഃ വിഘ്നഭയേന ന പ്രാരഭ്യതേ ഖലു. മദ്ധ്യാഃ പ്രാരഭ്യ വിഘ്നനിഹതാഃ വിരമന്തി. ഉത്തമഗുണാഃ വിഘ്നൈഃ പുനഃ പുനഃ പ്രതിഹന്യമാനാഃ അപി പ്രാരബ്ധം ന പരിത്യജന്തി.

നീചന്മാരാൽ=ചപലചിത്തന്മാരാൽ, വിഘ്നഭയംകൊണ്ടു്= വിഘ്നത്തിന്റെ-വിരോധത്തിന്റെ ഭയംകൊണ്ടു്-പേടികൊണ്ടു് ആരംഭിക്കപ്പെടുന്നില്ല. മദ്ധ്യമന്മാർ=ധൈൎയ്യം കുറഞ്ഞ ജനങ്ങൾ, ആരംഭിച്ചിട്ടു് വിഘ്നനിഹതന്മാരായി=വിഘ്നംകൊണ്ടു്-തടവുകൊണ്ടു് നിഹതന്മാരായി-പീഡിക്കപ്പെട്ടവരായി വിരമിക്കുന്നു=ഒഴിയുന്നു. ഉത്തമഗുണന്മാർ=ഉത്തമമായി-ശ്രേഷ്ഠമായി ഇരിക്കുന്ന ഗുണത്തോടുകൂടിയിട്ടുള്ള ജനങ്ങൾ വിഘ്നങ്ങളാൽ സദാനേരവും പ്രതിഹന്യന്മാരായിരുന്നാലും=പീഡിക്കപ്പെട്ടിരുന്നാലും, പ്രാരബ്ധത്തെ=ആരംഭിച്ച കാൎയ്യത്തെ പരിത്യജിക്കുന്നില്ല.

ചപലചിത്തന്മാരായ മനുഷ്യർ വിഘ്നം വന്നുപോകുമോ എന്നുള്ള ഭയംകൊണ്ടു് യാതൊരു കാൎയ്യങ്ങളേയും പ്രവൎത്തിക്കുന്നില്ല. ധൈൎയ്യം കുറഞ്ഞ ജനങ്ങൾ ഓരോ കാൎയ്യങ്ങളെ ആരംഭിച്ചു് അതിലുണ്ടാകുന്ന തടവുകളെക്കൊണ്ടു് പേടിച്ചു് ഒഴിയുന്നു. ധൈൎയ്യഗുണത്തോടുകൂടിയിരിക്കുന്ന പുരുഷന്മാർ ആരംഭിക്കുന്ന കാൎയ്യങ്ങളിൽ സദാനേരവും വിരോധം വന്നുകൊണ്ടുതന്നെയിരുന്നാലും അതിൽ ഭയംകൂടാതെ തുടങ്ങിയ കാൎയ്യത്തെ ജയിച്ചല്ലാതെ വിടുന്നില്ല എന്നു് താൽപൎയ്യം.

കചചിൽ പൃഥ്വീശയ്യഃ കചചിദപി ച പൎയ്യങ്കശയനഃ
കചചിച്ഛാകാഹാരഃ കചചിദപി ച ശാല്യോദനരുചിഃ

കചിൽ കന്ഥാധാരീ കചിദപി ച ദിവ്യാംബരധരോ
മനസ്വീ കാൎയ്യാൎത്ഥീ ന ഗണയതി ദുഃഖം ന ച സുഖം. 74

കാൎയ്യാൎത്ഥീ മനസ്വീ കചിൽ പൃത്ഥ്വീശയ്യഃ അപി, കചിൽ പൎയ്യങ്കശയനഃ അപി, കചിൽ ശാകാഹാരഃ അപി, കചിൽ ശാല്യോദനരുചിഃ അപി, കചിൽ കന്ഥാധാരീ അപി, കചിൽ ദിവ്യാംബരധരഃ അപി ദുഃഖം ന ഗണയതി സുഖം ച ന ഗണയതി.

കാൎയ്യാൎത്ഥിയായി=കാൎയ്യത്തെ നടത്തേണമെന്ന ഇച്ഛയോടു കൂടിയവനായി ഇരിക്കുന്ന മനസ്വി=ധൈൎയ്യപുരുഷൻ ഒരു സ്ഥലത്തു് പൃത്ഥ്വീശയ്യനായിരുന്നാലും=പൃത്ഥ്വിയിങ്കൽ – മണ്ണിൽ, ശയ്യയോടു്–ശയനത്തോടുകൂടിയവനായിരുന്നാലും, ഒരു പ്രദേശത്തു് പൎയ്യങ്കശയനനായിരുന്നാലും=സപ്രമഞ്ചത്തിൽ കിടന്നാലും, ഒരിടത്തു് ശാകാഹാരനായിരുന്നാലും = ചീത്ത ഭക്ഷണത്തോടുകൂടിയവനായിരുന്നാലും, ഒരു സ്ഥലത്തു് ശാല്യോദനരുചിയായിരുന്നാലും=നല്ല ഭക്ഷണത്തോടുകൂടിയവനായിരുന്നാലും, ഒരു പ്രദേശത്തു് കന്ഥാധാരിയായിരുന്നാലും=കീറിയ വസ്ത്രത്തോടുകൂടിയിരുന്നാലും, ഒരുഭാഗത്തു് ദിവ്യാംബരധരനായിരുന്നാലും ദുഃഖത്തേയും=കഷ്ടത്തേയും ഗണിക്കുന്നില്ല=വിചാരിക്കുന്നില്ല, സുഖത്തേയും=സൌഖ്യത്തേയും ഗണിക്കുന്നില്ല=വിചാരിക്കുന്നില്ല.

കാൎയ്യാദികൾ നടത്തണമെന്നാഗ്രഹിച്ചുംകൊണ്ടു് ധൈൎയ്യത്തോടുകൂടിയിരിക്കുന്ന പുരുഷന്മാർ ഒരുസമയത്തു് തറയിൽ കിടന്നാലും, അവൻ പിന്നെ ഒരു സ്ഥലത്തു് സപ്രമഞ്ചത്തിൽ കിടന്നിരുന്നാലും, ഒരു സ്ഥലത്തു് ചീത്തയായ ഭക്ഷണത്തോടുകൂടിയവനായിരുന്നാലും, മറെറാരു ഭാഗത്തു് നല്ല ഭോജനത്തോടുകൂടിയവനായിരുന്നാലും, ഒരു സമയത്തു് കീറിയ വസ്ത്രം ഉടുത്തിരുന്നാലും, ഒരു സമയം ദിവ്യമായ വസ്ത്രങ്ങൾ ധരിച്ചിരുന്നാലും, ഓരോ കാൎയ്യങ്ങളിൽ പ്രവൎത്തിച്ചുംകൊണ്ടിരിക്കുന്നതല്ലാതെ അവർ സുഖദുഃഖങ്ങളെ വിചാരിക്കയില്ലെന്നു് താൽപൎയ്യം.

നിന്ദന്തു നീതിനിപുണാ യദി വാ സ്തുവന്തു
ലക്ഷ്മീഃ സമാവിശതു ഗച്ഛതു വാ യഥേഷ്ടം
അദ്യൈവ വാ മരണമസ്തു യുഗാന്തരേ വാ
ന്യായ്യാൽ പഥഃ പ്രവിചലന്തി പദം ന ധീരാഃ. 75

നീതിനിപുണാഃ നിന്ദന്തു വാ, യദി സ്തുവന്തു വാ, ലക്ഷ്മീഃ സമാവിശതു വാ, യഥേഷ്ടം ഗച്ഛതു വാ, അദ്യ ഏവ വാ മരണം അസ്തു; യുഗാന്തരേ വാ അസ്തു; ധീരാഃ ന്യായ്യാൽ പഥഃ പദം ന പ്രവിചലന്തി.

നീതിനിപുണന്മാർ=ന്യായത്തിങ്കൽ സമത്ഥന്മാർ നിന്ദിക്കട്ടെ=ദൂഷിക്കട്ടെ, അല്ലെങ്കിൽ സ്തുതിക്കട്ടെ=നന്ദിക്കട്ടെ; ലക്ഷ്മീ=സമ്പത്തു് സമാവേശിക്കട്ടേ=വരട്ടേ, അല്ലെങ്കിൽ തടവുകൂടാതേ ഗമിക്കട്ടെ=പോട്ടെ; ഇപ്പോൾത്തന്നേ മരണം=പ്രാണഹാനി ഭവിക്കട്ടേ=ഉണ്ടാകട്ടേ; യുഗാന്തരത്തിങ്കൽ=യുഗം കഴിഞ്ഞു് എങ്കിലും ഭവിക്കട്ടേ=ഉണ്ടാകട്ടേ; എന്നാലും ധീരന്മാർ=ധൈൎയ്യമുള്ള ജനങ്ങൾ ന്യായ്യമായ=ന്യായത്തിങ്കൽനിന്നു് അകലാതെ ഇരിക്കുന്ന പന്ഥാവിങ്കൽനിന്നു്=മാർഗ്ഗത്തിങ്കൽനിന്നു് ഒരു പദംപോലും=ഒരു ചുവടുപോലും പ്രവിചലിക്കയില്ല=നീങ്ങുകയില്ല.

ന്യായത്തിങ്കൽ സമത്ഥന്മാരായിരിക്കുന്ന പുരുഷന്മാർ നിന്ദിക്കട്ടേ, അല്ലെങ്കിൽ നന്ദിക്കട്ടേ; അവക്കു് സമ്പത്തുണ്ടാകട്ടേ, അല്ലെങ്കിൽ ആ സമ്പത്തു് തടവുകൂടാതെ പോകട്ടേ; ഇപ്പോൾത്തന്നേ മരണംഭവിക്കട്ടേ, അല്ലെങ്കിൽ യുഗം കഴിഞ്ഞു മരിക്കട്ടേ: ഇതിൻവണ്ണം ഒക്കെയും വന്നാലും ധൈൎയ്യമുള്ള ജനങ്ങൾ ന്യായമാർഗ്ഗത്തിൽനിന്നു് ഒരു ചുവടുപോലും നീങ്ങുകയില്ല എന്നു് താൽപര്യം.

കാന്താകടാക്ഷവിശിഖാ ന ലുനന്തി യസ്യ
ചിത്തം ന നിർദ്ദഹതി കോപകൃശാനുതാപഃ
(1) കർഷന്തി ഭൂരിവിഷയാശ്ച ന ലോഭപാശാഃ
ലോകത്രയം ജയതി കൃത്സ്നമിദം സ ധീരഃ. 76

യസ്യ ചിത്തം കാന്താകടാക്ഷവിശിഖാഃ ന ലുനന്തി, കോപകൃശാനുതാപഃ ന നിർദ്ദഹതി, ഭൂരിവിഷയാഃ ലോഭപാശാഃ ച ന കർഷന്തി, സഃ ധീരഃ കൃത്സ്നം ഇദം ലോകത്രയം ജയതി.

യാതൊരുത്തന്റെ ചിത്തത്തെ=മനസ്സിനെ, കാന്താകടാക്ഷവിശിഖങ്ങൾ=കാന്തയുടെ-സ്ത്രീയുടെ കടാക്ഷമാകുന്ന-നേത്രാഞ്ചലമാകുന്ന വിശിഖങ്ങൾ-അമ്പുകൾ ലവനം ചെയ്യുന്നില്ലയോ=ഛേദിക്കു

1. "തർഷന്തി" എന്നു് മുദ്രിതഗ്രന്ഥപാഠം.

ന്നില്ലയോ, കോപകൃശാനുതാപഃ=കോപമാകുന്ന-ക്രോധമാകുന്ന കൃശാനുവിന്റെ-അഗ്നിയുടെ താപവും-ചൂടും ദഹിക്കുന്നില്ലയോ=ഭസ്മമാക്കിച്ചെയ്യുന്നില്ലയോ, ഭൂരിവിഷയമായിരിക്കുന്ന=അനേകപ്രകാരങ്ങളായിരിക്കുന്ന ലോഭപാശങ്ങളും=ലോഭമാകുന്ന പാശങ്ങളും-കയറുകളും കൎഷണംചെയ്യുന്നില്ലയോ=വലിക്കുന്നില്ലയോ, ആ ധീരൻ=ആ ധൈൎയ്യശാലി, കൃത്സ്നം=സമസ്തമായിരിക്കുന്ന ഈ ലോകത്രയത്തെയും=മൂന്നുലോകങ്ങളേയും ജയിക്കുന്നു=സ്വാധീനമാക്കിച്ചെയ്യുന്നു.

ധൈൎയ്യശാലികളെ സ്ത്രീകളുടെ കടക്കൺനോക്കാകുന്ന അസ്ത്രം ഭേദിക്കുന്നില്ല; കോപമാകുന്ന അഗ്നിയുടെ ചൂടും ദഹിക്കുന്നില്ല; അനേകപ്രകാരങ്ങളായ ലോഭമാകുന്ന കയറുകളും ഉപദ്രവിക്കുന്നില്ല. അങ്ങനെയിരിക്കുന്ന ധൈൎയ്യശാലികൾ മൂന്നു ലോകങ്ങളേയും സ്വാധീനമാക്കിച്ചെയ്യുന്നു എന്നു് താല്പൎയ്യം.

കദൎത്ഥിതസ്യാപി ഹി ധൈൎയ്യവൃത്തേർ-
(1)
ന ശക്യതേ ധൈൎയ്യഗുണം പ്രമാൎഷ്ടും
അധോമുഖസ്യാപി കൃതസ്യ വഹ്നേർ-
(2)
നാധഃ ശിഖാ യാതി കദാചിദേവ. 77

കദൎത്ഥിതസ്യ അപി ധൈൎയ്യവൃത്തേഃ ധൈൎയ്യഗുണം പ്രമാൎഷ്ടും ന ശക്യതേ, ഹി അധോമുഖസ്യ കൃതസ്യ അപി വഹ്നേഃ ശിഖാ കദാചിൽ ഏവ അധഃ ന യാതി.

കദൎത്ഥിതനായിരുന്നാലും=നീചവൃത്തിയായിരുന്നാലും, ധൈൎയ്യവൃത്തിയുടെ=ധൈൎയ്യചിത്തന്റെ ധൈൎയ്യഗുണത്തെ=ധൈൎയ്യസ്വഭാവത്തെ, പ്രമാൎജ്ജനംചെയ്യുന്നതിനു്=പോക്കുന്നതിനു് കഴിയുന്നതല്ല; അധോമുഖനായി ചെയ്യപ്പെട്ടിരുന്നാലും=കീഴ്മേലായി ചെയ്യപ്പെട്ടിരുന്നാലും, വഹ്നിയുടെ=അഗ്നിയുടെ ശിഖ=ജ്വാല ഒരിക്കലും അധഃ=കീഴ്പോട്ടു് പോകുന്നില്ല.

കീഴമേലായി വയ്ക്കപ്പെട്ടിരുന്നാലും അഗ്നിയുടെ ജ്വാല കീഴ്പോട്ടു് പോകയില്ല. അതുപോലെ നീചവൃത്തി ചെയ്തുകൊണ്ടി

(1) "ധൈൎയ്യഗുണഃ" എന്നു മുദ്രിതഗ്രന്ഥപാഠം. (2) "ശിഖാ യാന്തി" എന്നു് മുദ്രിതഗ്രന്ഥപാഠം.

ന്നാലും ധീരതയുള്ള പുരുഷൻെറ ധൈൎയ്യസ്വഭാവത്തെ ഇല്ലായ്മ ചെയ്യുന്നതിന് കഴിയുന്നതല്ല എന്ന് താൽപൎയ്യം.

വരം ശൃംഗോത്സംഗാദ് ഗുരുശിഖരിണഃ
ക്വാപി വിഷമേ
പതിതാഽയം കായഃ കഠിനദൃഷദ-
ന്തേ വിഗളിതഃ
വരം ന്യസ്തോ ഹസ്തഃ ഫണിപതിമുഖേ
തീക്ഷ്ണദശനേ
വരം വഹ്നൌ പാതസ്തദപി ന കൃതഃ
ശീലവിലയഃ. 78

അയം കായഃ ഗുരുശിഖരിണഃ ശൃംഗോത്സംഗാൽ കഠിനദൃഷദന്തേ വിഷമേ ക്വ അപി പതിതാ വിഗളിതഃ വരം; തീക്ഷ്ണദശനേ ഫണിപതിമുഖേ ഹസ്തഃ ന്യസ്തഃ വരം; വഹ്നൌ പാതഃ വരം; തൽ അപി ശീലവിലയഃ ന കൃതഃ.

ഈ കായം=ഇക്കാണുന്ന ദേഹം, ഗുരുശിഖരിയുടെ=വലിയ പൎവ്വതത്തിൻെറ, ശൃംഗോത്സംഗത്തിങ്കൽനിന്നും=ഉപരിഭാഗത്തിങ്കൽനിന്നും, കഠിനദൃഷദന്തമായിരിക്കുന്ന=കഠിനങ്ങളായി-കക്കശങ്ങളായി ഇരിക്കുന്ന ദൃഷത്തുക്കളോട്-കല്ലുകളോടുകൂടിയ അന്തത്തോട് -സമീപത്തോടുകൂടിയിട്ടുള്ള വിഷമസ്ഥലത്തിങ്കൽ=വൈഷമ്യസ്ഥലത്തിങ്കൽ, എവിടെയെങ്കിലും പതനംചെയ്തിട്ട്=വീണിട്ട്, വിഗളിതമായാലും=ക്ഷണമായിത്തീൎന്നാലും വരമാകുന്നു=ശ്രേഷ്ഠമാകുന്നു. തീക്ഷ്ണദശനമാകുന്ന=തീക്ഷ്ണമായി-ക്രൂരതയുള്ളതായി ഇരിക്കുന്ന ദശനത്തോട്-പല്ലോട് കൂടിയിരിക്കുന്ന ഫണിപതിമുഖത്തിങ്കൽ=ഫണിപതിയുടെ-സൎപ്പത്തലവൻെറ മുഖത്തിങ്കൽ-വദനത്തിങ്കൽ ഹസ്തമാകുന്നതു്=കയ്യാകുന്നതു്, ന്യസ്തമായാലും=വയ്ക്കപ്പെട്ടാലും, വരമാകുന്നു=ശ്രേഷ്ഠമാകുന്നു. വഹ്നിയിങ്കൽ=അഗ്നിയിങ്കൽ പാതം=പതനം-വീഴ്ച വരമാകുന്നു=ശ്രേഷ്ഠമാകുന്നു. എങ്കിലും ശീലവിലയം=നല്ലശീലത്തിൻെറ ഉപേക്ഷ കൃതമാകുന്നില്ല=ചെയ്യപ്പെടുന്നില്ല.

ഇക്കാണുന്ന ദേഹം പൎവ്വതത്തിൻെറ മുകളിൽനിന്ന് കഠിനങ്ങളാകുന്ന കല്ലിൻകൂട്ടങ്ങൾ നിറഞ്ഞിട്ടുള്ള വൈഷമ്യസ്ഥലത്തിങ്കൽ എവിടെയെങ്കിലും വീണ് ക്ഷണപ്രായമായാലും, ക്രൂരത

യുള്ള പല്ലുകളോടുകൂടിയ സപ്പ്ത്തലവൻെറ മുഖത്തിങ്കൽ കൈയ്‌വച്ചാലും, അഗ്നിയിങ്കൽ ചാടിയാലും മോശമില്ല. എന്നു വരികിലും ധീരന്മാർ നല്ല ശീലങ്ങളെ ഉപേക്ഷിക്കുന്നില്ല എന്നു് താൽപര്യം.

ഐശ്വര്യസ്യ വിഭൂഷണം സുജനതാ
ശൌര്യസ്യ വാക്സംയമോ
ജ്ഞാനസ്യോപശമഃ ശ്രുതസ്യ വിനയോ
വിത്തസ്യ പാത്രേ വ്യയഃ
അക്രോധസ്തപസഃ ക്ഷമാ പ്രഭവിതുർ-
ധമ്മസ്യ നിർവ്യാജതാ
സവ്വേഷാമപി സർവകാരണമിദം
ശീലം പരം ഭൂഷണം. 79

ഐശ്വര്യസ്യ വിഭൂഷണം സുജനതാ, ശൌര്യസ്യ വിഭൂഷണം വാക്സംയമഃ, ജ്ഞാനസ്യ വിഭൂഷണം ഉപശമഃ, ശ്രുതസ്യ വിഭൂഷണം വിനയഃ, വിത്തസ്യ വിഭൂഷണം പാത്രേ വ്യയഃ, തപസഃ വിഭൂഷണം അക്രോധഃ, പ്രഭവിതുഃ വിഭൂഷണം ക്ഷമാ, ധമ്മസ്യ വിഭൂഷണം നിർവ്യാജതാ, സർവേഷാം അപി സവ്വകാരണം ഇദം ശീലം പരം ഭൂഷണം.

ഐശ്വര്യത്തിനു്=സമ്പത്തിനു് വിഭൂഷണം=അലങ്കാരം സുജനതയാകുന്നു=സൌജന്യമാകുന്നു-രഞ്ജനയാകുന്നു. ശൌര്യത്തിനു്=പരാക്രമത്തിനു്, വിഭൂഷണം=അലങ്കാരം വാക്സംയമമാകുന്നു=ആത്മപ്രശംസയോടുകൂടിയ വാക്കിൻെറ അടക്കമാകുന്നു. ജ്ഞാനത്തിനു്=അറിവിന്നു്, വിഭൂഷണം=അലങ്കാരം ഉപശമമാകുന്നു=വിഷയാദികളിൽനിന്നു് ഒഴിഞ്ഞിരിക്കുന്ന സ്ഥിതിയാകുന്നു. ശ്രുതത്തിനു്=വേദശാസ്ത്രാഭ്യാസത്തിനു്, വിഭൂഷണം = അലങ്കാരം വിനയമാകുന്നു=ഒഴുക്കവണക്കമാകുന്നു. വിത്തത്തിനു്=ദ്രവ്യത്തിനു് വിഭൂഷണം=അലങ്കാരം, പാത്രത്തിങ്കൽ=സൽപാത്രത്തിങ്കൽ, വ്യയമാകുന്നു=ചെലവാകുന്നു. തപസ്സിനു്=നിഷ്ഠയ്ക്കു് വിഭൂഷണം=അലങ്കാരം, അക്രോധമാകുന്നു=ക്രോധമില്ലാത്ത സ്ഥിതിയാകുന്നു. പ്രഭവിതാവിനു്=സമത്ഥനു്, വിഭൂഷണം=അലങ്കാരം, ക്ഷമയാകുന്നു=പൊറുമയാകുന്നു. ധമ്മത്തിനു്=പുണ്യകമ്മാനുഷ്ഠാനത്തിനു്, വിഭൂഷണം=അ

ലങ്കാരം നിർവ്യാജതയാകുന്നു=വ്യാജംകൂടാതെയിരിക്കുന്ന സ്ഥിതിയാകുന്നു. സർവ്വങ്ങൾക്കും=എല്ലാററിന്നും സർവകാരണമായി=മുഖ്യഹേതുവായി ഇരിക്കുന്ന ഈ ശീലം=നല്ല ശീലം, പരമായിട്ടുള്ള=പ്രധാനമായിട്ടുള്ള ഭൂഷണമാകുന്നു=അലങ്കാരമാകുന്നു.

സമ്പത്തിന്നു് അലങ്കാരം രഞ്ജനയാകുന്നു. അതുപോലെ പരാക്രമത്തിന്നു് അലങ്കാരം തന്നെപ്പുകഴ്ത്തിപ്പറയാണ്ടിരിക്കയും, അറിവിന്നു് അലങ്കാരം വിഷയാദികളിൽ ഉൾപ്പെടാതിരിക്കയും, വിദ്യയ്ക്കു് അലങ്കാരം ഒഴുക്കവണക്കമായിരിക്കയും, ദ്രവ്യത്തിന്നു് അലങ്കാരം സൽപാത്രത്തിങ്കൽ ചെലവുചെയ്കയും, തപസ്സിന്നു് അലങ്കാരം കോപമില്ലാണ്ടിരിക്കയും, സമർത്ഥന്നു് അലങ്കാരം പൊറുമയായിരിക്കയും, പുണ്യകർമ്മാനുഷ്ഠാനത്തിന്നു് അലങ്കാരം വ്യാജംകൂടാതെ ഇരിക്കയും ചെയ്യുന്നതാകുന്നു. എന്നാൽ, ഇങ്ങനെയുള്ള എല്ലാകാര്യങ്ങൾക്കും മുഖ്യമാകുന്ന അലങ്കാരം നല്ലശീലമാകുന്നു എന്നു് താൽപര്യം.

വഹ്നിസ്തസ്യ ജലായതേ ജലനിധിഃ
കുല്യായതേ തൽക്ഷണാ-
ന്മേരുഃ സ്വല്പശിലായതേ മൃഗപതിഃ
സദ്യഃ കുരംഗായതേ
വ്യാളോ മാല്യഗുണായതേ വിഷരസഃ
പീയൂഷവർഷായതേ
യസ്യാംഗേഽഖിലലോകവല്ലഭതരം
ശീലം സമുന്മീലതി. 40

യസ്യ അംഗേ അഖിലലോകവല്ലഭതരം ശീലം സമുന്മീലതി തസ്യ വഹ്നിഃ ജലായതേ, ജലനിധിഃ കുല്യായതേ, തൽക്ഷണാൽ മേരുഃ സ്വല്പശിലായതേ, മൃഗപതിഃ സദ്യഃ കുരംഗായതേ, വിഷരസഃ പീയൂഷവർഷായതേ.

യാതൊരുത്തന്റെ=യാതൊരു പുരുഷന്റെ, അംഗത്തിങ്കൽ=ശരീരത്തിങ്കൽ, അഖിലലോകവല്ലഭതരമായിരിക്കുന്ന=അഖിലലോകങ്ങൾക്കും-അശേഷജനങ്ങൾക്കും വല്ലഭതരമായി-ശ്രേഷ്ഠമായി—മനോജ്ഞമായി ഇരിക്കുന്ന ശീലം=നല്ല സ്വഭാവം, സമുന്മീലനംചെയ്യുന്നുവോ=ശോഭിക്കുന്നുവോ, അവന്നു്=ആ പുരുഷന്നു് വഹ്നി=അഗ്നി

ജലംപോലെയാകുന്നു=ശീതളമായി ഭവിക്കുന്നു. ജലനിധി=സമുദ്രം, കുല്യ എന്നപോലെ=വായ്ക്കാല് എന്നപോലെ ഭവിക്കുന്നു. തൽക്ഷണംകൊണ്ടു്=ഉടനേ, മേരു=മഹാമേരുപൎവ്വതം, സ്വല്പശില എന്നപോലെ തീരുന്നു.=കൊച്ചുകല്ലു് എന്നപോലെ തീരുന്നു. മൃഗപതി=സിംഹം, സദ്യഃ=ഉടനേ, കുരംഗം എന്നപോലെ=മാൻ എന്നപോലെ തീരുന്നു. വ്യാളം=സൎപ്പം, മാല്യഗുണം എന്നപോലെ=മാല എന്നപോലെ തീരുന്നു. വിഷരസം=കാകോളജലം, പീയൂഷവൎഷം പോലെ=അമൃതവൃഷ്ടിപോലെ തീരുന്നു.

യാതൊരു പുരുഷന്റെ ശരീരത്തിങ്കൽ സകലലോകവാസികൾക്കും പ്രമാണമായിരിക്കുന്ന നല്ല സ്വഭാവം ശോഭിക്കുന്നുവോ ആ പുരുഷനു്, അഗ്നി തണുപ്പായി ജലംപോലെയും, സമുദ്രം വായ്ക്കാലു് എന്നപോലെയും, മഹാമേരുപൎവ്വതം കൊച്ചുകല്ലു് എന്നപോലെയും, സിംഹം മാൻ എന്നപോലെയും, സൎപ്പം മാല എന്നപോലെയും, വിഷജലം അമൃതമഴയെന്നപോലെയും തീരുന്നു എന്നു് താല്പൎയ്യം.

അപേക്ഷന്തേ ന പാത്രാണി ന സ്നേഹം ന ദശാന്തരം
സദാ ലോകഹിതേ രക്താ രത്നദീപാ ഇവോത്തമാഃ. ൪൧

ഉത്തമാഃ പാത്രാണി ന അപേക്ഷന്തേ, സ്നേഹം ന അപേക്ഷന്തേ, ദശാന്തരം ന അപേക്ഷന്തേ, രത്നദീപാഃ ഇവ സദാ ലോകഹിതേ രക്താഃ ഭവന്തി.

ഉത്തമന്മാർ=നല്ലശീലത്തോടുകൂടിയിരിക്കുന്ന പുരുഷന്മാർ, പാത്രങ്ങളെ=വിശേഷജനങ്ങളെ അപേക്ഷിക്കുന്നില്ല=ഇച്ഛിക്കുന്നില്ല; സ്നേഹത്തെ=പ്രീതിയെ അപേക്ഷിക്കുന്നില്ല=ഇച്ഛിക്കുന്നില്ല. ദശാന്തരത്തെ=വിശേഷസ്ഥിതിയെ അപേക്ഷിക്കുന്നില്ല=ഇച്ഛിക്കുന്നില്ല;രത്നദീപങ്ങൾ=മണിവിളക്കുകൾ,ദീപത്തിനു് ആധാരഭൂതമായ പാത്രത്തിന്റെയും എണ്ണയുടേയും തിരിയുടേയും അപേക്ഷകൂടാതെ പ്രകാശത്തോടുകൂടിയിരിക്കുന്നതുപോലെ, എപ്പോഴും ലോകഹിതത്തിങ്കൽ=സകലജനങ്ങളുടേയും ക്ഷേമത്തിങ്കൽ, രക്തന്മാരായി=ഇച്ഛയോടുകൂടിയവരായി, ഭവിക്കുന്നു=ഇരിക്കുന്നു.

ദീപത്തിനു് ആധാരഭൂതമായിരിക്കുന്ന പാത്രത്തിന്റെയും എണ്ണയുടേയും തിരിയുടേയും അപേക്ഷക്കൂടാതേയും, അതിനോടു ചേരാതേയും രത്നദീപം എപ്പോഴും പ്രകാശിക്കുന്നതുപോലെ, നല്ല ശീലത്തോടുകൂടിയിരിക്കുന്ന ഉത്തമപുരുഷന്മാർ വിശേഷജനങ്ങളെ അപേക്ഷിക്കയും, സ്നേഹത്തെ ഇച്ഛിക്കയും, വിശേഷസ്ഥിതിയെ ആഗ്രഹിക്കയും ചെയ്യുന്നില്ല എന്നു് താൽപര്യം.

ഛിന്നോƒപി രോഹതി തരുഃ
ക്ഷീണോƒപ്യുപചീയതേ പുനശ്ചന്ദ്രഃ
ഇതി വിമൃശന്തഃ സന്തഃ
സന്തപ്യന്തേ ന വിപ്ലുതാ ലോകേഷു. ൮൨

തരുഃ ഛിന്നഃ അപി രോഹതി; ചന്ദ്രഃ ക്ഷീണഃ അപി പുനഃ ഉപചീയതേ; ഇതി വിമൃശന്തഃ സന്തഃ ലോകേഷു വിപ്ലുതേഷു ന സന്തപ്യന്തേ.

തരു=വൃക്ഷം, ഛിന്നമായാലും=ഛേദിക്കപ്പെട്ടാലും രോഹണം ചെയ്യുന്നു=തളിക്കുന്നു. ചന്ദ്രൻ=ശശാങ്കൻ, ക്ഷീണനായാലും=ക്ഷയിച്ചാലും, പിന്നെയും ഉപചയിക്കുന്നു=വർദ്ധിക്കുന്നു. ഇപ്രകാരം വിമൃശന്തുക്കളായിട്ടു്=വിചാരിക്കുന്നവരായിട്ടു്, സത്തുക്കൾ=നല്ല ശീലത്തോടുകൂടിയ ജനങ്ങൾ, ലോകങ്ങൾ=ബന്ധുജനങ്ങൾ, വിപ്ലുതന്മാരായിരിക്കുംവിഷയത്തിങ്കൽ= വിഫലന്മാരായിരിക്കുംവിഷയത്തിങ്കൽ, സന്തപിക്കുന്നില്ല=ദുഃഖിക്കുന്നില്ല.

വൃക്ഷത്തെ മുറിച്ചാലും തളിക്കയും, ക്ഷയിച്ച ചന്ദ്രൻ പിന്നെയും വർദ്ധിക്കയും ചെയ്യുന്നു എന്നു് വിചാരിച്ചിട്ടു് തങ്ങളുടെ ബന്ധുക്കൾ വിഫലന്മാരായിരുന്നാലും നല്ല ജനങ്ങൾ ദുഃഖിക്കുന്നില്ല എന്നു് താൽപര്യം.

ഇതി ധൈര്യപദ്ധതിഃ സമാപ്താ.

---

## അഥ ദൈവപദ്ധതിഃ.

ധൈര്യത്തിന്റെയും നല്ല ശീലത്തിന്റെയും അവസ്ഥ ഇങ്ങനെ പറഞ്ഞതിന്റെശേഷം പൌരുഷം സാരമല്ലെന്നുള്ള മാർഗ്ഗത്തെക്കാണിച്ചു് ദൈവികമായ സ്ഥിതിയെ പറയുന്നു:—

നേതാ യസ്യ ബൃഹസ്പതിഃ പ്രഹരണം
വജ്രം സുരാഃ സൈനികാഃ
സ്വർഗ്ഗോ ദുർഗ്ഗമനുഗ്രഹഃ ഖലു ഹരേ-
രൈരാവതോ വാഹനം
ഇത്യാശ്ചര്യ്യബലാന്വിതോ ഽപി വലഭിദ്
ഭഗ്നഃ പരൈഃ സംഗരേ
തദ്വ്യക്തം നനു ദൈവമേവ ശരണം
ധിഗ് ധിഗ്! വൃഥാ പൌരുഷം. ൮൩

യസ്യ ബൃഹസ്പതിഃ നേതാ, വജ്രം പ്രഹരണം, സുരാഃ സൈനികാഃ, സ്വർഗ്ഗഃ ദുർഗ്ഗം, ഹരേഃ ഖലു അനുഗ്രഹഃ, ഐരാവതഃ വാഹനം, ഇതി ആശ്ചര്യ്യബലാന്വിതഃ അപി വലഭിൽ പരൈഃ സംഗരേ ഭഗ്നഃ, തത് വ്യക്തം ദൈവം ഏവ ശരണം, നനു പൌരുഷം വൃഥാ ധിക് ധിക്!

യാതൊരുത്തന്=യാതൊരു ദേവേന്ദ്രന്, ബൃഹസ്പതി=വ്യാഴൻ നേതാവായും=ഹിതാഹിതോപദേശകർത്താവായും, വജ്രം=വജ്രമെന്നു പേരോടുകൂടിയതു്, പ്രഹരണമായും=ആയുധമായും, സുരന്മാർ=മുപ്പത്തുമുക്കോടി ദേവകൾ, സൈനികന്മാരായും=സേനകളായും, സ്വർഗ്ഗം=ദേവലോകം, ദുർഗ്ഗമായും=കോട്ടയായും, ഹരിയുടെ=ശ്രീനാരായണൻെറ അനുഗ്രഹവും=കൃപയും, ഐരാവതം=ഐരാവതം എന്നുപേരുള്ള നാൽക്കൊമ്പനാന, വാഹനമായും=യാനമായും ഭവിക്കുന്നുവോ, ഇപ്രകാരം ആശ്ചര്യ്യബലാന്വിതനായിരുന്നിട്ടും=അത്ഭുതബലത്തോടുകൂടിയവനായിരുന്നിട്ടും, വലഭിത്തു്=ദേവേന്ദ്രൻ, പരന്മാരാൽ=ഇന്ദ്രജിത്തു് ആദിയായുള്ള ശത്രുക്കളാൽ, സംഗരത്തിങ്കൽ=യുദ്ധത്തിങ്കൽ, ഭഗ്നനായി=ജയിക്കപ്പെട്ടു. അതു ഹേതുവായി വ്യക്തം=തെളിവായിരിക്കുംവണ്ണം, ദൈവംതന്നേ=അദൃഷ്ടംതന്നേ, ശരണമാകുന്നു=ആശ്രയമാകുന്നു, പൌരുഷം=ആഭരണാദികളാൽ അലങ്കരിച്ചുകൊണ്ടിരിക്കുന്ന പുരുഷകർമ്മം (പുരുഷകാരം) വൃഥാ=വ്യർത്ഥമാകുന്നു; എപ്പോഴും നിന്ദിക്കേണ്ടതാകുന്നു.

യാതൊരു ദേവേന്ദ്രനു ഹിതാഹിതങ്ങളെ ഉപദേശിക്കുന്നതു് വ്യാഴനും, ആയുധം വജ്രവും, സേനകൾ മുപ്പത്തുമുക്കോടി ദേവകളും,

കോട്ട ദേവലോകവും, ശ്രീനാരായണൻെറ കൃപയും, വാഹനം നാലു കൊമ്പുള്ള വെള്ളാനയും ആകുന്നുവോ ആ ദേവേന്ദ്രൻ ഇപ്രകാരം അദ്ഭുതബലത്തോടുകൂടിയിരുന്നിട്ടും, ഇന്ദ്രജിത്ത് ആദിയായുള്ള ശത്രുക്കളാൽ ജയിക്കപ്പെട്ടു. അതു നോക്കുമ്പോൾ ദൈവം തന്നേ ആശ്രയമായിരിക്കുന്നതല്ലാതേ ആഭരണങ്ങളിട്ടലങ്കരിച്ചുംകൊണ്ടിരിക്കുന്ന പൌരുഷം എപ്പോഴും നിന്ദിക്കപ്പെടേണ്ടതാകുന്നു എന്നു താൽപര്യം.

ഭഗ്നാശസ്യ കരണ്ഡപിണ്ഡിതതനോർ-
 മ്ലാനേന്ദ്രിയസ്യ ക്ഷുധാ,
കൃത്വാഖുർവിവരം സ്വയം നിപതിതോ
 നക്തം മുഖേ ഭോഗിനഃ
തൃപ്തസ്തൽപിശിതേന സത്വരമസൌ
 തേനൈവ യാതഃ പഥാ;
സ്വസ്ഥാസ്തിഷ്ഠത, ദൈവമേവ ഹി പരം
 വൃദ്ധിക്ഷയേ കാരണം. 84

ആഖുഃ നക്തം വിവരം കൃത്വാ, ഭഗ്നാശസ്യ കരണ്ഡപിണ്ഡിതതനോഃ ക്ഷുധാ മ്ലാനേന്ദ്രിയസ്യ ഭോഗിനഃ മുഖേ സ്വയം നിപതിതഃ അസൌ തൽപിശിതേന തൃപ്തഃ തേന ഏവ പഥാ സത്വരം യാതഃ. ഹേ! ജനാഃ, സ്വസ്ഥാഃ തിഷ്ഠത; വൃദ്ധിക്ഷയേ ദൈവം ഏവ ഹി പരം കാരണം.

ആഖു=എലി, നക്തം=രാത്രിയിൽ, വിവരത്തെ=ദ്വാരത്തെ ചെയ്തിട്ട്=തുളച്ചിട്ട്, ഭഗ്നാശനായും=സാധിക്കാത്ത ആഗ്രഹത്തോടുകൂടിയവനായും, കരണ്ഡപിണ്ഡിതതനുവായും=കരണ്ഡത്തിങ്കൽ-പെട്ടിയിങ്കൽ, പിണ്ഡിതമായി=ഉരുളയെന്നപോലെ ചുരുണ്ടിരിക്കുന്ന തനുവോടുകൂടിയവനായും-ശരീരത്തോടുകൂടിയവനായും, ക്ഷുത്തുകൊണ്ട്=പശികൊണ്ട്, മ്ലാനേന്ദ്രിയനായും=മ്ലാനങ്ങളായിരിക്കുന്ന-ക്ഷീണങ്ങളായിരിക്കുന്ന, ഇന്ദ്രിയങ്ങളോട്-ചക്ഷുസ്സുമുതലായ ഇന്ദ്രിയങ്ങളോടുകൂടിയവനായുമിരിക്കുന്ന ഭോഗിയുടെ=സൎപ്പത്തിൻെറ മുഖത്തിങ്കൽ=വായിങ്കൽ, സ്വയം=തന്നെത്താനേ നിപതിതമായി=വീണു. അവൻ=ആ സൎപ്പം, തൽപിശിതംകൊണ്ട്=ആ എലിയുടെ

മാംസംകൊണ്ടു്, തൃപ്തനായിട്ടു്=നിറഞ്ഞിട്ടു്. ആ മാൎഗ്ഗത്തൂടേതന്നേ=എലിതുളച്ച വഴിയിൽക്കൂടെതന്നേ, സത്വരം=വേഗം, യാതനായി=പോയി. ഹേ! ജനാഃ=അല്ലയോ ജനങ്ങളെ, സ്വസ്ഥന്മാരായി=മനസ്സിന്നു് ഇളക്കംകൂടാതേ സ്ഥിതിചെയ്താലും=ഇരുന്നാലും; ദൈവം തന്നെയല്ലോ=അദൃഷ്ടം തന്നെയല്ലോ വൃദ്ധിക്ഷയത്തിങ്കൽ=വൎദ്ധിക്കയും ക്ഷയിക്കയും ചെയ്യുന്നതിങ്കൽ പരമായിട്ടുള്ള=മുഖ്യമായിട്ടുള്ള കാരണമാകുന്നു=ഹേതുവാകുന്നു!

അല്ലയോ ജനങ്ങളേ, പെട്ടിയിൽ പിടിച്ചു് അടച്ചിരിക്കുന്ന സൎപ്പം ആ പെട്ടിയിങ്കൽ ചുരുണ്ടിരിക്കുന്ന ശരീരത്തോടുകൂടിയും പശികൊണ്ടു് കണ്ണു്, ചെവി ഇങ്ങനെയുള്ള ഇന്ദ്രിയങ്ങൾക്കു ക്ഷയം ഭവിച്ചുമിരിക്കുംവിഷയത്തിങ്കൽ, വിചാരിച്ച കാൎയ്യം സാധിക്കാതേ നിഷ്ഫലപ്രയാസത്തോടുകൂടിയിരിക്കവേ എലി രാത്രിയിങ്കൽ മുൻചൊന്ന സൎപ്പത്തെ അടച്ചിരിക്കുന്ന പെട്ടിയിങ്കൽ തുളച്ചിട്ടു് സൎപ്പത്തിന്റെ മുഖത്തിങ്കൽ തന്നെത്താൻ ചാടിവീണു. ആ സമയത്തു് ആ സൎപ്പം ആ എലിയെ ഭക്ഷിച്ചു സമ്പൂൎണ്ണനായിട്ടു് എലി തുളച്ച മാൎഗ്ഗത്തൂടേതന്നെ വേഗത്തിങ്കൽ പോയി. അതുകൊണ്ടു് മനസ്സിങ്കൽ യാതൊരിളക്കവും കൂടാതേ ധൈൎയ്യത്തോടുകൂടിയിരുന്നാലും! വൎദ്ധിക്കയും ക്ഷയിക്കയും ചെയ്യുന്നതിനു് ദൈവംതന്നെയല്ലോ മുഖ്യമായിട്ടുള്ള കാരണമാകുന്നു! എന്നു് താല്പൎയ്യം.

യഥാ കന്ദുകപാതേനോൽപതത്യാൎയ്യഃ പതന്നപി
തഥാത്വനാൎയ്യഃ പതതി മൃൽപിണ്ഡപതനം യഥാ. 85

ആൎയ്യഃ പതൻ അപി കന്ദുകപാതേന യഥാ തഥാ ഉൽപതതി; അനാൎയ്യഃതു പതൻ മൃൽപിണ്ഡപതനം യഥാ തഥാ പതതി ഏവ

ആൎയ്യൻ=ദൈവാനുകൂല്യമുള്ള പുരുഷൻ, പതിച്ചാലും=ഒരു കാരണവശാൽ താണുപോയാലും, കന്ദുകപാതം എന്നപോലെ=പന്തു് പതിച്ചാലെങ്ങനേയോ അപ്രകാരം, ഉൽപതിക്കുന്നു=ഉയരുന്നു; അങ്ങനെ അനാൎയ്യൻ=ദൈവാനുകൂല്യമില്ലാത്തവൻ ആകട്ടേ, പതിച്ചാൽ=വീണുപോയാൽ, മൃൽപിണ്ഡപതനം എന്നപോലെ=നനഞ്ഞ മണ്ണു് ഉരുണ്ടുവീണാൽ എങ്ങനേയോ അതിൻവണ്ണം പതിക്കുന്നു=വീണുകിടക്കുന്നു.

ദൈവാനുകൂല്യമുള്ള പുരുഷൻ കെട്ടുപോയാൽ അവൻ പതിച്ച പന്തു് ഉയരുന്നതുപോലെ വർദ്ധിക്കുന്നു. ദൈവാനുകൂല്യമില്ലാത്തവൻ ക്ഷയിച്ചാൽ നനഞ്ഞ മണ്ണു് ഉരുണ്ടുവീണാൽ കിടക്കുന്നതുപോലെ ക്ഷയിച്ചുംകൊണ്ടുതന്നേ ഇരിക്കുന്നു എന്നു് താൽപര്യം.

ഖല്വാടോ ദിവസേശ്വരസ്യ കിരണൈഃ
സന്താപിതേ മസ്തകേ
വാഞ്ഛൻ ദേശമനാതപം ദ്രുതഗതി-
സ്താലസ്യ മൂലം ഗതഃ,
തത്രാപ്യസ്യ മഹാഫലേന പതതാ
ഭഗ്നം സശബ്ദം ശിരഃ;
പ്രായോ ഗച്ഛതി യത്ര ദൈവഹതക-
സ്തത്രൈവ യാന്ത്യാപദഃ. ൪൬

ഖല്വാടഃ മസ്തകേ ദിവസേശ്വരസ്യ കിരണൈഃ സന്താപിതേ അനാതപം ദേശം വാഞ്ഛൻ ദ്രുതഗതിഃ താലസ്യ മൂലം ഗതഃ. തത്ര അപി പതതാ അസ്യ മഹാഫലേന ശിരഃ സശബ്ദം ഭഗ്നം. ദൈവഹതകഃ യത്ര ഗച്ഛതി തത്ര ഏവ ആപദഃ പ്രായഃ യാന്തി.

ഖല്വാടൻ=കഷണ്ടിത്തലയൻ, മസ്തകം=തന്റെ തല, ദിവസേശ്വരന്റെ=സൂൎയ്യന്റെ കിരണങ്ങളാൽ=വെയിലിനാൽ, സന്താപിതമായിരിക്കുംവിഷയത്തിങ്കൽ=തപിക്കപ്പെട്ടിരിക്കുന്ന അവസരത്തിങ്കൽ, അനാതപമായിരിക്കുന്ന=വെയിലില്ലാതെയിരിക്കുന്ന ദേശത്തെ=പ്രദേശത്തെ, വാഞ്ഛന്നായിട്ടു്=ഇച്ഛിച്ചിട്ടു്, ദ്രുതഗതിയായിട്ടു്=വേഗം നടന്നു്, താലത്തിന്റെ=പനയുടെ മൂലത്തെ=ചുവട്ടിനെ ഗതനായി=പ്രാപിച്ചു. അവിടെ പതത്തായി=വീഴുന്നതായിരിക്കുന്ന അതിന്റെ=ആ പനമരത്തിന്റെ മഹാഫലംകൊണ്ടു്=വലിയ പഴംകൊണ്ടു്, ശിരസ്സു്=തല, സശബ്ദം=ഢം! എന്ന ഒച്ചയോടുകൂടി ഭഗ്നം=പിളൎന്നു. ദൈവഹതകൻ=ദൈവാനുകൂല്യമില്ലാത്തവൻ, എവിടെ പോകുന്നോ അവിടെ അവനെക്കരുതിത്തന്നേ, ആപത്തുകളും=ഉപദ്രവങ്ങളും മിക്കവാറും യാനംചെയ്യുന്നു=പോകുന്നു.

കഷണ്ടിത്തലയൻ തന്റെ തലയിൽ വെയിലേററു് ദുഃഖിച്ചുംകൊണ്ടു് വെയിലില്ലാത്ത ദേശത്തെ ആഗ്രഹിച്ചിട്ടു് വേഗം നടന്നു്

പനയുടെ മൂട്ടിൽ ചെന്നു നിന്നു. അവിടെ നില്ക്കുമ്പോൾ ആ പനമരത്തിൽനിന്നു വലിയ പഴം വീണു് അവൻെറ തല ഢിം! എന്ന ഒച്ചയോടുകൂടി പിളൎന്നു. ദൈവാനുകൂല്യമില്ലാത്ത പുരുഷൻ എവിടെ പോയാലും അവനെ കരുതീട്ടുതന്നെ മിക്ക ഉപദ്രവങ്ങളും അവിടെ പോകുന്നു എന്നു് താൽപൎയ്യം.

ഗജഭുജംഗവിഹംഗമബന്ധനം
ശശിദിവാകരയോർഗ്രഹപീഡനം
മതിമതാം ച സമീക്ഷ്യ ദരിദ്രതാം
വിധിരഹോ! ബലവാനിതി മേ മതിഃ. 87

ഗജഭുജംഗവിഹംഗമബന്ധനം ശശിദിവാകരയോഃ ഗ്രഹപീഡനം മതിമതാം ദരിദ്രതാം ച സമീക്ഷ്യ വിധിഃ ബലവാൻ ഇതി മേ മതിഃ; അഹോ!

ഗജഭുജംഗവിഹംഗമബന്ധനത്തേയും=ഗജങ്ങളുടേയും — ആനകളുടേയും, ഭുജംഗങ്ങളുടേയും-സൎപ്പങ്ങളുടേയും, വിഹംഗമങ്ങളുടേയും-പക്ഷികളുടേയും, ബന്ധനത്തേയും-തടവിനേയും, ശശിദിവാകരന്മാൎക്കു്=ചന്ദ്രസൂൎയ്യന്മാൎക്കു്, ഗ്രഹപീഡനത്തേയും=രാഹുകേതുക്കളാലുള്ള ഉപദ്രവത്തേയും, മതിമത്തുക്കൾക്കു് ദരിദ്രതയേയും സമീക്ഷണംചെയ്തിട്ടു്=കണ്ടിട്ടു് വിധി=ദൈവം ബലവാൻ=അത്യന്തം ശക്തിയോടുകൂടിയവൻ എന്നു് എൻെറ അഭിപ്രായമാകുന്നു, ആശ്ചൎയ്യം!

ആനകൾക്കും പക്ഷികൾക്കും സൎപ്പങ്ങൾക്കുമുണ്ടാകുന്ന ബന്ധനത്തേയും, ചന്ദ്രസൂൎയ്യന്മാൎക്കുണ്ടാകുന്ന ഗ്രഹണദോഷത്തേയും, മഹാത്തുക്കൾക്കുണ്ടാകുന്ന ദാരിദ്ര്യത്തേയും നോക്കുമ്പോൾ ദൈവം അതിശക്തിയോടുകൂടിയവൻ തന്നേയെന്നു് എനിക്കഭിപ്രായമാകുന്നു, ആശ്ചൎയ്യം! എന്നു് താൽപൎയ്യം.

സൃജതി താവദശേഷഗുണാകരം
പുരുഷരത്നമലങ്കരണം ഭുവഃ
തദപി തൽക്ഷണഭംഗി കരോതി ചേ-
ദഹഹ! കഷ്ടമപണ്ഡിതതാ വിധേഃ. 88

വിധിഃ അശേഷഗുണാകരം ഭുവഃ അലങ്കരണം പുരുഷരത്നം സൃജതി; തൽ അപി തൽ ക്ഷണഭംഗി കരോതി ചേൽ വിധേഃ അപണ്ഡിതതാ കഷ്ടം! അഹഹ!

വിധി=ബ്രഹ്മാവ്, അശേഷഗുണാകരനായി=സകലഗുണങ്ങളുമുള്ളവനായി, ഭുവിന്=ഭൂമിക്ക്, അലംകരണമായി=അലങ്കാരഭൂതനായിരിക്കുന്ന, പുരുഷരത്നത്തെ=പുരുഷശ്രേഷ്ഠനെ സൃഷ്ടിക്കുന്നു അല്ലേ; അങ്ങനെ സൃഷ്ടിച്ചിട്ടും അതിനെ=ആ പുരുഷരത്നത്തെ, ക്ഷണഭംഗിയായി=ക്ഷണനേരംകൊണ്ട് നശ്വരനായി ചെയ്യുന്നുവെങ്കിൽ, വിധിയുടെ=ബ്രഹ്മാവിന്റെ അപണ്ഡിതത=അറിവുകേട് കഷ്ടം തന്നെ; അഹഹ=കഷ്ടം!

സകലഗുണങ്ങളുമുള്ളവനായും, ഭൂമിക്ക് അലങ്കാരഭൂതനായുമിരിക്കുന്ന പുരുഷശ്രേഷ്ഠനെ ബ്രഹ്മാവ് സൃഷ്ടിക്കുന്നുവല്ലോ. അങ്ങനെ സൃഷ്ടിച്ചിട്ടും ആ പുരുഷശ്രേഷ്ഠനെ ക്ഷണനേരംകൊണ്ട് അഴിഞ്ഞുപോകുന്നവനാക്കിച്ചെയ്യുന്നതു് ആ ബ്രഹ്മാവിന്റെ അറിവുകേടു തന്നെ. അയ്യൊ മഹാകഷ്ടം! എന്നു് താൽപര്യം.

അയമമൃതനിധാനം നായകോഽപ്യോഷധീനാം
ശതഭിഷഗനുയാതഃ ശംഭുമൂർദ്ധ്നോഽവതംസഃ
പരിഹരതി ന ചൈനം രാജയക്ഷ്മാ ശശാങ്കം;
ഹതവിധിപരിപാകഃ കേന വാ ലംഘനീയഃ. 89

അയം അമൃതനിധാനം, ഓഷധീനാം നായകഃ, ശതഭിഷഗനുയാതഃ, ശംഭുമൂർദ്ധ്നഃ അവതംസഃ അപി ഏനം ശശാങ്കം രാജയക്ഷ്മാ ന പരിഹരതി ച; ഹതവിധിപരിപാകഃ കേന വാ ലംഘനീയഃ?

ഇവൻ=ഇക്കാണുന്ന ചന്ദ്രൻ, അമൃതനിധാനനായും=അമൃതത്തിന്റെ ഇരിപ്പിടമായും, ഓഷധികൾക്ക്=മൃതംപോലും ജീവിക്കുന്ന മൃതസഞ്ജീവിനിമുതലായ ദിവ്യൗഷധങ്ങൾക്ക്, നായകനായും=രാജാവായും, ശതഭിഷഗനുയാതനായും=[1] അനേകം വൈദ്യന്മാരാൽ പിന്നാലെ പോകപ്പെട്ടവനായും, ശംഭുമൂർദ്ധാവിന്ന്=ശ്രീപരമേശ്വരന്റെ ശിരസ്സിന്ന് അവതംസനായും=അലങ്കാരഭൂതനായുമിരുന്നിട്ടും ഈ

(1) ശതഭിഷഗനുയാതൻ=ചതയം നക്ഷത്രത്താൽ അനുഗമിക്കപ്പെടുന്നവൻ എന്നും അർത്ഥം പറയണം. (പ്രസാധകൻ)

ചന്ദ്രനെ, രാജയക്ഷ്മാ=ക്ഷയരോഗം പരിഹരിക്കുന്നില്ല=ഉപേക്ഷിക്കുന്നില്ല; ഹതവിധിപരിപാകമാകുന്നതു് =ഹതവിധിയുടെ- ദുഷ്ടദൈവത്തിന്റെ പരിപാകാ-നിയോഗം ഏവനാൽത്തന്നെ ലംഘിപ്പാൻ പാടുള്ളൂ?

ഇങ്ങിനെ ചന്ദ്രൻ അമൃതത്തിന്റെ ഇരിപ്പിടമായും, പ്രേതംപോലും ജീവിക്കുന്ന മൃതസഞ്ജീവിനി മുതലായ ദിവ്യമരുന്നുകൾക്കു് പ്രമാണിയായും, ചതയം നക്ഷത്രം പിന്നാലേ പോകുന്നു എന്നു് അൎത്ഥമുള്ള അനേകം വൈദ്യന്മാരാൽ പിന്നാലേ പോകപ്പെട്ടവനായും, ശ്രീപരമേശ്വരന്റെ തലയ്ക്കു് അലങ്കാരഭൂതനായും ഇരുന്നിട്ടും ഈ ചന്ദ്രനെ ക്ഷയരോഗം വിടുന്നില്ല; ദൈവത്തിന്റെ ദുഷ്ടതയുള്ള നിയോഗത്തെ ഏവനാൽത്തന്നേ ലംഘിപ്പാൻ പാടുള്ളൂ? ഒരുത്തനാലും കഴികയില്ല എന്നു് താൽപര്യം.

പ്രിയസഖ, വിപദ്ദണ്ഡാഘാത-
  പ്രപാതപരമ്പരാ-
പരിചയബലേ ചിന്താചക്രേ
  നിധായ വിധിഃ ഖലഃ
മൃദമിവ ബലാൽ പിണ്ഡീകൃത്യ
  പ്രഗൽഭകുലാലവൽ
ഭ്രമയതി മനോ നോ ജാനീമഃ
  കിമത്ര വിധാസ്യതി. ൯൦

ഹേ പ്രിയസഖ, ഖലഃ വിധിഃ പ്രഗൽഭകുലാലവൽ മനഃ മൃദം ഇവ ബലാൽ പിണ്ഡീകൃത്യ വിപദ്ദണ്ഡാഘാതപ്രപാത പരമ്പരാ പരിചയബലേ ചിന്താചക്രേ നിധായ ഭ്രമയതി, അത്ര കിം വിധാസ്യതി, നോ ജാനീമഃ.

ഹേ പ്രിയസഖ=അല്ലയോ അത്യന്തം ഇഷ്ടനായിരിക്കുന്ന സ്നേഹിതാ, ഖലനായി=ശഠനായിരിക്കുന്ന വിധി=ബ്രഹ്മാവു്, പ്രഗൽഭകുലാലൻ എന്നപോലെ=വലിയ കുശവനെന്നപോലെ, മനസ്സിനെ=ചിത്തത്തെ, മൃത്തിനെ എന്നപോലെ=മണ്ണിനെ എന്നപോലെ, ബലാൽ=സാമൎത്ഥ്യംകൊണ്ടു്, പിണ്ഡമാക്കിച്ചെയ്തു്=ഉരുളയാക്കിച്ചെയ്തു്, വിപദ്ദണ്ഡാഘാതപ്രപാതപരമ്പരാപരിചയബലമായിരിക്കുന്ന=വിപത്തുകളാകുന്ന-ആപത്തുകളാകുന്ന ദണ്ഡങ്ങളുടെ-ചട്ടി

കൊട്ടുന്ന കമ്പുകളുടെ, ആഘാതങ്ങളുടെ=അടികളുടെ, പ്രപാതങ്ങളുടെ=കൊള്ളുന്നതിന്റെ, പരമ്പരയുടെ=തൊടൎപ്പിന്റെ, പരിചയമാകുന്ന=ചേൎച്ചയാകുന്ന ബലത്തോട്=ഉറപ്പോട് കൂടിയിരിക്കുന്ന, ചിന്താചക്രത്തിങ്കൽ=ചിന്തയാകുന്ന-വിചാരമാകുന്ന ചക്രത്തിങ്കൽ-യന്ത്രത്തിങ്കൽ, നിധാനംചെയ്തിട്ട്=വെച്ചിട്ട്, ഭ്രമിപ്പിക്കുന്നു=ചുററിക്കുന്നുവത്രേ! ഈ ചുററിക്കൽ എന്തു ചെയ്‌വാൻ പോകുന്നോ നാം അറിയുന്നില്ല.

അല്ലേ! അത്യന്തം ഇഷ്ടനായിരിക്കുന്ന സ്നേഹിതാ, ശഠനായിരിക്കുന്ന ബ്രഹ്മാവ് വലിയ കുശവനു സമമായിട്ട് മണ്ണ് എന്നപോലെ മനസ്സിനെ ഉരുളയാക്കി ചെയ്തിട്ട് സാമൎത്ഥ്യത്തോടുകൂടി, ആപത്തുകളായ ചട്ടികൊട്ടുന്ന കമ്പുകളിനാൽ തൊടൎപ്പായി അടികൊള്ളുന്നതിന്റെ ചേൎച്ചയാകുന്ന ഉറപ്പോടുകൂടിയിരിക്കുന്ന വിചാരമാകുന്ന യന്ത്രത്തിങ്കൽ വച്ചിട്ടു ചുററിക്കുന്നു. ഈ ചുററിക്കൽ എന്തു ചെയ്‌വാൻ പോകുന്നോ അതു് നാമറിയുന്നില്ല എന്നു താല്പൎയ്യം.

വിരമ വിരമാഽയാസാദസ്മാ-
ദ്ദുരദ്ധ്യവസായതോ
വിപദി മഹതാം ധൈൎയ്യധ്വംസം
യദീക്ഷിതുമീഹസേ
അയി! ജഡവിധേ, കല്പാപായേഽ-
പ്യപേതനിജക്രമാഃ
കുലശിഖരിണഃ ക്ഷുദ്രാ നൈതേ
ന വാ ജലരാശയഃ. 91

അയി! ജഡവിധേ, വിപദി മഹതാം ധൈൎയ്യധ്വംസം ഈക്ഷിതും ഈഹസേ യദി അസ്മാൽ ദുരദ്ധ്യവസായതഃ ആയാസാൽ വിരമ വിരമ. കല്പാപായേ അപി അപേതനിജക്രമാഃ ഏതേ കുലശിഖരിണഃ ക്ഷുദ്രാഃ ന ഭവന്തി; ജലരാശയഃ വാ ക്ഷുദ്രാഃ ന ഭവന്തി.

ഹേ! ജഡവിധേ=അല്ലയോ മന്ദബുദ്ധിയായിരിക്കുന്ന ബ്രഹ്മാവേ, വിപത്തിങ്കൽ=അങ്ങയാൽ ചെയ്യപ്പെട്ടിരിക്കുന്ന ആപത്തിങ്കൽ, മഹത്തുക്കളുടെ ധൈൎയ്യധ്വംസത്തെ=ധൈൎയ്യത്തിന്റെ നാശത്തെ ഈക്ഷിതും=കാണുന്നതിന് ഈഹസേ യദി=ഇച്ഛിക്കുന്നു എങ്കിൽ

ഈ ദുരദ്ധ്യവസായത്തിനാൽ=ഈ ദുരാഗ്രഹത്തിനാൽ ഉണ്ടായിരിക്കുന്ന ആയാസത്തിങ്കൽനിന്നു=പ്രയാസത്തിങ്കൽനിന്നും, വിരമിച്ചാലും വിരമിച്ചാലും=ഒഴിഞ്ഞാലും ഒഴിഞ്ഞാലും. കല്പാപായത്തിങ്കലും=പ്രളയാവസാനത്തിങ്കലും, അപേതനിജക്രമങ്ങളായിരിക്കുന്ന = അപേതങ്ങളായ–പോയിരിക്കുന്ന, നിജക്രമങ്ങളോടു്–തന്റെ നീതികളോടുകൂടിയിരിക്കുന്ന കുലശിഖരികളും=കുലപർവതങ്ങളും, ജലരാശികളും=സമുദ്രങ്ങളും, ക്ഷുദ്രങ്ങളായി=ആശ്രയിക്കുന്നവകളായി ഭവിക്കുന്നില്ല.

അല്ലയോ മന്ദബുദ്ധിയോടുകൂടിയിരിക്കുന്ന ബ്രഹ്മാവേ, അങ്ങാൽ ചെയ്യപ്പെട്ടിരിക്കുന്ന ആപത്തിങ്കൽ മഹത്തുക്കളുടെ ധൈര്യമില്ലാത്ത സ്ഥിതിയെ കാണുന്നതിനു് ആഗ്രഹിക്കുന്നു എങ്കിൽ, ഈ ദുരാഗ്രഹത്തിനാൽ ഉണ്ടായിരിക്കുന്ന പ്രയാസത്തിങ്കൽനിന്നും ഒഴിഞ്ഞാലും ഒഴിഞ്ഞാലും. പ്രളയാവസാനത്തിങ്കൽ പോയിരിക്കുന്ന തന്റെ നീതികളോടുകൂടിയ പർവതങ്ങളും സമുദ്രങ്ങളും ധൈര്യമില്ലാത്തവകളായി ഭവിക്കുന്നില്ല. എന്താപത്തു വന്നാലും അധൈര്യത്തെ കാണിക്കുകയില്ലെന്നു് താൽപര്യം.

ദൈവേന പ്രഭുണാ സ്വയം ജഗതി യ-
ദ്യസ്യ പ്രമാണീകൃതം
തത്തസ്യോപനമേന്മനാഗപി മഹാൻ
നൈവാശ്രയഃ കാരണം;
സർവാശാപരിപൂരകേ ജലധരേ വർഷ-
ത്യപി പ്രത്യഹം
സൂക്ഷ്മാ ഏവ പതന്തി ചാതകമുഖേ
ദ്വിത്രാഃ പയോബിന്ദവഃ. 92

പ്രഭുണാ ദൈവേന ജഗതി യസ്യ യൽ പ്രമാണീകൃതം തൽ തസ്യ ഉപനമേൽ; മഹാൻ ആശ്രയഃ മനാക് അപി കാരണം ന ഭവതി ഏവ. സർവാശാപരിപൂരകേ ജലധരേ പ്രത്യഹം വർഷതി അപി ചാതകമുഖേ സൂക്ഷ്മാഃ ദ്വിത്രാഃ പയോബിന്ദവഃ ഏവ പതന്തി.

പ്രഭുവായി=സമർത്ഥനായിരിക്കുന്ന ദൈവത്തിനാൽ=അദൃഷ്ടത്തിനാൽ, ജഗത്തിങ്കൽ=ലോകത്തിങ്കൽ യാതൊരുത്തനു്=യാതൊരു

പുരുഷന്, യാതൊരു വസ്തു നിർദ്ദേശിക്കപ്പെട്ടിരിക്കുന്നുവോ= നിശ്ചയിക്കപ്പെട്ടിരിക്കുന്നുവോ, ആ വസ്തു, അവന്=ആ പുരുഷന് ഉപനമിക്കും=കിട്ടും. മഹത്തായിരിക്കുന്ന=വലുതായിരിക്കുന്ന, ആശ്രയം=അവലംബനം, അല്പംപോലും കാരണമായി=ഹേതുവായി ഭവിക്കയില്ല=തീരുകയില്ല. സർവ്വാശാപരിപൂരകമായിരിക്കുന്ന=സകലപ്രദേശങ്ങളേയും പരിപൂരകമായി-നാലുഭാഗത്തിങ്കലും പൂരണം ചെയ്യുന്നതായിരിക്കുന്ന ജലധരം=മേഘം, പ്രത്യഹം=എപ്പോഴും, വർഷിച്ചിട്ടും=മഴപെയ്തിട്ടും, ചാതകമുഖത്തിങ്കൽ=ചാതകത്തിന്റെ-വേഴാമ്പൽപക്ഷിയുടെ, മുഖത്തിങ്കൽ-വായിങ്കൽ, സൂക്ഷ്മങ്ങളായി=വളരെ പൊടികളായിരിക്കുന്ന രണ്ടുമൂന്നു പയോബിന്ദുക്കൾതന്നേ=ജലത്തുള്ളികൾ തന്നേ, പതിക്കുന്നു=വീഴുന്നു.

സകലപ്രദേശങ്ങളിലും അധികമായി വർഷിച്ചുകൊണ്ടിരിക്കുന്ന മേഘം എപ്പോഴും പെയ്തുകൊണ്ടിരുന്നാലും, വേഴാമ്പൽ പക്ഷിയുടെ വായിൽ വളരെ ചെറുതായിരിക്കുന്ന രണ്ടുമൂന്നു വെള്ളത്തുള്ളികൾ മാത്രമേ വീഴുന്നുള്ളു. എന്നതുപോലെ സമർത്ഥനായിരിക്കുന്ന ദൈവം ഈ ലോകത്തിങ്കൽ മനുഷ്യൎക്കു യാതൊരു വസ്തുവിനെ വിധിച്ചുവോ ആ വസ്തുമാത്രം അവനു കിട്ടുന്നു. വളരെ കിട്ടണമെന്ന് എത്രയും ആശ്രയിച്ചാലും ആശ്രയം അല്പവും ഹേതുവാകുന്നില്ല എന്ന് താൽപര്യം.

ഇതി ദൈവപദ്ധതിഃ സമാപ്താ.

---

അഥ കർമ്മപദ്ധതിഃ.

യേനൈവാംബരഖണ്ഡേന
സംവീതോ നിശി ചന്ദ്രമാഃ
തേനൈവ ച ദിവാ ഭാനു-
രഹോ! ദൌൎഗ്ഗത്യമേതയോഃ. ൯൩

നിശി ചന്ദ്രമാഃ യേന അംബരഖണ്ഡേന ഏവ സംവീതഃ ദിവാ ഭാനുഃ തേന അംബരഖണ്ഡേന ഏവ സംവീതഃ ഭവതി. ഏതയോഃ ദൌൎഗ്ഗത്യം അഹോ!

നിട്ടിങ്കൽ=രാത്രിയിങ്കൽ ചന്ദ്രമസ്സ്=ചന്ദ്രൻ, യാതൊരു അംബരഖണ്ഡത്തിനാൽ=വസ്ത്രത്തുണ്ടിനാൽ, ആകാശഭാഗത്താൽ, സംവീതനോ=ചുററപ്പെട്ടവനോ, ദിവാ=പകൽ, ഭാനു=സൂൎയ്യൻ ആ അംബരഖണ്ഡത്തിനാൽത്തന്നേ=ആ വസ്ത്രത്തുണ്ടിനാൽത്തന്നേ, ആകാശഭാഗത്താൽത്തന്നേ, സംവീതനായി=ചുററപ്പെട്ടവനായി, ഭവിക്കുന്നു. ഈ ചന്ദ്രസൂൎയ്യന്മാരുടെ ദൌൎഗ്ഗത്യം=ദാരിദ്ര്യം അത്യാശ്ചൎയ്യം!

രാത്രിയിൽ യാതൊരു ആകാശമാൎഗ്ഗത്തൂടെ ചന്ദ്രൻ ചുററുന്നോ, ആ ആകാശമാൎഗ്ഗത്തൂടെത്തന്നേ പകൽ സൂൎയ്യനും ചുററുന്നു. ഈ ചന്ദ്രസൂൎയ്യന്മാരുടെ ദാരിദ്ര്യം അത്യാശ്ചൎയ്യം തന്നേ എന്നു താൽപൎയ്യം. *

നമസ്യാമോ ദേവാൻ നനു ഹതവിധേസ്തേƒപി വശഗാ
വിധിർവന്ദ്യഃ സോƒപി പ്രതിനിയതകൎമ്മൈകഫലദഃ
ഫലം കൎമ്മായത്തം യദി കിമപരൈഃ കിം ച വിധിനാ
നമസ്തൽകൎമ്മഭ്യോ വിധിരപി ന യേഭ്യഃ പ്രഭവതി. 94

ദേവാൻ നമസ്യാമഃ; തേ അപി ഹതവിധേഃ വശഗാഃ നനു; വിധിഃ വന്ദ്യഃ; സഃ അപി പ്രതിനിയതകൎമ്മൈകഫലദഃ; ഫലം കൎമ്മായത്തം യദി അപരൈഃ കിം? വിധിനാ ച കിം? വിധിഃ അപി യേഭ്യഃ ന പ്രഭവതി തൽകൎമ്മഭ്യഃ നമഃ.

ദേവന്മാരെ=ഇന്ദ്രാദിദേവകളെ നമസ്കരിക്കാം. ആ ഇന്ദ്രാദിദേവകളും ഹതവിധിയുടെ=ദുഷ്ടബ്രഹ്മാവിന്റെ വശഗന്മാരല്ലോ=ഭൃത്യന്മാരല്ലോ. അതുകാരണത്താൽ, വിധി=ബ്രഹ്മാവ്, വന്ദ്യൻ=നമസ്കരിപ്പാൻ യോഗ്യൻതന്നെ. ആ ബ്രഹ്മാവും, പ്രതിനിയതകൎമ്മൈകഫലദനായിരിക്കുന്നു=പ്രതിനിയതം-നിശ്ചയമായിട്ടും കൎമ്മൈകഫലദനായി-കൎമ്മത്തിനു തക്കവണ്ണമുള്ള ഫലത്തെ കൊടുക്കുന്നവനായി ഇരിക്കുന്നു. ഫലവും=അനുഭവവും, കൎമ്മായത്തം എന്നുവരികിൽ=കൎമ്മത്തിനു തക്കപോലെ എങ്കിൽ, അപരന്മാരാൽ=ഇന്ദ്രാദിദേവകളാൽ എന്താണു? വിധിയാൽ=ബ്രഹ്മാവിനാൽത്തന്നെ എന്താണു? വിധിപോലും യാതൊരു കൎമ്മങ്ങളെക്കാളും പ്രഭവിക്കുന്നില്ലയോ=ശ്രേ

* ഒരാൾ രാത്രിയുടുത്തിട്ട വഴിപ്പുതപ്പ് മറെറാരാൾ പകലെടുത്തു ധരിക്കുന്നതായുള്ള ദരിദ്രാവസ്ഥയുടെ സ്ഫുരണം ശ്ലേഷസിദ്ധം. (പ്ര.)

ഷ്ഠനാകുന്നില്ലയോ ആ കമ്മങ്ങൾക്കായിക്കൊണ്ടു്=ദാനം തപസ്സ് മുതലായ കമ്മങ്ങൾക്കായിക്കൊണ്ടു് നമസ്കാരം.

ഇന്ദ്രൻ ആദിയായുള്ള ദേവന്മാരെ നമസ്കരിക്കാം. ആ ഇന്ദ്രാദിദേവന്മാരും ദുഷ്ടതയുള്ള ബ്രഹ്മാവിന്റെ ഭൃത്യന്മാരല്ലയോ? അതുകാരണത്താൽ ബ്രഹ്മാവും വന്ദിപ്പാൻ യോഗ്യൻതന്നേ. ആ ബ്രഹ്മാവും നിശ്ചയമായിട്ടു് കമ്മത്തിനു തക്കവണ്ണമുള്ള ഫലത്തെ കൊടുത്തുംകൊണ്ടിരിക്കുന്നു. അനുഭവം കമ്മാനുസരണമായിരിക്കുന്നു എങ്കിൽ ഇന്ദ്രാദിദേവകളാലാകട്ടേ, ബ്രഹ്മാവിനാൽതന്നെയാകട്ടെ, എന്താണു്? ബ്രഹ്മാവുപോലും കമ്മത്തെക്കാരം ശ്രേഷ്ഠനാകുന്നില്ലല്ലോ. അങ്ങനെയെല്ലാമിരിക്കുന്ന ദാനം ധമ്മം തപസ്സ് മുതലായ ആ സൽക്കമ്മങ്ങളെ നമസ്കരിക്കുന്നു എന്നു് താൽപര്യം.

ബ്രഹ്മാ യേന കലാലവന്നിയമിതോ
ബ്രഹ്മാണ്ഡഭാണ്ഡോദരേ
വിഷ്ണുർയ്യേന ദശാവതാരഗഹനേ
ക്ഷിപ്തോ മഹാസങ്കടേ
രുദ്രോ യേന കപാലപാണിപുടകേ
ഭിക്ഷാടനം കാരിതഃ
സൂര്യോ ഭ്രാമ്യതി നിത്യമേവ ഗഗനേ
തസ്മൈ നമഃ കമ്മണേ. 95

യേന ബ്രഹ്മാ ബ്രഹ്മാണ്ഡഭാണ്ഡോദരേ കലാലവൽ നിയമിതഃ, യേന വിഷ്ണുഃ മഹാസങ്കടേ ദശാവതാരഗഹനേ ക്ഷിപ്തഃ, യേന രുദ്രഃ കപാലപാണിപുടകേ ഭിക്ഷാടനം കാരിതഃ, യേന സൂര്യഃ നിത്യം ഏവ ഗഗനേ ഭ്രാമ്യതി തസ്മൈ കമ്മണേ നമഃ.

യാതൊന്നിനാൽ=യാതൊരു കമ്മത്തിനാൽ, ബ്രഹ്മാ=ചതുർമ്മുഖൻ, ബ്രഹ്മാണ്ഡഭാണ്ഡോദരത്തിങ്കൽ=ബ്രഹ്മാണ്ഡമാകുന്ന ഭാണ്ഡത്തിന്റെ-പാനയുടെ, ഉദരത്തിങ്കൽ, കലാലൻ=കുശവൻ എന്നപോലെ, നിയമിക്കപ്പെട്ടുവോ=നിശ്ചയിക്കപ്പെട്ടുവോ, യാതൊന്നിനാൽ=യാതൊരു കമ്മത്തിനാൽ, വിഷ്ണു=ശ്രീനാരായണൻ, മഹാസങ്കടമായിരിക്കുന്ന=വലിയ ദുഃഖത്തോടുകൂടിയിരിക്കുന്ന, ദശാവതാരഗഹനത്തി

ങ്കൽ=മത്സ്യാദ്യവതാരമാകുന്ന വനത്തിങ്കൽ, ക്ഷിപ്തനായോ=നിയമിക്കപ്പെട്ടോ, യാതൊന്നിനാൽ=യാതൊരുകൎമ്മത്തിനാൽ, രുദ്രൻ=ശ്രീപരമേശ്വരൻ, കപാലപാണിപുടത്തിങ്കൽ=കപാലത്തോട്-തലയോടിനോടുകൂടിയിരിക്കുന്ന പാണിപുടത്തിങ്കൽ, ഭിക്ഷാടനത്തെ=ഭിക്ഷയ്ക്കുവേണ്ടിയുള്ള സഞ്ചാരത്തെ, കാരിതനായോ=ചെയ്യിക്കപ്പെട്ടുവോ, യാതൊന്നിനാൽ=യാതൊരുകൎമ്മത്തിനാൽ, സൂൎയ്യൻ=ദിവാകരൻ, എപ്പോഴും ആകാശത്തിങ്കൽ ഭ്രമിക്കുന്നോ=ചുററുന്നോ, ആ കൎമ്മത്തിനായിക്കൊണ്ട്=ദാനധൎമ്മാദിസൽക്രിയയ്ക്കായിക്കൊണ്ട് നമസ്കാരം.

യാതൊരുകൎമ്മം ബ്രഹ്മാണ്ഡമാകുന്ന പാനയുടെ മദ്ധ്യത്തിങ്കൽ കുശവനെയെന്നപോലെ ബ്രഹ്മാവിനെ നിശ്ചയിച്ചു, ശ്രീനാരായണനെ മഹാസങ്കടമായിരിക്കുന്ന ദശാവതാരമാകുന്ന വനത്തിങ്കൽ നിയമിച്ചു, ശ്രീപരമേശ്വരനെക്കൊണ്ട് തലയോടോടുകൂടിയിരിക്കുന്ന കരങ്ങളോടു ചേൎത്ത് ഭിക്ഷയ്ക്കുവേണ്ടിയുള്ള സഞ്ചാരത്തെ ചെയ്യിച്ചു, സൂൎയ്യനെ ആകാശത്തിങ്കൽ ചുററിച്ചു, ഇങ്ങനെയുള്ള കൎമ്മത്തിനെ നമസ്കരിക്കുന്നു എന്ന് താൽപൎയ്യം.

യാ സാധൂംശ്ച ഖലാൻ കരോതി, സുജനാൻ
മൂർഖാൻ, ഹിതാൻ ദ്വേഷിണഃ,
പ്രത്യക്ഷം കുരുതേ പരോക്ഷമമൃതം
ഹാലാഹലം തൽക്ഷണാൽ,
താമാരാധയ സൽക്രിയാം ഭഗവതീം
ഭോക്തും ഫലം വാഞ്ഛിതം
ഹേ സാധോ, വ്യസനൈർഗ്ഗുണേഷു വിപുലേ-
ഷ്വാസ്ഥാം വൃഥാ മാ കൃഥാഃ. 96

യാ ഖലാൻ സാധൂൻ കരോതി, മൂർഖാൻ സുജനാൻ കരോതി, ദ്വേഷിണഃ ഹിതാൻ കരോതി, പരോക്ഷം പ്രത്യക്ഷം കുരുതേ, ഹാലാഹലം തൽക്ഷണാൽ അമൃതം കരോതി, ഹേ സാധോ, വാഞ്ഛിതം ഫലം ഭോക്തും ഇച്ഛസി യദി, ഭഗവതീം താം സൽക്രിയാം ആരാധയ; വ്യസനൈഃ വിപുലേഷു ഗുണേഷു ആസ്ഥാം വൃഥാ മാ കൃഥാഃ.

യാതൊരു സൽക്രിയയാകുന്നതു് ഖലന്മാരെ=ദുഷ്ടന്മാരെ, സാധുക്കളാക്കിച്ചെയ്യുന്നോ, മൂർഖന്മാരെ=ദുർജ്ജനങ്ങളെ സുജനങ്ങളാക്കിച്ചെയ്യുന്നോ, ദ്വേഷികളെ=ശത്രുക്കളെ ഇഷ്ടന്മാരാക്കിച്ചെയ്യുന്നുവോ, പരോക്ഷത്തെ=അപ്രത്യക്ഷത്തെ പ്രത്യക്ഷമാക്കിച്ചെയ്യുന്നുവോ, ഹാലാഹലത്തെ=വിഷത്തെ, തൽക്ഷണം=ഉടൻതന്നെ അമൃതമാക്കിച്ചെയ്യുന്നുവോ=സുധയാക്കിച്ചെയ്യുന്നുവോ അല്ലയോ അറിവുള്ളവനേ, വാഞ്ഛിതമായി=ഇച്ഛിക്കപ്പെട്ടിരിക്കുന്ന ഫലത്തെ=പ്രയോജനത്തെ ഭുജിപ്പാനായിട്ടു് = അനുഭവിക്കാനായിട്ടു് ആഗ്രഹിക്കുന്നു എങ്കിൽ, ഭഗവതിയായി = ശ്രേഷ്ഠയായിരിക്കുന്ന ആ സൽക്രിയയെ=ആ നല്ലകർമ്മത്തെ, ആരാധിച്ചാലും=പൂജിച്ചാലും! വ്യസനങ്ങളെക്കൊണ്ടു്=ദുഃഖങ്ങളെക്കൊണ്ടു്, വിപുലങ്ങളായിരിക്കുന്ന ഗുണങ്ങളിൽ ആസ്ഥയെ=ഇച്ഛയെ വൃഥാ=വ്യർത്ഥമായിട്ടു് ചെയ്യേണ്ട.

ദുഷ്ടന്മാരെ നല്ലജനങ്ങളാക്കിയും, ദുർജ്ജനങ്ങളെ സുജനങ്ങളാക്കിയും, ശത്രുക്കളെ ഇഷ്ടന്മാരാക്കിയും, നേരിടാതെയുള്ള അവസ്ഥകളെ അറിയുമാറാക്കിയും, വിഷത്തെ അമൃതമാക്കിയും ചെയ്യുന്ന ആ ശ്രേഷ്ഠമായിരിക്കുന്ന നല്ലകർമ്മത്തെ പൂജിച്ചാലും! അല്ലയോ അറിവുള്ളവനേ, ആഗ്രഹിച്ചുകൊണ്ടിരിക്കുന്ന ഫലത്തെ അനുഭവിക്കണമെങ്കിൽ മുൻചൊന്ന കർമ്മത്തെ പൂജിക്കതന്നെവേണം. ദുഃഖത്തോടുകൂടിയിരിക്കുന്ന രജസ്തമോഗുണങ്ങളെ വൃഥാ ആഗ്രഹിക്കേണ്ട എന്നു് താൽപര്യം.

ശുഭ്രം സദ്മ സവിഭ്രമാ യുവതയഃ
ശ്വേതാതപത്രോജ്ജ്വലാ
ലക്ഷ്മീരിത്യനുഭൂയതേ സ്ഥിരമിവ
സ്യൂതേ ശുഭേ കർമ്മണി
വിച്ഛിന്നേ നിതരാമനംഗകലഹ-
ക്രീഡാത്രുടത്തന്തുകം
മുക്താജാലമിവ പ്രയാതി ഝടിതി
ഭ്രശ്യദ്ദിശോഽദൃശ്യതാം. 97

ശുഭേ കർമ്മണി സ്യൂതേ, ശുഭ്രം സദ്മ സവിഭ്രമാഃ യുവതയഃ ശ്വേതാതപത്രോജ്ജ്വലാ ലക്ഷ്മീഃ, ഇതി സ്ഥിരം ഇവ അനുഭൂയതേ.

വിച്ഛിന്നേ സതി നിതരാം അനംഗകലഹക്രീഡാത്രുടത്തന്തുകം മുക്താജാലം ഇവ ഝടിതി ഭ്രശ്യൽ ദൃശഃ അദൃശ്യതാം പ്രയാതി.

ശുഭമായിരിക്കുന്ന=മംഗളമായിരിക്കുന്ന കൎമ്മം=ജന്മാന്തരങ്ങളിൽ സമ്പാദിക്കപ്പെട്ടിരിക്കുന്ന പുണ്യകൎമ്മം, സ്യൂതമായിരിക്കും വിഷയത്തിങ്കൽ=ഉണ്ടായിരിക്കുംവിഷയത്തിങ്കൽ, ശുഭ്രമായിരിക്കുന്ന=വെളുത്തിരിക്കുന്ന സദ്മമെന്നും=സൌധാദികമെന്നും, സവിഭ്രമകളായിരിക്കുന്ന=വിലാസങ്ങളോടുകൂടിയിരിക്കുന്ന യുവതികളെന്നും=സ്ത്രീകളെന്നും, ശ്വേതാതപത്രോജ്വലമായിരിക്കുന്ന = ശ്വേതാതപത്രംകൊണ്ടു്-വെൺകൊററക്കുടകൊണ്ടു് ഉജ്വലമായി-ശോഭിക്കുന്ന ലക്ഷ്മി എന്നും, ഇപ്രകാരം സ്ഥിരമെന്നപോലെ=അഴിവില്ലാത്തതു് എന്നപോലെ അനുഭവിക്കപ്പെടുന്നു. മുൻചൊന്ന കൎമ്മം വിച്ഛിന്നമായിരിക്കുംവിഷയത്തിങ്കൽ ഏററവും അനംഗകലഹക്രീഡാത്രുടത്തന്തുകമായിരിക്കുന്ന = അനംഗകലഹമാകുന്ന - രതിരണമാകുന്ന, ക്രീഡകൊണ്ടു് - ലീലകൊണ്ടു് ത്രുടത്തായി=പൊട്ടിയിരിക്കുന്ന തന്തുവോടു്-നൂലോടുകൂടിയിരിക്കുന്ന മുക്താജാലമെന്നപോലെ=മുത്തുകളുടെ കൂട്ടമെന്നപോലെ വേഗം ഭ്രശ്യത്തായി=ചിതറി ദൃക്കിന്നു്=കണ്ണിന്നു് അദൃശ്യതയെ=കണ്ടുകൂടാത്ത സ്ഥിതിയെ യാനംചെയ്യുന്നു=പ്രാപിക്കുന്നു.

ജന്മജന്മാന്തരങ്ങളിൽ സമ്പാദിച്ചിരിക്കുന്ന പുണ്യകൎമ്മം ഉള്ളമട്ടും പ്രമാണമായിരിക്കുന്ന വീടും, ലീലകളോടുകൂടിയിരിക്കുന്ന സ്ത്രീകളും, വെൺകൊററക്കുട മുതലായവകളെക്കൊണ്ടു ശോഭിക്കുന്ന സമ്പത്തുകളും ഒരിക്കലും അഴിവില്ല എന്നമാതിരിയിൽ അനുഭവിക്കുന്നു. മുൻചൊന്ന കൎമ്മം ഒടുങ്ങിപ്പോയാൽ ഏററവും രതിരണമാകുന്ന ലീലനിമിത്തം പൊട്ടിയിരിക്കുന്ന നൂലിലുള്ള മുത്തുകൾ വീണുപോകുന്നപോലെ വേഗം കണ്ണിൽകണ്ടുകൂടാ എന്നുള്ള വിധത്തിൽ മേൽപറഞ്ഞ സമ്പത്തു് ഇല്ലാതാകുന്നു എന്നു് താല്പൎയ്യം.

ഗുണവദഗുണവദ്വാ കുൎവ്വതാ കാൎയ്യജാതം
പരിണതിരവധാൎയ്യാ യത്നതഃ പണ്ഡിതേന
അതിരഭസകൃതാനാം കൎമ്മണാമാവിപത്തേ-
ൎഭവതി ഹൃദയദാഹീ ശല്യതുല്യോ വിപാകഃ. ൯൮

ഗുണവൽ അഗുണവൽ വാ കാൎയ്യജാതം കുൎവ്വതാ പണ്ഡിതേന പരിണതിഃ യത്നതഃ അവധാൎയ്യാ. അതിരഭസകൃതാനാം കൎമ്മണാം ആവിപത്തേഃ ഹൃദയദാഹീ ശല്യതുല്യഃ വിപാകഃ ഭവതി.

ഗുണത്തോടുകൂടിയതിനെയാകട്ടെ, ഗുണത്തോടുകൂടാത്തതിനെയാകട്ടേ, കാൎയ്യജാതത്തെ=കാൎയ്യ സമൂഹത്തെ, കുൎവ്വനായി=ചെയ്യുന്ന പണ്ഡിതനാൽ=അറിവുള്ളവനാൽ, പരിണതി=പരിപാകാവസ്ഥ, യത്നപ്പെട്ടിട്ട്=പ്രയാസപ്പെട്ടിട്ട് അവധാൎയ്യാ=അനുഷ്ഠിക്കപ്പെടേണ്ടതാകുന്നു. അല്ലെങ്കിൽ, അതിരഭസകൃതങ്ങളായി=അതിരഭസത്താൽ—അതിവേഗത്താൽ കൃതങ്ങളായി—ചെയ്യപ്പെട്ടിരിക്കുന്ന കൎമ്മങ്ങളുടെ=സന്മാൎഗ്ഗങ്ങളുടെ വിപത്തിയോളം=ഫലമുണ്ടാകുന്നിടത്തോളം, ഹൃദയദാഹിയായും=മനസ്സന്താപത്തെ ചെയ്യുന്നതായും ശല്യതുല്യമായും=ഉടൽക്കൊള്ളിയമ്പിനു സദൃശമായും ഇരിക്കുന്ന വിപാകം=പരിപാകാവസ്ഥ ഭവിക്കുന്നു=ഉണ്ടാവുന്നു.

ഗുണത്തോടുകൂടിയ കാൎയ്യത്തെയാകട്ടെ, ഗുണമില്ലാത്തകാൎയ്യത്തെയാകട്ടെ ചെയ്യുന്ന അറിവുള്ളവനാൽ പ്രയാസപ്പെട്ട് പരിപാപാകാവസ്ഥ അനുഷ്ഠിക്കപ്പെടേണ്ടതാകുന്നു. അല്ലെങ്കിൽ അതിവേഗത്തിൽ ചെയ്യപ്പെട്ടിരിക്കുന്ന സന്മാർഗ്ഗങ്ങളുടെ ഫലം ഉണ്ടാകുന്നിടത്തോളം മനസ്സന്താപത്തെ ചെയ്യുന്നതായും, * ഉടൽക്കൊള്ളിയമ്പിനു സദൃശമായുമിരിക്കുന്ന പരിപാകാവസ്ഥയുണ്ടാവുന്നു എന്നു താൽപൎയ്യം.

സ്ഥാല്യാം വൈഡൂൎയ്യമയ്യാം പചതി തിലഖലം
ചാന്ദനൈരിന്ധനൗഘൈഃ
സൌവൎണ്ണൈൎല്ലാംഗലാഗ്രൈൎവ്വിലിഖതി വസുധാ-
മൎക്കമൂലസ്യ ഹേതോഃ
ഛിത്വാ കൎപ്പൂരഖണ്ഡാൻ വൃതിമിഹ കുരുതേ
കോദ്രവാണാം സമന്താൽ
പ്രാപ്യേമാം കൎമ്മഭൂമിം ന ചരതി മനുജോ
യസ്തപോ മന്ദഭാഗ്യഃ. 99

ഇമാം കൎമ്മഭൂമിം പ്രാപ്യ മന്ദഭാഗ്യഃ യഃ മനുജഃ തപഃ ന ചരതി സഃ വൈഡൂൎയ്യമയ്യാം സ്ഥാല്യാം ചാന്ദനൈഃ ഇന്ധനൗ

* ഉടക്കളിയമ്പ്.

ഘൈഃ തിലഖലം പചതി; സൌവർണ്ണൈഃ ലാംഗലാഗ്രൈഃ വസുധാം അർക്കമൂലസ്യ ഹേതോഃ വിലിഖതി; കർപ്പൂരഖണ്ഡാൻ ഛിത്വാ കോദ്രവാണാം സമന്താൽ വൃതിം കുരുതേ.

ഈ കർമ്മഭൂമിയെ=സന്മാർഗ്ഗങ്ങളെ അനുഷ്ഠിപ്പാൻ യോഗ്യമായിരിക്കുന്ന ഭൂലോകത്തെ പ്രാപിച്ചിട്ട്, മന്ദഭാഗ്യനായി=നിർഭാഗ്യനായി ഇരിക്കുന്ന യാതൊരു മനുഷ്യൻ തപസ്സിനെ=വ്രതാനുഷ്ഠാനാദികളെ ചെയ്യുന്നില്ലയോ, അവൻ=ആ മനുഷ്യൻ, വൈഡൂര്യമയിയായിരിക്കുന്ന=വൈഡൂര്യംകൊണ്ട് ചെയ്യപ്പെട്ടിരിക്കുന്ന സ്ഥാലിയിങ്കൽ=പാത്രത്തിങ്കൽ, ചാന്ദനങ്ങളായി=ചന്ദനവൃക്ഷസംബന്ധികളായിരിക്കുന്ന ഇന്ധനൌഘങ്ങളെക്കൊണ്ട്=വിറകുകളെക്കൊണ്ട്, തിലഖലത്തെ=എള്ളിൻപിണ്ണാക്കിനെ, പചിക്കുന്നു=പാകംചെയ്യുന്നു. അതുപോലെ സൌവർണ്ണങ്ങളായി=സ്വർണ്ണമയങ്ങളായിരിക്കുന്ന, ലാംഗലാഗ്രങ്ങളെക്കൊണ്ട്=ലാംഗലങ്ങളുടെ-കലപ്പകളുടെ, അഗ്രങ്ങളെക്കൊണ്ട്-അററങ്ങളെക്കൊണ്ട്, അർക്കമൂലം ഹേതുവായിട്ട്=എരിക്കിൻപഞ്ഞിക്കുവേണ്ടി, വിലിഖനംചെയ്യുന്നു=ഉഴുന്നു. കർപ്പൂരഖണ്ഡങ്ങളെ=കർപ്പൂരക്കമ്പുകളെ ഛേദിച്ചിട്ട്=മുറിച്ചിട്ട്, കോദ്രവങ്ങൾക്ക്=വരകുകൃഷിക്ക്, സമന്താൽ=നാലുവശത്തും, വൃതിയാക്കി=വേലിയാക്കിച്ചെയ്യുന്നു.

സന്മാർഗ്ഗങ്ങളെ ചെയ്യുന്നതിന്നു യോഗ്യമായിരിക്കുന്ന ഈ ഭൂലോകത്തെ പ്രാപിച്ച് നിർഭാഗ്യനായിരിക്കുന്ന യാതൊരു മനുഷ്യൻ വ്രതാനുഷ്ഠാനാദികളെ ചെയ്യാതെ പാർക്കുന്നു, ആ മനുഷ്യൻ വൈഡൂര്യംകൊണ്ട് ചെയ്യപ്പെട്ടിരിക്കുന്ന പാത്രത്തിങ്കൽ ചന്ദനക്കട്ടകളാകുന്ന വിറകുകളെക്കൊണ്ട് എള്ളിൻപിണ്ണാക്കിനെ പാകംചെയ്യുന്നവനെപ്പോലെയും, സ്വർണ്ണമയമായ കലപ്പയുടെ അററംകൊണ്ട് എരുക്കിന്റെ പഞ്ഞിക്കായിക്കൊണ്ട് ഉഴുന്നവനെപ്പോലെയും, വരകുകൃഷിക്ക് നാലുവശവും കർപ്പൂരങ്ങളുടെ കമ്പുകളെ ഇട്ട് വേലികെട്ടുന്നവനെപ്പോലെയും തീരുന്നു എന്ന് താൽപര്യം.

നൈവാകൃതിഃ ഫലതി നൈവ കുലം ന ശീലം
വിദ്യാഽപി നൈവ ന ച യത്നകൃതാഽപി സേവാ
ഭാഗ്യാനി പൂർവ്വതപസാ ഖലു സഞ്ചിതാനി
കാലേ ഫലന്തി പുരുഷസ്യ യഥൈവ വൃക്ഷാഃ. 100

ആകൃതിഃ ന ഫലതി ഏവ; കുലം ന ഫലതി ഏവ; ശീലം ന ഫലതി ഏവ; വിദ്യാ അപി ന ഫലതി ഏവ; യത്നകൃതാ സേവാ അപി ന ഫലതി ഏവ; പൂൎവ്വതപസാ സഞ്ചിതാനി പുരുഷസ്യ ഭാഗ്യാനി ഖലു കാലേ വൃക്ഷാഃ യഥാ ഫലന്തി ഏവ.

ആകൃതി=സ്വരൂപം ഫലിക്കുന്നില്ല=പ്രയോജനമാകുന്നില്ല. കുലം=നല്ല വംശം, ഫലിക്കുന്നില്ല=പ്രയോജനമാകുന്നില്ല. ശീലം=നല്ല സ്വഭാവം ഫലിക്കുന്നില്ല=പ്രയോജനമാകുന്നില്ല. വിദ്യയും=നല്ല അറിവും ഫലിക്കുന്നില്ല=പ്രയോജനമാകുന്നില്ല. യത്നകൃതയായി=പ്രയത്നപ്പെട്ടു ചെയ്തതായിരിക്കുന്ന സേവയും=ശുശ്രൂഷയും ഫലിക്കുന്നില്ല. പൂൎവ്വതപസ്സിനാൽ=പൂൎവ്വജന്മങ്ങളിൽ ചെയ്തിട്ടുള്ള വ്രതാനുഷ്ഠാനാദികളാൽ സഞ്ചിതങ്ങളായി=സമ്പാദിക്കപ്പെട്ടവകളായി ഇരിക്കുന്ന, പുരുഷന്റെ=മനുഷ്യന്റെ ഭാഗ്യങ്ങളാകട്ടെ=അദൃഷ്ടങ്ങളാകട്ടെ കാലത്തിങ്കൽ=സമയത്തിങ്കൽ വൃക്ഷങ്ങളെന്നപോലെ=മരങ്ങളെന്നപോലെ ഫലിക്കുന്നു തന്നെ=ഫലത്തെ കൊടുക്കുന്നുതന്നെ.

രൂപവും നല്ല വംശവും നല്ല ശീലവും നല്ല അറിവും പ്രയാസത്തോടുകൂടി ചെയ്തിട്ടുള്ള ശുശ്രൂഷകളും പ്രയോജനമാകുന്നില്ല. പൂൎവ്വജന്മത്തിങ്കൽ വ്രതാനുഷ്ഠാനാദികൾ ചെയ്തിരിക്കുന്ന പുരുഷന്റെ ഭാഗ്യങ്ങൾ അവസരത്തിങ്കൽ വൃക്ഷങ്ങൾ എന്നപോലെ ഫലത്തോടുകൂടി ഭവിക്കുന്നു എന്നു് താൽപൎയ്യം.

മജ്ജത്വംഭസി യാതു മേരുശിഖരം
ശത്രൂൻ ജയത്വാഹവേ
വാണിജ്യം കൃഷിസേവനാദി സകലാ
വിദ്യാഃ കലാഃ ശിക്ഷതു
ആകാശം വിപുലം പ്രയാതു ഖഗവൽ
കൃത്വാ പ്രയത്നം പരം
നാഭാവ്യം ഭവതീഹ കൎമ്മവശതോ
ഭാവ്യസ്യ നാശഃ കുതഃ. 101

അംഭസി മജ്ജതു, മേരുശിഖരം യാതു, ആഹവേ ശത്രൂൻ ജയതു, വാണിജ്യം കൃഷിസേവനാദി സകലാഃ വിദ്യാഃ കലാഃ ച ശിക്ഷതു, പരം പ്രയത്നം കൃത്വാ വിപുലം ആകാശം ഖഗവൽ

പ്രയാതു, ഇഹ കൎമ്മവശതഃ അഭാവ്യം ന ഭവതി, ഭാവ്യസ്യ നാശഃ കുതഃ?

അംഭസ്സിങ്കൽ=ജലത്തിങ്കൽ മജ്ജനംചെയ്യട്ടേ=മുഴുകട്ടേ. മേരുശിഖരത്തെ=മഹാമേരുവിന്റെ അഗ്രഭാഗത്തെ, യാനംചെയ്യട്ടെ=പ്രാപിക്കട്ടെ. ആഹവത്തിങ്കൽ=യുദ്ധത്തിങ്കൽ, ശത്രുക്കളെ=വിരോധികളെ ജയിക്കട്ടെ=വെല്ലട്ടെ. വാണിജ്യത്തേയും=കൊടുക്കൽവാങ്ങൽ മുതലായ വ്യാപാരത്തേയും, കൃഷിസേവനാദിയേയും=കൃഷി ഇടുക ഉദ്യോഗം ഭരിക്കുക ഇത്യാദിയേയും, സകലകളായി=സമസ്തകളായി ഇരിക്കുന്ന വിദ്യകളേയും=വേദവേദാംഗാദികളേയും, കലകളേയും=ആയുധാഭ്യാസങ്ങളേയും ശിക്ഷിക്കട്ടേ=പഠിക്കട്ടേ. ഏറ്റവും പ്രയാസത്തെച്ചെയ്തിട്ട് വിപുലമായിരിക്കുന്ന=വിസ്തൃതമായിരിക്കുന്ന ആകാശത്തെ ഖഗഃ=പക്ഷി എന്നപോലെ പ്രയാണംചെയ്യട്ടെ=സഞ്ചരിക്കട്ടെ. എങ്കിലും ഇവിടെ=ഈ ഭൂലോകത്തിങ്കൽ കൎമ്മവശത്താൽ=പൂൎവ്വജന്മത്തിൽ ചെയ്തിട്ടുള്ള പുണ്യപാപങ്ങളാൽ, അഭാവ്യമായിട്ടുള്ളതു്=സംഭവിപ്പാൻ ഇടയില്ലാത്ത ഫലം, ഭവിക്കയില്ല=ഉണ്ടാകയില്ല. ഭാവ്യത്തിന്=ഭവിപ്പാനുള്ള ഫലത്തിന് നാശഃ=ഹാനി കുതഃ=എവിടുന്നു്?

വെള്ളത്തിൽ മുഴുകട്ടെ, മഹാമേരുവിന്റെ ഉപരിഭാഗത്തിൽ പോകട്ടെ, യുദ്ധത്തിങ്കൽ ശത്രുക്കളെ ജയിക്കട്ടെ, കൊടുക്കൽവാങ്ങൽ മുതലായ വ്യാപാരങ്ങളേയും കൃഷി ഇടുക ഉദ്യോഗം ഭരിക്കുക ഇത്യാദികളേയും ചെയ്യട്ടെ, വേദവേദാംഗാദി സകല വിദ്യകളേയും ആയുധാഭ്യാസങ്ങളേയും സ്വാധീനമാക്കട്ടെ, വളരെ പ്രയാസപ്പെട്ടു പക്ഷികളെപ്പോലെ ആകാശത്തിൽ പറക്കട്ടെ, എങ്കിലും ഈ ലോകത്തിങ്കൽ പൂൎവ്വജന്മങ്ങളിൽ ചെയ്തിട്ടുള്ള പുണ്യപാപങ്ങൾക്കു തക്കവണ്ണമുള്ളതിൽ അനുഭവിപ്പാനിടയില്ലാത്ത ഫലം ഉണ്ടാകയില്ല; അനുഭവിപ്പാനുള്ളതു് ഉണ്ടാകാതെ ഇരിക്കയുമില്ല എന്നു് താല്പൎയ്യം.

വനേ രണേ ശത്രുജലാഗ്നിമദ്ധ്യേ
മഹാൎണ്ണവേ പൎവ്വതമസ്തകേ വാ
സുപ്തം പ്രമത്തം വിഷമസ്ഥിതം വാ
രക്ഷന്തി പുണ്യാനി പുരാകൃതാനി. 102

പുരാകൃതാനി പുണ്യാനി വനേ രണേ ശത്രുജലാഗ്നിമദ്ധ്യേ മഹാർണ്ണവേ പർവ്വതമസ്തകേ വാ സുപ്തം പ്രമത്തം വിഷമസ്ഥിതം വാ പുരുഷം രക്ഷന്തി.

പുരാകൃതങ്ങളായ=പൂർവ്വജന്മങ്ങളിൽ കൃതങ്ങളായ-ചെയ്യപ്പെട്ടിരിക്കുന്ന പുണ്യങ്ങൾ=സുകൃതങ്ങൾ വനത്തിലാകട്ടെ=കാട്ടിലാകട്ടെ, രണത്തിലാകട്ടെ=യുദ്ധത്തിലാകട്ടേ, ശത്രുജലാഗ്നിമദ്ധ്യത്തിലാകട്ടെ=ശത്രുക്കളുടേയും - വിരോധികളുടേയും ജലത്തിന്റേയും-വെള്ളത്തിന്റേയും അഗ്നിയുടേയും-തീയുടേയും മദ്ധ്യത്തിലാകട്ടെ-നടുവിലാകട്ടെ, മഹാർണ്ണവത്തിലാകട്ടെ=വലിയ സമുദ്രത്തിലാകട്ടെ, പർവ്വതമസ്തകത്തിലാകട്ടെ=ഗിരിശിരസ്സിലാകട്ടെ, സുപ്തനായിരിക്കുന്നവനേയും=ഉറങ്ങുന്നവനെയും, പ്രമത്തനായിരിക്കുന്നവനേയും=ചിത്തഭ്രമത്തോടുകൂടിയിരിക്കുന്നവനേയും വിഷമസ്ഥിതനായിരിക്കുന്നവനേയും = വിഷമസ്ഥിതിയിങ്കൽ-അതിസങ്കടമായുള്ള അവസ്ഥയിങ്കൽ ഇരിക്കുന്നവനേയും രക്ഷിക്കുന്നു=പാലനം ചെയ്യുന്നു.

പൂർവ്വജന്മങ്ങളിൽ ചെയ്തിരിക്കുന്ന സുകൃതങ്ങൾ കാട്ടിലാകട്ടേ, യുദ്ധത്തിങ്കലാകട്ടെ, ശത്രുക്കളുടേയും ജലത്തിന്റേയും അഗ്നിയുടേയും മദ്ധ്യത്തിങ്കലാകട്ടേ, മഹാസമുദ്രത്തിലാകട്ടേ, ഗിരിശിരസ്സിങ്കലാകട്ടേ, ഉറങ്ങുന്നവനേയും ചിത്തഭ്രമത്തോടുകൂടിയിരിക്കുന്നവനേയും, അതിസങ്കടമായ അവസ്ഥയിലിരിക്കുന്നവനേയും രക്ഷിക്കുന്നു എന്നു് താൽപര്യം.

ഭീമം വനം ഭവതി തസ്യ പുരം പ്രധാനം
സർവ്വോ ജനഃ സുജനതാമുപയാതി തസ്യ
കൃൽസ്നാ ച ഭൂർഭവതി സന്നിധിരത്നപൂർണ്ണാ
യസ്യാസ്തി പൂർവ്വസുകൃതം വിപുലം നരസ്യ. 103

യസ്യ നരസ്യ വിപുലം പൂർവ്വസുകൃതം അസ്തി തസ്യ ഭീമം വനം പ്രധാനം പുരം ഭവതി, സർവഃ ജനഃ തസ്യ സുജനതാം ഉപയാതി, കൃത്സ്നാ ഭൂഃ ച സന്നിധിരത്നപൂർണ്ണാ ഭവതി.

യാതൊരു നരനു്=യാതൊരു പുരുഷനു്,വിപുലമായി=അധികമായി ഇരിക്കുന്ന പൂർവ്വസുകൃതം=പൂർവ്വജന്മങ്ങളിൽ ചെയ്യപ്പെടുന്ന സുകൃതം ഇരിക്കുന്നുവോ ആ പുരുഷനു്,ഭീമമായി=ഭയങ്കരമായി ഇരി

ക്കുന്ന വനം=കാട്ട് പ്രധാനമായി=ശ്രേഷ്ഠമായി ഇരിക്കുന്ന പുരമായി =നഗരമായി ഭവിക്കുന്നു=തീരുന്നു. സവ്വമായി=സകലമായിരിക്കുന്ന ജനവും=ലോകവും, ആ പുരുഷന്ന് സ്വജനതയെ=സ്വാധീനജനങ്ങളുടെ സ്വഭാവത്തെ ഉപയാനം ചെയ്യുന്നു=പ്രാപിക്കുന്നു. കൃത്സ്നയായി=സമസ്തയായി ഇരിക്കുന്ന ഭൂമിയും=പൃഥിവിയും സന്നിധിരത്നപൂൎണ്ണയായി=സന്നിധിയിങ്കൽ-സമീപത്തിങ്കൽ രത്നങ്ങളാൽ-നവരത്നങ്ങളാൽ പൂൎണ്ണയായി-നിറഞ്ഞതായി ഭവിക്കുന്നു=തീരുന്നു. അതുകൊണ്ടു് എല്ലാ ജനങ്ങളും ശ്രേയസ്സ് വേണമെന്നുണ്ടെങ്കിൽ സൽക്കമ്മങ്ങളെ ചെയ്യണം.

യാതൊരു പുരുഷന്നു് എന്നാലും, പൂവ്വജന്മങ്ങളിൽ ചെയ്തിരിക്കുന്ന സുകൃതം ഇരിക്കുന്നു എങ്കിൽ ആ പുരുഷനു ഭയങ്കരമായിരിക്കുന്ന കാട്ട് പ്രധാനമാകുന്ന പുരംപോലെയും, സകലജനങ്ങളും സ്വജനങ്ങളുടെ സ്വഭാവത്തെ കൈക്കൊള്ളുന്നവരെപ്പോലെയും സകല ഭൂമിയും സമീപത്തു് നവരത്നങ്ങളാൽ നിറഞ്ഞതായും തീരുന്നു. അതുകൊണ്ടു് ശ്രേയസ്സ് വേണമെന്നുണ്ടെങ്കിൽ എല്ലാപേരും സൽക്കമ്മങ്ങളെ ചെയ്യണമെന്നു് താൽപൎയ്യം.

ഇതി കമ്മപദ്ധതിഃ സമാപ്താ.

നീതിശതകം സമാപ്തം.

---

160557
36837
O15:1D65:4
32J3
MUL
160557
UNIVERSITY LIBRARY
6-NOV 1953
MADRAS

# ശ്ലോകാനുക്രമണി


| ശ്ലോകം. | നമ്പർ. | വശം. |
|---|---|---|
| അകരുണത്വമകാരണ | 42 | 48 |
| അജ്ഞഃ സുഖമാരാധ്യഃ | 2 | 4 |
| അധിഗതപരമാർത്ഥാൻ | 13 | 18 |
| അപേക്ഷന്തേ ന പാത്രാണി | 81 | 88 |
| അംഭോജിനീവനവിലാസ | 14 | 19 |
| അയമമൃതനിധാനം | 89 | 95 |
| ആജ്ഞാ കീർത്തിഃ പാലനം | 40 | 46 |
| ആരംഭഗുർവ്വീ ക്ഷയിണീ | 50 | 56 |
| ഇതഃ സ്വപിതി കേശവഃ | 68 | 75 |
| ഉദ്ഭാസിതാഖിലഖലസ്യ | 49 | 55 |
| ഏതേ സത്പുരുഷാഃ | 65 | 72 |
| ഐശ്വര്യസ്യ വിഭൂഷണം | 79 | 86 |
| കദർത്ഥിതസ്യാപി ഹി | 77 | 84 |
| കരേ ശ്ലാഘ്യസ്ത്യാഗഃ | 54 | 60 |
| കാന്താകടാക്ഷവിശിഖാ | 76 | 83 |
| കുസുമസ്തബകസ്യേവ | 26 | 32 |
| കൃമികുലചിതം ലാലാക്ലിന്നം | 8 | 10 |
| കേയൂരാണി ന ഭൂഷയന്തി പുരുഷം | 15 | 20 |
| ക്വചിൽ പൃഥ്വീശയ്യഃ | 74 | 82 |
| ക്ഷാന്തിശ്ചേത് കവചേന കിം | 18 | 24 |
| ക്ഷീരേണാത്മഗതോദകായ | 67 | 74 |
| ക്ഷുൽക്ഷാമോഽപി | 22 | 27 |
| ഖല്വാടോ ദിവസേശ്വരസ്യ | 86 | 93 |
| ഗജഭുജംഗവിഹംഗമ | 87 | 94 |
| ഗുണവദഗുണവദ്വാ | 98 | 104 |
| ഛിന്നോഽപി രോഹതി തരുഃ | 82 | 89 |
| ജയന്തി തേ സുകൃതിനോ | 21 | 26 |
| ജാഡ്യം ധിയോ ഹരതി | 20 | 25 |
| ജാഡ്യം ഹ്രീമതി ഗണ്യതേ | 43 | 49 |

| ശ്ലോകം. | നമ്പർ. | വശം. |
|---|---|---|
| ജാതഃ കൂർമ്മസ്സ ഏകഃ | 69 | 77 |
| ജാതിര്യാതു രസാതലം | 32 | 38 |
| തൃഷ്ണാം ഛിന്ധി ഭജ | 70 | 78 |
| ദാനം ഭോഗോ നാശഃ | 35 | 41 |
| ദാക്ഷിണ്യം സ്വജനേ | 17 | 22 |
| ദിക്കാലാദ്യനവച്ഛിന്നാ | 1 | 1 |
| ദൈവേന പ്രഭുണാ | 92 | 98 |
| ദുർജ്ജനഃ പരിഹർത്തവ്യോ | 44 | 50 |
| ദൗർമ്മന്ത്ര്യാന്നൃപതിഃ | 34 | 40 |
| ന കശ്ചിച്ചണ്ഡകോപാനാം | 47 | 53 |
| നമസ്യാമോ ദേവാൻ | 94 | 100 |
| നമ്രത്വേനോന്നമന്തഃ | 61 | 68 |
| നിന്ദന്തു നീതിനിപുണാഃ | 75 | 82 |
| നേതാ യസ്യ ബൃഹസ്പതിഃ | 83 | 90 |
| നൈവാകൃതിഃ ഫലതി | 100 | 106 |
| പദ്മാകരം ദിനകരോ | 64 | 71 |
| പരിവർത്തിനി സംസാരേ | 25 | 31 |
| പരിക്ഷീണഃ കശ്ചിത് | 37 | 43 |
| പാപാന്നിവാരയതി | 66 | 73 |
| പ്രദാനം പ്രച്ഛന്നം | 58 | 64 |
| പ്രസഹ്യ മണിമുദ്ധരേത് | 3 | 5 |
| പ്രാണാഘാതാന്നിവൃത്തിഃ | 55 | 61 |
| പ്രാരഭ്യതേ ന ഖലു | 73 | 81 |
| പ്രിയസഖ വിപദ്ദണ്ഡാ | 90 | 96 |
| പ്രിയാ ന്യായ്യാ വൃത്തിഃ | 57 | 63 |
| പ്രീണാതി യഃ സുചരിതൈഃ | 60 | 67 |
| ബോദ്ധാരോ മത്സരഗ്രസ്താഃ | 1 | 3 |
| ബ്രഹ്മാ യേന കുലാലവത് | 95 | 101 |
| ഭഗ്നാശസ്യ കരണ്ഡ | 84 | 91 |
| ഭവന്തി നമ്രാസ്തരവഃ | 62 | 69 |

| ശ്ലോകം. | നമ്പർ. | വശം. |
|---|---|---|
| ഭീമം വനം ഭവതി | 103 | 109 |
| മജ്ജത്വംഭസി യാതു | 101 | 107 |
| മണിശ്ശാണോല്ലീഢഃ | 36 | 42 |
| മനസി വചസി കായേ | 71 | 79 |
| മൃഗമീനസജ്ജനാനാം | 51 | 57 |
| മൌനാന്മൂകഃ പ്രവചനപടുഃ | 48 | 54 |
| യഥാകന്ദുകപാതേന | 85 | 92 |
| യദചേതനോഽപി | 30 | 36 |
| യദാ കിഞ്ചിജ്ജ്ഞോഽഹം | 7 | 9 |
| യദ്ധാത്രാ നിജഫാലപട്ട | 41 | 47 |
| യസ്യാസ്തി വിത്തം | 33 | 39 |
| യാ സാധൂംശ്ച ഖലാൻ | 96 | 102 |
| യേനൈവാംബര | 93 | 99 |
| രത്നൈർമഹാബ്ധേഃ | 72 | 80 |
| രാജൻ ദുധുക്ഷസി യദി | 38 | 44 |
| ലഭേത സികതാസു | 4 | 6 |
| ലാംഗ്ഗൂലചാലന | 24 | 30 |
| ലോഭശ്ചേദഗുണേന കിം | 45 | 51 |
| വനേ രണേ ശത്രുജലാ | 102 | 108 |
| വരം പ്രാണത്യാഗഃ | 29 | 35 |
| വരം ശൃംഗോത്സംഗാത് | 78 | 85 |
| വഹതി ഭുവനശ്രേണിം | 28 | 34 |
| വഹ്നിസ്തസ്യ ജലായതേ | 80 | 87 |
| വാഞ്ഛാ സജ്ജനസംഗമേ | 52 | 58 |
| വിരമ വിരമായാസാദ് | 91 | 97 |
| വിദ്യാ നാമ നരസ്യ രൂപം | 16 | 21 |
| വിപദി ധൈര്യമഥാഭ്യുദയേ | 53 | 59 |
| വ്യാളം ബാലമൃണാള | 5 | 7 |
| ശക്യോ വാരയിതും | 10 | 13 |
| ശശീ ദിവസധൂസരോ | 46 | 52 |
| ശാസ്ത്രോപസ്കൃതശബ്ദ | 11 | 15 |
| ശിരഃ ശാർവ്വം സ്വർഗ്ഗാൽ | 9 | 11 |
| ശുഭ്രം സദ്മ സവിഭ്രമാ | 97 | 103 |
| ശ്രോത്രം ശ്രുതേനൈവ | 63 | 70 |
| സത്യാനൃതാ ച പരുഷാ | 39 | 45 |
| സന്ത്യന്യേഽപി ബൃഹസ്പതി | 27 | 32 |
| സമ്പത്സു മഹതാം ചിത്തം | 56 | 63 |
| സന്തപ്തായസി | 59 | 65 |
| സിംഹഃ ശിശുരപി നിപതതി | 31 | 37 |
| സൃജതി താവദശേഷ | 88 | 94 |
| സ്ഥാല്യാം വൈഡൂര്യമയ്യാം | 99 | 105 |
| സ്വപ്നസ്ഥായവസാ | 23 | 29 |
| സ്വായത്തമേകാന്തഹിതം | 6 | 8 |
| ഹർത്തുര്യാതി ന ഗോചരം | 12 | 16 |


UNIVERSITY LIBRARY
6-NOV 1953
MADRAS

21 JUN 1955